# നമ്മുടെ സാഹിത്യകാരന്മാർ

(മൂന്നാംഭാഗം)

SAHITHYA PRAVARTHAKA C.S. LTD. KOTTAYAM

## പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻ

1645
1220

# നമ്മുടെ സാഹിത്യകാരന്മാർ

(മൂന്നാംഭാഗം)

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ**

**സംഘം ലിമിറ്റഡ്**

[Malayalam]

# NAMMUDE SAHITHYAKARANMAR

(PART III)

BY

PALLIPPATTU KUNJUKRISHNAN

First Impression December 1955
Second ,, July 1958

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM
Copies 1000

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
KOTTAYAM KERALA STATE

Rs. 1·50

1645
1220

# നമ്മുടെ സാഹിത്യകാരന്മാർ

(മൂന്നാംഭാഗം)

പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻ

NATIONAL BOOK STALL
TRIVANDRUM-1

ശ്രീ

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 1·50

## പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണന്റെ

### കൃതികഠം

| | |
|---|---|
| ഭാവനാകൗമുദി | (കവിതാസമാഹാരം) |
| ചിന്താവസന്തം | ,, |
| ചിററമ്മയുടെ മകൻ | (ചെറുകഥാസമാഹാരം) |
| നമ്മുടെ സാഹിത്യകാരന്മാർ (ഏഴുഭാഗങ്ങൾ) | |

S837 B577 7/58-59

# അവതാരിക

ശ്രീ. പള്ളിപ്പാട്ട കുഞ്ഞുകൃഷ്ണൻെറ [illegible] 'സാഹിത്യ കാരന്മാർ—മൂന്നാംഭാഗം' സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിന് എനിക്കു പ്രത്യേകമായ സന്തോഷമുണ്ട്. പ്രൊഫസ്സർ ശങ്കരൻനമ്പ്യാർ, ആററൂർ കൃഷ്ണപ്പിഷാരടി, സി. വി. കുഞ്ഞുരാമൻ, കണ്ണൻ ജനാർദ്ദനൻ എന്നിവരുടെ ലഘുജീവചരിത്രങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നതു്. ഇവർ നാലുപേരും എനിക്കേററവും പ്രിയപ്പെട്ടവരാണ്.

സംസ്കൃതഭാഷയോടു ലേശം പക്ഷപാതമുണ്ടെങ്കിലും ശ്രീ. കുഞ്ഞുകൃഷ്ണൻെറ പ്രതിപാദനരീതി ആകർഷകമാണ്. ഒരു ദിവസം വൈകിട്ട് ആറരമണിയോടുകൂടിയാണ് ഗ്രന്ഥകർത്താവ് പുസ്തകം എന്നെ ഏല്പിച്ചതു്. അദ്ദേഹം പോയ ഉടൻ, ഒന്നു മറിച്ചുനോക്കാനായി ഞാനതു കൈയിലെടുത്തു. വാസ്തവം പറഞ്ഞാൽ, മുഴുവൻ വായിച്ചുതീർന്നിട്ടേ ഊണുകഴിക്കാൻ പോയുള്ളു. സരസമായ പ്രതിപാദനരീതി അത്രകണ്ടു് എന്നെ ആകർഷിച്ചു.

സഹൃദയാഗ്രണിയായിരുന്ന പ്രൊഫസ്സർ നമ്പ്യാർ അടുത്തകാലത്താണ് അന്തരിച്ചതു്. മലയാളം ഒരിക്കലും അദ്ദേഹത്തെ മറക്കുകയില്ല. അദ്ദേഹം 'അഭിനവകാവ്യാദർശം' പ്രസിദ്ധംചെയ്ത കാലത്തു് ഞാൻ കാളേജിൽ പഠിക്കയാണ്. അന്ന് അതിൽ കുറേഭാഗമെങ്കിലും തോന്നാത്ത വിദ്യാർത്ഥികൾ ചുരുക്കമായിരുന്നു. 'ശീമച്ചക്ക'യും 'ടെന്നീസ്കോർട്ടും' ഒരിക്കൽ കേട്ടാൽ മറക്കുമോ! നമ്മുടെ ഗദ്യത്തിനും പദ്യത്തിനും അദ്ദേഹം നൽകിയ സംഭാവന മഹത്തരമാണ്.

'സാഹിത്യപ്രവർത്തകസഹകരണസംഘ'ത്തിൽനിന്നു പ്രസിദ്ധീകരിക്കാൻപോകുന്ന മലയാളസാഹിത്യചരിത്രത്തിന്റെ ഭാഗം എഴുതാൻ നാലഞ്ചുമാസംമുമ്പ് ഞാൻ ഒരുമ്പെട്ടപ്പോൾ, നമ്പ്യാരുടെ 'സാഹിത്യചരിത്രസംഗ്രഹം' ഒന്നുകൂടി നോക്കിയിട്ടു് എഴുതിത്തുടങ്ങണമെന്ന വിചാരമാണ് എനി

കുണ്ടായതു്. ഒരു ഗവേഷകൻെറ കാഴ്ചപ്പാടും ഔചിത്യവേദിയായ ഒന്നാന്തരമൊരു സാഹിത്യകാരൻെറ ആവിഷ്കരണഭംഗിയും ആ പ്രബന്ധത്തിൽ ഇണങ്ങിനില്ക്കുന്നതു കാണാം.

ആററൂരിൻെറ ജീവചരിത്രമാണു രണ്ടാമതു ചേർത്തിട്ടുള്ളതു്. പ്രാചീനമലയാളസാഹിത്യപാനത്തിനു് അദ്ദേഹം നൽകിയേടത്തോളം സംഭാവന ഇന്നുവരെ മററാരും നൽകിയിട്ടില്ല. 'ആട്ടപ്രകാര'വും 'വൈശികതന്ത്ര'വും വെളിയിൽ കൊണ്ടുവന്നതും 'ഉണ്ണുനീലിസന്ദേശ'വും 'ലീലാതിലക'വും ആദ്യമായി ഗ്രന്ഥരൂപത്തിൽ പ്രസിദ്ധംചെയ്തതും ആ പണ്ഡിതവര്യനാണല്ലോ. ഭാഷാപരമായും ചരിത്രപരമായും അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ ചിലതു ശരിയല്ലെന്നുതെളിഞ്ഞാലും പ്രാചീനസാഹിത്യത്തിനുവേണ്ടി പ്രയത്നിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ കനിഷ്ഠികാധിഷ്ഠിതനായി ആററൂർ എന്നും ശോഭിക്കും. അദ്ദേഹത്തിൻെറ ശിഷ്യന്മാരെക്കുറിച്ചുള്ള പരാമർശവും ഈ പുസ്തകത്തിലുണ്ടു്. അവരിൽ അഗ്രിമസ്ഥാനം അർഹിക്കുന്ന ഒരാളെ—ശ്രീ. കെ. പി. നാരായണപ്പിഷാരോടിയെ—ഗ്രന്ഥകർത്താവു വിസ്മരിച്ചതുപോലെ തോന്നുന്നു. ആററൂർ തൻെറ വിജ്ഞാനദീപത്തിൻെറ സൂക്ഷിപ്പുകാരനായി കല്പിച്ചിട്ടുള്ളതു് ആ പണ്ഡിതനെയാണു്.

ശ്രീ. സി. കേശവൻ 'ജീവിതസമര'ത്തിൽ പറഞ്ഞിട്ടുള്ളതുപോലെ എന്റെ കാരണവന്മാരുടെ ആത്മസുഹൃത്തും എനിക്കു മാതുലതുല്യനുമായ സി.വി. കുഞ്ഞുരാമന്റെ ജീവചരിത്രമാണു് അടുത്തതു്. വൈരുദ്ധ്യങ്ങൾക്കിടയിലും സ്നേഹപൂർണ്ണവും വിശാലവും ഏറെ പ്രബുദ്ധവുമായ ഒരു ഹൃദയം ആ കൊച്ചുശരീരത്തിൽ കുടികൊണ്ടിരുന്നു. ഈ വസ്തുത ശ്രീ. കുഞ്ഞുകൃഷ്ണനും വ്യക്തമാക്കുന്നുണ്ടു്.

കണ്ണൻജനാർദ്ദനനെ കുന്നത്തു ജനാർദ്ദനമേനോനായി എനിക്കു പരിചയമുണ്ടു്. ഒരു പ്രത്യേക കാലഘട്ടത്തിൽ നമ്മുടെ ഗദ്യസാഹിത്യത്തിനുണ്ടായ വളർച്ചയ്ക്കു് കണ്ണൻജനാർദ്ദനനോടു് ഏറെ കടപ്പാടുണ്ടു്. 'പുരോഗമനചിന്തയിൽ ജനാർദ്ദനമേനോൻ അന്നത്തെ മുമ്പന്മാരിൽ മുമ്പനായിരുന്നു' എന്നു ശ്രീ. കുഞ്ഞുകൃഷ്ണൻ പറയുന്നതു തികച്ചും പരമാർത്ഥമാണു്.

മഹാകവി കുമാരനാശാന് മേനോനോട്ട് വലിയ കാര്യമായി രുന്നു. 1097ൽ ഒരുദിവസം അദ്ദേഹം മേനോനെപ്പററി നല്ല ഒരഭിപ്രായം പറയുകയുണ്ടായി.

ഇങ്ങനെ പലതുകൊണ്ടും എൻെറ സ്നേഹാദരങ്ങൾ ആർജ്ജിച്ചിട്ടുള്ളവരാണ് ഈ ഗ്രന്ഥത്തിനു വിഷയമായിട്ടുള്ള നാലു സാഹിത്യനായകന്മാരും. അവരുടെ ജീവിതത്തിലെന്ന പോലെ സാഹിത്യപ്രവർത്തനത്തിലും ഒട്ടേറെ വെളിച്ചം വീശുവാൻ ശ്രീ. കുഞ്ഞുകൃഷ്ണനു കഴിഞ്ഞിട്ടുണ്ട്. ഭാവസുന്ദരമായ കലാശില്പങ്ങളെന്നതിനേക്കാൾ വസ്തുതകളുടെ നിഷ്പക്ഷപാനങ്ങൾ എന്നനിലയിലാണ് ഏററിയകൂറും ഈ പ്രബന്ധങ്ങൾ നമ്മെ ആകർഷിക്കുന്നതു്. അതാണു ഗ്രന്ഥകാരൻെറ ഉദ്ദേശ്യവും. ഇന്നത്തെ സാഹിത്യപ്രണയികൾക്കു തീർച്ചയായും ഈ ഗ്രന്ഥം ഒരാവശ്യമാണ്; ഗതകാലസാഹിത്യത്തെക്കുറിച്ചു പഠിക്കുവാൻ ഒരുമ്പെടുന്ന ഭാവിതലമുറകൾക്കു് അമൂല്യമായ ഒരനുഗ്രഹവും.

ഈ ഗ്രന്ഥത്തെ വായനക്കാരുടെ മുമ്പിൽ സന്തോഷപൂർവ്വം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
20–10–1955

ഇളംകുളം കുഞ്ഞൻപിള്ള

# മുഖലേഖ

'നമ്മുടെ സാഹിത്യകാരന്മാരു'ടെ ഒന്നും രണ്ടും ഭാഗങ്ങളുടെ പ്രസിദ്ധീകരണത്തിൽ സഹൃദയലോകത്തുനിന്നും ലഭിച്ച അഭിനന്ദനമാണ് ഈ മൂന്നാംഭാഗത്തിൻെറയും പുറപ്പാടിനു കാരണം. മൂന്നാംഭാഗത്തെ സംബന്ധിച്ചിടത്തോളം എനിക്കു കൂടുതലായൊന്നുംപ്രസ്താവിക്കാനില്ല. ഇത്തരം പ്രസിദ്ധീകരണങ്ങളുടെ ആവശ്യം ഇപ്പോൾ ഭാഷാഭിമാനികൾ ഏറെക്കുറെ അറിഞ്ഞുതുടങ്ങിയിട്ടുണ്ട്. മൺമറഞ്ഞുപോകുന്നവരെപ്പററി പിൻഗാമികൾക്കു വല്ലതും ഗ്രഹിക്കണമെങ്കിൽ ഈവിധമുള്ള പ്രസിദ്ധീകരണങ്ങളേ ഉതകിയെന്നുവരുകയുള്ളു. കുന്നത്തു ജനാർദ്ദനമേനോൻ വലിയ പഴക്കമുള്ള ആളല്ലെങ്കിലും അദ്ദേഹത്തിനെപ്പററി കേരളീയക്ക്, അദ്ദേഹവുമായി ഇടപെട്ട ആളുകൾക്കുപോലും, വല്ലതായിട്ടൊന്നുമറിഞ്ഞുകൂടെന്നുവരുന്നതു പരിതാപകരമല്ലേ? മേനോനെപ്പററിയുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഒലവക്കോട്ടുള്ള അദ്ദേഹത്തിൻെറ വീട്ടുവരെ എനിക്കു പോകേണ്ടതായി വന്നു!!

ഈ പുസ്തകത്തിൻെറ അവതാരകൻ പണ്ഡിതാഗ്രേസരനായ ശ്രീ. ഇളംകുളം കുഞ്ഞൻപിള്ളയാണ്. അദ്ദേഹത്തിൻെറ ആശിസ്സ് മൂന്നാംഭാഗത്തിൻെറ പ്രസാധനത്തിൽ ഞാൻ വേണമെന്നുവച്ചതു് ഇതിൽ പ്രതിപാദിതന്മാരായ മഹാന്മാരോട് അദ്ദേഹത്തിനു സീമാതീതമായ ബഹുമാനമുണ്ടെന്ന് എനിക്കു നേരിട്ടറിയാവുന്നതുകൊണ്ടുതന്നെയാണ്. പ്രോത്സാഹകരമായ അദ്ദേഹത്തിൻെറ അവതാരികക്കു് എങ്ങനെ നന്ദി പ്രകാശിപ്പിക്കേണ്ടു എന്ന് എനിക്കു രൂപമില്ല.

തിരുവനന്തപുരം
21–10–'55

ഗ്രന്ഥകർത്താ

## ഉള്ളടക്കം


| | |
|---|---|
| സി. വി. കുഞ്ഞുരാമൻ | 13 |
| കണ്ണൻ ജനാർദ്ദനൻ | 51 |
| പ്രഫസ്സർ പി. ശങ്കരൻനമ്പ്യാർ | 70 |
| ആററൂർ കൃഷ്ണപ്പിഷാരടി | 101 |

# സി. വി. കുഞ്ഞുരാമൻ

നിങ്ങൾ കണ്ടിട്ടുണ്ടോ സി. വി. കുഞ്ഞുരാമനെ? കണ്ടിട്ടുള്ളവർ ആരെങ്കിലും ഇന്നു് ആ രൂപം ഓക്കുന്നുണ്ടോ? ഉള്ളിലോട്ടു് വളഞ്ഞ പൂവ്വകായം. എല്ലിന്മേൽ തൊലിമാത്രം ചുറ്റിയ ശരീരം. (അതും പഴക്കംകൊണ്ടു ചുളിവീണതു്) വായിൽ കിടക്കുന്ന പുകയിലഗോളമില്ലെങ്കിൽ ഒട്ടിപ്പിടിച്ചു പോയേക്കാവുന്ന കവിളിണ. സൃഷ്ടികത്താവു് ഉതിത്തുകളഞ്ഞിട്ടും, മൂക്കും താടിയുംകൂടി കൂട്ടിമുട്ടാതിരിക്കാൻവേണ്ടി, മോണകളിൽ നാട്ടിനിത്തിയ കൃത്രിമദന്തനിര. കഴുത്തിനുമുകളിൽ ഒരു പൊതി നല്ല തെങ്ങിൻകരിപ്പെട്ടി വച്ചപോലുള്ള ശിരസ്സു്. കുളത്തിൽ വീണുനനഞ്ഞ ചാരക്കോഴിയുടെ പൂടപോലുള്ള മുടി. തലയ്ക്കകത്തു് എന്തോ ഉണ്ടെന്നമാതിരി വീത്തുന്തിയ ഫാലദേശം. യുവതിയായിരുന്നകാലത്തു് തയ്പിച്ച ബ്ലൗസ്സ് വൃദ്ധയാകുമ്പോൾ ഇട്ടാലെങ്ങനെയോ അതുപോലുള്ള ചട്ടയിടൽ. കുഴിയിലിരിക്കുന്നതെങ്കിലും ചുഴിഞ്ഞുകാണുന്ന കണ്ണുകൾ. താൻ തട്ടിവിട്ട ഫലിതംകേട്ടു് മററുള്ളവർ ചിരിച്ചു മണ്ണുകപ്പിയാലും താനൊന്നുമറിഞ്ഞിട്ടില്ലെന്ന മട്ടിൽ നിസ്തോഭമായ മുഖഭാവം. ഇത്രയുമായാൽ ആറുകൊല്ലത്തിനുമുമ്പു

മൺമറഞ്ഞ സാക്ഷാൽ സി. വി. കുഞ്ഞുരാമൻെറ രൂപമായി. വില്ലുപോലെ വളഞ്ഞ ആ ആകാരത്തിൽനിന്നും തൊട്ടുത്തു വിട്ട ക്രൂരമ്പുകൾ എത്രപേരുടെ നെഞ്ചുകളിലാണു് തറച്ചിറങ്ങിയിട്ടുള്ളതു്! തിരിച്ചെറിരസ്ത്രമയയ്ക്കാൻ ഒക്കാത്തവണ്ണം അവരതോടെ മലച്ചുപോയ കാഴ്ച ഈയുള്ളവൻ പലപ്പോഴും കണ്ടു സ്തംഭിച്ചുനിന്നുപോയിട്ടുണ്ടു്. അക്ഷയ്യമായ ആ ആവനാഴിയിൽ ഏതെല്ലാം തരത്തിലുള്ള ശരങ്ങൾ സംഭരിച്ചിരുന്നു! സാമുദായികം, രാഷ്ട്രീയം, സാഹിത്യാത്മകം, മതപരം—അങ്ങനെ അനവധി!

## ബാല്യവും വിദ്യാഭ്യാസവും

കൊല്ലം മയ്യനാട്ടു്, മൂത്തചാന്നാൻകുലത്തിനു്, ചാങ്ങാട്ടു്, പാട്ടത്തിൽ, പൊഴിയഴികത്തു്, ഇളമ്പാത്തോട്ടത്തു് എന്നു നാലു ശാഖകളാണുള്ളതു്. ഇതിൽ പാട്ടത്തിലാണു് സി. വി. കുഞ്ഞുരാമൻെറ കുടുംബം. (മുറയ്ക്കു ഭാഗിനേയനായ സി. കേശവൻ ചാങ്ങാട്ടു ശാഖയിൽപെട്ടയാളാണു്) ജ്യോത്സ്യനും മന്ത്രവാദിയുമായിരുന്ന ഞാറയ്ക്കൽ ശ്രീ. വേലായുധനും സാധ്വിയും രൂപവതിയുമായിരുന്ന 'കല്ലുംപുറ'ത്തു് ശ്രീമതി കുഞ്ഞിച്ചാളിയും (കുഞ്ഞുണ്ണിക്കാളി എന്നതിന്റെ തത്ഭവമായിരിക്കണം കുഞ്ഞിച്ചാളി) ആയിരുന്നു സി. വി. കുഞ്ഞുരാമൻെറ അച്ഛനമ്മമാർ. 'കല്ലുംപുറ'ത്തെന്നും 'വേലായുധ'നെന്നും ഉള്ളതിൽനിന്നാണു് 'സി. വി.' എന്ന ഇനിഷ്യലുകളുടെ ഉത്ഭവം. കൊ. വ. 1046 മകരമാസത്തിൽ (1871 ഫെബ്രുവരി) മകം നാളിൽ സി. വി. കുഞ്ഞുരാമൻ ഭൂജാതനായി.

മയ്യനാട്ടു് എൽ. എം. എസ്സ്.കാർ സ്ഥാപിച്ച ഒരു 'ധർമ്മപ്പള്ളിക്കൂട'ത്തിലായിരുന്നു സി. വി. കുഞ്ഞുരാമൻെറ പ്രാഥമിക വിദ്യാഭ്യാസം നടന്നതു്. അതുകഴിഞ്ഞു് സി. വി. കൊല്ലത്തുള്ള ഗവൺമെൻറു് ഇംഗ്ലീഷ്സ്കൂളിൽ പോയി ചേർന്നു. കൊല്ലത്തെ ഇംഗ്ലീഷ്സ്കൂൾ അന്നു്, കൊല്ലത്തെ 'ഇൻഡ്യാഗേറ്റ്' എന്നു പേർപുകഴ്ന്ന 'ആനവാതി'ലിന്റെ മുകളിലത്തെ നിലയിലായിരുന്നു നടത്തപ്പെട്ടിരുന്നതു്. ഇന്നു കാണുന്ന ഇംഗ്ലീഷ്ഹൈസ്കൂൾകെട്ടിടം പണികഴിപ്പിക്കപ്പെട്ടതോടുകൂടി

സ്കൂൾ അങ്ങോട്ടു മാററുകയും ആനവാതിൽമാളിക സഞ്ചായം ഡിപ്പാർട്ടുമെൻറിലേക്കു വിട്ടുകൊടുക്കയുംചെയ്തു. കൊല്ലത്തു പഠിച്ചുകൊണ്ടിരുന്നപ്പോൾ സി. വി. താമസിച്ചിരുന്നതു് തങ്കശ്ശേരിയിൽ ഒരു പുരാതന ഈഴവഭവനത്തിലായിരുന്നു. വിദേശങ്ങളിൽനിന്നും കച്ചേരിക്കാര്യമായും മററും കൊല്ലത്തു ചെന്നിരുന്ന ഈഴവക്കു് ആ ഭവനം ഒരു താവളമായിരുന്നു. സി. വി. പഠിച്ചിരുന്ന കാലത്തു് ഡാക്ടർ പല്പു(മൈസൂർ)വിൻെറ അച്ഛനും ആ വീട്ടിൽ ചെന്നിട്ടുണ്ടു്. തൻെറ മക്കളെപ്പോലെ മിടുക്കനായ ഒരു കുട്ടി ഇംഗ്ലീഷ് പഠിക്കുന്നതു കണ്ടു് ആ വൃദ്ധൻ അഭിനന്ദിക്കയും അനുഗ്രഹിക്കയും ചെയ്തതായി പറഞ്ഞറിവുണ്ടു്. ഏതായാലും ആ അനുഗ്രഹം സഫലീഭവിച്ചെന്നു പറയാൻ നിവൃത്തിയില്ല. ഫോത്തുഫാറത്തിലെത്തിയതോടുകൂടി സി. വി.യുടെ പഠിത്തത്തിനു് മുടക്കം നേരിട്ടു (1066-ൽ). കൗമാരപ്രായത്തിലുണ്ടായ ഏതോ പ്രണയചാപല്യമാണു് അതിനു ഹേതു എന്നത്രേ പറഞ്ഞുകേൾവി.

## ഔദ്യോഗികജീവിതം

രക്ഷാകർത്താക്കളുടെ പ്രതീക്ഷയ്ക്കു വിപരീതമായുണ്ടായ വിദ്യാഭ്യാസഭംഗത്തിനുശേഷം കുറെ നാളുകൾ സി. വി. വെറുതെ വീട്ടിൽ കഴിച്ചുകൂട്ടി. ശ്രീനാരായണഗുരുവിൻെറ സമുദായപരിഷ്കൃതിക്കു് അന്നു് വ്യാപ്തി വന്നുതുടങ്ങിയിരുന്നില്ല. എന്നാലും മയ്യനാട്ടുകാരിൽ പ്രാമാണികന്മാരായ ഈഴവർ അത്യാവശ്യങ്ങളല്ലാത്ത താലികെട്ടു മുതലായ ചെലവുകൾ ചുരുക്കേണ്ടതിനേപ്പററിയുംമററും അഭിപ്രായം പ്രകടിപ്പിച്ചുതുടങ്ങിയിരുന്നു. അതിനു കടകമായിനിന്ന യാഥാസ്ഥിതികന്മാരായ മററു വീട്ടുകാരുമായി താദൃശചിന്താശീലന്മാർക്കു് ഏററുമുട്ടേണ്ടിവന്നതുകൊണ്ടുമാത്രം ആ പരിഷ്കാരഗതിക്കു മാന്ദ്യം സംഭവിച്ചു എന്നേയുള്ളു. ഇംഗ്ലീഷ്‌വിദ്യാഭ്യാസം നിമിത്തം ആശയങ്ങൾക്കു് തെളിമവന്ന സി. വി.യും ഈ പരിഷ്കർത്താക്കൾക്കു് സഹായകനായിത്തന്നെ വർത്തിച്ചു. ആ വിധത്തിലാണു് കുറെ നാളുകൾ സി. വി.യുടെ ജീവിതതരുവിൽനിന്നും കൊഴിഞ്ഞുപോയതു്.

നമ്മുടെ കഥാപുരുഷനു സമയംപോക്കാൻ വേറൊരുസംഗതികൂടി ഉണ്ടാകാതിരുന്നില്ല. സി. വി. പഠിച്ചുകൊണ്ടു നടക്കുമ്പോഴേ സാഹിത്യപ്രിയനായിരുന്നു. കൊല്ലത്തുവച്ചു നടന്ന എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ രണ്ടാംവാഷികോത്സവത്തിൽ കവിതാമത്സരത്തിനു രണ്ടാംസമ്മാനംകിട്ടിയ മയ്യനാട്ടു് ഇക്കാവമ്മയും സി. വി.യും സതീർത്ഥ്യരായിരുന്നു. സാഹിത്യമാർഗ്ഗേണയുള്ള അവരുടെ വേഴ്ച അവരെ പിന്നീടു് കൂടുതൽ അടുപ്പിക്കുന്നതിനിടയാക്കി. അവരുടെ അന്യോന്യമുള്ള കത്തിടപാടുകൾ നാളുകൾ നാഴികയാക്കി തള്ളിനീക്കി. സുപ്രസിദ്ധനായ പരവൂർ കേശവനാശാൻെറ 'സുജനാനന്ദിനി' പത്രമായിരുന്നു ആ യുവസാഹിത്യകുതുകികളുടെ മുഖ്യവിഹാരരംഗം. അങ്ങനെ കവിതചമച്ചും ലേഖനമെഴുതിയും സുജനാനന്ദിനിയിലും മററും പേരച്ചടിച്ചുകണ്ടും സി. വി.ക്കു വർഷങ്ങൾ പോയതറിഞ്ഞില്ല.

എങ്കിലും ഇതിനിടക്കു വല്ല സക്കാർപണിയും കിട്ടുമോ എന്നു് സി. വി. നോക്കാതെയുമിരുന്നില്ല. സക്കാരുദ്യോഗം അക്കാലത്തു് ഈഴവരെപ്പോലുള്ളവക്കു ജംബുകൻെറ ദ്രാക്ഷാഫലമായിരുന്നൊന്നു് ഒരുപക്ഷേ, ഇദാനീന്തനന്മാക്കു് അജ്ഞാതമായിരിക്കും. ഭരണതന്ത്രപടുവായ ദിവാൻ ശങ്കരസുബ്ബയ്യരുടെ മഹാമനസ്കതകൊണ്ടു് സഞ്ചായംതുറകൂടി കഷ്ടിച്ചു് ഈഴവക്കു തുറന്നുകിട്ടിയതു് ആയിടയ്ക്കായിരുന്നു. ആ വകുപ്പിലൊരുദ്യോഗം കിട്ടാൻ സി. വി.യും അപേക്ഷകൊടുത്തു. സി. വി.യുടെ അപേക്ഷ ഫലിച്ചു. കൊല്ലത്തു സഞ്ചായം ആഫീസിൽ താമസംവിനാ സി. വി. കുഞ്ഞുരാമൻ ഒരു ഗുമസ്താവായി 1068-ൽ നിയമിക്കപ്പെട്ടു. സഞ്ചായം ഡിപ്പാർട്ടുമെൻറിൽ ജോലികിട്ടുന്ന ആദ്യത്തെ ഈഴവൻ സ്വയ്യപുരുഷനായിരുന്നു എന്നുകൂടി ഈയവസരത്തിൽ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

സി. വി. സഞ്ചായംവകുപ്പിലെ ജോലിയിൽ തുടന്നുപോയില്ല. 1069-ൽ ആ ജോലിവിട്ടു വീണ്ടും സ്വതന്ത്രനായി.

സർ ടി. മാധവരായരുടെ കാരുണ്യംകൊണ്ടു തിരുവിതാംകൂറിൽ ധാരാളം സക്കാർപള്ളിക്കൂടങ്ങൾ ഉത്ഭവിച്ചെങ്കിലും ഈഴവവിദ്യാത്ഥികൾക്കു് അവയിലൊന്നിലും പ്രവേശനാനുവാദം ഉണ്ടായിരുന്നില്ല. മയ്യനാട്ടെ നിലയും ഇതിനു

വ്യത്യസ്തമല്ലായിരുന്നു. അതിനാൽ പിടിയരിയും കെട്ടുതെങ്ങും കൊണ്ടു മയ്യനാട്ടുകാർ മൂന്നുക്ലാസ്സുള്ള ഒരു സ്കൂൾ പണികഴിപ്പിച്ചു. അപ്പോൾ വെറുതെ നിന്നിരുന്ന സി. വി.യെ അവർ അതിൻെറ ഹെഡ്മാസ്റ്ററാക്കി. ഇതു് 1070–ലാണു്. വെറും 6 രൂപായായിരുന്നു സി. വി.ക്കു് ആ ഉദ്യോഗത്തിൽനിന്നു കിട്ടിയ പ്രതിമാസവരുമാനം. ആ സ്കൂൾ (വെള്ളമണൽ സ്കൂൾ എന്നായിരുന്നു അതിൻെറ പേരു്) പിന്നീടു സർക്കാരിലേയ്ക്കു വിട്ടുകൊടുക്കുകയും ആറുക്ലാസ്സുള്ള മലയാളം മിഡിൽസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തതോടുകൂടി സി. വി.യുടെ മാസപ്പടി പതിനഞ്ചുരൂപായായി വളന്നു. ഇതു് ഒരു വലിയ ശമ്പളമായിട്ടാണു് അന്നു കണക്കാക്കപ്പെട്ടതു്. വീണ്ടും ആ വിദ്യാശാല ഏഴാംക്ലാസ്സു് പള്ളിക്കൂടമായി ഉയന്നപ്പോൾ സി. വി.യുടെ ശമ്പളവും 30 രൂപായായി വർദ്ധിപ്പിക്കപ്പെട്ടു.

വെള്ളമണൽ സ്കൂളിൽ ജോലിനോക്കിവരവെ ഒരുകൊല്ലം ചരിത്രപുരുഷൻ കൊല്ലം ഇംഗ്ലീഷ്ഹൈസ്കൂളിലെ മുൻഷിയായി നിയമിക്കപ്പെടുകയുണ്ടായി. അവിടത്തെ മലയാളം മുൻഷിയായിരുന്ന സരസകവി കെ. സി. കേശവപിള്ള അവർകൾ തിരുവനന്തപുരത്തു കൊട്ടാരം ട്യൂട്ടറായിപ്പോയ ഒഴിവായിരുന്നു അതു്. വെള്ളമണൽസ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്നുകൊണ്ടു് അന്നത്തെ മുഖ്യപരീക്ഷ അതിനകം സി. വി. ഉത്തരണംചെയ്തിരുന്നു. ഈ യോഗ്യതയാണു് സി. വി.യെ ഹൈസ്കൂളിലേയ്ക്കു് എടുക്കാൻകാരണം.

മുഖ്യപരീക്ഷ ജയിച്ചതിനെപ്പററി അല്പമൊന്നു പറയാനുണ്ടു്. യശശ്ശരീരനായ സി. വി. രാമൻപിള്ളയായിരുന്നു ആയാണ്ടിലെ മുഖ്യപരീക്ഷയുടെ പരീക്ഷകൻ. അച്ചടിവടിവിലുള്ള കൈയക്ഷരവും തെററുകൂടാതെ തനി സാഹിത്യഭാഷയിൽ എഴുതിയ ഉത്തരങ്ങളും ആ സാഹിത്യകുശലനെ അത്യന്താദരപരതന്ത്രനാക്കി. കൂടാതെ സി. വി. രാമൻ എന്ന തന്റെ പേരും ഉത്തരക്കടലാസിൽ ഉണ്ടായിരുന്നു. (സി. വി. രാമൻ എന്ന പേരിലാണു് ആദ്യം സി. വി. അറിയപ്പെട്ടിരുന്നതു്) ഇതെല്ലാംകൊണ്ടു് ആകൃഷ്ടചിത്തനായ പരീക്ഷകൻ നൂറുശതമാനം മാർക്കും അന്നു് സി. വി.ക്കു നൽകിപോൽ. ഇക്കാര്യം

പിന്നീട്ട് ഒരു പ്രസംഗവേദിയിൽവച്ച് സി. വി. ദ്വയം പരസ്സരം പറഞ്ഞു രസിക്കയുണ്ടായിട്ടുണ്ട്.

കൊല്ലം ഹൈസ്കൂളിൽനിന്ന് സി. വി. വീണ്ടും വെള്ളമണൽ സ്കൂളിലേയ്ക്കു പോന്നു. അവിടെ അധികകാലം ഇരിക്കുന്നതിനുമുമ്പ് സി. വി. കടയ്ക്കാവൂർ, കായിക്കര, പരവൂർ എന്നിവിടങ്ങളിലേയ്ക്കു സ്ഥലംമാററപ്പെട്ടു. വീണ്ടും ശുപാർശചെയ്ത് സി. വി. വെള്ളമണലിലേയ്ക്കുതന്നെ പോയി. പരവൂർ സ്കൂളിലേയ്ക്കുള്ള മാററത്തിനു പ്രത്യേക കാരണമുണ്ടായിരുന്നു. പരവൂർ മണിയംകുളംസ്കൂളിൽ ഈഴവരെ പ്രവേശിപ്പിച്ചു എന്ന കാരണത്താൽ നായർവിദ്യാർത്ഥികൾ നിസ്സഹകരണം അനുഷ്ഠിച്ചു. ചില നായർചട്ടമ്പികൾ സ്കൂൾകെട്ടിടത്തിനുതന്നെ അററകുററം വരുത്തി. സ്കൂളിലെ ഈ കുഴപ്പത്തിന് അറുതിവരുത്തുവാൻവേണ്ടി നയശാലിയായ സി. വി. കുഞ്ഞുരാമനെ അന്നത്തെ റേഞ്ച്ഇൻസ്പെക്ടർ രാമസ്വാമിഅയ്യർ പരവൂരേയ്ക്കയച്ചു. സി. വി. ഒരു വിദ്യ പ്രയോഗിച്ചു. മയ്യനാട്ടുനിന്നും രണ്ടുമൂന്നു നായർകുട്ടികളെക്കൂടി സി. വി. പരവൂരേയ്ക്കു കൊണ്ടുപോയിട്ടുണ്ടായിരുന്നു. കൂടാതെ പള്ളിക്കൂടത്തിൽ തിരിച്ചുവരുന്ന നായർവിദ്യാർത്ഥികൾക്കു ക്ലാസ്സുകയററം നൽകുന്നതാണെന്ന് ഒരു പ്രഖ്യാപനവും നടത്തി. സി. വി.യുടെ തന്ത്രം ഫലിച്ചു. പഴയപോലെ നായർകുട്ടികൾ ഓരോരുത്തരായി സ്കൂളിൽ മടങ്ങിവന്നു.

പരവൂരിൽനിന്നും തിരിച്ചുവന്നതുമുതൽ ഉദ്യോഗം രാജിവയ്ക്കുന്ന 1088–ാമാണ്ടുവരെ സി. വി.ക്കു വെള്ളമണലിൽത്തന്നെയായിരുന്നു പണി.

വെള്ളമണൽ സ്കൂൾ ഹെഡ്മാസ്റ്റർവേല രാജിവയ്ക്കുന്നതിനു പല കാരണങ്ങളും ഉണ്ട്. ഒന്നാമതായി മുപ്പതുരൂപാ ശമ്പളം കാലക്ഷേപത്തിനു തികഞ്ഞിരുന്നില്ല. മക്കളും മരുമക്കളും ഇംഗ്ലീഷ്വിദ്യാഭ്യാസം തുടങ്ങിയപ്പോൾ കാര്യം ഒന്നുകൂടി പരുങ്ങലിലായി. രണ്ടാമതായി സ്വതന്ത്രജീവിതം നയിക്കുന്നതിനു സക്കാരുദ്യോഗം ബാധകമായി വന്നു. ഇതിനെല്ലാം പുറമേ മറ്റൊരുമാർഗ്ഗം തുറന്നുകിട്ടുകയും ചെയ്തു. അതിനകംചേന്ന ക്രിമിനൽ വക്കീൽപരീക്ഷ സി. വി. നിഷ്പ്രയാസം പാസ്സായി. സാഹിത്യപ്രണയിയായ മയ്യനാട്ടു ജോസഫ് വക്കീ

ലിന്റെ പ്രോത്സാഹനംമൂലം 1088-ൽത്തന്നെ സന്നതെടുത്തു് കഥാപുരുഷൻ പരവൂർ മജിസ്ത്രേട്ടുകോടതി വക്കീലായി പ്രാക്ടീസ്സുതുടങ്ങി.

വക്കീൽപണി ഏകദേശം ഏഴെട്ടുകൊല്ലം നീണ്ടുനിന്നു. 1095-ൽ കൊല്ലത്തു താമസമായതോടുകൂടി സി. വി. വക്കീൽ വേലയിൽനിന്നും നിശ്ശേഷം വിമുക്തത പ്രാപിച്ചു. പില്ക്കാലത്തു തൻെറ സ്നുഷയായിത്തീർന്ന മരുമകൾ അരുന്ധതിയുടെയും മററും ഇംഗ്ലീഷ്പഠിത്തത്തിനു കൂടുതൽ സൗകര്യമുണ്ടാക്കുന്നതിനുവേണ്ടിയാണു സ്മര്യപുരുഷൻ കൊല്ലത്തു സ്ഥിരതാമസമാക്കിയതു്.

സി. വി. കൊല്ലം ആസ്ഥാനമാക്കിയതോടുകൂടി ചില പ്രത്യേക ഹേതുക്കളാൽ മുടങ്ങിക്കിടന്ന കൗമുദി പുനരുജ്ജീവിപ്പിക്കപ്പെട്ടു. പിന്നീട്ട് ഇന്നേവരെ ആധിപത്യത്തിനു് മാറ്റം വന്നിട്ടുള്ളതല്ലാതെ കൗമുദിയുടെ നടത്തിപ്പിനു യാതൊരു വിഘ്നവും സംഭവിച്ചിട്ടില്ല.

## സി. വി.യും കൗമുദിയും

കേരളകൗമുദിയുടെ പ്രാദുർഭാവം 1085-ലാണു്. സി. വി. കുഞ്ഞുരാമൻെറ ജ്ഞാതികുലത്തിൽപ്പെട്ട സി. കൃഷ്ണൻവൈദ്യരായിരുന്നു അതിൻെറ ഉടമസ്ഥൻ എന്നിരുന്നാലും അതിൻെറ സൂത്രധാരത്വം സി. വി.യിലാണു നിക്ഷിപ്തമായിരുന്നതു്. അന്നു് സി. വി. വെള്ളമണൽസ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്നു എന്നു മുമ്പു പറഞ്ഞുവല്ലോ. പത്രത്തിൻെറ നടത്തിപ്പിനു് അവശ്യം ആവശ്യകങ്ങളായ നയോപായങ്ങളും വിജ്ഞാനസമ്പത്തും അതിനകം സി. വി. നേടിക്കഴിഞ്ഞിരുന്നു. കൗമുദി തുടങ്ങുന്നതിനു് അല്പംമുമ്പുവരെ നിലനിന്ന പരവൂർ കേശവനാശാൻെറ 'സുജനാനന്ദിനി'യുമായുള്ള വേഴ്ചയായിരുന്നു അതിനു നിദാനം. ഒരു ഉദ്യോഗസ്ഥൻ എന്ന നിലയ്ക്കു് പ്രത്യക്ഷമായി 'സുജനാനന്ദിനി'യോടു ബന്ധപ്പെട്ടില്ലെങ്കിലും പരോക്ഷമായി ആവശ്യമായ ലേഖനസാഹായ്യം ആ പ്രശസ്ത പത്രികയ്ക്കു സി. വി. ചെയ്തുകൊടുത്തുകൊണ്ടിരുന്നു. സാമൂഹ്യമായും രാഷ്ട്രീയമായുമുള്ള ചിന്താമണ്ഡലത്തിൽ അങ്ങനെ സി. വി. നേരത്തെതന്നെ ലബ്ധസ്ഥാനനായി. കൗമുദിയെ നയി

ക്കാൻ സി. വി.യുടെ കരങ്ങൾക്ക കരുത്തുണ്ടായതു് ആ വഴി ക്കാണു്.

1088-ൽ സി. വി. പരവൂർ മജിസ്ട്രേട്ടുകോടതി വക്കീലായിപ്പോയപ്പോൾ കൗമുദിയുമായുള്ള ബന്ധം മിക്കവാറും വിടുത്തുകയുണ്ടായി. കുറച്ചുനാൾ സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ കൗമുദിയുടെ നായകത്വം വഹിച്ചു. അതിനുശേഷം കുറഞ്ഞൊരുകാലം തൂലികായോധനചതുരനായ ടി. കെ. നാരായണൻ കൗമുദിയുടെ അധിപരായി വർത്തിച്ചു. പിന്നീടെങ്ങനെയോ കൗമുദി മുടങ്ങുകയാണു് ചെയ്തതു് (1090-നുശേഷം). വീണ്ടും കൗമുദി ആരംഭിച്ചതു സി. വി. കൊല്ലത്തു താമസമാക്കിയതോടുകൂടിയാണു് (1095-ൽ). പത്രത്തിൻെറ സകല ചുമതലയും സി. വി. സാർ അപ്പോൾ ഏറ്റെടുത്തു. ഉദ്ദേശം പത്തുകൊല്ലത്തോളം കൗമുദി അങ്ങനെ സി. വി. സാർ മുടക്കംകൂടാതെ നടത്തി. സി. കേശവൻ ബി. എൽ. പരീക്ഷാവിജയിയായി വന്നപ്പോൾ കൗമുദി മരുമകനെ ഏല്പിച്ചിട്ടു് സി. വി. 'മലയാളരാജ്യ'ത്തിലേയ്ക്കു കടന്നു. സി. കേശവനിൽനിന്നു് വീണ്ടും കൗമുദി സി. വി.യിൽ വന്നു. സി. വി. യിൽനിന്നും അതു് ഇളയപുത്രനായ കെ. സുകുമാരനിൽ ഒടുവിൽ ചെന്നുചേർന്നു. എന്നിരുന്നാലും മരണപര്യന്തം കൗമുദിയുടെ നിയാമകൻ സി. വി. കുഞ്ഞുരാമൻ ആയിരുന്നു എന്നു് നിസ്സന്ദേഹം അഭിപ്രായപ്പെടാം. വേനലിലും, മഞ്ഞിലും, വർഷർത്തുവിലും ഗ്ലാനിതട്ടാത്തുള്ള ചില വൃക്ഷങ്ങൾപോലെ അപ്പഴപ്പോഴുള്ള നയഭേദങ്ങൾമൂലമത്രേ കൗമുദി ഇന്നത്തെനിലയിൽ വളർന്നു പന്തലിച്ചു നിലകൊള്ളുന്നതെന്നു് ഓർക്കേണ്ടതുണ്ടു്.

## സി. വി.യും മലയാളരാജ്യവും

'മലയാളരാജ്യം' അനുദിനപത്രമായി പ്രസിദ്ധീകരിച്ചുതുടങ്ങിയതു് 1104-മാണ്ടോടുകൂടിയാണു്. അതിൻെറ സ്ഥാപകന്മാരായ കെ. ജി. സഹോദരന്മാർ വിദഗ്ദ്ധനായ ഒരു പത്രാധിപരെ സി. വി. കുഞ്ഞുരാമനിൽ കണ്ടെത്തി. കോട്ടയം 'മനോരമ'യുടെ അധിപർ ശ്രീ. കെ. സി. മാമ്മൻമാപ്പിളയോടു കിടപിടിക്കത്തക്ക ഒരു പത്രാധിപരായിരുന്ന ഉണ്ണിച്ചക്കം

വീട്ടുകാൎക്കു് ആവശ്യമായിരുന്നതു്. പത്രലോകത്തിൽ തഴക്കവും പഴക്കവും കൂടിയ, തൂലികാപ്രയോഗപ്രവീണനായ സി. വി. ആ ക്ഷണം സ്വീകരിച്ചു. ചെലവിനുതക്ക വരുമാനം ആ മാൎഗ്ഗത്തിൽ വന്നുചേരുകയാൽ സി. വി. ആ ഉദ്യോഗം സന്തുഷ്ടിയോടെ വഹിച്ചു.

'മലയാളരാജ്യ'ത്തിൻെറ പ്രതികൾ കേരളക്കരയെങ്ങും പരന്നു. ഇതു കണ്ടു് മനോരമക്കാൎക്കു് അസൂയതോന്നാതിരുന്നില്ല. മലയാളരാജ്യത്തിൽനിന്നും പിരിഞ്ഞുപോരാമെങ്കിൽ അമ്പതു ശതമാനംകൂടി കൂട്ടി ശമ്പളം കൊടുക്കാമെന്നു് ശ്രീ. മാമ്മൻമാപ്പിള ഈ ലേഖകൻമുഖാന്തിരം സി. വി.യെ അറിയിക്കുകയുണ്ടായി. എന്നാൽ കൊല്ലത്തുനിന്നും മയ്യനാട്ടു പോയി വരാനുള്ള സൗകൎയ്യം, ജാമാതാവിൻെറ താമസം (സി. കേശവൻ അന്നുകൊല്ലത്തു പ്രാക്ടീസ്ചെയ്യുകയാണു്) കെ. ജി. സഹോദരന്മാരുമായി തനിക്കുള്ള മമതാബന്ധം ഇവയെല്ലാമോൎത്തു് സി. വി. ആ ക്ഷണം നിരാകരിക്കയാണു ചെയ്തതു്. പക്ഷേ, സി. വി. ഒരു കാൎയ്യംചെയ്തു. മനോരമയ്ക്കു് ചില പ്രത്യേകലേഖനങ്ങൾ അയച്ചുകൊടുക്കാമെന്നു സമ്മതിച്ചു. അവ മിക്കവാറും ഈ എഴുത്തുകാരൻവഴിയായി എത്തിച്ചുകൊടുക്കപ്പെട്ടുകയുംചെയ്തു. അങ്ങനെ 'മലയാളരാജ്യ'ത്തിൻെറ പത്രാധിപരായ സി. വി. കുഞ്ഞുരാമൻ മനോരമയിലും എഴുതുന്നുണ്ടെന്നപേരിൽ ശ്രീ. മാമ്മൻമാപ്പിളയ്ക്കു് ഈഴവവരിക്കാരെ വിടാതിരിക്കാൻ സാധിച്ചു.

ഏകദേശം ഈ ഘട്ടത്തിനോടടുത്തായിരുന്നു കൊല്ലം നിയോജകമണ്ഡലത്തിലെ നിയമസഭാസ്ഥാനാൎത്ഥികളുടെ മത്സരം നടന്നതു്. ശ്രീ. സി. കേശവനും കൊല്ലത്തെ ഒരു സ്ഥാനാൎത്ഥിയായിരുന്നു. സി. കേശവനെതിരായി പുതുപ്പള്ളി കൃഷ്ണപിള്ള, കോട്ടൂർകുഞ്ഞുകൃഷ്ണപിള്ള ഇവരും അണിനിരന്നിരുന്നു. മലയാളരാജ്യത്തിൻെറ ആധിപത്യം സി. വി. കുഞ്ഞുരാമനിൽ വിശ്രാന്തികൊണ്ടിട്ടും കെ. ജി. പരമേശ്വരൻപിള്ള സി. കേശവനെതിരായി പ്രചരണം നടത്തി. തന്നിമിത്തം മലയാളരാജ്യത്തിൽനിന്നും വിട്ടുപോരണമെന്നു് സി. കേശവപ്രഭൃതികൾ സി. വി.യെ പ്രേരിപ്പിച്ചു. മലയാളരാജ്യമാഫീസിൽനിന്നും കിട്ടിയ ശമ്പളം തോളിൽ വച്ചുകൊണ്ടു് ഈഴവ

സമുദായത്തിൻെറ പുറത്തുകയറി നൃത്തംവെയ്ക്കുന്ന ഒരു ഹാസ്യ ചിത്രം മനോരമക്കാർ പരസ്യംചെയ്തു. സി. വി. കുഞ്ഞുരാമൻ കെ. ജി. പരമേശ്വരൻപിള്ളയുടെ ഹിസ് മാസ്റ്റേഴ്സ് വോയിസ്സാണെന്ന് മററുചിലർ പരിഹസിച്ചു. ഈഴവസമുദായത്തിൻെറ കോടാലിക്കൈയാണ് സി. വി.യെന്നു ചില തീയ്യനേതാക്കന്മാർ അധിക്ഷേപിച്ചു. ഇരുതലമൂരിയെന്ന് നായന്മാരിൽത്തന്നെ ഒരു കക്ഷിക്കാർ ദ്വേഷണംചെയ്തു. ഇതൊക്കെയായിട്ടും സി. വി. കൂട്ടാക്കിയില്ല. എങ്കിലും കുറേക്കാലം കഴിഞ്ഞ്, വേറെ ഏതോ കാരണവശാൽ അവധിയെടുക്കാതെ അധികനാൾ ആഫീസിൽ ചെല്ലാതിരുന്നതുമൂലം സി. വി.ക്കു മലയാളരാജ്യത്തിൻെറ ആധിപത്യം നഷ്ടപ്പെട്ടു. ഈ നഷ്ടം കാലാന്തരത്തിൽ ലാഭമായി മാറുകയാണ് ചെയ്തതെന്ന് കൗമുദിയുടെ ഇന്നത്തെനില സ്പഷ്ടീകരിക്കുന്നുണ്ടല്ലോ.

## സാഹിതീസപര്യ

ഇംഗ്ലീഷ് വിദ്യാഭ്യാസം ഒരു പരീക്ഷവരെയെങ്കിലും എത്തിക്കാൻ തനിക്കു കഴിഞ്ഞിരുന്നില്ലെങ്കിലും സ്വപ്രയത്നംകൊണ്ട് മലയാളഭാഷയിൽ അത്യുന്നതമായ ഒരു സ്ഥാനം സി. വി. കൈക്കലാക്കി. അനുസ്യൂതമായ പുസ്തകപരിചയമായിരുന്നു ഇതിനു കാരണം. റെഡ്യാർപ്രസ്സിൽനിന്നും തുച്ഛവിലയ്ക്കു് കിട്ടിയ പുസ്തകങ്ങൾ ശേഖരിച്ച് ചരിത്രനായകൻ അഹോരാത്രം വായിച്ചു ഹൃദിസ്ഥമാക്കി. ശബ്ദാർത്ഥങ്ങളിലുള്ള സംശയം തത്തൽസന്ദർഭങ്ങളിൽ നിവാരിതമാക്കിക്കൊണ്ടിരുന്നു. കുട്ടിക്കാലത്തു ലഭിച്ച സംസ്കാരത്തിൻെറ പ്രാഥമികപാഠങ്ങൾ ഇതിനു വളരെ സഹായകമായിബ്ഭവിച്ചു. മലയാളത്തിൽ സ്വതേ ഉണ്ടായിരുന്ന വാസനതന്നെയാണ് സി. വി.ക്കു മുഖ്യപരീക്ഷ ഉത്തരണംചെയ്യുന്നതിനും ഉതകിയതു്. നൈസർഗ്ഗികവാസനയും നിരന്തരപരിശ്രമവും ഭാഷയിൽ സി. വി.ക്കരുളിയ മേന്മ അദ്ദേഹത്തിന് സാഹിത്യത്തിലും സമുൽകൃഷ്ടമായ പ്രതിഷ്ഠയ്ക്കു കാരണമായി. ആയുധവും അഭ്യാസവും വേണ്ടുവോളമുണ്ടെങ്കിൽ ആയോധനം വിജയോന്മുഖമാകുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. ഈഴവക്കൊരു സമുദായനേതാവെന്നപോലെയോ അതിനെക്കാളുപരിയായോ

സി. വി. കുഞ്ഞുരാമൻ മലയാളഭാഷയിലെ ഒരു സാഹിത്യനായകനാണ്. രസികശിരോരത്നമായ ആ സാഹിതീസാധകനിൽനിന്നും കൈരളിക്കു കൈവന്ന സംഭാവനകളുടെ ഒരു പട്ടിക ചുവടെ ചേർത്തുകൊള്ളട്ടെ:

1. വാല്മീകിരാമായണം: ഗദ്യം. വാല്മീകിരാമായണത്തിൻെറ സംഗ്രഹം. രമേശചന്ദ്രദത്തൻ ഇംഗ്ലീഷിൽ പദ്യമായെഴുതിയതിൻെറ സ്വതന്ത്രപരിഭാഷയാകുന്നു ഈ പുസ്തകം. 1079-ൽ പരസ്യംചെയ്തു. അനേകംതവണ പല ക്ലാസ്സുകളിലും ടെക്സ്റ്റായിരുന്നിട്ടുമുണ്ട്.

2. പഞ്ചവടി: 150 വശങ്ങളിലായി 21 അദ്ധ്യായമുള്ള ശുഭാന്തമായ ഒരു നോവൽ. ഭാഷാസാരള്യത്തിനു് നിദർശനം.

3. വ്യാസഭാരതം: ഭാരതസംഗ്രഹം. രമേശചന്ദ്രദത്തൻെറ കൃതിതന്നെയാണ് ഇതിനും ആധാരം. എന്നാൽ എഴുത്തച്ഛൻെറയും ആനിബസൻ്റിൻെറയും കൃതികൾകൂടി സ്പർശിക്കപ്പെട്ടിട്ടുണ്ട്. ഇതു പലപ്രാവശ്യവും പാഠശാലകളിൽ പാഠ്യമായിരുന്നു.

4. കാർത്തികോദയം: ബാലസാഹിത്യം. കാർത്തികതിരുനാളിൻെറ തിരുവവതാരത്തെ വിഷയമാക്കി വേണാടിൻെറ പ്രാചീന ചരിത്രഭാഗങ്ങളെ ഹിതമായും മിതമായും കൂട്ടിയിണക്കി നിർമ്മിച്ചിട്ടുള്ള ഒരു ലഘുകാവ്യം. 1092-ൽ പ്രസിദ്ധീകരിച്ചു. അനവധികൊല്ലം താഴ്ന്നക്ലാസ്സുകളിൽ പാഠ്യപുസ്തകമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

5. ഉണ്ണിയാർച്ച: ഈ വടക്കൻപാട്ട് സി. വി. പ്രസിദ്ധീകരിച്ചിട്ടുള്ളതു് ഒരു കഥാപ്രസംഗത്തിൻെറമട്ടിലാകുന്നു. മൂലം കുറേഭാഗം ഉദ്ധരിച്ചിട്ട് അതിൻെറ ഒരു വിശദീകരണം നൽകുന്നു. ഒരു സാഹിത്യചിന്തകൻെറ കൈമുദ്ര ആദ്യന്തം ദൃശ്യമാണ്.

6. തുമ്പോലാർച്ച: മേല്പറഞ്ഞവിധം സംവിധാനം ചെയ്തതു്. ഇതു മുദ്രണം ചെയ്യപ്പെട്ടിട്ടില്ല.

7. ഇൻഡ്യാചരിത്രസംഗ്രഹം: ബാല വിദ്യാർത്ഥികൾക്കു പററിയ ചരിത്രസംഗ്രഹം.

8. ശ്രീകോവിൽ: ഒരു ചെറിയ നോവൽ.

9. രാഗപരിണാമം: ഒരു മനോഹര കഥാഗ്രന്ഥം.

10. ഷേക്സ്പീയർകഥകൾ: ചാറൽസ് ലാംബ് എഴുതിയ ഷേക്സ്പീയർകഥകൾ. Tales from Shakespeare എന്ന പുസ്തകം അവലംബം. കഥകൾ:

( i) വെനീസ്സിലെ വ്യാപാരി(Merchant of Venice)
( ii) കൊടുങ്കാററു് (The Tempest)
(iii) വാരാണസിയിലെ രണ്ടു സ്നേഹിതന്മാർ (Two Gentlemen of Verona)
(iv) ഹേമലീല (Twelfth Night)
( v) രാമദേവനും ജാനകിയും (Romeo and Juliet)
(vi) വരലോല (Cymbeline)
(ഇവയെല്ലാം കൊച്ചുപുസ്തകങ്ങളായി അച്ചടിപ്പിക്കപ്പെട്ടിട്ടുണ്ടു്.)

11. ലഘുകഥാപുസ്തകങ്ങൾ:

(a) സോമനാഥൻ: Romance of Indian History യിൽനിന്നും ഒരു കഥ.

(b) മാലുത്തണ്ടാൻ: ഒരു സാമുദായികചിത്രം വരച്ചുകാട്ടുന്ന കഥ.

(c) ഒരു നൂററാണ്ടിനുമുമ്പു്: ഒരു സാമുദായികചിത്രം വരച്ചുകാട്ടുന്ന കഥ.

12. ഒരുനൂറു കഥകൾ: 1067-ൽ പരസ്യം ചെയ്തു്. ഈസോപ്പിൻെറ കഥകൾ (Aesop's Fables) ആണു് അധികവും. ചുരുക്കംചിലതു് സ്വന്തമത്രേ.

13. അറബികഥകൾ: Arabian Nights' Dream-ൽ നിന്നുമുള്ള കഥകൾ. രണ്ടു വാല്യമേ പരസ്യം ചെയ്തിട്ടുള്ളു.

14. പത്മാദേവി: സുപ്രസിദ്ധ ആഖ്യായികാകാരിയായ മേരി കാർലി(Marie Corelli, 1855-1924)യുടെ Thelma എന്ന നോവൽ അവലംബം. ആറേഴു് അദ്ധ്യായങ്ങളേ എഴുതിത്തീർത്തിട്ടുള്ളു. ബാക്കിയുള്ള ഭാഗം മകൻ കെ. ദാമോദരൻ അവർകൾ എഴുതിവച്ചിട്ടുണ്ടു് എന്നു പറയുന്നു.

15. ദുർഗ്ഗാക്ഷേത്രം: ടെമ്പിൾ ഇൻ ദി ടോപ്പ് (Temple in the Top) എന്ന ഇംഗ്ലീഷ്നോവൽ ആധാരമാക്കി വിരചിച്ചതു്. 12 ചാപ്ററർ, അതായതു് 210 പേജ് എഴുതി

ത്തീർത്തു പരസ്യം ചെയ്തു. ശേഷമുള്ളതു് ശ്രീ. ദാമോദരൻ എഴുതാനുദ്ദേശിച്ചിരിക്കയാണു്. ശ്രീ. ദാമോദരൻെറ ഉദ്ദേശ്യം സഫലമാകട്ടെ!

16. വാസന്തി: ഭാഷാപോഷിണിയിൽ രണ്ടദ്ധ്യായത്തോളം പ്രസിദ്ധീകരിച്ചു. പിന്നീടതു തുടരപ്പെട്ടുകണ്ടില്ല. അസൗകര്യംകൊണ്ടായിരിക്കാം.

17. നാഗകന്യക: അപൂൎണ്ണമായ ഒരു നോവൽ.

18. മാലതീകേശവം—നാടകഭ്രാന്തുകാലത്തു് സി. വി. യുടേതായ സംഭാവന. ഇതിൻെറ ഒരു പ്രതിയും ഇപ്പോൾ ലഭ്യമല്ല.

19. കെ. സി. കേശവപിള്ള: സരസമായ ഒരു ജീവചരിത്രഗ്രന്ഥം.

20. കാന്തിമതി: ഒരു പഴയ കഥാപുസ്തകം 1068–ൽ എഴുതിയതു്. ഇതിൻെറയും പ്രതികൾ ഇപ്പോൾ കിട്ടാനില്ല.

21. ഒരു സന്ദേശം: മരുമക്കത്തായവിവാഹബില്ലിനെപ്പറ്റി താണുപിള്ളദിവാൻജിയുടെ അടുക്കൽ നിവേദനം ചെയ്യുന്നതിന് സ്ത്രീകളെല്ലാം കൊല്ലത്തു് ആനന്ദവല്ലീശ്വരക്ഷേത്രസന്നിധിയിൽക്കൂടി മയിലിനോടു പറഞ്ഞയയ്ക്കുന്നതാണു് പ്രമേയം. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

22. ലുക്രീസ്സിൻെറ ചാരിത്രഹാനി: ഷേക്സ്പിയരുടെ (Rape of Lucrece) എന്നതിൻെറ പരിഭാഷ കിളിപ്പാട്ടായെഴുതിയതു്. ഇതിൻെറ കൈയെഴുത്തുപ്രതി കൈമോശം വന്നുപോയി.

ഇവകൂടാതെ അനേകം ചെറുകഥകൾ സി. വി. എഴുതി പരസ്യം ചെയ്തിട്ടുണ്ടു്. 'ഞാൻ നമ്പൂരിയായാലോ!' 'ഞാൻ എന്താണു വേണ്ടതു്?' 'എൻെറ വേദാന്തം' 'എന്റെ ഇന്ദുലേഖ' 'എനിക്കു് ആത്മഹത്യയ്ക്കു മതിയായ കാരണമില്ലയോ?' 'ശ്രീവൈകുണ്ഠം' ഇവ അവയിൽ ഏതാനും മാത്രമാകുന്നു. സുജനാനന്ദിനി, ചന്ദ്രിക, കൗമുദി, മനോരമ, ഭാഷാപോഷിണി ഈ പത്രികകളിലായിരുന്നു അവയുടെയെല്ലാം രംഗപ്രവേശം. എല്ലാം ഹൃദയാവൎജ്ജകങ്ങളാണു്. എല്ലാം സമാഹരിച്ചു പ്രസിദ്ധീകരിച്ചാൽ അവ കൈരളിക്കു വിലയേറിയ മുതൽക്കൂട്ടായിരിക്കുമെന്നു നിൎവ്വിശങ്കം അഭിപ്രായപ്പെടാം.

1087-ൽ 'തീയൻ' എന്ന പേരുവച്ച് സി. വി കൗമുദിയിൽ അനവധി ഹാസ്യലേഖനങ്ങൾ എഴുതിയിട്ടുണ്ട്. സി. കൃഷ്ണൻെറ ആവശ്യപ്രകാരം മിതവാദിയിൽ ബുദ്ധമതത്തെ ക്കുറിച്ചു് ധാരാളം ലേഖനങ്ങൾ സി. വി. പരസ്യം ചെയ്തിട്ടുണ്ട്. ഭാഷാപോഷിണിയുടെയും മനോരമയുടെയും ആദ്യവാല്യങ്ങളിൽ സി. വി. പ്രസിദ്ധീകരിച്ചിട്ടുള്ള ഉപന്യാസങ്ങൾ അസംഖ്യങ്ങളാണ്. കുമാരനാശാൻെറ 'നളിനി', പന്തളത്തു തമ്പുരാൻെറ 'വിജയോദയം' ഇവയെപ്പററിയുള്ള നിരൂപണങ്ങൾ നിരൂപണശാഖയിൽ സി. വി.ക്കുണ്ടായിരുന്ന അനന്യോപലഭ്യമായ വൈദഗ്ദ്ധ്യത്തെയാണ് വിളിച്ചറിയിക്കുന്നതു്. 'കരുണയും കുചേലവൃത്തവും' എന്ന വിമർശനലേഖനം സാഹിത്യപഞ്ചാനനൻെറ നിരൂപണത്തിനു് ഒരു തിരിച്ചടിയാകുന്നു. കുശാഗ്രബുദ്ധിയായിരുന്ന സി. വി.ക്കു് വിമർശനത്തിൽ നൈശിത്യം വന്നുചേന്നതു് ആശ്ചര്യമല്ലല്ലോ.

സി. വി.ക്കു കവിതാവാസന ഉണ്ടായിരുന്നു എന്നതിനു് 'കാത്തികോദയം' മകുടോദാഹരണമാണ്. അതിലെ ശയ്യാഗുണം അത്രയ്ക്കു മഹനീയമാണ്. അതിൻെറ രചനാസൗഷ്ഠവം അത്രയ്ക്കു കീത്തനീയമാണ്. പ്രസാദം, ഓജസ്സ്, അശ്ലിഷ്ടത മുതലായ കാവ്യഗുണങ്ങൾ ഇതിൽ അഹമഹമികയാ വിളയാടുന്നുണ്ട്. ഒന്നാം സർഗ്ഗം മുഴുവൻ കേരളോൽപത്തിക്ക് ഉപോദ്ബലകമായ ഐതിഹ്യവസ്തുതയും ചരിത്രസത്യവും കൊണ്ടു് സമ്പൂത്തമാണ്. എങ്ങനെയെന്നു കാണുക:—

"ശ്രീഭാർഗ്ഗവൻ സമുദ്രത്തിൽനിന്നു പൊക്കിയെടുത്തുപോൽ
ഭഗവാൻ പണ്ടു വേദത്തെയെന്നോണം കമ്മഭൂമിയെ
വ്യാസൻ വേദത്തെയെന്നോണം പങ്കിട്ടിബ്ഭൂമി ഭാർഗ്ഗവൻ
ഭൂദേവന്മാരെയേല്പിച്ചു ഭൂതിഭ്രമിക്കുചേക്കുവാൻ.
കേരളത്തിൻപുരാവൃത്തമിതല്ലെന്നീയിടെച്ചിലർ
വാദിക്കുന്നു, യുക്തിനോക്കി സ്വീകരിക്കുന്നുലോകവും.
അറബിക്കാർ പുരാവൃത്ത വിജ്ഞന്മാർ— സാരവേദികൾ
മഹാൻനബി ചമച്ചോരു കൊറാൻകൊണ്ടാടിടുന്നവർ
ആദാം ആദിപിതാവൗവ്വാമാതാവോടുപിരിഞ്ഞനാൾ
വാണാൻ ചേരർദ്വീപിലെന്നു വാദിച്ചീടുന്നു, വാസ്തവം.

മഹാബലി, മഹാ ചക്രവത്തിധാമ്മികസത്തമൻ,
ശ്രീവാമനപദാംഭോജപാംസുമൗലിയിലേററവൻ,
ദാനവീയ്യത്തിനൊന്നാമൻ നാട്ടിന്നോണംവരുത്തിയോൻ
ഭരിച്ചുപോലുമിബ്ഭൂമി വാസവൻ വാനുപോലവെ.
ഭാരതായോധനത്തിങ്കൽ സാക്ഷിയായ്നിന്നു ഭൂഭരം
കുറച്ചു സവ്യസാചിക്കു ഗീതയോതിക്കൊട്ടത്തവൻ,
ഭഗവാൻ കൃഷ്ണ,നദ്ദേഹത്തിൻെറ വംശജർ, യാദവർ
ഭരിച്ചുനമ്മളെപ്പണ്ടു മനുവിൻമക്കൾപോലവെ.
രാവണൻ, ശൂര,നൈശ്വര്യമത്തൻ പുണ്യജനേശ്വരൻ
ശിവഭക്തൻ, ദ്വിപഞ്ചാസ്യൻ, പണ്ടു ലങ്കയെവാണനാൾ,
അവൻെറ സാമ്രാജ്യംതന്നിലുൾപ്പെട്ടിന്നാടിരുന്നതായ്
ഊഹിച്ചുവാദിച്ചിട്ടുണ്ടിതിഹാസം പഠിച്ചവർ."

പ്രകൃതിവർണ്ണനകൾക്കും ദേശവിവരണങ്ങൾക്കും കവി സമർത്ഥനായിരുന്നു എന്നു് താഴെക്കാണുന്ന പദ്യങ്ങൾ തെളിയിക്കുന്നു:—

"ഒരു ഭാഗത്തിലൗന്നത്യം കലരും മലയാചലം,
മറുഭാഗത്തു ഗംഭീരപാരാവാരം ഭയങ്കരം.
അഹിതന്മാരെയും കാലവർഷക്കാററിനെയും സമം
തടുത്തുനിത്തും സഹ്യാദ്രി മലയാളഹിമാലയൻ
പച്ചക്കാടുകളെക്കൊണ്ടു പച്ചപ്പട്ടുപുതച്ചവൻ
പൃഥ്വിപ്പെണ്ണിൻ വിലാസങ്ങൾ വീക്ഷിച്ചുവിലസുന്നുവോ?
നെല്ലിൻപാടങ്ങളിൽക്കൂടി വളഞ്ഞൊഴുകുമാറുകൾ
കേരളോവ്വിയുടുക്കുന്ന പുടവക്കസവല്ലയോ?
അവൾക്കു നിത്യനീരാട്ടു കുളിക്കെത്രവിധത്തിലായ്
സരോവരങ്ങൾ നിമ്മിച്ചുനല്കി പ്രകൃതിദേവിയാൾ.

* * *

ചെറുകാററു കിളിച്ചെത്തിത്തടവും സുഖമേററുടൻ
കേരധ്വജങ്ങൾ കൈയാട്ടി വിളിക്കുന്നു വിദേശിയെ.
'പടവേറിച്ചരിക്കുന്ന വിദേശവണിഗീശരെ!
വരുവിൻ, വരുവിൻ വേണ്ടും വിഭവംതരുവേനിഹ.'"

സ്ത്രീമഹത്വത്തെ കീത്തിക്കുന്ന ഭാഗം വിശിഷ്യ അനുവാചിതവ്യമാണു്.

"അബലാ ചപലേത്യാദി ചപലോക്തികളാലഹോ!
കേരളാംഗനമാരോട്ട കലമ്പും കേരളീയരെ!
പിതാമഹികൾ നിങ്ങൾക്കു പണ്ടുള്ളോർ വീരപത്നികൾ,
അസിധാരയിൽ നീന്തിട്ടുമഭിമാനത്തെ നേടിയോർ.
അഞ്ഞൂറുപേർ പടച്ചട്ടയിട്ടുശസ്ത്രംധരിച്ചവർ,
ദേശിംഗനാട്ടുറാണിക്കു ദേഹം സൂക്ഷിച്ചുനിന്നുപോൽ
വീട്ടിന്നുമണിദീപങ്ങൾ നാട്ടിന്നവർ പതാകകൾ
റാണിമാർ തറവാട്ടിന്നു പ്രാണികൾക്കാകെയമ്മമാർ."

1071 കന്നി 27-ാംനു-ലെ മനോരമയിൽ 'ഒരു നദിയോട്ട്" എന്ന ശീർഷകത്തിൽ സി. വി. ഒരു കവിത (ഇംഗ്ലീഷിൽനിന്നും) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്രീ. കെ. ദാമോദരൻെറ ആവശ്യപ്രകാരം തൻെറ ഫയലിൽനിന്നു് അതു പകർത്തി അയച്ചുകൊണ്ട് സരസകവി മൂലൂർ എഴുതിയതിങ്ങനെയാണു്: "ഇതു മയ്യനാട്ട് സി. വി. കുഞ്ഞുരാമനവർകൾ ഇംഗ്ലീഷിൽനിന്നും ഭാഷാന്തരപ്പെട്ടുത്തിയ ഒരു കവിതയാണു്. സി. വി. കുഞ്ഞുരാമനവർകൾ പദ്യപന്ഥാവിൽനിന്നും ഗദ്യസാഗരത്തിലേയ്ക്കു തിരിഞ്ഞതുമൂലം ഏവംവിധങ്ങളായ കൃതികൾ കാണുവാൻ കഴിയാതെവന്നു എന്നു് വ്യാകുലപ്പെടാതെ തരമില്ല." മൂലൂരിൻെറ പ്രശംസ എത്രകണ്ടു സ്ഥാനസ്ഥിതമാണെന്നു് തെളിയിക്കുവാൻ ആ പദ്യങ്ങൾ താഴെ പകർത്തിക്കൊള്ളുന്നു:—

"എങ്ങുന്നാണിങ്ങുപോരുന്നതു തവസലിലം മോഹനേ, വാഹിനീ നീ-
യെങ്ങും പോകാനൊരുങ്ങാതീതുവിധമലയുന്നെന്തിനായന്തരംഗേ?
തിങ്ങും ഖേദംനിമിത്തം ഗമനവുമധികം മന്ദമായ്ത്തീർന്നിദാനീം
മങ്ങും ഭാവത്തൊടേവം ഭവതിയെവിടെ നീസ്സഞ്ചരിക്കുന്നുരയ്ക്കൂ. 1

എന്നെപ്പെററതു പർവ്വതത്തിലവിടെ ധാരാളമാം പൂക്കളാൽ
തന്നെത്തുന്നിയൊരുക്കിയെന്നുമൊരുപോൽ മേക്കട്ടിയിട്ടുള്ളതാം
നന്നേ ചാരുത ചേർന്നെഴുന്നൊരുറവാം തൊട്ടില്ലകത്തിട്ടുമാം
പിന്നെപ്പോററിവളർത്തി വത്സലതയാൽ മൽധാത്രി വർഷം മുദാ 2

താന്തോന്നിത്തരമെന്നിലേറയുളവായന്നാളിലൊന്നെൻമനം
താന്തോന്നിച്ചവിട്ടുന്നു ഗൂഢമെവ്വിടേക്കോപാഞ്ഞുപോയീടുവാൻ

എന്തോ! ദുർവ്വിധി വൈഭവാലൊരുദിനം കാലത്തുഞാനന്ത്രയും
ഭ്രാന്തോടദ്രിരിവീട്ടൊളിച്ചു വെളിയിൽപോന്നിങ്ങു വന്നീടിനേൻ. 3

തീരംതന്നിൽ വസിച്ചുവൃക്ഷവരർതൻ കൊമ്പാകുമക്കൈയിനാൽ
ആരംഭിച്ചു തലോട്ടവാൻ കനിവിനോടെന്നെക്കനിഞ്ഞാദരാൽ
സൈ്വരം നല്ലിലഞാലിഞാലുമരുമപ്പൂത്താലിചാർത്താനുമ-
ന്നേരം നല്ലടയാടയായുടനുടുക്കാനും തളിർപ്പട്ടവർ. 4

പിന്നെപ്രേമമൊട്ടുംകനിഞ്ഞുകുസുമക്കൂട്ടം നികുഞ്ജത്തിലേ-
ക്കെന്നെച്ചുണ്ടലിവോടണച്ചുവരണംചെയ്‌വാൻ ക്ഷണിച്ചപ്പൊൾഞാൻ
തന്നെപ്പല്ലുമുളച്ചു വാച്ചുവളരും തിട്ടിൻെറ മദ്ധ്യസ്ഥല-
ത്തെന്നെത്തന്നെമറന്നുനിന്നവരുമായ്‌കൊഞ്ചിക്കഴഞ്ഞീടിനേൻ. 5

എന്നാലെൻ ഭാഗധേയം മുഴവനുമവസാനിക്കുമാറായിദാനീം
സ്വിന്നാ ഞാനായിവണ്ണം കറുകറയിഴയുന്നെൻെറ കല്ലോലജാലം
നന്നായിട്ടബ്ലിശബ്ദിച്ചലറുമൊരു രവം ഘോരമായ് ഘോരമായി-
ട്ടിന്നാരാൽ കേട്ടിടുന്നു ദൃഢമവിടെയുടൻ മൃത്യുവന്നെത്തിടും മേ." 6

സമസ്യാപൂരണംകവികൾക്കും പത്രക്കാർക്കും അക്കാലത്ത് രസകരമായ ഒരു പരിപാടിയായിരുന്നു. സി. വി. കുഞ്ഞുരാമനും അതിൽ മുമ്പനായിത്തന്നെ വർത്തിച്ചു. മുക്തകങ്ങൾകൊണ്ട് ഒരു രൂപത്തേയോ ഭാവത്തേയോ ആവിഷ്ക്കരിക്കുവാൻ കഴിയുക കവനപാടവത്തിൻെറ ലക്ഷണമായും അന്നെണ്ണിയിരുന്നു. 1067–ലെ 'സുജനാനന്ദിനി'യിൽ 'തരുണി'യെപ്പറ്റി ഒരു വർണ്ണന മുക്തകങ്ങളായി പല കവികളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സി. വി.യുടെ മുക്തകം കാണുക:—

"നന്നായാദ്യത്തിൽ നോക്കുമ്പോഴതഴകൊഴകിക്കാണണം, പിന്നെ മന്ദം
നിന്നാലോചിച്ചു നോക്കുന്നളവുമിവളു നന്നെന്നുതോന്നിച്ചിടേണം;
എന്നല്ലെല്ലായ്പോഴും നോക്കിലുമതു ബത! പോരെന്നുതോന്നിക്കണം കേ-
ളെന്നാലന്നാരിയെ 'സുന്ദരി' യിതിപറവാൻ തർക്കമില്ലാക്കുമോക്കിൽ."

ഇക്കൂട്ടത്തിൽ, പില്ക്കാലത്ത് മഹാകവിയായിത്തീർന്ന ഉള്ളൂരിൻെറ മുക്തകംകൂടി കാണുന്നത് വായനക്കാർക്ക് രസാവഹമായിരിക്കുമല്ലോ.

**"കല്യാണശ്രീകളിക്കും കമലസമമുഖാൽ മന്ദഹാസം പൊഴിക്കും
മെല്ലെക്കണ്ണൊന്നിളക്കുംമതികുതുകമൊട്ടും പോയിട്ടമ്പോൾ വിളിക്കും
കല്ലെന്നാലും ലയിക്കുംപടി സരസവചസ്സേറെ നന്നായുരസ്സും
മല്ലാക്ഷീവൃന്ദമാക്കും മനമതിലനിശം മാരമാൽപൂർണ്ണമാക്കും."**

ഉള്ളൂരിൻെറ അന്നത്തേയും പിന്നത്തേയും പദ്യശൈലികൾതമ്മിലുള്ള താരതമ്യപഠനത്തിന് ഈ ശ്ലോകം അത്യന്തം ഉപകരിക്കും.

സി. വി. കുഞ്ഞുരാമൻ സമഗ്രമായ ഒരു ശ്രീനാരായണസ്മൃതിരചനയ്ക്കു വട്ടംകൂട്ടിയിരുന്നു എന്നു് ഇന്നു ചിലർക്കെങ്കിലും ഓർമ്മയുണ്ടായിരിക്കും. ആദ്യത്തെ ഭാഗം അദ്ദേഹം എഴുതിയിട്ടിരുന്ന നോട്ടുബുക്കിൽനിന്നും പകർത്തിയെടുത്തതാണു് ചുവടെ ചേർക്കുന്നതു്. സ്ഥലച്ചുരുക്കത്താൽ ഉദാഹരണത്തിനു് ഏതാനും വരികൾമാത്രമേ ഉദ്ധരിക്കുന്നുള്ളു:—

**"ഭാരതപ്പുഴവക്കത്തു തെളിഞ്ഞപുളിനങ്ങളിൽ
ശീതമംഗളതോയത്തിൽ ശീകരാർച്ചിതമാരുതൻ
മന്ദസഞ്ചാരിമാലോക വൃന്ദാനന്ദകരൻ മുദാ
അർക്കബന്ധുസുമാമോദം ദിക്കെങ്ങും വീശിനിൽക്കവേ
ശിശിരത്തുവുട്ടപ്പിച്ചു മാന്തളിർ പട്ടചേലമേൽ
പൂമൊട്ടുമാല ചാർത്തുന്ന വസന്താഗമസന്ധിയിൽ
ഗുരുകർക്കടകം രാശി തന്നിലെത്തിദ്വിജാധിപൻ
മൃഗശീർഷമൊടൊന്നിച്ചുനിൽക്കും പുണ്യദിനോദയേ
മഹർഷിമാരോടൊന്നിച്ചു മാലോകരശേഷവും
മഹാതീർത്ഥത്തിൽ നീരാടി മതിനന്നായ്ത്തെളിഞ്ഞവർ
ദരിദ്രധനിഭേദങ്ങൾ ജനിസ്ഥാനമഹത്വവും
ഗണിക്കാതെ സമത്വത്തിൽ സാഹോദര്യസമന്വിതം
കൂരിയാൽത്തറതൻ ചുററും കൂടി കൗതുകമാർന്നവർ
അനന്യചിത്തരായ്ധ്യാന മുറപ്പിച്ചു മനസ്സിനാൽ
ധർമ്മദൈവത്തിനായ്പൂവും നീരുമർപ്പിച്ചു സാദരം
പൂജിച്ചുഭക്തിസമ്പന്നരായിട്ടേററം കൃതാർത്ഥരായ്
മരന്ദമധുരംപത്രമർമ്മരം കൊണ്ടു മാമരം
മന്ത്രം ജപിപ്പതും കേട്ടു മഹത്തുക്കളിരിക്കവേ**

മലയാദ്രീനിരയ്ക്കുള്ള മലക്കാവുകൾതോറുമായ്
പറന്നും പാടിയും ഭംഗികലന്നും മണമുള്ളതായ്''

*    *    *

കിളി പറഞ്ഞു:

''പൂമാതാവായ ദേവൻെറ പൂമുഖത്തിലനാരതം
വാണിട്ടും വാണിമാതാവിൻ പാണിയിൽ കളിയാടിയും
വീണവായന കേട്ടേററുപാടിയും കവിതാമൃതം
ആസ്വദിച്ചാസ്വദിച്ചാത്മാവാനന്ദാബ്ധിയിൽ നീന്തിയും

*    *    *

മരീചിമുനിമുഖ്യൻെറ മധുരോക്തി ശ്രവിച്ചുടൻ
മനസ്സിലുത്സാഹം പൂണ്ട മനസ്വിനി ശുകാംഗനാ
ചിറകൊന്നു കുടഞ്ഞാഞ്ഞു ചുകിക്കണ്ണും തെളിച്ചവൾ
പിറകും മുമ്പുമങ്ങെല്ലാപ്പുറവുംനോക്കി സാദരം

*    *    *

സനാതനമഹാധർമ്മ വേദാന്തപ്പൊരുളൊക്കെയും
ഇതിഹാസമിദം മുഖ്യമേവം പൈങ്കിളി പാടിനാൾ
'ധർമ്മചക്രം പ്രവർത്തിപ്പിച്ചരുളും മുനിമുഖ്യരെ!
കർമ്മജീവിതമർമ്മങ്ങൾ സർവ്വംവീക്ഷിച്ച വൃദ്ധരെ!
ഭൂലോകാരാമമദ്ധ്യത്തിൽ വിഹരിക്കും യുവാക്കളെ!

*    *    *

മേലുദ്ധരിച്ച പട്ടികയിൽ (21) എന്ന നമ്പരിട്ടു കാണിച്ച 'ഒരു സന്ദേശം' സരസമായ ഒരു കാവ്യംതന്നെയാണ്.

''ഭൂവിൽപാരം ശ്രുതിയെയാഴ്കിട്ടന്നോരു കോളംബാദേശ–
ത്താവിർമ്മോദം തരുവുമബലാവൃന്ദമിന്നാളൊരുന്നാൾ
സേവിക്കാനായ് പരിചിനൊട്ട ചെന്നെത്തിയാനന്ദവല്ലീ–
ദേവിക്കുള്ളോരധിവസതിയാം പത്തനേ ബദ്ധഭക്ത്യാ
ജാതിപ്പൂവിൻ പരിമളമിളംകാററിളക്കും കചത്തെ
കോതിക്കെട്ടിക്കുലവനിതമാരങ്ങു ചെന്നെത്തിയാരാൽ''

*    *    *

എന്നിങ്ങനെ പോകുന്ന അതിലെ സുന്ദരപദ്യങ്ങൾ. മനോജ്ഞങ്ങളായ കവിതാഭാഗങ്ങൾ ഇനിയുമുദ്ധരിക്കാൻ അനവധിയുണ്ട്. ഈ ചുരുങ്ങിയ ജീവിതചരിത്രത്തിൽ ഞാനതിനു തുനിയുന്നതു് ഔചിത്യത്തിനു് ഹാനികരമായിരിക്കും. യശശ്ശരീരനായ സി. എസ്സ്. സുബ്രഹ്മണ്യൻപോററിയെപ്പോലെ സി. വി. കുഞ്ഞുരാമനും കാലക്രമത്തിൽ പദ്യത്തിൽനിന്നും ഗദ്യത്തിലേക്കു സംക്രമിച്ചതു് പദ്യശാഖക്കു കഷ്ടമായ നഷ്ടത്തിനാണു് ഇടവരുത്തിയിട്ടുള്ളതു്.

കുമാരനാശാൻ 'നളിനി' എഴുതിക്കണ്ടതോട്ടുകൂടിയാണു് താൻ കവനം നിർത്തിയതെന്നു് സി. വി. ഒരിക്കൽ പറഞ്ഞിട്ടുണ്ടു്. അതു് പരമാർത്ഥമായിരിക്കാമെങ്കിലും, കവിത്വത്തിലും തുടന്നു പരിശ്രമിച്ചിരുന്നെങ്കിൽ കെ. സി. കേശവപിള്ളയെപ്പോലെ ഉന്നതനായ ഒരു കവിയായിത്തീരുന്നതിനു് സി. വി. ക്കു് സാധിക്കുമായിരുന്നെന്നു നിസ്സംശയം പറയാം. ഗദ്യസരണിയിലാണു് ചരിത്രപുരുഷന്റെ യശഃസ്തംഭം ശാശ്വതപ്രതിഷ്ഠ പ്രാപിച്ചിട്ടുള്ളതു്. സി. വി.യുടെ ഗദ്യം ലളിതവും, ഋജുവും, സ്നിഗ്ദ്ധവുമാണു്. അതിനു് അതിന്റെമാത്രമായ ധാരാവാഹിത്വമുണ്ടു്. അതുകൊണ്ടു് അതു് ആരാലും അനുകരണീയമല്ല. 1077–മാണ്ടു് വാല്മീകിരാമായണ(ഗദ്യ)ത്തിന്റെ കൈയെഴുത്തുപ്രതി കണ്ടിട്ടു് വിദ്യാവൃദ്ധനായ ശ്രീ. എം. രാജരാജവർമ്മ എഴുതിയതിങ്ങനെയാണു്: "16–ാംതീയതി അയച്ച എഴുത്തുകിട്ടി. രാമായണം ഗദ്യപുസ്തകം കിട്ടീട്ടു് നാൾ വളരെ ആയിരിക്കുന്നു എങ്കിലും അതിനെ അനുസ്യൂതമായി വായിച്ചു രസിക്കുന്നതിനു് കാര്യാന്തരവ്യാപൃതനായിരുന്നതിനാൽ സാധിച്ചില്ലെങ്കിലും അവിടവിടെ വായിച്ചുനോക്കിയിടത്തോളം വളരെ സരസമായുമിരിക്കുന്നു എന്നു് അഭിപ്രായപ്പെടുന്നതിൽ ഞാൻ സംശയിക്കുന്നില്ല. മലയാളഭാഷയിൽ ഗദ്യരീതി ഇതുവരെ ഒരു നിശ്ചിതപന്ഥാവിനെ ആശ്രയിച്ചിട്ടില്ലെന്നിരിക്കെ ഈ മാതിരി കൃതികൾക്കു് ഒരു വിശേഷതരമായ ആസ്വാദ്യതയുണ്ടു്. അനേക ജോലികളുടെയിടയിൽ ഇപ്രകാരം ഒരു കൃതിയെ എഴുതിത്തീക്കാൻ കഴിഞ്ഞതിനെക്കുറിച്ചു ഞാൻ വളരെ സന്തോഷിക്കുന്നു. അചിരേണ ഇതു അച്ചടിച്ചുകാണ്മാൻ ആഗ്രഹിക്കുന്നു." രാമായണം പുറത്തു

വന്നപ്പോൾ വലിയ കോയിത്തമ്പുരാൻ ഇപ്രകാരമാണ് അഭിപ്രായപ്പെട്ടതു് (1078–ൽ): "ഈ പുസ്തകങ്ങളിലെല്ലാം നിങ്ങളുടെ ഗദ്യരചനയിലുള്ള വൈശാരദ്യം സ്ഫുടമായിട്ടുണ്ട്. രാമായണം അതിരമണീയമായിരിക്കുന്നു എന്നല്ലാതെ അതിൻ്റെ വിശേഷഗുണങ്ങളെ എടുത്തുകാണിക്കാൻ ഇപ്പോൾ സൗകര്യമില്ല. കഥാവൈശിഷ്ട്യംകൊണ്ടും രചനാസൗഷ്ഠവംകൊണ്ടും രാമായണത്തിന്നു് എത്രയും പ്രചുരമായപ്രചാരം ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. നിങ്ങളിങ്ങനെയുള്ള ഗദ്യഗ്രന്ഥങ്ങളുടെ നിർമ്മാണത്തിൽ ഇപ്പോഴും പരിശ്രമിച്ചിരിക്കുന്നതു മലയാളഭാഷയുടെ ഭാഗധേയംതന്നെ."

'ഗദ്യം കവീനാം നികഷംവദന്തി' എന്ന ഒരു ആപ്തവാക്യമുണ്ടല്ലോ. സി. വി. കുഞ്ഞുരാമനെ സംബന്ധിച്ചിടത്തോളം അതു നൂറുശതമാനം സാർത്ഥകമാണ്. വാല്മീകിരാമായണഗദ്യം മാത്രമല്ല, സി. വി.യുടെ എല്ലാ ഗദ്യവും അദ്ദേഹത്തിൻെറ കവിതചത്തിനു് ഉരകല്ലായിത്തന്നെ പരിലസിക്കുന്നു. മലയാളഗദ്യസരണി, കാട്ടം പടർപ്പും വെട്ടിമാററി, കല്ലും മുള്ളും ദൂരെനീക്കി, വെടിപ്പുവരുത്തീട്ടില്ലാതിരുന്ന കാലത്തായിരുന്നു സി. വി. കുഞ്ഞുരാമൻെറ ഹൃദയാവർജ്ജകമായ ഗദ്യശൈലിയുടെ പുറപ്പാട്. "മലയാളഭാഷയിൽ ഗദ്യരീതി ഇതുവരെ നിശ്ചിതപന്ഥാവിനെ ആശ്രയിച്ചിട്ടില്ലെന്നിരിക്കെ ഈമാതിരി കൃതികൾക്കു് ഒരു വിശേഷതരമായ ആസ്വാദ്യതയുണ്ട്," എന്നു് ശ്രീ. രാജരാജവർമ്മതമ്പുരാൻ, മേലുദ്ധരിച്ചപ്രകാരം, പ്രസ്താവിച്ചതു് അതുകൊണ്ടാകുന്നു. വാല്മീകിരാമായണത്തിലെ ഒരു ഖണ്ഡിക കാണുക: "സ്നേഹപാരവശ്യത്താൽ ആർദ്രമാനസനായിത്തീർന്ന രാമൻെറ കോമളങ്ങളായ നയനങ്ങളിൽനിന്നു് താനറിയാതെ ഒരുതുള്ളി കണ്ണുനീർ പാവനമായ ഗോദാവരീനദിയിൽ വീണു. എന്നാൽ സ്ഥിരപ്രജ്ഞനായിരുന്നതുകൊണ്ടു് അദ്ദേഹം വീണ്ടും ധൈര്യത്തെ അവലംബിക്കയാൽ മനസ്സു ശാന്തമായി. അനന്തരം ശോണവർണ്ണമായ സൂര്യകിരണത്തെ ഏററുകൊണ്ടു് രാമൻ ഗോദാവരിയിൽ സ്നാനത്തിനായി ഇറങ്ങി. അവർ ദേവന്മാരേയും, പിതൃക്കളേയും സ്തോത്രംചെയ്കയും, സൂര്യനെ മന്ത്രപുരസ്സരം ധ്യാനിക്കയുംചെയ്തു. കൈലാസത്തിൽ രുദ്രനെ അനു

ഗമിക്കുന്ന ഉമയെപ്പോലെ സ്നാനാർദ്രമായ ചികുരത്തെ ചിക്കിക്കൊണ്ടും സീത രാമനെ അനുഗമിച്ചു് ആശ്രമത്തിൽ എത്തി.''

സി. വി.യുടെ ഒരു രസികൻ നോവലായ 'പഞ്ചവടി'യിൽ പ്രഥമാദ്ധ്യായം തുടങ്ങുന്നതു് ചേതസ്സമാകർഷകമായ ഒരു നിശാവർണ്ണനയോടുകൂടിയാണു്. എങ്ങനെയെന്നാൽ, ''കുംഭമാസം, ശുക്ലപക്ഷത്തിലെ ഏകാദശി, ഇവ രണ്ടും ചേന്നാൽ രാത്രിയുടെ ഭംഗി പറയാനില്ലല്ലോ. 'വിഷ്ണുപദം' പ്രാപിച്ചു് സുഖമനുഭവിക്കുന്ന സുകൃതികളുടെ ആത്മാക്കളെപ്പോലെ, സ്വയംപ്രകാശമുള്ള അനന്തകോടി നക്ഷത്രങ്ങൾ ആകാശമണ്ഡലത്തെ അലങ്കരിക്കുന്നു. അവക്കു വൃദ്ധിക്ഷയങ്ങളും സ്ഥാനഭ്രംശങ്ങളും ഇല്ല. ആകാശചക്രവത്തിയായ സൂര്യ്യൻെറ പാർശ്വസേവകരായി 'അലഞ്ഞുനടക്കുന്ന' ഗ്രഹങ്ങളാണു് നക്ഷത്രങ്ങളെക്കാൾ പ്രതാപംകാണിച്ചു പ്രകാശിക്കുന്നതു്. ജീവികളുടെ സുഖദുഃഖങ്ങളെ നിയമനംചെയ്യുന്നതു് ഈ അലഞ്ഞുതിരിയുന്ന പ്രതാപശാലികളാണെന്നു് മനുഷ്യൻ വിശ്വസിക്കുന്നു. തനിക്കുള്ളതല്ലാത്ത പ്രഭകൊണ്ടു് ചന്തംകാട്ടുന്ന ചന്ദ്രൻ 'ദ്വിജരാജാ'വെന്നുള്ള സ്ഥാനപ്പേരോടുകൂടി നിശാനാഥനായും തീന്നിരിക്കുന്നു.''

സി. വി.യുടെ പഴയ ലേഖനങ്ങളുടെ മാതൃകകൂടി കാണിക്കാം. 1073-ലെ കക്കടകംലക്കം 'ഭാഷാപോഷിണി'യിൽ പ്രസിദ്ധീകരിച്ച കൊളംബസ് എന്ന ലേഖനത്തിൽനിന്നും. ''ഇൻഡ്യാരാജ്യത്തിലേക്കു് വന്നെത്തുവാൻ ഒരു സമുദ്രമാർഗ്ഗത്തെ കണ്ടുപിടിക്കാനായി യൂറോപ്യൻജാതിക്കാർ ചെയ്ത അശ്രാന്തപരിശ്രമത്തിൻെറ ഫലങ്ങളിൽ ഒന്നു്, അതിനുമുമ്പു് ആരാലും അറിയപ്പെട്ടിട്ടില്ലാത്ത ഒരു 'നൂതനഖണ്ഡ'ത്തെ കണ്ടെത്തുവാൻ സംഗതിയായതാണെന്നുള്ളതു് പ്രസിദ്ധമാണല്ലോ. നമ്മുടെ നേരെമറുപുറത്തു പാക്കുന്നവരും മദ്ധ്യാഹ്നസമയത്തെ സൂര്യ്യകിരണംകൊണ്ടു് നാം തപ്തശരീരന്മാരായിരിക്കുന്ന സന്ദർഭത്തിൽ അർദ്ധരാത്രിയിലെ ഗാഢനിദ്രയിൽ സുഖസ്വപ്നപരമാനന്ദങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കുന്നവരുമായ അമേരിക്കയിലെ ഇപ്പോഴത്തെ നിവാസികൾക്കായി ആ നൂതനഖണ്ഡത്തെ കണ്ടുപിടിച്ച കൊളംബസ് എന്ന ആളിൻെറ ജീവചരിത്രം ആക്കാണു് രസകരമായി ഭവിക്കാ

ത്തു്? ഇതിഹാസങ്ങളിലെ മഹാരഥന്മാരെക്കാളും വാസ്തവമായ പ്രശംസയ്ക്കർഹനായ കൊളംബസ്സിൻെറ ജീവചരിത്രത്തെ ഇംഗ്ലീഷ് പരിചയമില്ലാത്ത മലയാളികളുടെ ആവശ്യത്തിനായിട്ടെങ്കിലും ഇവിടെ പ്രസ്താവിക്കതന്നെ.''

1074 മിഥുനംലക്കം ഭാഷാപോഷിണിയിൽ 'പ്രാഥമിക വിദ്യാഭ്യാസം' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ലേഖനത്തിലെ ഒരു ഭാഗം. ''ഒരു ദിവസം വൈകുന്നേരത്തു് സൂര്യാസ്തമനംകണ്ടു സന്തോഷിക്കാനോ മന്ദമാരുതനേററു സുഖിക്കാനോ ആയിട്ടു്, ഒരു ഈശ്വരഭക്തനും, ഒരു കവിയും, ഒരു ശാസ്ത്രജ്ഞനുംകൂടി ഒരു സമുദ്രതീരത്തിൽചെന്നു എന്നു വിചാരിക്കുക. മൂന്നുപേരുടേയും മനസ്സിൽ സമുദ്രത്തെക്കുറിച്ചു മൂന്നുതരം വിചാരങ്ങൾതന്നെ ഉണ്ടാകും. അഗാധമായി അതിഗംഭീരമായിരിക്കുന്ന ഈ മഹാസമുദ്രത്തെ ലംഘിക്കാതെ ഇരിക്കത്തക്കവണ്ണം തൻെറ ആജ്ഞയ്ക്കു് വശംവദമാക്കിവച്ചുകൊണ്ടിരിക്കുന്ന ഈശ്വരൻെറ അചിന്ത്യശക്തിയെക്കുറിച്ചു് ഭക്തൻെറ ഹൃദയം വിസ്മയാകുലമായിത്തീരുകയും അയാളുടെ ഹൃദയത്തിൽനിന്നും പൂർവ്വംഉണ്ടായിരുന്നതിൽ ശതഗുണം ശക്തിയോടുകൂടി ഭക്തി പ്രവഹിച്ചുതുടങ്ങുകയുംചെയ്യും.''

കൂടുതൽ ഉദ്ധാരണങ്ങൾകൊണ്ടു് ഈ ഭാഗം അധികം ദീർഘിപ്പിക്കുന്നില്ല. ചരിത്രനായകൻെറ മററു ജീവിതവശങ്ങളിലേക്കു് നമുക്കിനി കടക്കാം.

## സി. വി.യുടെ സമുദായസേവ

ശ്രീനാരായണഗുരുവിൻെറ ആദർശങ്ങൾ അക്കാലത്തു് കേരളത്തിൽ അങ്ങോളമിങ്ങോളം പ്രചരിക്കാൻ തുടങ്ങിയിരുന്നു. സ്വാമിയുടെ ആദർശങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനു് സി. വി. മുൻകൈ എടുത്തു. 1080-ൽ പരവൂർവച്ചു നടന്ന സമുദായപരിഷ്കാരസഭയുടെ സൂത്രധാരൻ സി. വി.യായിരുന്നു. ഈഴവരുടെ ഇടയിലുള്ള ആചാരങ്ങളെ പരിഷ്കരിക്കേണ്ടതിനെപ്പററി അതിനുമുമ്പും സി. വി. പലപ്പോഴും എഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ അതിൻെറയൊക്കെ മകുടാലങ്കരണമായിരുന്നു കൊല്ലം പരവൂരിൽകൂടിയ ആ മഹായോഗം. ദുരാചാരങ്ങളെ സംബന്ധിച്ചു

ശ്രീനാരായണഗുരുവിൻെറ ശാസനം ആ സഭയിൽവച്ചാണ് ആദ്യമായി പ്രഖ്യാപിതമാകുന്നതു്. 'താലികെട്ടു്' 'തിരണ്ടുകുളി' മുതലായ അടിയന്തിരങ്ങൾ അശാസ്ത്രീയവും അനാവശ്യവുമാണെന്നു് സ്വാമികൾ ആ സദസ്സിനെ ഉദ്ബോധിപ്പിച്ചു. വിവാഹരീതിതന്നെ നവീകരിക്കേണ്ടതാണെന്നു് സ്വാമികൾ അരുളിച്ചെയ്തു. സി. വി.യുടെ ഏകപുത്രി ശ്രീമതി വാസന്തിയുടെ വിവാഹകർമ്മം ആ അരുളപ്പാടിനു് മാർഗ്ഗദർശനം നല്കി. വാത്തിയുടെ പൌരോഹിത്യമില്ലാതെ വാസന്തിയുടെ വിവാഹം നടത്തണമെന്നു് സി. വി. നിശ്ചയിച്ചു. ശ്രീനാരായണഗുരുവിൻെറ പടത്തിനുമുമ്പിൽ വച്ചിരുന്ന പുഷ്പമാല്യങ്ങൾ ദേശാഭിമാനി ടി. കെ. മാധവനെക്കൊണ്ടെടുപ്പിച്ചു് സി. വി. വധൂവരന്മാർക്കു് കൊടുപ്പിച്ചു.

എസ്. എൻ. ഡി. പി. യോഗത്തിൻെറ ശൈശവദശ മുതൽ സി. വി. അതിൻെറ ഒരു എളിയ സേവകനാണ്. 1080-ൽ ഡാക്ടർ പല്പുവിന്റെ നേതൃത്വത്തിൽ കൊല്ലത്തുവച്ചു നടന്ന എസ്. എൻ. ഡി. പി. യോഗം രണ്ടാംവാർഷികോത്സവത്തിന്റെയും പ്രദർശനത്തിന്റെയും മാനേജിംഗ്കമ്മിറ്റിയിൽ സി. വി. അംഗമായിരുന്നു. ആ കൊല്ലംതന്നെ മദ്ധ്യതിരുവിതാംകൂറിൽ പൊട്ടിപ്പുറപ്പെട്ട നായരീഴവലഹളയെ ഒതുക്കിത്തീർക്കുവാൻ കൊല്ലം മലയാളിമന്ദിരത്തിൽ കൂടിയ നായരീഴവപ്രതിനിധിയോഗത്തിൽ ഈഴവരെ പ്രതിനിധാനംചെയ്തു ഭാഗഭാക്കായതു് സി. വി.യായിരുന്നു. 1097—ൽ പ്രാക്കുളത്തുവച്ചു നടന്ന എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ സ്വാഗതസംഘാദ്ധ്യക്ഷസ്ഥാനവും സി. വി. യാണുവഹിച്ചതു്.

എസ്. എൻ. ഡി. പി. യോഗത്തിൻെറ അഭികാമ്യമായ ജനറൽസെക്രട്ടറിപദത്തിലും സി. വി. അധിരോഹണം ചെയ്തിട്ടുണ്ടു്. 1101 മുതൽ ജനറൽസെക്രട്ടറിയുടെ അസിസ്റ്റൻറായി ജോലിനോക്കിയ സി. വി., ശ്രീ. എൻ. കുമാരൻ ജസ്റ്റിയായി പോയപ്പോൾ (1103—ൽ) ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. ഈ സ്ഥാനത്തു് അദ്ദേഹം റിട്ടː ജസ്റ്റി എം. ഗോവിന്ദൻ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെടുന്നതുവരെ സ്ഥിതിചെയ്തു.

ശ്രീ. ടി. കെ. മാധവൻെറ മദ്യവർജ്ജനം, സത്യഗ്രഹം

മുതലായ പരിപാടികളിൽ അനുകൂലഭാവം ഉണ്ടായിരുന്നില്ലെങ്കിലും സി. വി. അതിനെതിരായി വേലചെയ്തില്ലെന്നതു് പ്രത്യേകം സ്മരണീയമാണു്. പ്രത്യുത, 1099 മീനമാസത്തിൽ ഇത്തിക്കരവച്ചുചേൎന്ന വൈക്കം സത്യഗ്രഹപ്രചരണയോഗത്തിൽ സി. വി. അദ്ധ്യക്ഷത വഹിക്കുകൂടി ചെയ്തിട്ടുണ്ടു്.

## സി. വി.യും ക്ഷേത്രപ്രവേശനവാദവും

ക്ഷേത്രപ്രവേശന പ്രക്ഷോഭണത്തിൻെറ ഉപജ്ഞാതാവു് ശ്രീ. ടി. കെ. മാധവനാണെന്നു് പരക്കെ അറിയാമെങ്കിലും, അതിനു് ബീജാവാപംചെയ്ത 'ദേശാഭിമാനി'മുഖപ്രസംഗത്തിൻെറ കൎത്താവു് സ്മൎയ്യപുരുഷനാണെന്നു് ഒരുപക്ഷേ, എല്ലാവൎക്കും അറിവില്ലായിരിക്കാം. അതു് ഇപ്രകാരമാണു്. 1092–ൽ കല്ക്കത്തായിൽ കൂടിയ ഭാരതമഹാജനസഭയിലും, 1093–ൽ ബോംബെയിൽ സമ്മേളിച്ച 'സമസ്തേന്ത്യാ അയിത്തോച്ചാടന' സമാജത്തിലും ക്ഷേത്രപ്രവേശനപ്രമേയം പാസ്സാക്കപ്പെട്ടിരുന്നു എങ്കിലും, 1093 ആദ്യം, പരേതനായ ഹൈക്കോടതിജഡ്ജി സി. രാമൻതമ്പിയുടെ അദ്ധ്യക്ഷതയിൽ പടിഞ്ഞാറെകൊല്ലത്തു സമ്മേളിച്ച യോഗത്തിൽവച്ചായിരുന്നു ക്ഷേത്രപ്രവേശനവാദത്തിൻെറ സാക്ഷാദങ്കുരം തിരുവിതാംകൂറിൽ ദൃശ്യമായതു്. കൊല്ലത്തെ മീററിംഗിൻെറ അടിസ്ഥാനത്തിൽ ക്ഷേത്രപ്രവേശനത്തെപ്പററി സി. വി. ഒരു ലേഖനമെഴുതി ടി. കെ. മാധവൻെറ ആധിപത്യത്തിൽ നടന്നുവന്ന 'ദേശാഭിമാനി'പ്പത്രത്തിനു് അയച്ചുകൊടുത്തു. സമുദായത്തിലെ മററു ചില പ്രാമാണികവ്യക്തികളുമായി ആലോചിച്ചു് ടി. കെ. അതു ദേശാഭിമാനിയുടെ മുഖപ്രസംഗമായി പരസ്യം ചെയ്തു. ഈഴവസമുദായത്തെപ്രത്യേകിച്ചും ഹിന്ദുവൎഗ്ഗത്തെ പൊതുവേയും ഉദ്ഗ്രീവമാക്കിയ ആ ലേഖനത്തിലെ ചില ഭാഗങ്ങൾ താഴെ പകൎത്താം:—

"ഇക്കൊല്ലം പ്രജാസഭാമെമ്പറായി തിരഞ്ഞെടുക്ക(നാമകരണംചെയ്യ)പ്പെട്ടിരിക്കുന്ന ഈഴവപ്രതിനിധികൾ 'ഈഴവൎക്കു് സൎക്കാർ ഹിന്ദുക്ഷേത്രങ്ങളിൽ പ്രവേശനം അനുവദിക്കണം' എന്നുള്ള ഒരു പ്രമേയം നിവേദനവിഷയമാക്കിയാൽ കൊള്ളാമെന്നു് ഞങ്ങൾ അഭിപ്രായപ്പെടുന്നു. എല്ലാ ഈഴവപ്രതിനിധികളും അവൎക്കുള്ള ഈരണ്ടു വിഷയങ്ങളിൽ ഒന്നു്

ഇതാക്കണമെന്നാണ് ഞങ്ങളുടെ അപേക്ഷ....ഓരോ സമുദായത്തിന്റെയും ആവശ്യങ്ങളും ആഗ്രഹങ്ങളും അപേക്ഷകളും അതതു സമുദായക്കാർ ഗവൺമെൻറിനെ ധരിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് ഓരോസമുദായത്തിൽനിന്നും സമുദായ പ്രതിനിധികളെ ഗവൺമെൻറു നിയമിക്കുന്നതു്. അവരാണ് ഇക്കാര്യം ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരാൻ ചുമതലപ്പെട്ടവർ....നാട്ടിൽ അനാവശ്യമായ ലഹളകൾ ഉണ്ടാകുന്നതിന് നമ്മുടെ സമുദായക്കാർമൂലം ഒരിക്കലും സംഗതിവരാതെ സൂക്ഷിക്കേണ്ടതു് എക്കാലത്തും നമ്മുടെ ധർമ്മവാചകമായിരിക്കണം. ഞങ്ങൾ ഗാഢമായി ആലോചിച്ചുനോക്കിയതിൽ ഭൂരിപക്ഷാഭിപ്രായം ഈഴവർക്ക് അനുകൂലമായിരിക്കും എന്നു പൂർണ്ണബോദ്ധ്യംവന്നതുകൊണ്ടാണ് ഈ പ്രമേയത്തെ ആസ്പദമാക്കി മുഖപ്രസംഗമെഴുതാമെന്നു് തീർച്ചയാക്കിയതു്....പുലയർ, പറയർ മുതലായി അഞ്ചുലക്ഷത്തോളം വരുന്ന ജാതിക്കാരാരും വിപരീതാഭിപ്രായം പുറപ്പെടുവിക്കയില്ലെന്നു തീർച്ചതന്നെ. ഏകദേശം 12 ലക്ഷത്തോളം വരുന്ന ക്രിസ്ത്യാനികൾക്കും മുഹമ്മദീയർക്കും ഹിന്ദുക്ഷേത്രങ്ങളിലെ കാര്യങ്ങൾ സംബന്ധിച്ചു് അനുകൂലമോ പ്രതികൂലമോ ആയ അഭിപ്രായം പുറപ്പെടുവിക്കാൻ ആവശ്യമില്ല....കമ്മാളർ, കണിയാന്മാർ, തണ്ടാന്മാർ, അരയന്മാർ മുതലായ ജാതിക്കാർക്കും വിരോധമില്ല....നായന്മാരിൽ ഉൽക്കൃഷ്ടവിദ്യാഭ്യാസം ചെയ്തിട്ടുള്ളവരിൽ ആരും ഈഴവരെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിച്ചുകൂടാ എന്നു പറയുകയില്ല....ശ്രീമാൻ സി. രാമൻതമ്പി ബി. ഏ., ബി. എൽ. അവർകൾ ഈയിടെ കൊല്ലത്തു നടന്ന ഒരു സഭയിൽവച്ചു് ഈഴവർക്കു ക്ഷേത്രപ്രവേശനം അനുവദിക്കേണ്ടതാണെന്നു് പരസ്യമായി പ്രസംഗിക്കുകയും ചെയ്തിട്ടുണ്ടു്....മലയാളബ്രാഹ്മണർ ഉത്തമകുലജാതരും സാത്വികരും ആണ്. അവർ അധമന്മാരുടെയും തമോഗുണസമ്പന്നന്മാരുടെയും ലക്ഷണം കാണിക്കുന്നതുവരെ അവരിൽനിന്നു പ്രതിബന്ധമുണ്ടാകുമെന്നു് നമുക്കു വിശ്വസിച്ചുകൂടാ. ഇനിയുള്ളതു ഗവൺമെൻറാണ്. ഗവൺമെൻറിനോടാണ് ഈ അപേക്ഷചെയ്യണമെന്നു് പറയുന്നതു്. ബ്രിട്ടീഷുഗവൺമെൻറിൽനിന്നു് ഇൻഡ്യയിലെ മതകാര്യങ്ങളിൽ പ്രവേശിക്കുന്നതല്ലെന്നു് ശിപായി

ലഹളയ്ക്കുശേഷം വിളംബരം ചെയ്തിട്ടുണ്ട്....ഈ രാജ്യം ശ്രീപത്മനാഭന്റെ വകയാണ്. ശ്രീപത്മനാഭൻ ഈഴവരെ അകററിനിർത്താഞ്ഞാൽ കോപിക്കുന്ന ഭഗവാനല്ല. അതിനാൽ ശ്രീപത്മനാഭദാസനായ നമ്മുടെ പൊന്നുതിരുമേനി ഷഷ്ടിപൂർത്തികഴിഞ്ഞ് സന്തുഷ്ടനായിരിക്കുന്ന ഈ അവസരത്തിൽ സാധുക്കളായ ഈഴവരുടെ സങ്കടം കരുണയോടെ കേൾക്കാതിരിക്കുന്നതല്ല....നാനാഭാഗങ്ങളിൽനിന്നും ന്യായമായ വഴിക്ക് നമ്മുടെ പ്രാർത്ഥനകൾ പുറപ്പെട്ടുവിക്കണം. മൂന്നു മൂർത്തികളും വൈഷ്ണവന്മാരും, ശൈവന്മാരും, ശാക്തേയന്മാരും ഇതെന്തെന്നു് കണ്ണുതുറന്നു നോക്കണം. അവരുംകൂടി നമ്മോടുചേർന്ന് പ്രാർത്ഥിക്കാൻ ഇടവരുത്തണം. എല്ലാവരുംകൂടി ഒത്തുപിടിച്ചാൽ പാലാഴി ഇളകും. അമൃതു തെളിയും. ജരാനരകൾ ഒഴിഞ്ഞു് ശാപമോക്ഷവും ലഭിക്കും. ഈഴവപ്രതിനിധികൾ നമ്മുടെ നാവായിട്ടുമാത്രം ഈ പ്രാർത്ഥന അനന്തശയനത്തിൽ എത്തിക്കട്ടെ. ഇതൊക്കെക്കഴിഞ്ഞിട്ടാവാം മതം മാറണമോ, മാറുകയാണെങ്കിൽ എങ്ങോട്ടുമാറണം, പൂണൂൽ ഇടണമോ, ഇടുകയാണെങ്കിൽ എത്ര ഇടണം—എന്നുംമററും ഈഴവർ കാര്യമായി ആലോചിക്കുന്നതു്. തൊഴുംതോറും തൊഴിക്കുകയും, തൊഴിക്കുന്തോറും തൊഴുകയും, രണ്ടും വളരെക്കാലം ഇനി നടന്നുകൂടാ.''

ക്ഷേത്രപ്രവേശനത്തിന് ഗവമ്മെൻറ് അനുകൂലമല്ലെന്നു കാണുകയാൽ ക്ഷേത്രത്യാഗനയമാണു സമുദായം കൈക്കൊണ്ടതു്. സി. വി. അതിനു ശക്തിയുക്തം പ്രേരണനൽകി. 1096 കുംഭമാസത്തിൽ തിരുവനന്തപുരം എൽ. എം. എസ്. ഹാളിൽകൂടിയ ക്ഷേത്രപ്രവേശനപ്രക്ഷോഭണയോഗത്തിൽചെയ്ത സി. വി.യുടെ പ്രസംഗം വികാരനിർഭരമായിരുന്നു.

സമുദായത്തിന്റെ പ്രാതിനിധ്യത്തോടുകൂടി സി. വി. പല രംഗങ്ങളിലും ക്ഷണിക്കപ്പെട്ടിട്ടുണ്ടു്; പ്രവർത്തിച്ചിട്ടുണ്ടു്. പ്രജാസഭ, നിയമനിർമ്മാണസഭ ഇവയിലെല്ലാം സി. വി. അംഗമായതു് സമുദായത്തിന്റെ പ്രതിനിധിയായിട്ടാണു്. പാഠ്യപുസ്തകക്കമ്മിററിയിൽ മെമ്പറായതു സ്വസമുദായത്തെ പ്രതിനിധാനം ചെയ്താണു്. പല സമുദായക്കാർ ആവശ്യമുള്ള ഒരു സംഗതിയിലും സി. വി. വിസ്മരിക്കപ്പെട്ടിട്ടില്ല; അവഗണിക്ക

പ്പെട്ടിട്ടില്ല. വിവരമുള്ള ഈഴവനേതാക്കന്മാർ കൈവിരലിലെണ്ണാൻ മാത്രമുണ്ടായിരുന്ന അക്കാലത്തു് ഇതൊട്ടാശ്ചര്യവുമല്ലായിരുന്നു.

## മതവിശ്വാസം

സി. വി.ക്കു് ഒരു മതത്തെപ്പററിയും ബഹുമാനമുണ്ടായിരുന്നില്ല. വ്യക്തികളെപ്പററി മാത്രമേ അദ്ദേഹത്തിനു് ആദരവുണ്ടായിരുന്നുള്ളു. ബുദ്ധമതത്തെപ്പറ്റി സി. വി. പ്രസംഗിച്ചു നടന്നു. ജാതിയെ ഉച്ചാടനം ചെയ്യണമെന്നുള്ളതായിരുന്നു അതിൻെറ ഉദ്ദേശ്യം. പിന്നീട്ട് ക്രിസ്തുമതത്തെപ്പററി പ്രചരണം നടത്തി. അതിൻെറയും ലക്ഷ്യം ജാതിധ്വംസനമായിരുന്നു. സി. വി. പള്ളിയിൽ പോയിട്ടുണ്ടു്; അമ്പലത്തിൽ പോയിട്ടുണ്ടു്. അതു ദേവാലയവിശ്വാസത്തിൻെറ പേരിലല്ല. ഈശ്വരൻ ഉണ്ടെന്നും ഇല്ലെന്നും വേണമെങ്കിൽ സി. വി. പറയും. അതതു വാദത്തിനു് ആവശ്യമായ യുക്തികൾ അദ്ദേഹത്തിനു് കരതലാമലകമായിരുന്നു.

കപടഭക്തന്മാരേയും നാമജപക്കാരേയുംപററി അദ്ദേഹത്തിനുള്ള വെറുപ്പു നിസ്സീമമായിരുന്നു. ഒരിക്കൽ ഞാൻ ചരിത്രപുരുഷൻെറ പുത്രന്മാരായ കെ. ദാമോദരൻ, കെ. സുകുമാരൻ ഇവരും മററു ചിലരുമൊന്നിച്ചു് കൈതമുക്കിലുള്ള എസ്. എൻ. ഡി. പി. യോഗംകെട്ടിടത്തിൽ താമസിക്കുകയായിരുന്നു. എങ്ങുനിന്നോ അവിടെ രാത്രിയിൽ വന്നുകിടന്ന ഒരു മനുഷ്യൻ വെളുപ്പാൻകാലമായപ്പോൾ എഴുന്നേററിരുന്നു് ഉറച്ചു ദൈവനാമം ജപിക്കാൻതുടങ്ങി. വെളുപ്പിനെയുള്ള സുഖമായ ഉറക്കത്തിനു് ഞങ്ങൾക്കൊക്കെയും ഇതു വിഘ്നകാരിയായിത്തോന്നി. എന്നാൽ ഞങ്ങളാരും ഒന്നും മിണ്ടിയില്ല. അന്നവിടെ അതിഥിയായുണ്ടായിരുന്ന സി. വി.യുടെ ക്ഷമകെട്ടു. അദ്ദേഹം മുകളിലത്തെ നിലയിൽനിന്നും ഇറങ്ങിച്ചെന്നു് "എന്താ, ഹേ! ഞങ്ങൾക്കുറങ്ങണ്ടേ? തൻെറ അലർച്ചകേട്ടാൽ ദൈവംകൂടി പേടിച്ചോടിപ്പോകുമല്ലോ" എന്നുപറഞ്ഞു നാമജപം തടഞ്ഞു. സാധാരണന്മാരാരും ഈ സന്ദർഭത്തിൽ ഇത്തരമൊരു നിരോധനാജ്ഞയ്ക്കു ധൈര്യപ്പെടുകയില്ല. അതിനുള്ള ചങ്കുററം സി. വി.ക്കേ ഉണ്ടായിരുന്നുള്ളു.

## സി. വി.യുടെ വായന

സി. വി. രാവിലെ എഴീക്കുന്നതു സാധാരണ എട്ടുമണിക്കാണു്. വായന രാത്രിയുടെ അന്ത്യയാമംവരെ നീണ്ടുപോകുന്നതാണു് അതിനു കാരണം. രുഗ്ണശയ്യയിൽ കിടന്നുകൊണ്ടും അദ്ദേഹം പുസ്തകങ്ങളോടു നർമ്മസല്ലാപം ചെയ്തുകൊണ്ടിരുന്നു. അവസാനദിവസങ്ങളിൽ നീരുവീണ കൈകൾക്കു പുസ്തകം താങ്ങാൻ കരുത്തില്ലാതിരുന്നതുകൊണ്ടു കൊച്ചുമക്കളെ വിളിച്ചു് അടുക്കൽ ഇരുത്തി വായിപ്പിച്ചുകേൾക്കുകയായിരുന്നു പതിവു്. വായനയാണു യഥാൎത്ഥത്തിൽ സി. വി.യെ വളൎത്തിയതു്. ഭക്ഷണപാനീയങ്ങൾക്കും ഗ്രന്ഥപാരായണത്തിൻെറ പിറകിലേ സി. വി.യെ സംബന്ധിച്ചിടത്തോളം സ്ഥാനമുണ്ടായിരുന്നുള്ളു. വായിക്കുന്ന പുസ്തകങ്ങളിൽ പ്രധാനഭാഗങ്ങൾ ചായപ്പെൻസിലുകൊണ്ടു് അടയാളമിടുക സി. വി.യുടെ പ്രത്യേകതയായിരുന്നു. ഹിന്ദുപത്രം വായിക്കുന്നതിൽ സ്ഥൈര്യപുരുഷൻ ഒരുദിവസവും മുടക്കം വരുത്തിയിട്ടില്ല. അതിൻെറ പേജുകളിലും ഗണനീയഭാഗങ്ങൾ അദ്ദേഹത്തിൻെറ ചായപ്പെൻസിലിനാൽ അങ്കിതങ്ങളായ്‌വന്നു.

ക്ലാസിക്ക് ഗ്രന്ഥങ്ങൾ വായിക്കുന്നതിലായിരുന്നു സി. വി.ക്കു കൂടുതൽ താൽപര്യം. ചരിത്രപരമായ രേഖകൾക്കു് ലക്ഷ്യംകാട്ടുന്ന പ്രസിദ്ധീകരണങ്ങൾ കൈവശംവന്നാൽ നിധിപോലെ അദ്ദേഹം സൂക്ഷിച്ചുപോന്നു. ഗവേഷണോത്സുകനായ സി. വി.ക്കു പ്രാചീനരേഖകളുടെയും ഗ്രന്ഥങ്ങളുടെയും സംഭരണം ജീവിതവ്രതമായിരുന്നു. മകൻ ദാമോദരൻ പ്രസിദ്ധീകരിച്ചിട്ടുള്ള 'ഈഴവരുടെ ഇതിഹാസം' 'ഈഴവചരിത്രം' ഈ ഗ്രന്ഥങ്ങൾക്കു് ആധാരം സി. വി.യുടെ ഗ്രന്ഥശേഖരവും ചരിത്രജ്ഞാനവുമാണു്. ചരിത്രവസ്തുതകൾ യൗക്തികമായി ആവിഷ്കരിക്കുവാൻ സി. വി.ക്കുണ്ടായിരുന്ന പാടവം വ്യതിരിക്തമാണു്. ഏതും ഒന്നു ധരിച്ചാൽ ആ കൊച്ചുതലയിൽനിന്നും തരിമ്പും വിട്ടുപിരിഞ്ഞിരുന്നില്ല. ഓൎമ്മശക്തിയായിരുന്നു സി. വി.യുടെ ശക്തി. ഈ ഓൎമ്മശക്തി ദിവാൻ സർ സി. പി.യെപ്പോലും അത്ഭുതസ്തിമിതനാക്കിയതായി കേട്ടിട്ടുണ്ടു്.

## പ്രസംഗവും എഴുത്തും

1100–ാമാണ്ടുമുതല്ക്കാണ് സി. വി.യെ ഞാൻ കണ്ടുതുടങ്ങിയതു്. എസ്. എൻ. ഡി. പി. യോഗത്തിൻെറ വാഷികസമ്മേളനങ്ങളിലെ പ്രസംഗവേദികളിൽവച്ചായിരുന്നു അതു്. കുലയ്ക്കാത്ത ചാപംപോലെ അല്പം വളവോടുകൂടിയ ആ ശുഷ്കശരീരൻ പ്ലാററുഫാറത്തിൽവന്നു് സുഹൃത്സദസ്സിൽ സംഭാഷണം ചെയ്യുന്നതുപോലെ പ്രസംഗിച്ചുതുടങ്ങും. ദൂരെയിരിക്കുന്നവക്കു ചുണ്ടനങ്ങുന്നതുമാത്രം കാണാം. അടുത്തിരിക്കുന്നവർ കൂടെക്കൂടെ ചിരിക്കയും കരഘോഷം ചെയ്യുകയും ചെയ്യുന്നതുകൊണ്ടു് ആ മനുഷ്യൻ ഏതോ സംസാരിച്ചു് അവരെ രസിപ്പിക്കയാണെന്നു് ഊഹിച്ചുകൊള്ളണം. പരേതരായ വി. ആർ. നാണു, സ്വാമി സത്യവ്രതൻ ഇവരെപ്പോലുള്ള 'ഉച്ചഭാഷിണി'കളുണ്ടെങ്കിൽ ദൂരസ്ഥിതരായ സഭാവാസികളുടെ നിബ്ബന്ധംമൂലം, ആ വാൿധോരണി മാറെറാലിക്കൊണ്ടുതുടങ്ങും. അല്ലെങ്കിൽ "കേൾക്കാൻ വയ്യായേ!" എന്നു് ആരെങ്കിലും വിളിച്ചുകൂവിയെന്നിരിക്കട്ടെ, "അല്ലെങ്കിലും നിങ്ങൾ പറഞ്ഞാൽ കേൾക്കുകയില്ല" എന്നുമാത്രമായിരിക്കും അതിനു മറുപടി. അതെവിടെവരെ ചെന്നു തുളച്ചുകയറുന്നു എന്നു നോക്കുക. ഇങ്ങനെയാണു് സി. വി.യുടെ പ്രസംഗവും ഫലിതവും.

എഴുത്തിൻെറ മട്ടോ? ആദ്യകാലങ്ങളിൽ സി. വി. തന്നെത്താൻ എഴുതുകയായിരുന്നു പതിവു്—മയ്യനാടൻ വടിവെന്നു പേരുണ്ടാക്കിയ മനോഹരമായ കൈപ്പടയിൽ! ഒട്ടക്കമൊട്ടക്കം സി. വി. പറഞ്ഞുകൊടുത്തു് എഴുതിക്കാൻ തുടങ്ങി. പറഞ്ഞുതന്നതുകേട്ടു് ഞാൻതന്നെ പല ലേഖനങ്ങളും എഴുതിയെടുത്തിട്ടുണ്ടു്. വെററിലത്തട്ടവും അടുക്കൽവച്ചു് മുറുക്കിക്കൊണ്ടു പറഞ്ഞുതരും; ലളിതമായ ഭാഷയിൽ, ലഘുവായ രീതിയിൽ, ദൃഢമായ ബന്ധത്തിൽ. വാചകം പകുതിയാകുമ്പോൾ വല്ലവരും സംസാരിക്കാനെത്തി എന്നു വരാം. അല്ലെങ്കിൽ മുറുക്കാൻ തീന്നിട്ടു്, പുകയിലഗോളം തയ്യാറാക്കുന്നതിനുവേണ്ടി, ഭൃത്യനേയോ കുട്ടികളേയോ വിളിക്കാൻപോയി എന്നുമാകാം. അതുമല്ലെങ്കിൽ വേറെ ഏതെങ്കിലും കായ്യത്തെപ്പററി

ഇടയ്ക്കുന്നോട്ടു പറഞ്ഞുകൊണ്ടിരുന്ന എന്നുംവരാം. അതെല്ലാം കഴിഞ്ഞായിരിക്കും സി. വി. പഴയ വാചകം പൂർത്തിയാക്കുക, എന്നാലെന്തു്? ബന്ധശൈഥില്യത്തിൻെറലാഞ്ഛനംപോലും ആ നീണ്ടവാചകത്തിൽ കാണുകയില്ല; അന്വയക്രമത്തിനു തരിമ്പും ഭംഗം നേരിടുകയില്ല. എന്താണെഴുതി നിർത്തിയതെന്നു ചോദിച്ചിട്ടല്ല പിന്നെത്തുടരുന്നതു്. അത്രയ്ക്കു് ഓർമ്മശക്തി ആ മഹാനുഭാവനു സ്വായത്തമായിരുന്നു! അത്രയ്ക്കു് അയത്നസിദ്ധമായ ഭാഷാസ്വാധീന്യം ആ സംപൂജ്യസാഹിത്യകാരനു് അനുഗ്രാഹകമായിരുന്നു!

## സി. വി.യുടെ കുടുംബം

സ്മർത്തുപുരുഷൻ വിവാഹം ചെയ്തതു ശ്രീമതി പി. ഐ. കൊച്ചിക്കാവമ്മയെ ആയിരുന്നു. അവർ 1116—ൽ അറുപത്തിനാലാമത്തു വയസ്സിൽ ചരമമടഞ്ഞു. കൊച്ചിക്കാവമ്മയിൽ സി. വി.ക്കു് കെ. ദാമോദരൻ (റിട്ട: ഹെഡ്ട്രാൻസ്ലേററർ), കെ. സുകുമാരൻ (കേരളകൗമുദി പത്രാധിപർ), കെ. വാസന്തി (മിസ്സിസ് സി. കേശവൻ) എന്നു മൂന്നു സന്താനങ്ങൾ ജാതരായി. സി. വി.ക്കു കൊച്ചുകണ്ണൻ എന്നുപേരായി ഒരു മൂത്തസഹോദരനുണ്ടായിരുന്നു. അദ്ദേഹം 26—ാമത്തെ വയസ്സിൽ മരിച്ചുപോയി. ചരിത്രനായകനു് സി. വി. ഗൗരിക്കുട്ടി, സി. വി. കുഞ്ഞമ്മ, സി. വി. കൊച്ചിക്കാ എന്നു മൂന്നു സഹോദരിമാരുണ്ടായിരുന്നതിൽ സി. വി. കൊച്ചിക്കാ മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളു. സി. വി. ഗൗരിക്കുട്ടിയുടെ പുത്രിമാരാണു് കൗമുദി പത്രാധിപർ കെ. സുകുമാരൻെറ ഭാര്യ ശ്രീമതി സി. എൻ. മാധവിയും, ടി പത്രത്തിൻെറ സഹപത്രാധിപർ എം. കെ. കുമാരൻെറ സഹധർമ്മിണി ശ്രീമതി സി. എൻ. സുഭദ്രയും. സി. വി. കുഞ്ഞമ്മയുടെ മകൾ ശ്രീമതി അരുന്ധതി കെ. ദാമോദരൻെറ ജായാപദമലങ്കരിക്കുന്നു. സി. വി.യുടെ പുത്രന്മാരിൽ മൂത്ത ആളായ കെ. ദാമോദരൻ പാണ്ഡിത്യത്തിലും പ്രതിഭയിലും പിതാവിനെ അതിശയിക്കുന്നതായിത്തന്നെ കാണപ്പെടുന്നു. തിരിയിൽനിന്നും കൊളുത്തിയ പന്തംപോലെ മകൻ ആത്മാധികം പ്രകാശമാനനായി വന്നതു കണ്ടുകൊണ്ടത്രെ ആ സാഹിത്യകേസരി ഇഹലോകവാസം

വെടിഞ്ഞതു്. ദ്വിതീയസുതന്റെ സഞ്ചാരം പ്രാധാന്യേന സാഹിത്യമാൎഗ്ഗത്തിൽക്കൂടെയല്ലെങ്കിലും ഇതരന്മാരെ അധഃകരിക്കുന്ന ധിഷണാവിശേഷത്താലും കൎമ്മനിൎമ്മലതയാലും ആ മനുഷ്യസ്നേഹി ആരുടെയുംആദരത്തിനു നിർല്ലോഭം പാത്രമാണു്. കൊച്ചുമകനായ കെ. ബാലകൃഷ്ണൻെറ സാഹിത്യയശഃപരിമളവും ആ വിദ്വദ്‌വൃദ്ധനാൽ അന്ത്യകാലത്തു് അനുഭൂതമായി.

സി. വി. മക്കളേയും മരുമക്കളേയും ഒന്നുപോലെയാണു കരുതിവന്നതു്. അനന്തരവനായ സി. കേശവനും മകനായ കെ. ദാമോദരനും അദ്ദേഹത്തിനു തുല്യരായിരുന്നു. വാസന്തിയും അരുന്ധതിയും അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ഒപ്പമായിരുന്നു. കുടുംബബന്ധത്തിലെ ഈ ഒരു സമത്വദീക്ഷ അദ്ദേഹത്തിൽ ആജീവനാന്തം തളിർമയോടെ താവളംകൊണ്ടു. മക്കൾക്കും മരുമക്കൾക്കും മക്കളുടെ മക്കൾക്കും സി. വി.സന്നിധിയിൽ തുല്യസ്വാതന്ത്ര്യമുണ്ടായിരുന്നു. ഇവരെല്ലാവരും തങ്ങളുടെവക ഏതെങ്കിലും ഒരു വീട്ടിൽ സമ്മേളിച്ചാൽ അതാരുടെ വീടാണെന്നു് അന്യൻ പരിച്ഛേദിക്ക പ്രയാസമായിരുന്നു. മരണശയ്യയിൽ കിടക്കുമ്പോൾ ചുററുംകൂടിനിന്ന മക്കളോടും മരുമക്കളോടും ആ കുടുംബകാരണവൻ അവസാനവാക്കുകളായി പറഞ്ഞതു് ഇങ്ങനെയാണു്: "നിങ്ങളെല്ലാവരും സ്നേഹമായിരിക്കുമ്പോൾ മാത്രമേ എന്നെ സ്മരിക്കാവൂ. കലഹിച്ചിരിക്കുമ്പോൾ എൻെറ പേരു മിണ്ടിപ്പോകരുതു്." രാഷ്ട്രീയപാർട്ടി സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസമല്ലാതെ കുടുംബകാൎയ്യകാരിയായ അഭിപ്രായഭിന്നത ആ വീട്ടംഗങ്ങളുടെയിടയ്ക്കു് ഈ എഴുത്തുകാരനു ദൎശിക്കാൻ സന്ദർഭം കിട്ടിയിട്ടില്ല. മക്കളും മരുമക്കളും കൊച്ചുമക്കളുംകൂടി നിർദ്ദോഷമായ നേരംപോക്കു പറഞ്ഞു പരസ്പരം കളിയാക്കുമ്പോഴും രസിക്കുമ്പോഴും അവർ സമപ്രായക്കാരായ ചങ്ങാതിമാരെന്ന പ്രതീതിയാണു് ഈ ലേഖകനിൽ അങ്കുരിപ്പിച്ചിട്ടുള്ളതു്. ഇത്തരം മാതൃകായോഗ്യമായ കുടുംബജീവിതം ഭൂമണ്ഡലത്തിൽ അംഗുലീപരിമിതമെന്നു് അസംശയമായി അഭിപ്രായപ്പെടാവുന്നതാണു്. അന്യോന്യസാഹായ്യവും പരസ്പരസഹാനുഭൂതിയുംകൊണ്ടു് ആ കുടുംബവലയം ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുന്നതു് നമുക്കേവൎക്കും അഭിമാനകരമല്ലയോ?

## സി. വി.യുടെ വ്യക്തിത്വം

സി. വി.യുടെ നിര്യാണത്തോടുകൂടി ഈഴവക്ക് അപ്രതിമനായ ഒരു സമുദായോദ്ധാരകൻ മാത്രമല്ല നഷ്ടപ്പെട്ടത്. പല മണ്ഡലങ്ങളിലായി ആ ചേതം ബഹുമുഖമാണ്. കൈരളിക്ക നിസ്തുല്യനായൊരു സാഹിത്യകേസരി, പത്രലോകത്തിന് അനുപമനായൊരു പത്രാധിപർ, കേരളത്തിനു കിടയറ്റൊരു പൗരൻ, രാഷ്ട്രത്തിനു അദ്വിതീയനായൊരു നായകൻ എന്നിങ്ങനെ ഏതുരംഗത്തും സി. വി.യുടെ ദേഹവിയോഗം നികത്താനാവാത്ത വിടവുണ്ടാക്കിവച്ചിട്ടുണ്ട്. അവിശ്രമപരിശ്രമത്തേക്കാൾ ബുദ്ധികൂർമ്മതയായിരുന്നു എല്ലാ രംഗസ്ഥലികങ്ങളിലും അദ്ദേഹത്തെ ഉയർത്തിക്കൊണ്ടുപോയത്. സി. വി. തന്റെ ബുദ്ധിപ്രകർഷത്തിൽ സ്വയം അഭിമാനംപൂണ്ടിരുന്നു. തന്റെ കഴിവുകളിൽ തനിക്കുതന്നെ വേണ്ടുവോളം മതിപ്പുണ്ടായിരുന്നു. താൻപോരിമയിൽ അദ്ദേഹം ആരുടേയും മുമ്പനായിരുന്നു. ആത്മവിശ്വാസമായിരുന്നു അദ്ദേഹത്തിന്റെ ജീവിതനൗകയുടെ കേനിപാതകം.

സി. വി.യുടെ തൂലിക കായംകുളംവാളായിരുന്നു എന്നൊരു പറച്ചിലുണ്ട്. ഇടവും വലവും പ്രയോഗിക്കാൻ അതിനു നിഷ്പ്രയാസം കഴിയുമായിരുന്നു. ഒരിക്കൽ നിന്ദിച്ചതിനെ പിന്നൊരിക്കൽ അഭിനന്ദിക്കാനും, ഒരിക്കൽ സ്നേഹിച്ചതിനെ അടുത്തനിമിഷത്തിൽ വിദ്വേഷിക്കാനും, ഒരിക്കൽ ചീത്തയെന്നു തള്ളിയതിനെ സമീപക്ഷണത്തിൽ നന്നെന്നു് സ്വീകരിക്കാനും അദ്ദേഹത്തിന്റെ തൂലികത്തുമ്പു കുട്ടാക്കിയില്ല. രണ്ടററവുംകൊണ്ടെഴുതുന്ന പേനയായിരുന്നു സി. വി.യുടേതെന്നു പറഞ്ഞാൽ തെററില്ല.

ആ കൃശഗാത്രം വൈരുദ്ധ്യങ്ങളുടെ കലവറയായിരുന്നു. അഭിപ്രായസ്ഥൈര്യത്തിന്റെ വിപരീതപദമേതെന്നു ചോദിച്ചാൽ സി.വി. കുഞ്ഞുരാമൻ എന്നു കൂസ്സൽകൂടാതെ ഉത്തരം പറയാം. തനിക്കും തന്റെ സമുദായത്തിനും സ്വീകാര്യമാണെന്നു് ഒരിക്കൽ അഭിപ്രായപ്പെട്ടതിനെ അടുത്ത മുഹൂർത്തത്തിൽ തിരസ്കരണീയമെന്നു് ആ യുക്തിവാദി വിധിയെഴുതി. മിശ്രവിവാദായത്തിനുവേണ്ടി വാദിച്ച അടുത്ത മണിക്കൂറിൽ

മക്കത്തായത്തിനും മരുമക്കത്തായത്തിനുമായി അദ്ദേഹം വക്കാലത്തുപിടിച്ചു. ക്ഷേത്രത്യാഗമാണു വേണ്ടതെന്നു ഘോഷിച്ചതിൻെറ ഉത്തരക്ഷണത്തിൽ സി. വി. ക്ഷേത്രനടയിൽ കൈകൂപ്പിനില്ക്കുന്നതായി കാണപ്പെട്ടു. നിവൎത്തനത്തിന്ന് അനുകൂലമായി പ്രസംഗിച്ചിട്ട്, പ്രതികൂലമായി ലേഖനമെഴുതിവിട്ടു. സ്റ്റേററ് കാൺഗ്രസ്സിനെ പിന്താങ്ങിയ അടുത്ത നാഴികയിൽ സി. പി.രാമസ്വാമിയയ്യരെക്കണ്ടു കുശലംപറയാൻ ഭക്തിവിലാസത്തിലേയ്ക്കു കുതിക്കൊണ്ടു. മാരാമൺ കൺവൻഷനിൽ ക്രിസ്തുമതത്തെപ്പററി വാഴ്ത്തിയിട്ടു പിറേറദിവസം ഹിന്ദുമതംപോലൊരു മതമുണ്ടോയെന്ന് അഭിമാനംകൊണ്ടു. കിം ബഹുനാ, ഒരു കടംകഥപോലെ നീണാൾ വിവിധമണ്ഡലങ്ങളിലായി പരിലസിച്ച സി. വി.യുടെ വ്യക്തിത്വം വിശകലനക്ഷമമല്ലെന്നു സമ്മതിക്കതന്നെ വേണം.

ഒരു അരനൂററാണ്ടുകാലത്തിനിടയ്ക്കു് സി. വി.യെ എവിടെ ആരെല്ലാമാണു കൂട്ടുപിടിച്ചിട്ടുള്ളതു്! ഭരണകൂടത്തിന്ന് സി. വി. നിയമസഭയിൽ വേണം. എസ്. എൻ. ഡി. പി. യോഗത്തിനു സി. വി. ജനറൽസെക്രട്ടറിയാകണം. സി. കൃഷ്ണനേപ്പോലുള്ള ബുദ്ധമതപ്രേമികൾക്കു സി. വി. ബുദ്ധമതപ്രചാരകനാകണം. ദേശാഭിമാനി ടി. കെ. മാധവനെപ്പോലുള്ള പ്രക്ഷോഭകാരികൾക്ക് സി. വി. പ്രക്ഷോഭണനേതൃത്വം നല്കണം. അയ്യപ്പനെപ്പോലുള്ള യുക്തിവാദികൾക്കു സി. വി. യുക്തിവാദപ്രസ്ഥാനിയായിക്കാണണം. മന്നത്തു പത്മനാഭൻ, കെ. ജി. പരമേശ്വരൻപിള്ള എന്നീ നായർപ്രമാണികൾക്കും സി. വി.യുടെ സഖിത്വം അത്യാവശ്യമായി നേടണം. കെ. സി. മാമ്മൻമാപ്പിള, ഇലഞ്ഞിക്കൽ ജോൺവക്കീൽ തുടങ്ങിയ ക്രിസ്തീയനേതാക്കന്മാൎക്ക് സി. വി.യുടെ ചങ്ങാത്തംകൂടാതെ കഴിഞ്ഞില്ല. എന്നുവേണ്ട, യുവാക്കന്മാൎക്കും, വൃദ്ധന്മാൎക്കും ഉൽപതിഷ്ണുക്കൾക്കും യാഥാസ്ഥിതികന്മാൎക്കും എല്ലാവൎക്കും സി.വി.യെ വേണ്ടിയിരുന്നു. എല്ലായിടത്തും സി.വി. ചെന്നെത്തുകയും ചെയ്തു. എല്ലാവൎക്കും സി. വി.യെ താൽപൎയ്യമായിരുന്നു. എന്നാൽ എല്ലാവരും ആന്തരികമായി സി. വി.യെ ഭയപ്പെടുകയോ വെറുക്കുകയോ ചെയ്തു.

## സി. വി.യുടെ അന്ത്യദിനങ്ങൾ

സ്റ്റേററ് കാൺഗ്രസ്സിൽനിന്നും വിട്ടശേഷം സി. വി. രാഷ്ട്രീയപരിപാടികളിൽനിന്നും വിമുക്തനായി സ്വസ്ഥജീവിതം നയിച്ചു. മരുമകൻ മന്ത്രിയായപ്പോൾ മന്ത്രിമന്ദിരത്തിലും അല്ലാത്തപ്പോൾ മയ്യനാട്ടു തോപ്പിലും പാട്ടത്തിലും ആയി മാറി മാറി അദ്ദേഹം താമസിച്ചു. ഭാര്യയുടെ വേർപാടിനുശേഷം മകൾ വാസന്തിയുടെ ശുശ്രൂഷയായിരുന്നു അദ്ദേഹത്തിനു സൗഖ്യമരുളിയതു്. കാസരോഗം കൂടെക്കൂടെ ആക്രമിച്ചുകൊണ്ടിരുന്നെങ്കിലും ആസന്നമരണനാകുന്നതുവരെ അദ്ദേഹം ശയ്യാവലംബിയായി കിടന്നില്ല. മരിക്കുന്നതിനു നാലഞ്ചുമാസം മുമ്പു മുതൽ ഈ നിലയ്ക്കു് ഏതാണ്ടു വ്യതിയാനം സംഭവിച്ചു. വാദ്ധക്യത്തിൻെറയും കാസോപതാപത്തിൻെറയും ദ്വിമുഖാക്രമണം അദ്ദേഹത്തെ നിശ്ശേഷം പരതന്ത്രനാക്കി. തിരുവനന്തപുരത്തു പേട്ടയിലുള്ള പുത്രീഭവനം അദ്ദേഹത്തിനു് അന്ത്യാഭയം നല്കി. 1949 ഏപ്രിൽ ആദ്യവാരത്തോടുകൂടി അദ്ദേഹം താന്ത സർവ്വാംഗനായി. നീക്കെട്ടിൻെറ വ്യാപനം കാലിലും മുഖത്തും കൈയിലും സമംസംദൃഷ്ടമായി. മരണനിമിഷത്തിൽ ബോധക്ഷയം വിട്ടിരുന്നതിനാൽ ആ മനസ്സുക്തൻ കുടുംബാംഗങ്ങളെ ഓരോരുത്തരെയായി അടുത്തുവിളിച്ചു് അവസാനയാത്ര ചോദിച്ചു. അതിനുശേഷം നിമീലിതനേത്രനായി കിടന്നുകൊണ്ടു് **finished, finished, finished** എന്നു മൂന്നുരു സ്വയം മന്ത്രിക്കുന്നതു കേൾക്കായി. അതോടുകൂടി ആ മഹാവ്യക്തിയുടെ ദേഹി ദേഹത്തോടു വിടവാങ്ങിക്കഴികയും ചെയ്തു. (1124 മീനം 28-ാംനു.)

## ഉപസംഹാരം

ഒരു തൂലികാചിത്രകാരൻ സി. വി. കുഞ്ഞുരാമനെപ്പററി ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്: "നിങ്ങളെ കാണണമെന്നദ്ദേഹം നിശ്ചയിക്കും. നിങ്ങളോടെന്താണു് സംഭാഷണം ചെയ്യേണ്ടതെന്നു് മുൻകൂട്ടി തീരുമാനവുംചെയ്യും. എങ്കിലും നിങ്ങളെ കാണുമ്പോൾ അതൊരു യാദൃച്ഛികസംഭവം മാത്രമാണെന്നു ധരിപ്പിക്കാൻ അദ്ദേഹം ശ്രമിക്കും." ഇതു നേരാണു്.

സി.വി.ഒരാൾക്കുവേണ്ടി ഒരു ഉദ്യോഗത്തിന്റെകാര്യം ശുപാർശ ചെയ്യാൻ പോകുന്നു എന്നിരിക്കട്ടെ. "ഇപ്പോൾ ഒഴിവുവല്ലതുമുണ്ടോ? ഒരാൾക്കു് ഒരു ഉദ്യോഗംകൊടുത്താൽ കൊള്ളാമായിരുന്നു." സി. വി. നിർവ്വികാരനായി ചോദിക്കയാണു്. ആ മേലുദ്യോഗസ്ഥൻ സി. വി.യോടു ബഹുമാനമുള്ള ആളാണെങ്കിൽ, "ആർക്കാണു്? എന്താണു പേരു്?" എന്നൊക്കെ ചോദിച്ചറിഞ്ഞിട്ടു് വേണ്ടതു ചെയ്യാതിരിക്കയില്ല. വേറെ ചിലരാണെങ്കിൽ, "വലിയ പ്രയാസം. വെയിറ്റിംഗ് ലിസ്റ്റിൽ (Waiting list) ധാരാളം പേർ കിടക്കുന്നു" എന്നായിരിക്കും മറുപടി പറക. സി. വി. പിന്നീടൊന്നും മിണ്ടുകയില്ല. സംഭാഷണത്തിന്റെകൂട്ടത്തിൽ അതും ഒന്നു പറഞ്ഞു എന്നേയുള്ളു എന്നമട്ടിൽ വേറെ വല്ല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചിട്ടു് പിരിഞ്ഞു പോകുകയുംചെയ്യും. തന്റെ സന്താനങ്ങളുടെ കാര്യത്തിലും സി. വി.യുടെ മനോഭാവം ഇങ്ങനെയായിരുന്നു. അല്ലെങ്കിൽ സ്വപുത്രന്മാരെ നല്ല ഉദ്യോഗത്തിലെടുപ്പിക്കാൻ സി. വി.ക്കു് വല്ലതും പ്രയാസമുണ്ടായിരുന്നോ? സെക്രട്ടറിയേററിൽ 40–70 സ്കെയിലിൽ 30 കൊല്ലംമുമ്പുകയറിയ മൂത്തമകൻ കെ. ദാമോദരൻ ഇന്നു് എങ്ങനെയായി? കെ. ദാമോദരന്റെകൂടെയുണ്ടായിരുന്നവർ ഏതുനിലയിലെത്തി? കെ. സുകുമാരൻ തന്റെ അക്ഷീണശ്രമംകൊണ്ടു് ഈ നില പ്രാപിച്ചു. അല്ലെങ്കിൽ ഒരു ഇടത്തരം ഉദ്യോഗത്തിൽ പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞുപോയേനെ.

മറെറാരു തൂലികാചിത്രകാരന്റെ ചിത്രീകരണംകൂടി കാണുക: "വാദപ്രതിവാദങ്ങളിൽ ന്യായദീക്ഷയും ധർമ്മാധർമ്മവിവേചനവും അദ്ദേഹത്തെ നിയന്ത്രിക്കാറില്ല. നേരിട്ടുനിന്നും വേണ്ടിവന്നാൽ മറഞ്ഞുനിന്നും യുദ്ധംചെയ്യാൻ അദ്ദേഹത്തിനു് അശേഷം മടിയില്ല. മി. കുഞ്ഞുരാമന്റെ ഹൃദയം ലാക്കാക്കി ഒളിയമ്പുകളയച്ചിട്ടുള്ള വൈരനിര്യാതനതൽപരന്മാരായ ചില പ്രതിയോഗികൾ അവരുടെ ലക്ഷ്യസ്ഥാനത്തു് ഹൃദയമില്ലെന്നുകണ്ടു് പരാജയം സമ്മതിച്ചിട്ടുണ്ടെന്നു ചിലർ പറയുന്നു. മി. കുഞ്ഞുരാമൻ പോയതലമുറയിൽപ്പെട്ട തിരുവിതാംകൂറിലെ പൊതുക്കാര്യജീവിതത്തിലെ സൂത്രശാലിയായ ഒരു നേതാവാണു്. അദ്ദേഹത്തിന്റെ സങ്കുചിതമായ പ്രവർത്തന

പരിധിയിൽ ചില പ്രശംസനീയസേവനങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്.

* * *

"ഒരു കക്ഷിക്കും ഒരു പ്രസ്ഥാനത്തിനും ഒരു പ്രവർത്തന പരിപാടിക്കുംദീർഘകാലത്തേയ്ക്കു് അദ്ദേഹത്തിൽ വിശ്വാസമർപ്പിക്കുവാൻ നിവൃത്തിയില്ല.

* * *

"മനഃപൂർവ്വം ആർക്കുവേണ്ടിയും ഒരു ഗുണവും ചെയ്യാനുള്ള മഹാമനസ്കത സി. വി.ക്കില്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഫലം ആളുകളേയും സ്ഥാപനങ്ങളേയും യോജിപ്പിക്കുന്നതിനേക്കാൾ അധികം വിയോജിപ്പിക്കുകയാണെന്നു തോന്നുന്നു. ധാരാളം കഴിവുകളുള്ള സി. വി.യുടെ ജീവിതം ഒരു വെറും പരാജയമാണെന്നു പലരും പറയുന്നു. വളരെപ്പേർ വിശ്വസിക്കുന്നു. എന്നാൽ പരന്മാർക്ക് തന്നെക്കൊണ്ടു് ഒരു പ്രയോജനവും സിദ്ധിക്കാത്തതിൽ അദ്ദേഹം ഒരിക്കലും പശ്ചാത്തപിക്കുന്നില്ല. പാഴായിപ്പോകാൻ വിധികല്പിച്ചിട്ടുള്ള നിരവധി ഗുണങ്ങളുടെയും ദോഷങ്ങളുടെയും സമ്മേളനരംഗമാണു സി. വി."

തൂലികാകാരന്മാരുടെ ചിത്രീകരണം അനുപദം യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുന്നു എന്നു വായനക്കാർ ധരിക്കരുതു്. അതിശയോക്തിയുടെ ചായം അതിൽ അങ്ങിങ്ങു പുരണ്ടിട്ടുണ്ടു്. മേലെഴുതിയ ചിത്രങ്ങളിൽ സി. വി.സാറിന്റെ ആത്മാർത്ഥതയെ ചോദ്യംചെയ്യുന്ന ഭാഗങ്ങൾ മുഴപ്പിച്ചുകാണിച്ചതു് അസ്വീകാര്യമായിത്തന്നെ ഈ ലേഖകൻ കരുതുന്നു.

"അഭിപ്രായം ഇരുമ്പുലക്കയല്ല"എന്നു് എപ്പോഴോ, ഒരിടത്തു് പ്രസംഗവേദിയിൽവച്ചു് സി. വി. പറകയുണ്ടായി. "സി. വി.സാർ മുമ്പങ്ങനെയല്ലല്ലോ പറഞ്ഞതു് ഇപ്പോഴിങ്ങനെ പറയാൻ കാരണമെന്തു്?" എന്നു് ആരോ ചോദിച്ചതിനു് മറുപടിയായിരുന്നു അതു്. ഈ ചൊല്ലു് ഇപ്പോൾ ഒരു പഴഞ്ചൊല്ലായിത്തീർന്നിട്ടുണ്ടു്."അഭിപ്രായംഇരുമ്പുലക്കയല്ല" എന്നു് ആരും എവിടെയും പറയുന്നതു കേൾക്കാം. അങ്ങാടി

യിലും അസംബ്ളിയിലും, മാടത്തിലും മാളികയിലും, സാഹിത്യത്തിലും സംഭാഷണത്തിലും ഇരുമ്പുലക്കന്യായത്തിനു് സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞു. ഈ ഒരു ചൊല്ലുമതി സി.വി.യുടെനാമം കല്പാന്തകാലത്തോളം നിലനില്ക്കാൻ.

സി. വി.യുടെ നർമ്മബോധം അഥവാ ഫലിതപ്രയോഗം പ്രത്യേകം പ്രശംസനീയമാകുന്നു. ആ വാക്കിലും പൊരുളിലും ആത്മ പ്രകടമായിരുന്നു. ഇംഗ്ലീഷിലെ 'വിറ്റി'ൻേറയും 'ഹ്യൂമറി'ന്റേയും കേളീരംഗമായിരുന്നു സി. വി.കുഞ്ഞുരാമന്റെ മസ്തിഷ്കപടലം.

മലയാളസാഹിത്യത്തിലെ ഉപന്യാസകാരൻ(**Essayist**) എന്ന പദവിക്കു സമർഹരായ പ്രമുഖരിൽ ഒരുവനായിരുന്നു സി. വി. ഇംഗ്ലീഷ്സാഹിത്യത്തിലെ എസ്സെയിസ്റ്റിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ തികച്ചും സി.വി.യിൽ സമ്മിളിതമായിരുന്നു.

സി. വി.യുടെ നിര്യാണം ആരെയെല്ലാമാണു് നമ്മിൽനിന്നും വേർപെടുത്തിയതു്!—ധിഷണാവിശിഷ്ടനായ ഒരു ഗവേഷകനെ, ഭാവനാശാലിയായ ഒരു ചരിത്രകാരനെ, സാരസ്യനികേതമായ ഒരു സാഹിത്യകാരനെ, കാലാനുകൂലനായ ഒരു സമുദായപരിഷ്കർത്താവിനെ,ലോകവിജ്ഞാനകേദാരമായ ഒരു പത്രാധിപമൂർദ്ധന്യനെ. മരണദിവസങ്ങളിലും ഞാൻ ചെന്നുകണ്ടു,ആ ബുദ്ധിജാംബവാനെ. 'മലകളിളകിലും മഹാജനാനാം മനമിളകാ' എത്രയോ പരമാർത്ഥം! മൃത്യുവന്നു നേർത്തിട്ടും അങ്ങേതും കൂസലില്ല, കുലുക്കമില്ല!— എന്തൊരചലത!

ഇത്തരം അപൂർവ്വവ്യക്തികളെ തീയ്യസമുദായം ഇനി പ്രസവിക്കുമോ?

# കണ്ണൻ ജനാർദ്ദനൻ

കൈരളി ഒരിക്കലും വിസ്മരിക്കരുതാത്ത ഒരു സരസഗദ്യകാരനാണ് ഇക്കഴിഞ്ഞ ജൂലൈമാസം 6–ാംതീയതി (1130 മിഥുനം 22–ാംനു) രാത്രി 9 മണിക്ക് ഇഹലോകവാസം വെടിഞ്ഞതു്. തീരെ ദരിദ്രനായിട്ടല്ല ജനിച്ചതെങ്കിലും ധനികനായി ജീവിച്ചു്, ദരിദ്രനായിത്തന്നെ ജീവിതമവസാനിപ്പിച്ച പൃഥുലകീർത്തിയായ ഒരു സാഹിത്യോപാസകനായിരുന്നു കുന്നത്തു ജനാർദ്ദനമേനോനവർകൾ. സാമ്പത്തികമായി അദ്ദേഹം കുചേലനായിരുന്നെങ്കിലും, മരിക്കുമ്പോൾ യശസ്സിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം സമ്പന്നനായിരുന്നു. തന്റെ ഔരമസന്താനങ്ങൾക്കുവേണ്ടി ആ അപ്രതിമപ്രഭാവൻ യാതൊന്നും സമ്പാദിച്ചുവച്ചിട്ടില്ലെങ്കിലും കൈരളീപ്രണയികളായ സഹൃദയരത്നങ്ങളുടെ അവസാനമായ ആസ്വാദനത്തിനായി വേണ്ടിടത്തോളം കരുതിവച്ചിട്ടാണ് അദ്ദേഹം മൺമറഞ്ഞതെന്നതു് ആക്കും മറക്കാനൊക്കാത്ത വസ്തുതയാകുന്നു. കുന്നത്തു ജനാർദ്ദനമേനോൻവഴിക്ക് കൈരളിക്കു കൈവന്നിട്ടുള്ള സമ്പത്തു് ഗണനീയവും അസൂയാജനകവുമാണെന്നു് പറഞ്ഞാൽ അതൊട്ടും അതിശയോക്തിയാവില്ല. താദൃശമായ മഹൽസംഭാവനയുടെ കർത്താവിനെപ്പറ്റി കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുകയാകുന്നു ഈ ലേഖനത്തിൻെറ ഉദ്ദേശ്യം.

## ബാല്യവും വിദ്യാഭ്യാസവും

കുന്നത്തു ജനാർദ്ദനമേനോൻ പാലക്കാട്ടുതാലൂക്കിൽ ഒലവക്കോട്ടു കാവൽപാട്ടംശത്തിൽ കുന്നത്തുവീട്ടിൽ കൊല്ലവർഷം 1060 ഇടവമാസത്തിൽ പൂരുരുട്ടാതിനക്ഷത്രത്തിൽ ജാതനായി. പാലക്കാട്ടു തേനാരിഅംശത്തിൽ തേനോഴിവടശ്ശേരി കണ്ണൻമേനോനായിരുന്നു ജനാർദ്ദനമേനോൻെറ അച്ഛൻ. അമ്മ കുന്നത്തുവീട്ടിൽ കുഞ്ഞുഅമ്മയും. അന്നത്തെ നാട്ടുമുറയനുസരിച്ചു് നിലത്തെഴുത്തും വായനയും കണക്കും നാട്ടാശാന്മാ

രുടെ കീഴിൽത്തന്നെ ബാലനായ ജനാർദ്ദനൻ പഠിച്ചു. പുത്രവത്സലനായ പിതാവു് മകനെ പ്രാഥമികവിദ്യാഭ്യാസത്തിനു് വളരെ ദൂരെയല്ലാത്ത, പാലക്കാട്ട വിക്ടോറിയാ കാളേജിനോടനുബന്ധിച്ച ഹൈസ്കൂളിലാണു് അയച്ചതു്. ചെറുപ്പത്തിലേ ബുദ്ധികൂർമ്മതയും ഊർജ്ജസ്വലതയും പ്രദർശിപ്പിച്ചുതുടങ്ങിയ ജനാർദ്ദനൻ ഒരുക്ലാസ്സിലും തോല്ക്കാതെ 15–ാമത്തെ വയസ്സിൽ 5–ാംഫാറം ജയിച്ചു. 6–ാംഫാറത്തിൽ പഠിക്കുന്ന കാലത്താണു് ജനാർദ്ദനന്റെ പഠിത്തം മുടങ്ങിയതു്. അതൊരു യാദൃച്ഛികസംഭവമായിരുന്നു. ഒരുദിവസം ക്ലാസ്സിലിരിക്കുമ്പോൾ ജനാർദ്ദനനു് തപാലിൽ ഒരു കത്തു കിട്ടി. അതിലെ ചില വിവരങ്ങൾ വായിച്ചുതുടങ്ങിയപ്പോൾ രസംകൊണ്ടു് ജനാർദ്ദനൻ അറിയാതെ ചിരിച്ചുപോയി. ചിരി പകരുന്നതാണല്ലോ. ക്ലാസ്സിലുണ്ടായിരുന്ന സഹപാഠികളും കൂടെചിരിക്കാൻ തുടങ്ങി. ഗുരുനാഥന്റെ ഏകാഗ്രമായ അദ്ധ്യാപനത്തിനു് ഇതു് വിഘ്നമിയറ്റി. അദ്ധ്യാപകൻ അമർഷംപൂണ്ടു് കുട്ടിയെ ക്ലാസ്സിനു വെളിക്കാക്കി. മാത്രമല്ല കുറെയധികം ശകാരിക്കയുംചെയ്തു. കരുതിക്കൂട്ടിയല്ലാത്ത ക്ലാസ്സിലെ തന്റെ പെരുമാററത്തിൽ ഗുരുഭൂതൻ ഇത്രവളരെ രോഷാകുലനാവുകയും ശിക്ഷനൽകുകയും ചെയ്യാനിടയായതിൽ ജനാർദ്ദനനു് കുണ്ഠിതത്തിനേക്കാൾ അധികം വെറുപ്പാണുണ്ടായതു്. "മേലാൽ താൻ ഈ പാഠശാലയിൽ കാലുകുത്തുകയില്ല"എന്നു പ്രതിജ്ഞ ചെയ്തുകൊണ്ടു് ജനാർദ്ദനൻ നേരെ വീട്ടിൽ ചെന്നു് അച്ഛനോടു് കാര്യമെല്ലാം തുറന്നുപറഞ്ഞു. പുത്രവാത്സല്യനികേതമായ താതൻ മകന്റെ അഭിപ്രായപ്രകടനത്തിൽ മറുത്തൊരക്ഷരം ഉരിയാടിയില്ല. വിദ്യാഭ്യാസം തുടരുന്നതിനു് ഇതരമാർഗ്ഗം നേടാമെന്നുതന്നെ മാതാപിതാക്കന്മാരും ഉറച്ചു.

പതിനാറുവയസ്സു പൂർത്തിയായ ജനാർദ്ദനൻ പിന്നീടു് വിദ്യാലയങ്ങളിൽ പ്രവേശിച്ചില്ല. വീട്ടിലിരുന്നുതന്നെ പഠിത്തം മുഴമിക്കാമെന്നു ജനാർദ്ദനൻ തീരുമാനം ചെയ്തു. ഇംഗ്ലീഷിനുപുറമേ സംസ്കൃതത്തിലും ഇതിനകം ജനാർദ്ദനനു് സാമാന്യപരിജ്ഞാനം സിദ്ധിച്ചിരുന്നു. സംസ്കൃതത്തിലെ ഉപരിപാഠങ്ങൾ ഗൃഹഭിത്തികൾക്കുള്ളിൽവച്ചു ജനാർദ്ദനൻ ഹൃദിസ്ഥമാക്കി. തമിഴ് ജനാർദ്ദനനു വലിയ വശമില്ലായിരുന്നു. പാല

ക്കാട്ട് തമിഴപഠിക്കാൻ പ്രത്യേകസൗകൎയ്യമുള്ള സ്ഥലമാക യാൽ അതു സ്വയമേവ ജനാർദ്ദനൻ വശഗമാക്കി. സംസ്കൃത ത്തിൻെറയും തമിഴിൻെറയും അഭ്യസനത്തിനുവേണ്ടിവന്ന പ രസഹായം തുലോം തുച്ഛമായിരുന്നു എന്നുപറഞ്ഞാൽ ജനാർ ദ്ദനൻെറ ജന്മസിദ്ധമായ വാസനാവിശേഷവും പ്രതിഭാവി ലാസവും എത്രകണ്ടു മഹനീയമായിരുന്നു എന്നു ഏറെക്കുറെ വായനക്കാൎക്കു് ഊഹനീയമാണല്ലോ. തമിഴപഠിച്ചു് കറതീ ൎന്നതമിഴിൽ സംസാരിപ്പാനും കറയറ്റ തമിഴ്സാഹിത്യത്തിൽ എഴുതുവാനും ജനാർദ്ദനനു് അധികകാലം ആവശ്യമായി വ ന്നില്ല. തമിഴ്സാഹിത്യത്തിലെ എണ്ണപ്പെട്ട ആഖ്യായികക ളും കേളിപെററ പുരാണകഥകളും, പുരാതനതത്വമേറിയ ചരി ത്രകഥകളും ജനാർദ്ദനകുമാരൻ കുറഞ്ഞോരുകാലംകൊണ്ടു് വാ യിച്ചുതീൎത്തു. ജനാർദ്ദനൻെറ ശ്രുതസിദ്ധമായ തമിഴ്വിജ്ഞാ നംകണ്ടു് പാലക്കാട്ടെ തമിഴ്പണ്ഡിതന്മാർപോലും അത്ഭുത സ്തിമിതരായിപ്പോയി.

ഇംഗ്ലീഷ് വിദ്യാഭ്യാസം മട്രിക്കുലേഷൻ പരീക്ഷവരെ യെങ്കിലും എത്തിക്കാൻ ഭാഗ്യവിപൎയ്യയം ജനാർദ്ദനനെ അനു വദിച്ചില്ലെങ്കിലും ഹൈസ്കൂളിൽ അടിസ്ഥാനം കിട്ടിയതുനിമി ത്തം സ്വപ്രയത്നത്താൽ ഇംഗ്ലീഷ്പരിജ്ഞാനത്തിനു് പ്രാ യോഗികത വരുത്തുവാൻ പ്രകൃഷ്ടമതിയായ ജനാർദ്ദനനു് പ്ര യാസമുണ്ടായിരുന്നില്ല. ബി. എ.ക്കാരെക്കാൾ കൂട്ടതലായ ഒരു നില ഇംഗ്ലീഷ്ഭാഷയെസ്സംബന്ധിച്ചിടത്തോളം ജനാർദ്ദനൻ സ്വായത്തമാക്കി.

പിന്നീടൊരു വിദേശപൎയ്യടനമാണു് വിജ്ഞാനദാഹി യായ ജനാർദ്ദനൻ കാമിച്ചതു്. അദ്ദേഹം ആദ്യമായി പ്രാചീ നഗുരുകുലത്തെ അനുസ്മരിപ്പിക്കുന്ന കൊടുങ്ങല്ലൂർകോവിലക ത്തെ അഭയംപ്രാപിച്ചു. അക്ഷരാൎത്ഥികളായി ചെല്ലുന്ന ഏവ ൎക്കും അന്നത്തോടൊപ്പം അറിവും അറിഞ്ഞുകൊടുത്തിരുന്ന ഉദാ രമതികളായ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരിൽനിന്നു് നമ്മുടെ ജനാർദ്ദനകുമാരനു ഏതാണ്ടെല്ലാം കുറഞ്ഞൊരുനാളിനകം ല ഭിക്കയുണ്ടായി. സഞ്ചാരകുതുകിയായ ജനാർദ്ദനൻ അധിക നാൾ കൊടുങ്ങല്ലൂർകോവിലകത്തു തങ്ങിയില്ല.

ജനാർദ്ദനൻ അനന്തരം യാത്രതിരിച്ചതു് നേരേ തമിഴ്

നാട്ടിലേക്കായിരുന്നു. പാണ്ടിദേശങ്ങളിൽ ചുററിക്കറങ്ങി തമിഴിൽ അപാരമായ പാണ്ഡിത്യം കഥാപുരുഷൻ സമ്പാദിച്ചു. അപ്പോഴേയ്ക്കും സംസ്കൃതം, ഇംഗ്ലീഷ്, തമിഴ് ഈ ഭാഷകൾക്കുപുറമേ ബംഗാളികൂടി ജനാർദ്ദനമേനോന്ന് സ്വാധീനമായി. ഇപ്രകാരം വിവിധഭാഷകളിൽ അന്യാദൃശമായ വിജ്ഞാനശേഷി കൈവന്നതുമൂലമാണ് ആ ഭാഷകളിൽനിന്നൊക്കെ നല്ലനല്ല ഗ്രന്ഥങ്ങൾ തിരഞ്ഞെടുത്ത് ഭാഷപ്പെടുത്തി കൈരളിയെ സമ്പന്നയാക്കുന്നതിന് പില്ക്കാലത്ത് ജനാർദ്ദനമേനോന്ന് നിഷ്പ്രയാസം സാധിച്ചതു്.

## തെല്ലൊരുദ്യോഗം

തമിഴ്നാട്ടിലെ സഞ്ചാരം തെല്ലൊരുദ്യോഗത്തിന്ന് ജനാർദ്ദനയുവാവിന്ന് സംഗതിവരുത്തി. ആയിടെ സെറ്റിൽമെന്റ്ഡിപ്പാർട്ടുമെൻറിൽ മിടുക്കന്മാരായ യുവാക്കന്മാരെ ആവശ്യമുള്ള അവസരമായിരുന്നു. സർവ്വേസംബന്ധിച്ച ഒരു ജോലി ജനാർദ്ദനമേനോനും കൈക്കലാക്കി. പക്ഷേ, അധികനാൾ അതിൽ കുരുങ്ങിക്കിടക്കാൻ സഞ്ചാരോത്സുകനായ ജനാർദ്ദനമേനോൻെറ ചിത്തം അനുവദിച്ചില്ല. അവിടന്ന് സ്വയ്യപുരുഷൻ നാട്ടിലേക്കു മടങ്ങി, കൊച്ചിഗവമ്മെൻറ്സർവ്വീസിൽ ഒരു 'പകർപ്പുഗുമസ്താപ്പണി'യിൽ പ്രവേശിച്ചു. കൊച്ചിദിവാൻപേഷ്കാരായിരുന്ന, പരേതനായ അമ്പാട്ടു ശങ്കരമേനോനാണ് ജനാർദ്ദനമേനോന്ന് പ്രസ്തുതോദ്യോഗം കൊടുത്തതെന്നത്രേ അറിവു്. ഈ ജോലിയിലും സ്വാതന്ത്ര്യേച്ഛുവായ ജനാർദ്ദനമേനോന്ന് അടങ്ങിക്കഴിയുന്നതിനു മനസ്സു തോന്നിയില്ല. അദ്ദേഹം അതു താമസംവിനാ കൈയൊഴിഞ്ഞു് സർവ്വസ്വതന്ത്രനായി.

## സാഹിത്യത്തിലേയ്ക്കുള്ള അരങ്ങേററം

കൊച്ചിയിൽ ചിററുദ്യോഗത്തിലിരുന്ന കാലത്താണ് ജനാർദ്ദനമേനോൻെറ സാഹിത്യത്തിലേയ്ക്കുള്ള അരങ്ങേററം. ഉദ്യോഗത്തിലിരുന്നുകൊണ്ടുതന്നെ മാസികകളിലും പത്രങ്ങളിലും ധാരാളം ലേഖനങ്ങൾ എഴുതി മേനോൻ നല്ല പേരു സമ്പാദിച്ചു. ഇതു് ഏകദേശം 1083, 1084, 1085 ഈ കൊല്ല

ങ്ങളിലാണ്. അക്കാലത്ത് സുപ്രതിഷ്ഠിതന്മാരായിരുന്ന പലേ സാഹിത്യനായകന്മാരുമായി പരിചയപ്പെടുന്നതിനും മേനോന് ആ അവസരം യഥാഭിലാഷം ഉതകി. യേനകേനപ്രകാരേണ 'കുന്നത്ത ജനാർദ്ദനമേനോൻ' എന്ന പേരിന് മലയാള സാഹിത്യലോകത്തിൽ അചിരേണ സുസ്ഥിരമായ പ്രതിഷ്ഠ ലഭിച്ചു.

## വഴിത്തിരിവുകൾ

തൃശ്ശൂർപട്ടണത്തിൽ ചുറ്റിത്തിരിഞ്ഞ ഘട്ടത്തിലാണ് യശശ്ശരീരനായ വി. സി. ബാലകൃഷ്ണപ്പണിക്കരുമായുള്ള സമ്പർക്കത്തിനു ജനാർദ്ദനമേനോന്ന് ഭാഗ്യം സിദ്ധിച്ചതു്. വാസ്തവത്തിൽ വി. സി. ബാലകൃഷ്ണപ്പണിക്കരുടെ സംസർഗ്ഗമാണ് സാഹിത്യപന്ഥാവിൽ സ്ഥിരസഞ്ചാരണംചെയ്യുന്നതിന് ജനാർദ്ദനമേനോനെ സധൈര്യനാക്കിയതു്. 'കേരളചിന്താമണി'പ്പത്രത്തിൻെറ അധിപരായിരുന്ന അന്ന് വി. സി. ബാലകൃഷ്ണപ്പണിക്കർ. രണ്ടുപേരും അന്ന് സാഹിത്യഭിക്ഷാംദേഹികളായിരുന്നു. കേരളചിന്താമണി, രസികരഞ്ജിനി മുതലായ പത്രികകളുടെ പംക്തികൾ അക്കാലത്ത് വി. സി.യുടെയും ജനാർദ്ദനമേനോൻെറയും ലേഖനങ്ങളാൽ പരിശോഭിതങ്ങളായിരുന്നു. വി. സി. കവിതാരചനയിൽ വിരുതനായിരുന്നെങ്കിൽ കുന്നത്ത് ഗദ്യനിർമ്മിതിയിൽ ചതുരനായിരുന്നു. ഈ രണ്ടുപേരുടേയും കീർത്തി കേരളക്കരയിൽ അങ്ങോളമിങ്ങോളം പരന്നുകാണുവാൻ അല്പകാലമേ വേണ്ടിവന്നുള്ളു.

'കേരളചിന്താമണി'യുടെ നടത്തിപ്പിന് വേണ്ട സാഹായ്യങ്ങൾ ചെയ്തുകൊടുത്തുകൊണ്ട് തൃശ്ശൂർ താമസിക്കവേയാണ 'സുദർശന'ത്തിൻെറ ആധിപത്യം കുന്നത്തിൽ വന്നുചേർന്നതു്. പിന്നീട് 'ചിന്താമണി'യിൽനിന്നും വി. സി. പോയപ്പോൾ അതിൻെറ അധിപരായി ജനാർദ്ദനമേനോൻ നിയമിക്കപ്പെട്ടു. 'സുദർശന'ത്തിൽനിന്നും 'ചിന്താമണി'യിൽനിന്നും വിരമിച്ചു കുറേക്കാലം ജനാർദ്ദനമേനോൻ സ്വസ്ഥനായി കഴിഞ്ഞുകൂടി.

അപ്പോഴാണ് പരേതനായ കുളക്കുന്നത്ത രാമൻമേനോനവർകൾ തിരുവനന്തപുരത്ത് കമലാലയംപ്രസ്സും ബി. വി.

ബ്യക്കഡിപ്പോയും ആരംഭിച്ചതു്. ഭാഷാഭിവൃദ്ധിക്കു് നിജായുസ്സുഴിഞ്ഞുവച്ച ഏ. ആർ. തമ്പുരാൻെറ ഉപദേശപ്രകാരം രാമൻമേനോൻ കമലാലയപ്രസ്സിൽനിന്നും 1093 മകരത്തിൽ 'സമദശി' എന്ന പേരിൽ ഒരു വാരികകൂടി പ്രസിദ്ധീകരിക്കാൻതുടങ്ങി. തൻെറ പത്രത്തിനു് സമത്ഥനായ ഒരു പത്രാധിപരെ രാമൻമേനോൻ ഊജ്ജസ്വലനായ ജനാർദ്ദനമേനോനിലാണു് കണ്ടെത്തിയതു്. രാമൻമേനോൻെറ ആവശ്യപ്രകാരം ജനാർദ്ദനമേനോൻ 1094 മുതൽ തിരുവനന്തപുരത്തു സ്ഥിരതാമസമാക്കി.

സമദർശിയുടെ പത്രാധിപത്യവും ഗ്രന്ഥനിമ്മിതിയും ജനാർദ്ദനമേനോനെ സംബന്ധിച്ചിടത്തോളം ഒരുമിച്ചുപൊയ്ക്കൊണ്ടിരുന്നു. സർ എം. കൃഷ്ണൻനായരായിരുന്നു അന്നു തിരുവിതാംകൂർ ദിവാൻജി. അദ്ദേഹത്തിൻെറ ഭരണത്തെപ്പറ്റി കഠിനമായ വിമർശനങ്ങൾ മേനോൻ സമദർശിയിൽക്കൂടി ചെയ്തുകൊണ്ടിരുന്നു. ആദ്യം കുറച്ചസുഖം സർ കൃഷ്ണൻനായക്കു തോന്നിയെങ്കിലും പിന്നീടതു സൗഹാർദ്ദമായി മാറുകയാണു ചെയ്തതു്. ഒടുവിലൊടുവിലായപ്പോൾ ജനാർദ്ദനമേനോന്റെ പത്രനിർദ്ദേശങ്ങൾ ദിവാൻജി നിശ്ശേഷം സ്വീകരിച്ചുതുടങ്ങി. ഈ നില ഏതാണ്ടു് 1096 വരെ നീണ്ടുനിന്നു. സർ കൃഷ്ണൻനായർ ദിവാൻജിപദത്തിൽനിന്നും വിരമിച്ചതിനുശേഷം ജനാർദ്ദനമേനോനു് അത്ര ശോഭനകാലമല്ലായിരുന്നു. രാഘവയ്യായുടെ ഭരണവുമായി പൊരുത്തപ്പെടാൻ കഥാപുരുഷനു് കഴിഞ്ഞില്ല. 1098-ൽ കേസരി ഏ. ബാലകൃഷ്ണപിള്ള വന്നതോടുകൂടി ജനാർദ്ദനമേനോൻ സമദർശിയിൽനിന്നും വിട്ടു. അതോടുകൂടി തിരുവനന്തപുരത്തെ താമസവും മാററി. തൻെറ ധാരാളിത്തംമൂലം വർദ്ധിച്ച കടവും ഇതിനു പ്രേരകമാകാതിരുന്നില്ല.

ശ്രീ. ഏ. കെ. പിള്ളയുടെ സ്വരാട് പത്രമാഫീസാണു് പിന്നീടു ജനാർദ്ദനമേനോനു് അഭയം നല്കിയതു്. അതും അധികകാലം നീണ്ടുനിന്നില്ല. സ്വാഭാവികമായ അസ്ഥിരത അവിടന്നും അദ്ദേഹത്തെ പറഞ്ഞയച്ചു. മേനോൻ വീണ്ടും കൊച്ചിയിലേയ്ക്കുതന്നെ പോയി.

മേനോൻെറ ആദ്യസഹധർമ്മിണിയായ ശ്രീമതി

അംബികയമ്മ ഇതിനകം രോഗബാധിതയായി കിടപ്പിലായിരുന്നു. തിരുവനന്തപുരത്തുംമററും താമസിക്കവേ മേനോനോട്ടുകൂടി ഈ സ്ത്രീരത്നവും ഉണ്ടായിരുന്നു. അവരുടെ സന്നിഷ്കർഷമായ മേൽനോട്ടമുണ്ടായിട്ടും ദുർവ്യയം മേനോനെ വിട്ടുപിരിഞ്ഞിരുന്നില്ല. ക്ലാന്തചിത്തയായ അവർ പിന്നീട്ട് സ്വഗൃഹത്തിൽ(നല്ലേപ്പള്ളിവാത്തുവീട്ട്—ചിററൂർ താലൂക്ക്) പോയി താമസിച്ചുവരവേയാണ് രോഗാക്രാന്തയായിത്തീന്നതു്. ആ രോഗം 1105–ൽ അവരുടെ ജീവാപഹരണത്തോടുകൂടിയേ തിരോഭൂതമായുള്ളു. വിശപസ്തദാരങ്ങളുടെ അപ്രതീക്ഷിതവും അപ്രാപ്തകാലവുമായ നിയ്യാണം മേനോൻെറ ഹൃദയത്തെ വല്ലാതെ മഥിച്ചു എന്നു പറയേണ്ടതില്ലല്ലോ.

കളത്രചരമത്തിനുശേഷം കുറേക്കാലംകൂടി മേനോൻ ചിററൂരും ഒലവക്കോട്ടുമായി കഴിച്ചുകൂട്ടി. അപ്പോഴാണു തൃശ്ശൂർ 'ഗോമതി'പ്പത്രത്തിൻെറ അധിപസ്ഥാനത്തേയ്ക്കുള്ള ക്ഷണം അദ്ദേഹത്തിനു ലഭിച്ചതു്. 'ഗോമതി'യുടെ പ്രാദുർഭാവത്തെപ്പററി ശ്രീ. ജി. ശങ്കരക്കുറുപ്പ് പറയുന്നതിപ്രകാരമാണ്: "കാലണയ്ക്ക് ഒരു ദിനപ്പത്രം എന്ന ആശയം അദ്ദേഹത്തി(മേനോ)ൻെറയും സഹപ്രവത്തകനായിരുന്ന *ശ്രീ. കെ. വി. രാഘവൻനായരുടെയും ബുദ്ധിയിൽ ഉദയംചെയ്തതിൻെറ ഫലമായി പുറത്തുവന്ന 'ഗോമതി' കേരളീയപത്രപ്രവത്തനരംഗത്തിൽ വരുത്തിയ പരിവത്തനമാണു സവ്വോപരി എടുത്തു പറയുവാനുള്ളതു്. കാലത്തു ചൂടുള്ള ഒരിഡ്ഡലിവാങ്ങാൻ കാശില്ലാതിരുന്ന അന്നത്തെ റിക്ഷാക്കാർ തൃശ്ശിവപേരൂരിലെ വീഥികളിൽ വണ്ടിയിൽ ചാരിനിന്നുകൊണ്ടു് ആ പത്രം വാത്താഗ്രഹണതൃഷ്ണയോടെ വായിക്കുന്നതു ദർശനീയമായ ഒരു കാഴ്ചയായിരുന്നു അന്നൊക്കെ."

ഗോമതിയിൽനിന്നും മേനോൻ എറണാകുളത്തെ 'ദീപ'ത്തിലേയ്ക്കാണ് ആനയിക്കപ്പെട്ടതു്. 'ദീപ'ത്തിൻെറ ഉടമസ്ഥനായ തോമസ്സ്പോൾ കേരളീയരാൽ ഏകദാപി വിസ്മരിക്കപ്പെടേണ്ടയാളല്ല. ഭാഷാഭിമാനമൂത്തികളായ പൈലോപ്പോളും തോമസ്സ്പോളുംകൈരളിക്കുനല്കിയ സംഭാവനകൾ ഗണനാർ

---

* ശ്രീ. രാഘവൻനായർ 1955 സെപ്ററംബറിൽ ചരമമടഞ്ഞു.

ഹങ്ങളാകുന്നു. യഥാർത്ഥത്തിൽ 'പോള്'കളുടെ പ്രസ്തുത യത്നത്തിൽ സഹായിച്ചുകൊണ്ടിരുന്ന പ്രമുഖന്മാരിൽ ഒരാൾ കണ്ണൻജനാർദ്ദനൻ ആയിരുന്നു. വിദ്യാവിലാസമുടമസ്ഥന്മാരുടെ 'കേരളഭാഷാപ്രണയി'കളുടെയും 'സാഹിത്യപ്രണയി'കളുടെയും പ്രസിദ്ധീകരണത്തിൽ ഒരു വലിയപങ്കു മേനോനുമുണ്ട്. മഹാകവി കുമാരനാശാൻെറയും വി. സി. ബാലകൃഷ്ണപ്പണിക്കരുടെയും ജീവചരിത്രങ്ങൾ മേനോൻതന്നെ വിദ്യാവിലാസം പ്രസിദ്ധീകരണശാലക്കാക്കുവേണ്ടി എഴുതിക്കൊടുത്തു. 'സാഹിത്യപ്രണയി'കളിൽ ഒട്ടധികംപേരും മേനോൻെറ തൂലികാഗ്രത്തിൽനിന്നും രൂപമെടുത്തവരാണ്. പൈലോപ്പോളുമായി സഖിത്വം തുടങ്ങിയകാലത്തെ പ്രസിദ്ധീകരണമായ 'സാഹിത്യനിഘണ്ടു'വിൻെറ സംവിധാനത്തിലും മേനോൻെറ കൈമുദ്ര പതിഞ്ഞിട്ടുണ്ടെന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

'ദീപം'പത്രത്തിൽനിന്നും മേനോൻ നേരേപോയതു തൃശ്ശൂരെ'എക്സ്പ്രസ്സ്'പത്രത്തിലേയ്ക്കായിരുന്നു. അവിടെയും അധികകാലം തങ്ങിനില്ക്കുന്നതിനുമുമ്പായി മേനോൻ തിരുവനന്തപുരത്തെ 'ധർമ്മദേശം'പത്രത്തിലേയ്ക്കു ക്ഷണിക്കപ്പെട്ടു. ഇതു് 1945ലാണ്. അന്നു തിരുവനന്തപുരത്തുവന്നു താമസിക്കുമ്പോൾ രണ്ടാമത്തെ ഭാര്യയായ പാഞ്ചാലിയമ്മയും ആദ്യഭാര്യയിലെ മക്കളും മേനോൻെറകൂടെയുണ്ടായിരുന്നു. ധർമ്മദേശത്തിൻെറ ഉടമസ്ഥൻ ശ്രീ. പോക്കാട്ടു രാഘവൻപിള്ളയായിരുന്നു. പണത്തിൻെറ ഞെരുക്കംകൊണ്ടു് ആ പത്രം ഏറെനാൾ നടന്നില്ല. പണത്തിൻെറ പഞ്ഞമെന്നു പറഞ്ഞതിൽ തെല്ലൊരവാസ്തവമുണ്ടു്. കണ്ണൻ ജനാർദ്ദനനെ പോററാനുള്ള ബുദ്ധിമുട്ടായിരുന്നു ആ ഞെരുക്കം. നല്ലൊരുതുക ശമ്പളമായി പ്രതിമാസം കിട്ടിയിരുന്നെങ്കിലും ആ പണമെല്ലാം ഏതാനും ദിവസങ്ങൾക്കുള്ളിൽ ധൂർത്തടിച്ചു പിന്നെയും പത്രമുടമസ്ഥരോടു തുകകൾ മുൻകൂർ ആവശ്യപ്പെടുക മേനോൻെറ പതിവായിരുന്നു. ഇങ്ങനെ മുൻപററുചെയ്തു ഗണ്യമായ സംഖ്യ കൈയിലായപ്പോൾ 'ധർമ്മദേശം' താനെ നിന്നുപോയി.

'ധർമ്മദേശ'ത്തിൽനിന്നുംവിട്ടു നാട്ടിൽചെന്നതിനുശേഷം

ചരിത്രനായകൻ മറെറങ്ങും പോകയുണ്ടായില്ല.* ശരിയായ ആരോഗ്യം നശിച്ച ഘട്ടത്തിലായിരുന്നു അദ്ദേഹം തിരുവനന്തപുരം വിട്ടതു്. സ്വദേശത്തു ചെന്നുചേർന്നപ്പോൾ ആയുഷ്ഷർയ്യന്തം രുക്ഷ്ണശയ്യ അദ്ദേഹത്തെ സ്വാഗതംചെയ്തു!

## സാഹിത്യസേവനം

കൊട്ടങ്ങല്ലൂർകോവിലകത്തിലേയും വി. സി. ബാലകൃഷ്ണപ്പണിക്കരുടേയും സംസർഗ്ഗമാണു കുന്നത്തു ജനാർദ്ദനമേനോനെ സാഹിത്യസരണിയിലേക്കു കൈപിടിച്ചു കയററിയതെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. ജീവികാവ്യഗ്രനായി ദേശാന്തരങ്ങളിൽ ചുററിത്തിരിഞ്ഞ ദിവസങ്ങൾക്കിടയ്ക്കാണു ജനാർദ്ദനമേനോൻെറ പുസ്തകരചനയും നടന്നിട്ടുള്ളതു്. പണത്തിൻെറ ആവശ്യത്തിനുവേണ്ടി പുസ്തകശാലക്കാർക്കു് എഴുതിക്കൊടുത്തതാണെങ്കിലും അവയെല്ലാം കൈരളിക്കു ലഭിച്ച അനവദ്യസമ്പാദ്യമായി എണ്ണപ്പെടേണ്ടവയാണു്. ഗദ്യശാഖയിൽ കൈവയ്ക്കാൻ പ്രായേണ സാഹിത്യകാരന്മാർക്കു് ഔത്സുക്യം കുറഞ്ഞിരുന്ന ഘട്ടമായിരുന്നു അതു്. അക്ഷരം പഠിച്ചവരെല്ലാം അന്നു് അരക്കവിയെങ്കിലുമായിരുന്നു. സന്തതസഹചാരിയായ വി. സി.യും പദ്യസരണിയിലാണല്ലോ പ്രാമുഖ്യം നേടിയതു്. പദ്യമെഴുതാൻ വശമുണ്ടായിരുന്നെങ്കിലും ജനാർദ്ദനമേനോൻ ഗദ്യസരണിയിൽമാത്രം നിരന്തരം പ്രവത്തിച്ചു. അതിൽ അദ്ദേഹം അന്യാസൂയാർഹമാംവണ്ണം വിജയംനേടുകയുംചെയ്തു. എല്ലാം സ്വകപോലകല്പിതങ്ങളല്ലെങ്കിലും അമ്പതിൽചില്വാനം കൃതികൾ മേനോൻേറതായി കൈരളിക്കു ലഭിച്ചിട്ടുണ്ടു്. വായനക്കാരുടെ ജിജ്ഞാസാനിവാരണത്തിനുവേണ്ടി അവ ചുവടെ ചേക്കുന്നു:—

ജീവിതചരിത്രങ്ങൾ

| | |
|---|---|
| 1. വി.സി. ബാലകൃഷ്ണപ്പണിക്കർ | 3. മലബാറി |
| 2. എൻ. കുമാരനാശാൻ | 4. രാമാനുജാചാര്യർ |

---

* മേല്പറഞ്ഞവകൂടാതെ, കേരളശോഭിനി, മലബാറി ചക്രവത്തി, കേരളദീപം, യുവകേരളം, ശ്രീവാഴംകോട്ടു് മുതലായ പത്രങ്ങളുടെ ആധിപത്യവും ശ്രീ. മേനോൻ വഹിച്ചിട്ടുണ്ടു്.

5. അരവിന്ദയോഗി
6. ശ്രീയേശുക്രിസ്തു
7. സിദ്ധാത്ഥൻ
8. മഹാവീരൻ
9. മാധ്വോദയം
10. വിവേകാനന്ദം

## പ്രബന്ധങ്ങൾ

1. രാവണപക്ഷം
2. ലേഖാവതി
3. ഇന്ദുലേഖാനിരൂപണം
4. ശാരദാനിരൂപണം
5. മഹാഭാരതകഥാനിരൂപണം

## ഇതിഹാസപുരാണങ്ങൾ

1. ശ്രീമദ്ഭഗവദ്ഗീത
2. ഭാരതം (ഗദ്യം)
3. ശ്രീമൂലരാമായണം (ഗദ്യം)
4. പുരാണവൃത്തം (2 ഭാ.)
5. സൗമിത്രി
6. ദശരഥൻ
7. സീതാവൃത്തം
8. പുരാണനായികമാർ (2 ഭാ.)
9. പുരാണനായകന്മാർ(2 ഭാ.)
10. നളോപാഖ്യാനം
11. ശങ്കരോപാഖ്യാനം

## നോവല്ലുകളും കഥകളും •

1. മാതംഗിനി
2. സുധാബിന്ദു
3. ധമ്മരാജാ (സംഗ്രഹം)
4. മാത്താണ്ഡവമ്മ (സംഗ്രഹം)
5. താലപുഷ്കരം
6. വീരഹതാപം
7. ശ്രീരാഗം
8. മൈസൂർപുലി
9. കുരുനന്ദിനി
10. ദുശ്ശങ്കയും നിശ്ശങ്കയും
11. പ്രതിക്രിയ
12. സിദ്ധരാമൻ
13. ഭ്രാതൃഭക്തി
14. സരോജിനി (കുചേലൻ)
15. കള്ളന്റെ കള്ളൻ
16. ആശാഭംഗം
17. മാരുതി
18. തിലോത്തമ
19. നവകുമാരൻ
20. പഞ്ചശിഖ
21. രാമാരാമം
22. രോഹിണി
23. വീരനൃത്തം
24. മീനംപോലെ മംഗല്യം

## ചെറുകഥകൾ

1. കഥാരാമം
2. ചിത്രശാല
3. സംഭാവിതം
4. കഥാനന്ദിനി (2-ാംഭാഗം)

## നാടകകഥകൾ

1. വാസന്തസേനം (മൃച്ഛകടികം ഗദ്യം)
2. ഗുപ്തലക്ഷ്മി (മുദ്രാരാക്ഷസം ഗദ്യം)

3. ശാകുന്തളം (അഭിജ്ഞാനശാകുന്തളം ഗദ്യം)
4. മാളവിക (മാളവികാഗ്നിമിത്രം ഗദ്യം)

ചരിത്രം

ലോകമഹായുദ്ധം (2 ഭാ.)

കണ്ണൻ ജനാർദ്ദനൻെറ ഭാഷ സരളവും പ്രസന്നവുമാണ്. അനായാസലാളിത്യം ആ ഭാഷാശൈലിയെ പൊതുവെ സമാശ്ലേഷിച്ചിട്ടുണ്ട്. ചമൽക്കാരത്തിനുവേണ്ടി ചില സന്ദർഭങ്ങളിൽ വക്രോക്തിയെ ആശ്രയിച്ചിരിക്കാമെങ്കിലും ആശയഗ്രഹണസുഗമതയ്ക്കു് അതൊട്ടും തടസ്സമായി നില്ക്കുന്നില്ല. സരസ്വതീപ്രസാദം അദ്ദേഹത്തിനു വേണ്ടുവോളം ഉപലബ്ധമായിരുന്നു. ഭാഷ ഏതുരീതിക്കും സ്വാധീനമായിരുന്നു എന്നു മാർത്താണ്ഡവർമ്മ, ധർമ്മരാജാ ഇവയൊക്കെ ഔചിത്യഭംഗം കൂടാതെ സംഗ്രഹിച്ചതുകൊണ്ടുതന്നെ നമുക്കനുമാനിക്കാം. അനന്യലഭ്യമായ രചനാകല ആ കൈരളീപ്രണയിയെ അതിരററനുഗ്രഹിച്ചിരുന്നു. എഴുതിക്കൊണ്ടുപോകുന്നതു് ഏതും പിന്നീടൊന്നു തിരിഞ്ഞുനോക്കി തിരുത്തുകയോ മാറി എഴുതുകയോ ചെയ്യേണ്ടിവന്നിട്ടില്ലെന്നാണ് മേനോനെപ്പററി അറിയാവുന്നവർ പറഞ്ഞുകേട്ടിട്ടുള്ളതു്. എഴുതുന്നതപ്പടി പ്രസ്സിൽ കൊടുത്താൽ ധാരാളം മതിയാവുമത്രേ! താനെഴുതാനുദ്ദേശിച്ചതു് പൂർത്തിയായിട്ടേ എടുത്തപേന താഴെവയ്ക്കുക മേനോനു പതിവുണ്ടായിരുന്നുള്ളു. മൂന്നുനാലുദിവസം വേണ്ടിയിരുന്നില്ല അദ്ദേഹത്തിനൊരു പുസ്തകമെഴുതുവാൻ. എഴുതുന്നതിനു വേണ്ടിയിരുന്ന ദിവസങ്ങൾക്കുമുമ്പുതന്നെ ആ കൈരളീദാസൻ സ്വപ്രമേയത്തിൻെറ മൂശ ഉള്ളിൽ കരുപ്പിടിച്ചിട്ടുണ്ടാവും. ഇങ്ങനെയെഴുതിയിട്ടുള്ള ഗ്രന്ഥങ്ങളാണു മേല്ക്കാണിച്ചവയിൽ ഒട്ടുമുക്കാലും.

ഏററിയക്കുറും സ്വതന്ത്രമായി വിരചിക്കപ്പെട്ടിരിക്കുന്ന 'മഹാകവി കുമാരനാശാൻ' (Malayalam men of letters series) കണ്ണൻ ജനാർദ്ദനൻെറ ഗദ്യകൃതികളിൽ പ്രാമുഖ്യമർഹിക്കുന്നതായി കരുതപ്പെടണം. കുന്നത്തിന്റെ ഗദ്യരീതിക്കുള്ള പ്രത്യേകതയെ സ്പഷ്ടീകരിക്കുന്നതിനു് അതിൽനിന്നും ചില

ഖണ്ഡികാംശങ്ങൾ, താഴെ ഉദ്ധരിക്കാം: "സർവ്വശക്തയും സർവ്വതന്ത്രസ്വതന്ത്രയും സർവ്വദാലീലാലോലുപയുമായ ബാലയാണു് കവിത. അതിനു് അഭിമുഖമാകുന്ന ഏതിനും ഉടനുണ്ടാകും ചൈതന്യം. സൗന്ദര്യവും സൗഭാഗ്യവും ആർക്കുമേതിനും അതു് ഇഷ്ടംപോലെ വാരിക്കൊടുക്കും. ഉൽക്കർഷത്തേയും അപകർഷത്തേയും അതു് എടുത്തു പന്താടും....സത്യത്തിലും അസത്യത്തിലും രണ്ടിലുമൊരുപോലെ കവിതയ്ക്കാവാം പ്രശോഭിക്കുക. ബ്രാഹ്മണനെപ്പോലെ രാക്ഷസനേയും അതു് അനുഗ്രഹിക്കും. ധർമ്മത്തിലും അർത്ഥത്തിലും കാമത്തിലും സമസ്തമായും വ്യസ്തമായും അനുലോമമായും പ്രതിലോമമായും കവിതയ്ക്കുണ്ടു് രമണീയവിഹാരം. കാലഗത്യാമൃതരായവരിൽ കവിതയാൽ സ്പർശിതരായവരെല്ലാം ഇന്നുമിണ്ടുമനോലോകത്തിൽ ജീവിച്ചുപോരുന്നു....ആറുകൊല്ലംകൊണ്ടു് സംസ്കൃതത്തിൽ ശ്രീകൃഷ്ണവിലാസംവരെക്കും സ്കൂളിൽ നാലാംക്ലാസ്സുവരെക്കും കുമാരുവിനു പഠിച്ചു കേമനാകുവാൻ കഴിഞ്ഞു. അവിടെനിന്നും പിന്നെയും മുകളിലേയ്ക്കുചെല്ലുവാൻ നാട്ടിലെയും വീട്ടിലെയും അപ്പോഴത്തെ അവസ്ഥകൊണ്ടു കുമാരുവിനു് ആവതായല്ല. വിദ്യാഭ്യാസം അത്രയുംകൊണ്ടു് നിർത്തുകയെന്നായി. മകനും ജീവികാന്വേഷണമാണു് അനന്തരം പിതാവിനുണ്ടായതു്.... 1099 മകരം 3–ാംനു- രാത്രി അദ്ദേഹം തൃക്കുന്നപ്പുഴയ്ക്കരികേയുള്ള പല്ലനയാററിൽ ബോട്ടപകടത്തിൽ ആണ്ടുപോകയുണ്ടായതു കേരളം തീവ്രശോകത്തോടെ ഇന്നും സ്മരിക്കുന്നുണ്ടല്ലോ. ഈഴവർക്കു വന്ദ്യനും കേരളീയർക്കു പൂജ്യനുമായ ആ യശോധനി 1078 മുതൽ ഇരുപത്തൊന്നുകൊല്ലംകൊണ്ടു സമുദായത്തിനും 1083 മുതൽ പതിനാറുകൊല്ലംകൊണ്ടു സാഹിത്യത്തിനും 1099 വരെ സമ്പാദിച്ചുവച്ചിരിക്കുന്നതു് ഉപര്യുപരി വർദ്ധിച്ചുകൊണ്ടേ വരുന്നുണ്ടിതാ!"

അടിയിൽ വരയിട്ട ഭാഗങ്ങളാൽ ജനാർദ്ദനമേനോൻെറ ഗദ്യശൈലി ലാഞ്ഛിതമാണു്.

നിരൂപകൻ എന്ന നിലയിലും മേനോൻ നിർഭയനായിരുന്നു. അന്നത്തെ സാഹിത്യസാർവ്വഭൗമനായിരുന്ന കേരളവർമ്മ

ദേവനോട്ടപോലും മേനോൻ ഇടഞ്ഞിട്ടുണ്ട്. ചന്തുമേനോന്റെ ഇന്ദുലേഖ, ശാരദ ഇവയെല്ലാം മേനോൻ നിർദ്ദാക്ഷിണ്യം നിരൂപണംചെയ്തു. ഉള്ളൂരിൻെറ കവിതകളെ അദ്ദേഹം നിരങ്കുശമായി വിമർശിച്ചു. എന്നാൽ നിരൂപകൻെറ ഉദ്ദേശ്യശുദ്ധി കൊണ്ടു് താദൃശനിരൂപണങ്ങൾ ആക്കും വൈരത്തിനു കാരണമാക്കിയില്ലെന്നതു പ്രത്യേകം സ്മരണീയമാണു്.

പുരോഗമനചിന്തയിൽ ജനാർദ്ദനമേനോൻ അന്നത്തെ മുമ്പന്മാരിൽ മുമ്പനായിരുന്നു എന്നു് 'രാവണപക്ഷം' സുതരാം വെളിവാക്കുന്നു. അന്ധമായ പുരാണകഥാവിശ്വാസത്തിൽ മേനോൻ അത്രപരാധീനനായിരുന്നില്ല. രാമന്റെ ഗുണധോരണിക്കു കോട്ടംതട്ടാതെ രാവണൻെറ ഗുണപൗഷ്കല്യത്തെ പൊക്കിക്കാട്ടുകയാണു രാവണപക്ഷംകൊണ്ടു സാധിച്ചിട്ടുള്ളതു്. 'ഉത്തരരാമായണം വാല്മീകിയുടെയാണോ' എന്ന പ്രമേയത്തെ അവതരിപ്പിച്ചുകൊണ്ടു് എറണാകുളത്തെ സാഹിത്യസമിതിയിൽ മേനോൻചെയ്ത പ്രഭാഷണം ഗവേഷണത്തിനുണ്ടായിരുന്ന സ്വതസ്സിദ്ധമായ വാസനയെ തെളിയിക്കുന്നു.

### കുടുംബബന്ധം

തൻെറ മാതാപിതാക്കന്മാക്കുണ്ടായിരുന്ന മൂന്നു മക്കളിൽ നടുവിലെ ആളാണു് കണ്ണൻ ജനാർദ്ദനൻ. സ്മൃതിപുരുഷൻെറ മൂത്തതും ഇളയതും രണ്ടു സ്ത്രീകളാണു്. 75 വയസ്സായ മൂത്തസഹോദരി ലക്ഷ്മിക്കുട്ടിയമ്മ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. അവർ സന്താനഹീനയാണു്. ഇളയ സഹോദരിയുടെ പേർ കാളിക്കുട്ടിയമ്മ എന്നാണു്. കഥാവശേഷയായ അവക്കു നാലു സ്ത്രീകളും ഒരു പുരുഷനും ഉൾപ്പെടെ അഞ്ചുപേർ മക്കളായുണ്ടു്. ചിററൂർതാലൂക്കിൽ നല്ലേപ്പള്ളിവില്ലേജിൽ നല്ലേപ്പള്ളിവാര്യത്തു (വാര്യന്മാരുടെ വാര്യമല്ല, നായർഭവനമാണു്) വീട്ടിലെ അംബികയമ്മയായിരുന്നു കണ്ണൻ ജനാർദ്ദനൻെറ പ്രഥമപത്നി. ജനാർദ്ദനമേനോനു് ആ സ്ത്രീയിൽ രണ്ടു പെണ്ണും ഒരാണും ഉൾപ്പെടെ മൂന്നു കുട്ടികൾ പിറന്നിട്ടുണ്ടു്. പെൺമക്കൾ രണ്ടുപേരും ഇപ്പോൾ വിവാഹിതരാണു്. അവിവാഹിതനായ പുത്രൻ ഇപ്പോൾ മിലിട്ടറിസർവ്വീസ്സിൽ ഇരിക്കുന്നു. ആദ്യഭാര്യയുടെ മരണശേഷം കഥാപുരുഷൻ ചിററൂർ

വില്ലേജിൽ ചെറുപാല പത്തായപ്പുരയിൽ ശ്രീമതി പാഞ്ചാലിയമ്മയെ വിവാഹംചെയ്തു. കൊച്ചി ദിവാനായിരുന്ന ശ്രീ. സി. പി. കരുണാകരമേനോൻെറ (സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻെറ ജാമാതാവ്) മൂറപ്പെണ്ണൊരു സഹോദരിയായിരുന്ന അവർ ഇക്കഴിഞ്ഞകൊല്ലം (1954 ഫെബ്രുവരിയിൽ) ആണ് ഇഹലോകവാസം വെടിഞ്ഞതു്. 'ധർമ്മദേശം' പത്രത്തിൽനിന്നു് നാട്ടിൽചെന്നു രോഗബാധിതനായ നാൾമുതൽ, ഏഴുകൊല്ലക്കാലം, മേനോനുവേണ്ട ശുശ്രൂഷകൾ നല്കിക്കൊണ്ടിരുന്നതും ഇഷ്ടാനിഷ്ടങ്ങൾ നോക്കിക്കൊണ്ടിരുന്നതും ഈ മഹതിയായിരുന്നു. സന്താനശൂന്യയായ പാഞ്ചാലിയമ്മ മരിച്ചപ്പോൾമാത്രമാണ് കണ്ണൻ ജനാർദ്ദനൻ സ്വകുടുംബത്തിൽ ജ്യേഷ്ഠസഹോദരിയായ ലക്ഷ്മിക്കുട്ടിയമ്മയുടെകൂടെ താമസമാക്കിയതു്. കാവൽപാട്ട കരയോഗംവക ശിവക്ഷേത്രത്തിൻെറ തൊട്ട വടക്കുവശം സ്ഥിതിചെയ്യുന്നതും നമ്മുടെ സാഹിത്യനായകനു് അന്തിമവേളയിൽ അഭയമേകിയതുമായ ആ 'വടക്കിനി'ക്കെട്ടിടവും പരിസരവും ഈ എഴുത്തുകാരൻ ഈ അടുത്തനാളിൽ ചെന്നു കാണുകയുണ്ടായെന്നുകൂടി ഇത്തരുണത്തിൽ പറഞ്ഞുകൊള്ളട്ടെ.

### അന്ത്യദിനങ്ങൾ

മേനോൻെറ അവസാനദിവസങ്ങളിൽ അദ്ദേഹത്തെ ഈ എഴുത്തുകാരനു ചെന്നുകാണാൻ സാധിച്ചില്ലെങ്കിലും, അനന്തരം ആ വീട്ടിൽ ചെന്നന്വേഷിച്ചപ്പോൾ കിട്ടിയവിവരങ്ങൾകൊണ്ടു തദന്ത്യനിമിഷങ്ങൾ തുലോം പരിതാപകരമായിരുന്നു എന്നു് എനിക്കു പൂർണ്ണമായും ബോദ്ധ്യമായിട്ടുണ്ടു്. പ്രമേഹം (Diabetes) ആയിരുന്നു മേനോൻെറ ജീവചോരണം നടത്തിയ മഹാരോഗം. അതിൻെറ ആക്രമണം അദ്ദേഹത്തിനു് ആദ്യമായുണ്ടായതു് 1948 ഫെബ്രുവരിയിലാണു്. അതിനുമുമ്പുതന്നെ ദേഹം ക്ഷയിച്ചുതുടങ്ങിയിരുന്നു എങ്കിലും താൻ ഒരു മഹാരോഗിയായിത്തീരാൻ പോവുകയാണെന്ന വിവരം മേനോനു് മനസ്സിലായില്ല. ശയ്യാവലംബിയായതോടെ പാഞ്ചാലിയമ്മ ഭർത്താവിനെ ചിററൂരിലുള്ള സ്വന്തം വീട്ടിലേയ്ക്കു കൊണ്ടുപോയി. ആറുസംവത്സരം അവിടെ ചികിത്സ

യിൽ താമസിച്ചു. പല ചികിത്സകൾ ചെയ്തുനോക്കിയിട്ടും ഫലമൊന്നുമുണ്ടായില്ല. ഈ ആറുകൊല്ലത്തിൽ അധികവും നല്ല ബോധമില്ലാതെയാണു് അദ്ദേഹം ജീവിച്ചതു്. ഇങ്ങനെ പ്രിയപത്നിയുടെ ശുശ്രൂഷയിലും ചികിത്സച്ചെലവിലും താമസിച്ചുവരവെ ആ സാധ്വിയും 1954 ഫെബ്രുവരി ആയപ്പോൾ കഥാവശേഷീഭൂതയായി. ജായാവിയോഗത്തിനുശേഷം മേനോൻ അധികനാൾ ഭാര്യാഗൃഹത്തിൽ താമസിച്ചില്ല. 1954 ഏപ്രിലിൽ നഷ്ടചൈതന്യനായ മേനോൻ സ്വന്തംതറവാട്ടിലേക്കുപോന്നു. നിസ്വനെങ്കിലും രോഗാർത്തനായ സഹോദരനെ ഭ്രാതൃസ്നേഹമസൃണയായ ജ്യേഷ്ഠസഹോദരി കൈവെടിഞ്ഞില്ല.

കുന്നത്തുതറവാട്ടു് പുരാതനത്വംകൊണ്ടു മേന്മയേറിയതാണെങ്കിലും സാമ്പത്തികഭദ്രതയിൽ അതു് ഇപ്പോൾ തീരെ പിന്നാക്കമാണു്. അമ്പതിൽചില്വാനം പുസ്തകങ്ങൾ താനെഴുതിയിരുന്നെങ്കിലും ആവകയിൽ ഒരു ചില്ലിപോലും മേനോനു് സമ്പാദ്യമുണ്ടായിരുന്നില്ല. കുന്നത്തു വന്നതിനുശേഷം മേനോൻെറ ചികിത്സ തുടരുന്നതിനു് സഹോദരിയും ഭാഗിനേയികളും നന്നേ ക്ലേശിച്ചു. കുറേദിവസങ്ങൾ ചിററൂരിൽ അനുഷ്ഠിച്ച ചികിത്സതന്നെ തുടൎന്നു. ആ മരുന്നുകൾ തീൎന്നപ്പോൾ സ്ഥലത്തെ ഒരു ഹോമിയോപ്പതിഡാക്ടരുടെ ചികിത്സയിൽ അദ്ദേഹം ഏർപ്പെട്ടു. ഹോമിയോപ്പതിചികിത്സയിൽ മനസ്സിനല്പം ആശ്വാസം തോന്നിച്ചെന്നല്ലാതെ, എഴുന്നേററു നടക്കാനോ, വായിക്കാനോ, എഴുതാനോ അശേഷം കഴിവു മേനോനു കിട്ടിയില്ല.

പേനകൊണ്ടു നല്ലവണ്ണം ജോലിചെയ്തകാലത്തു കാൎയ്യങ്ങൾ ഭംഗിയായി നടന്നുപോയെങ്കിലും അവശതയിലായപ്പോൾ ദാരിദ്ര്യത്തിൻെറ ക്രൂരമായ ബാധയ്ക്കു് മേനോൻ കരുണാകരുണം വിധേയനായി. ഭർത്തൃഗൃഹത്തിൽനിന്നും വന്നുകൊണ്ടിരുന്ന പെൺമക്കളുടെ 'ദീനംകാണൽ'കൾക്കും മിലിട്ടറി സർവീസ്സിലിരിക്കുന്ന പുത്രൻെറ ദുർല്ലഭമായ മണിയാർഡറുകൾക്കുംപുറമേ ഈ ദയനീയപതനത്തിൽ ചിലർ കാണിച്ച ഔദാൎയ്യം ഇവിടെ വിസ്മരിക്കുന്നില്ല. അതിൽ ഒന്നാണു് ഏ. ഡി. ഹരിശർമ്മ മുഖാന്തിരം നല്കപ്പെട്ട 'ഏതാനും സാഹിത്യ

കുചേലന്മാരുടെ അവിൽപ്പൊതി.' മററൊന്നു സാഹിത്യപ്രവർത്തകസഹകരണസംഘക്കാർ 'റൈറ്റേഴ്സ് ബനിഫിററ് ഫണ്ടി'ൽനിന്നും സംഭാവനചെയ്ത 100 രൂപയാകുന്നു. ഇപ്രകാരം ഒരുവിധത്തിൽ മേയ്വരെ മേനോൻ നിരങ്ങിനീങ്ങി. ജൂൺ പിറന്നപ്പോൾ കാര്യം പിന്നെയും പരുങ്ങലിലായി. അപ്പോഴാണ്, ഗോമതി, എക്സ്പ്രസ്സ് ഈ പത്രങ്ങളുടെ അധിപന്മാർക്ക് അദ്ദേഹം താഴെക്കാണുന്ന കത്തെഴുതിയയച്ചതു്.

കാവൽപാട്ട്, ഒലവക്കോട്ട്
3–6–'55.

മാന്യരെ,

ഏഴുകൊല്ലമായി രോഗത്താൽ തീരെ അവശനായിട്ടാണ് ഞാൻ കഴിയുന്നതെന്നു് ഏറെക്കുറെ നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. എനിക്കു് എഴുതാനും വായിക്കാനും വേണ്ടത്ര കഴിവില്ല. കുറച്ചൊന്നു വായിക്കുമ്പോഴേയ്ക്കും കണ്ണുകൾ മങ്ങുകയും തളരുകയും ചെയ്യുന്നു. രണ്ടുനാലടി നടക്കുമ്പോഴേയ്ക്കും കാലുകൾ തളരുന്നു. വിചാരങ്ങൾക്കു് ഏകാഗ്രതയില്ല. കാര്യങ്ങളെക്കുറിച്ചു വേണ്ടതുപോലെ ആലോചിക്കാൻ ശക്തിയില്ല. ഈ ഏഴുകൊല്ലംമുഴുവൻ ഞാൻ ചികിത്സയിൽത്തന്നെയാണു്. ആരംഭത്തിലേക്കാൾ ഇപ്പോൾ രോഗത്തിനു് കുറച്ചൊരു ശമനം കാണുന്നുണ്ട്. അതിൽ ആശിച്ചുകൊണ്ട് ചികിത്സ തുടന്നു കൊണ്ടിരിക്കുന്നു.

ഈ ഏഴുകൊല്ലം ആരെയും അലട്ടാതെ ഞാൻ എങ്ങനെ ഒക്കെയോ കഴിഞ്ഞുപോന്നു. ഇപ്പോൾ ആ കഴിവും ഇല്ലാതായിരിക്കുന്നു. ഇനി അങ്ങോട്ട് എങ്ങനെയാണു കഴിയുക എന്നാണ് എൻെറ മനസ്സു പതറിക്കൊണ്ടിരിക്കുന്നതു്. അതുകൊണ്ടാണു നിങ്ങൾക്കിങ്ങനെ ഒരു കത്തയക്കേണ്ടിവന്നതു്.

എനിക്കു വയസ്സ് എഴുപതു് ആയി. അമ്പതുകൊല്ലം മുഴുവൻ ഞാൻ തിരു–കൊച്ചിയിലാണു കഴിഞ്ഞതു്. ഈ മലബാറിൽ എനിക്കു പറയത്തക്ക പരിചയമേ ഇല്ല. ഇവിടെയുള്ളവർ എനിക്കു മിക്കവാറും അപരിചിതരാണ്. നിസ്സ്വനായി ദീനാവസ്ഥയിൽ കിടക്കുന്ന എനിക്കു് മനസ്സുകൊണ്ട് തിരു–കൊച്ചിയിലേക്കുതന്നെ നോക്കേണ്ടിയിരിക്കുന്നു. കുറ

ച്ചോരു ദയയോടെ എന്റെ കാര്യത്തിൽ വല്ലതും ചെയ്യേണ്ടതാണെന്നു് തിരു–കൊച്ചിയിലെ ഒരു ജനാധിപനായ നിങ്ങൾക്കു തോന്നുന്നില്ലേ?

തിരു–കൊച്ചിഗവൺമെന്റും ഇൻഡ്യാഗവൺമെന്റും എന്നെപ്പോലെയുള്ള ചില അന്യക്കു് ഭിക്ഷാദാനം ചെയ്യാറുണ്ടല്ലോ. അതു നിങ്ങൾ അറിയാത്തതല്ല. നിങ്ങൾ ആ ഗവൺമെന്റുകളെ പ്രേരിപ്പിച്ചാൽ അതിനു ഫലമുണ്ടാകുമെന്നതു തീർച്ചയാണു്. വേണമെങ്കിൽ നാട്ടുകാരെ ഒക്കെയും എന്റെ ദീനാവസ്ഥയെക്കുറിച്ചു് നിങ്ങളുടെ ഭാഷയിൽ അറിയിക്കുകയും ചെയ്യാം.

നിങ്ങൾക്കു സ്നേഹിതന്മാരും പരിചിതരുമായി വളരെപ്പേർ ഉണ്ടല്ലോ. അവരെയെല്ലാം അറിയിച്ചുകൊണ്ടു നിങ്ങൾക്കു് ഈ അവസരത്തിൽ എന്നെ സഹായിക്കാവുന്നതാണു്. അതു നിങ്ങൾ ചെയ്യുമോ?

എന്നു് നിങ്ങളുടെ മറുപടിക്കായി പ്രതീക്ഷിച്ചുകൊണ്ടു്,

കണ്ണൻ ജനാർദ്ദനൻ (ഒപ്പു്)

ഈ എഴുത്തുകൊണ്ടു വലിയ ഫലമൊന്നുമുണ്ടായില്ല. കെ. പി. കേശവമേനോനിൽനിന്നുമാത്രം അല്പം ഗുണാനുഭവത്തിനു് ഇടവന്നു. കത്തെഴുതി ഒരാഴ്ച കഴിഞ്ഞപ്പോൾ കഥാപുരുഷൻ രോഗത്തിനു നിശ്ശേഷം അടിമയായിത്തീർന്നു. അവയവങ്ങൾ നീരുകൊണ്ടതുമൂലം ദീനത ശതഗുണീഭവിച്ചു. ഹോമിയോപ്പതി നിർത്തി ആയുർവേദചികിത്സ തുടങ്ങി. കഷ്ടാൽ കഷ്ടമെന്നു പറയട്ടെ, ബോധമില്ലാതെവരുകയാൽ ജൂൺ 21–ാംനു രാത്രി അദ്ദേഹം കട്ടിലിൽനിന്നു താഴെവീണു. പിന്നീടദ്ദേഹം എണീററിരുന്നിട്ടില്ല. നീരുവന്നതു പൊട്ടി ദുസ്സഹമായ വേദനയും വർദ്ധിച്ചു. സോദരിയും ഭാഗിനേയികളും കനിവു തുളുമ്പിയ കരങ്ങളോടെ നിരന്തരം ശുശ്രൂഷിച്ചു. ഭർത്തൃഗേഹത്തിൽനിന്നും പെൺമക്കൾവന്നുകണ്ടുകൊണ്ടിരുന്നു. ദൂരസ്ഥനായ മകനു്, രോഗാക്രാന്തനായ അച്ഛനെ മരിക്കുന്നതുവരെ വന്നുകാണ്മാൻ സാധിച്ചില്ല. ജൂലൈ 6–ാംനു വൈകിട്ടു് 4 മണിയായപ്പോൾ മരണം ആസന്നമായ ലക്ഷണങ്ങൾ എല്ലാം കാണപ്പെട്ടുതുടങ്ങി. രാത്രി ഒമ്പതുമണിയോടുകൂടി ഹൃദയസമ്പന്നനായ ആ കൈരളീസേവകൻ ഇഹലോകവാസമുപേക്ഷിച്ചു.

**ഉപസംഹാരം**

സാഹിതീസേവനത്തിൽ ഇത്രത്തോളം ജീവിതാർപ്പണം ചെയ്ത ഒരു പ്രതിഭാശാലി, രോഗാർത്തി തെല്ലൊന്നു ശമിപ്പിക്കാൻ മരുന്നുവാങ്ങിക്കുന്നതിനുപോലും കാശില്ലാതെ വിഷമിച്ചതോക്കുമ്പോൾ അത്ഭുതം തോന്നിപ്പോകുന്നു. മേനോൻെറ പകുജീവിതകാലത്തെ പ്രയത്നത്തിൻെറ ഫലത്തിൽ ഒരംശംപോലും അന്തിമാവസരത്തിൽ അദ്ദേഹത്തിനു് കിട്ടാതെപോയതു് അദ്ദേഹത്തിൻെറ ധൂർത്തുകൊണ്ടാണെന്നു് പറയുന്നവരുണ്ടായിരിക്കാമെങ്കിലും, ആ സാഹിതീഭക്തൻെറ പേനത്തുമ്പുണങ്ങുവോളം കറന്നെടുത്ത പുസ്തകശാലക്കാർ—ഇപ്പോഴും നൂറുകണക്കിനു് അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾമൂലം വരുമാനം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പുസ്തകമുതലാളികൾ—ജീവിതത്തോടു യാത്രപറയുന്ന ആ ദയനീയവേളയിൽ, ആ സാഹിത്യാരാധകനെ ഒന്നു തിരിഞ്ഞുനോക്കാൻപോലും കൂട്ടാക്കാതെ പോയതു് കൃതഘ്നതയുടെ മൂർത്തിമദ്ഭാവമെന്നേ പ്രസ്താവിക്കേണ്ടൂ. ഇതുസംബന്ധിച്ചു്, ആയിടയ്ക്കിറങ്ങിയ മാതൃഭൂമിയിൽ ഒരു ലേഖകൻ എഴുതിയിരുന്നതീവിധമാണു്: ''സാഹിത്യത്തിനും സംസ്കാരത്തിനുംവേണ്ടി ആത്മാഹൂതിചെയ്ത ഒരു മനുഷ്യൻ, പ്രസ്തുത രംഗത്തുനിന്നും വിരമിക്കുമ്പോൾ, ദൈനംദിനാവശ്യങ്ങൾപോലും നിർവ്വഹിക്കുന്നതിനു് നിവൃത്തികാണാതെ വിഷമിക്കേണ്ടിവരുന്നുണ്ടെങ്കിൽ അതു് ഏററവും ദയനീയമാണു്....അമ്പതോളം പുസ്തകങ്ങളുടെ ഉടമസ്ഥനായ, ജനസമ്മതനായ, ഒരു സാഹിത്യകാരൻ അന്ത്യത്തിൽ അഹർവൃത്തിക്കുകൂടി വഴിയില്ലാതെ ഇന്നാട്ടിൽ നരകിക്കേണ്ടിവരുന്നു!...കൺഫ്യൂഷ്യസ് ഒരവസരത്തിൽ ചോദിക്കുകയുണ്ടായി, ജീവിച്ചിരിക്കുന്ന സഹോദരന്മാരെ പൂജിപ്പാൻ കഴിയാത്തവക്കുണ്ടോ മരിച്ചുപോയ പിതൃക്കളെ ആരാധിക്കാൻ കഴിയുന്നു എന്നു്. സാഹിത്യകാരൻെറ ചരമത്തിൽ അനുശോചനപ്രമേയങ്ങളുടെ ഒരു വെള്ളപ്പൊക്കം സൃഷ്ടിക്കുന്നതിൽ നാം സമർത്ഥന്മാരാണു്. എന്നാൽ ശ്രീ. ഏ. ബാലകൃഷ്ണപിള്ള പറഞ്ഞതുപോലെ, അയാൾ ജീവിച്ചിരിക്കുമ്പോൾ അയാളുടെ വിയർപ്പിൻെറ വിലകൊടുക്കാൻകൂടി നാമൊട്ടും സന്നദ്ധരല്ല

താനും. സാഹിത്യത്തിലെ അസുഖകരമായ ഈ പരിതസ്ഥിതിക്ക് ആവുന്നവേഗം ഒരു മാററം ഉണ്ടായേ കഴിയൂ.''

കണ്ണൻജനാർദ്ദനനെപ്പററി മാതൃഭൂമി പരസ്യംചെയ്ത മുഖലേഖനത്തിൽ എന്താണു പറഞ്ഞിരിക്കുന്നതെന്നു നോക്കുക: ''ജീവിതംപോലെതന്നെ ശ്രദ്ധേയമാണ് കണ്ണൻജനാർദ്ദനൻെറ മരണവും. സാഹിതീസേവകന്മാരെ സംബന്ധിച്ച ദയനീയമായ ഒരു വസ്തുതയും താക്കീതും അതിലുൾക്കൊള്ളുന്നു. ദുസ്സഹമായ സാമ്പത്തികഞെരുക്കവും ക്ലേശങ്ങളും അന്ത്യദശകത്തിൽ അദ്ദേഹം അനുഭവിച്ചു. അമ്പതിലധികം എണ്ണപ്പെട്ടപുസ്തകങ്ങളുടെ രചയിതാവിനു സാമ്പത്തികക്ലേശങ്ങളിത്രയേറെ അനുഭവിക്കേണ്ടിവന്നുവെന്ന വസ്തുത മലയാളഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തേയും പ്രസാധനത്തേയും സംബന്ധിച്ച ചില യാഥാർത്ഥ്യങ്ങളിലേയ്ക്ക് ഭാഷാപ്രണയികളുടെ ശ്രദ്ധ തിരിക്കേണ്ടതാണ്. സാഹിത്യവ്യവസായത്തിലെന്നപോലെ ക്ലേശസഹിഷ്ണുതയിലും കണ്ണൻ ജനാർദ്ദനൻ അസാമാന്യനാണ്. സാഹിത്യത്തിലെ അനന്തരതലമുറയ്ക്ക് അദ്ദേഹത്തിൻെറ ജീവിതവും നേട്ടങ്ങളും ആവേശകരമായിരിക്കും.''

മഹാകവി ചങ്ങമ്പുഴ ഉൾപ്പെടെ രണ്ടാമത്തെ അനുഭവപാഠമായി ഇതു് തൃഷിതസർവ്വന്മാരായ സാഹിത്യകൃത്തുകൾ ഓർമ്മവെച്ചുകൊള്ളട്ടെ! ഏതാദൃശങ്ങളായ തിക്താനുഭവങ്ങളിൽനിന്നു് ഭാവിപരിപാടികൾ മധുരഫലമേകട്ടെ! പത്രപ്രവർത്തനരംഗത്തും ഗദ്യസാഹിത്യസരണിയിലും മായാത്ത മുദ്രകൾ പതിച്ചു് മൺമറഞ്ഞ ആ സാഹിത്യനായകൻ്റെ സ്മരണ കൈരളിയുള്ളകാലംവരെ നിലനില്പതാക!

# പ്രഫെസ്സർ പി. ശങ്കരൻനമ്പ്യാർ

ശ്രീ ശങ്കരൻനമ്പ്യാർ എൻെറ ഗുരുനാഥനായിരുന്നു. അദ്ദേഹത്തിൻെറ നാമസ്മരണമാത്രയിൽ അനിരുദ്ധാവഹമായ ഭക്തിപാരവശ്യം മാത്രമല്ല എൻെറ ഉൾക്കളത്തിൽ ഉദയം ചെയ്യുന്നതു്; ആധ്മാതമായ ആരാധനം—ആത്മവിസ്മൃതികരമായ ആരാധനം,—അതാണു് എൻെറ ഹൃദയാന്തർഭാഗത്തുനിന്നും കുതിച്ചുയരുക. ചങ്ങനാശ്ശേരി സെൻറ് ബക്കുമൻസ് കാളേജിൽ ഞാനുൾപ്പെടെയുള്ള 200ൽ ചില്വാനം വിദ്യാർത്ഥികൾ ജൂണിയർ ഇൻറർ തരണംചെയ്തു് സീനിയർക്ലാസ്സിൽ പ്രവേശിച്ചിരിക്കുന്ന അവസരം. മർച്ചൻറ് ഓഫ് വെനീസ് **(Merchant of Venice)** ആണു് പഠിക്കാനുണ്ടായിരുന്ന ഷേക്സ്പീയറുടെ നാടകം. വ്യാഘ്രഭാവനായ ശ്രീ. കുളന്തസ്വാമി അതിൽ മൂന്നങ്കം (Acts) തലേക്കൊല്ലം പഠിപ്പിച്ചു കഴിഞ്ഞു എന്നു് അവകാശപ്പെട്ടുകൊണ്ടു്, നാലാമത്തെ അങ്കം തുടങ്ങാൻപോവുകയാണു്. മൂന്നങ്കമെന്നല്ല ആദ്യാങ്കത്തിന്റെ ആദ്യത്തെ വരിപോലും മനസ്സിലായില്ലെന്നു് ഞങ്ങളും പിറുപിറുക്കുന്നു. പിറുപിറുക്കയല്ലാതെ എന്തു ഗതി? വെറും ബി. എ.ക്കാരനായ കുളന്തസ്വാമിക്കു് കാളേജിൽ പഠിപ്പിക്കാൻ അനുവാദംകൊടുത്ത അധികൃതർ, അദ്ദേഹം പഠിപ്പിച്ചതു മനസ്സിലായില്ലെന്നു പറഞ്ഞാൽ കേൾക്കാൻ തയ്യാറാകുമോ? മനസ്സിലാകാത്തതു് അദ്ദേഹത്തിൻെറ കുററമോ? ഞങ്ങളുടെ തരക്കേടല്ലേ? ശ്രീ. കുളന്തസ്വാമിയുടെ സ്റ്റാൻഡാർഡിൽ ലഘുബുദ്ധികളായ ഞങ്ങൾ എത്തിയിട്ടില്ലെന്നു സാരം.

ഇങ്ങനെ വിഷമിച്ചിരിക്കെ ഒരുദിവസം കേട്ടു, എറണാകുളം മഹാരാജാസ് കാളേജിൽനിന്നും വരുത്തിയിട്ടുള്ള പ്രഫെസ്സർ ശങ്കരൻനമ്പ്യാരാണു് ഇനിമേൽ ഞങ്ങളെ ഷേക്സ്പീയർ പഠിപ്പിക്കാൻപോകുന്നതെന്നു്. പ്രഫെസ്സർ നമ്പ്യാരാരെന്നു് ഞങ്ങൾക്കറിവില്ല. കുളന്തസ്വാമിക്കുപകരം വേറൊരു കുളന്തസ്വാമിയായിരിക്കാം, നിരാശരായ ഞങ്ങൾ

മുൻവിധി കല്പിച്ചു. ഷേക്സ്പീയർക്ലാസ്സുതുടങ്ങുവാനുള്ള ബല്ലടിച്ചു. ഞങ്ങൾ ആകാംക്ഷാഭരിതരായി. അപ്പോൾ, ഓക്സ്ഫോർഡുക്രാപ്പുചെയ്ത പുറകോട്ടു ചീകിവച്ച നിബിഡമായ മുടി, ഇളംമഞ്ഞ സിൽക്കുകോട്ട്, വെയിസ്റ്റ്കോട്ട്, ട്രൗസ്സർ, മിനുങ്ങുന്ന ബൂട്സ്, വെള്ളക്കല്ലുവച്ച സ്വർണ്ണക്കുടുക്കൻ, കൈക്കോട്ടിൽ ഒരുട്ടക്കു പുസ്തകം; ഇത്രയും വേഷവിധാനങ്ങളോടുകൂടിയ, സുസ്മേരവദനനായ, ആജാനുബാഹുവായ ആ പുരുഷപുംഗവൻ വാതിൽ കടന്നു് പ്ലാററുഫാറത്തിൽ കയറി നിന്നു. പുരുഷതയുടെ പൂർണ്ണഭാവം! പരിഷ്കാരത്തിൻെറ പരമരൂപം! ഞങ്ങൾ പതിവുപോലെ എഴീററു. ശാന്തഗംഭീരമായ ആ വദനബിംബത്തിൽനിന്നും നിർഗ്ഗളിതമായി, മൃദുസ്മേരവും 'sit down' എന്ന വാക്കുകളും ഒരുമിച്ചു്. ഞങ്ങൾ ഇരുന്നു.

"Well, I shall take Merchant of Venice for you"

"സാർ, ആദ്യംമുതല്ലേ എടുക്കേണം."

"Yes, I shall teach you from the beginning, but speedily up to the 3rd Act as I am told that it has been taught to you already."

ഞങ്ങൾ പിന്നൊന്നും മിണ്ടിയില്ല. അദ്ദേഹം ക്ലാസ്സു തുടങ്ങി. ഷേക്സ്പീയർ ആരെന്നു് ആദ്യം പഠിപ്പിച്ചു. എന്തെല്ലാം കാര്യങ്ങൾ ഒരു പീരിയേഡ്കൊണ്ടു് അദ്ദേഹം മനസ്സിലാക്കിത്തന്നു എന്നോ? പ്രൗഢമായ ആശയം ലളിതമായ ഭാഷയിൽ. അന്നുമുതൽ വിദ്യാൎത്ഥികളായ ഞങ്ങൾക്കു് നമ്പ്യാർസാർ പ്രാണാധികപ്രാണനായി. അദ്ദേഹത്തിൻെറ ക്ലാസ്സുകൾ അടുത്തടുത്തു വരാൻ ഞങ്ങൾ കൊതിച്ചു. ക്ലാസ്സില്ലെങ്കിലും തത്സാമീപ്യം അഭിലഷിച്ചും ഞങ്ങൾ അദ്ദേഹത്തിന്റെ വസതിയിൽ പോകാൻതുടങ്ങി. ചില ദിവസങ്ങളിൽ അദ്ദേഹം കൂട്ടുകാരായ പ്രഫസ്സർ കെ. ശങ്കരപ്പിള്ള, ധരസ്വാമിശൎമ്മ ഇവരുമൊന്നിച്ചു് ഞങ്ങളുടെ ഹോസ്റ്റലിൽവന്നു് പ്രതിസന്ദർശനവും നടത്തി. ആ ഒരാണ്ടു് ഒരു മധുരസ്വപ്നംകണക്കെ ഞങ്ങൾക്കേവൎക്കും ആനന്ദാനുഭൂതിയരുളി.

## ബാല്യവും വിദ്യാഭ്യാസവും

ക്രിസ്ത്വാബ്ദം 1892 ജൂൺ 10-ാംനു-(കൊ.വ. 1067 ഇടവം 31-ാംനു-) പൂരാടംനക്ഷത്രത്തിൽ തൃശ്ശൂരുള്ള വെളിയന്നൂരിൽ പുഷ്പകത്തു് എന്ന ഭവനത്തിൽ ശ്രീ. ശങ്കരൻനമ്പ്യാർ ജനിച്ചു. നമ്പ്യാരുടെ അച്ഛൻെറപേർ പരമേശ്വരൻനമ്പ്യാർ എന്നും അമ്മയുടെപേർ പാർവ്വതിബ്രാഹ്മണിഅമ്മ എന്നും ആയിരുന്നു. ഈശ്വരവിശ്വാസംകൊണ്ടു് മനുഷ്യഹൃദയത്തിനുണ്ടാകാവുന്ന ആശ്വാസത്തിനും ധൈര്യത്തിനും ഒരു പ്രത്യക്ഷോദാഹരണമായിരുന്നു ആ മാതാവു്. ഏതാപത്തിലും പതറാത്ത ഹൃദയവും സുസ്മേരവദനവും ആ സാധ്വിക്കു കൂടപ്പിറവിയായിരുന്നു., നമ്പ്യാരെ നേരിൽക്കണ്ടു് പരിചയപ്പെടുവാൻ സാധിച്ചിട്ടുള്ളവക്കറിയാം ഈ ഗുണങ്ങൾ എത്രമാത്രം ആ അമ്മ സ്വപുത്രനിൽ പകന്നിരുന്നു എന്നു്. നമ്പ്യാർക്കു പിന്നീടു വന്നുചേന്ന സാഹിത്യവാസനക്കു കാരണക്കാരിയും മാതാവായിരുന്നു എന്നതു നിസ്തക്കമത്രേ. അവർ പഠിപ്പിച്ച കീത്തനങ്ങളും പുരാണശ്ലോകങ്ങളും ആണു് നമ്പ്യാരുടെ സാഹിത്യപ്രവണതക്കു് അടിസ്ഥാനം. ശൈശവത്തിൽത്തന്നെ മാതാപിതാക്കന്മാർ കുട്ടനെ (കുട്ടനെന്നാണു് വീട്ടിൽ മുതിന്ന ആളുകൾ നമ്പ്യാരെ വിളിച്ചിരുന്നതു്) എഴുത്തിനിരുത്തി. എട്ടാമത്തെ വയസ്സായപ്പോൾ കുട്ടൻ സാംസ്കൃതത്തിലും മലയാളത്തിലുമുള്ള പ്രാഥമികപാഠങ്ങൾ എല്ലാം വീട്ടിലിരുന്നു പഠിച്ചുതീത്തു. കുട്ടൻ ശരിയായ സ്കൂൾവിദ്യാഭ്യാസം തുടങ്ങുന്നതു് 8-ാമത്തെ വയസ്സിലാകുന്നു. 12-ാമത്തെ വയസ്സിലാണു് ഇംഗ്ലീഷ്പഠിത്തമാരംഭിച്ചതു്. തൃശ്ശൂർ സക്കാർ ഹൈസ്കൂളിലായിരുന്നു കുട്ടൻെറ ഇംഗ്ലീഷ്വിദ്യാഭ്യാസം. 'സ്കൂൾഭ്രാന്തം' വളരെ നിഷിദ്ധമായിരുന്ന അന്നൊക്കെ വൈകുന്നേരം അണ്ടിപ്പാസ്സുകളിച്ചു് താമസിച്ചു വീട്ടിലെത്തി പുസ്തകം പുറംതിണ്ണമേൽ എറിഞ്ഞു് കുളത്തിൽപോയി ഒരു കാക്കക്കുളിയും കുളിച്ചു് വിശന്നുവലഞ്ഞു് അട്ടുക്കളയിൽ എത്താറുള്ള അക്കാലങ്ങളെ നമ്പ്യാർ പിന്നീടു് ആഹ്ലാദപൂർവ്വം ഓർത്തു് അയവിറക്കുക പതിവായിരുന്നു. 1910-ൽ 18-ാമത്തെ വയസ്സിൽ നമ്പ്യാർ മട്രിക്കുലേഷൻപരീക്ഷ ഒന്നാംക്ലാസ്സിൽ പാസ്സായി.

മട്രിക്കലേഷൻപരീക്ഷ ജയിച്ചതോട്ടുകൂടി നമ്പ്യാർ സംസ്കൃതത്തിലും അസാമാന്യവ്യുത്പത്തി നേടി. മട്രിക്കലേഷന്റെ താഴത്തെക്ലാസ്സിൽ പഠിക്കുമ്പോഴാണ് നമ്പ്യാർ തന്റെ സുപ്രസിദ്ധമായ 'പാലാഴിമഥനം ചമ്പു' രചിച്ചതു്. നമ്പ്യാർ തൃശ്ശൂർ സർക്കാർ ഹൈസ്കൂളിൽ പഠിക്കുമ്പോൾ പ്രശസ്ത പണ്ഡിതവരേണ്യനായ ആററൂർ കൃഷ്ണപ്പിഷാരടി അവർകളായിരുന്നു അവിടത്തെ മലയാളംപണ്ഡിററു്. ഈ വിവരം ഈ അട്ടത്തനാളിൽ ആററൂർതന്നെ എന്നോട്ട് പറയുകയുണ്ടായി. ശിഷ്യനായ നമ്പ്യാർ കട്ടിക്കാലത്തേ പ്രദർശിപ്പിച്ച അസാമാന്യപ്രതിഭാവിലാസത്തെപ്പററി ആ പണ്ഡിതോത്തംസം എന്നോട്ട വിവരിച്ചു പറഞ്ഞു. 'പാലാഴിമഥനം ചമ്പു'തന്നെ അതിനു മകുടോദാഹരണമെന്നു വിശിഷ്യ പ്രസ്താവിക്കേണ്ടതില്ലല്ലോ.

മട്രിക്കലേഷൻ ജയിച്ചപ്പോൾ നമ്പ്യാർ എറണാകുളം മഹാരാജാസ്കാളേജിലാണ് ഇന്റർമീഡിയറ്റിനു ചേർന്നതു്. നാച്ചുറൽ സയൻസ് ഐച്ഛികമായെടുത്തു് ഒന്നാംക്ലാസ്സോട്ടുകൂടി 1912-ൽ അദ്ദേഹം ഇന്റർമീഡിയററു പാസ്സായി. ഇന്റർമീഡിയററ് ജയിച്ച ഉടനെ നമ്പ്യാക്ക് മദ്രാസ് മെഡിക്കൽ കാളേജിൽ അഡ്മിഷൻ കിട്ടി. പക്ഷേ, ക്ലാസ്സിൽ ചെന്ന ആദ്യത്തെദിവസംതന്നെ നമ്പ്യാർ മടുത്തു. എം. ബി. ബി. എസ്. ബിരുദം കരസ്ഥമാക്കുന്നതിന് വേണ്ടിയിരുന്ന കാലദൈർഘ്യത്തിന്റെ സ്മരണ മാത്രമായിരുന്നില്ല അതിനു കാരണം. പരിഷ്കൃതാശയനായ നമ്പ്യാർ ബാഹ്യമായും ആന്തരികമായും സൗന്ദര്യത്തെ ആരാധിച്ചിരുന്നു. ദുർഗ്ഗന്ധവും വൈരൂപ്യവും അദ്ദേഹത്തിന് അനിഷ്ടമായിരുന്നു. വേദനയും രോദനവും അദ്ദേഹത്തിന് അസഹനീയമായിരുന്നു. മെഡിക്കൽ കാളേജിൽ സൗന്ദര്യാരാധനത്തിന് തെല്ലും സ്ഥാനമില്ല. അതുകൊണ്ടദ്ദേഹം തീരുമാനിച്ചു, വൈദ്യശാസ്ത്രപഠനം തനിക്കു പററിയതല്ലെന്നു്. അട്ടത്തദിവസംതന്നെ കഥാപുരുഷൻ മദ്രാസ് പ്രസിഡൻസി കാളേജിൽ ഓണേഴ്സ് ക്ലാസ്സിൽ ചേരുന്നതിന് അപേക്ഷകൊട്ടുത്തു. ആംഗലഭാഷാസാഹിത്യമായിരുന്നു ഓണേഴ്സിനു് നമ്പ്യാർ തിരഞ്ഞെടുത്ത വിഷയം. പ്രസിഡൻസികാളേജിലെ നമ്പ്യാരുടെ വിദ്യാഭ്യാസകാലം

ശോഭനമായിരുന്നു എന്നാണ് അറിയപ്പെട്ടുന്നതു്. കാളേജിലെ സാഹിത്യസമാജങ്ങളിലും മററും തൻെറ നിസർഗ്ഗസിദ്ധമായ വാക്ചാതുരിമൂലം അസൂയാർഹമായ ഒരു സ്ഥാനം നമ്പ്യാർ നേടി. പ്രഫസ്സർമാരുടെ കണ്ണിലുണ്ണിയായിരുന്നു അന്നു് നമ്പ്യാർ. ബാഹ്യസംസ്കാരത്തിലും ആന്തരസംസ്കാരത്തിലും പ്രത്യേകം ദത്തദൃഷ്ടിയായിരുന്ന ആ സുന്ദരനായ യുവവിദ്യാർത്ഥിയെ കലാലയത്തിൽ ഏവരും ഇഷ്ടപ്പെട്ടതിൽ വിസ്മയിക്കാനില്ലല്ലോ.

1915-ൽ പ്രസിഡൻസിയിൽ ഒന്നാമനായി നമ്പ്യാർ ഓണേഴ്സ് പാസ്സായി. അങ്ങനെ അനേകായിരം ആതുരന്മാക്ക് ആശ്വാസമരുളേണ്ടിയിരുന്ന ആ കരം അസംഖ്യം സഹൃദയന്മാക്ക് അനന്തമായ ആനന്ദമിയററുമാറു് കൈരളീശുശ്രൂഷണത്തിനു് സജ്ജമാക്കപ്പെട്ടു. മദ്രാസ്സർവ്വകലാശാലയിൽ ഓണേഴ്സിനു് ഏററവും കൂടുതൽ മാക്കു വാങ്ങിക്കുന്ന വിദ്യാർത്ഥിക്കു നല്കപ്പെട്ടുന്നമെഡൽ നമ്പ്യാക്കാണു് അക്കൊല്ലം ലഭിച്ചതെന്നുകൂടി ഈ അവസരത്തിൽ പ്രസ്താവ്യമാണു്.

## ഔദ്യോഗികജീവിതം

ഓണേഴ്സ് പാസ്സായ 1915-ൽത്തന്നെ ശ്രീശങ്കരൻനമ്പ്യാർ കോട്ടയം സി. എം. എസ്. കാളേജിൽ ഇംഗ്ലീഷ് ലക്ച്ചററായി നിയമിക്കപ്പെട്ടു. മാക്‌വിക്കാർസായ്പിൻെറ തിരോഭാവംമൂലം സമത്ഥനായ ഒരു ഇംഗ്ലീഷദ്ധ്യാപകനെ സി. എം. എസ്. കാളേജ്കാക്കു് ആവശ്യമായിരുന്നു. സാധാരണമായി സായ്പന്മാക്കമാത്രം ലഭിച്ചുകൊണ്ടിരുന്ന ഒന്നാണു് പ്രസ്തുത കാളേജിലെ ഹൂണഭാഷാധ്യാപകത്വം. തൻെറ അന്യാദൃശനൈപുണി—പ്രശസ്തവിജയം—മാത്രമായിരുന്നു നമ്പ്യാർക്കു് സി. എം. എസ്. കാളേജിൽ പ്രവേശനംകിട്ടുവാൻ കാരണമാക്കിയതു്. 1915 മുതൽ 1919 വരെ നമ്പ്യാർ സി. എം. എസ്.ൽ ജോലിയിലിരുന്നു. സരസശിരോമണിയായ സ്വഗുരുവിനെപ്പററി, അന്നത്തെ ശിഷ്യാഗ്രഗണ്യരിൽ ഒരാളായ ഈ. വി. കൃഷ്ണപിള്ള പറഞ്ഞിട്ടുള്ളതിപ്രകാരമാണു്: "പ്രഫസ്സർ പി. ശങ്കരൻനമ്പ്യാർ തൃശ്ശൂർ സ്വദേശിയാണു്. മാക്‌വിക്കാർസായ്പിൻെറ പെട്ടെന്നുള്ള പോക്കിൽ ഇദ്ദേഹത്തെ

കോട്ടയം കാളേജിൽ ഒരു ലക്ച്ചററായി നിയമിച്ചു. സംസ്കൃതത്തിൽ അസാമാന്യ വ്യുത്പത്തിയുള്ള മി. നമ്പ്യാർ ചെറുപ്പത്തിൻെറ സ്വാരസ്യവും സാഹിത്യമാധുരിയും തൻെറ വേഷത്തിൽ പ്രതിഫലിപ്പിച്ചിരുന്നു. സ്ത്രീകളെപ്പോലെ കമ്മൽ മാത്രമല്ല, കൈകളിൽ കാപ്പും അദ്ദേഹത്തിനുണ്ടായിരുന്നു. പരീക്ഷയ്ക്കു പഠിപ്പിക്കുവാൻ നല്ലതുപോലെ അറിയാം. തൻെറ അഗാധപാണ്ഡിത്യത്തെപ്പററി തനിയെ വലിയ മതിപ്പുമാണ്."

സി. എം. എസ്. കാളേജ് വിട്ടതിനുശേഷം ശ്രീ. നമ്പ്യാർ തൃശ്ശൂർ സെൻററ് തോമസ് കാളേജിൽ പ്രവേശിച്ചു. 1919 മുതൽ 1925 വരെ ആറുകൊല്ലം മി. നമ്പ്യാർ ആ കലാലയത്തിൽ ഇംഗ്ലീഷ് പ്രഫസ്സർ, വൈസ് പ്രിൻസിപ്പൽ, പ്രിൻസിപ്പൽ എന്നീ വിവിധനിലകളിൽ സ്ഥിതിചെയ്തു. ഗവമ്മേൻറുസവ്വീസിൽ പ്രവേശിക്കുന്നതു് 1925–ാമാണ്ടാണ്. 1100 മിഥുനം 3–ാംതീയതി അദ്ദേഹം എറണാകുളം മഹാരാജാസ് കാളേജിലെ ഒന്നാംഗ്രേഡ് അസി. ഇംഗ്ലീഷ് പ്രഫസ്സരായി നിയമിതനായി. ഒരുകൊല്ലം കഴിഞ്ഞപ്പോൾ രണ്ടാം ഗ്രേഡ് പ്രഫസ്സർ പദവിയിലേക്കു് അദ്ദേഹം ഉയത്തപ്പെട്ടു. (250—400 വരെ ഗ്രേഡിൽ.)

മേൽപ്രകാരം മൂന്നുകൊല്ലം പോയപ്പോൾ, ചങ്ങനാശ്ശേരി സെൻറുബക്കുമൻസുകാളേജധികാരികൾ തങ്ങളുടെ കാളേജിലെ ഇംഗ്ലീഷ്പ്രഫസ്സർസ്ഥാനത്തേയ്ക്കു് അദ്ദേഹത്തെ ക്ഷണിച്ചുകൊണ്ടുപോയി. ഈ എഴുത്തുകാരനും അന്നു് സെൻറുബക്കുമൻസ്കാളേജിലെ അദ്ധ്യേതാവായി കഴിയുകയാണ്. ആയിടയ്ക്കു് സെൻറുബക്കുമൻസ്കാളേജിൽ വാസ്തവത്തിൽ ഇംഗ്ലീഷിനു് ഒരു പ്രഫസ്സർ ഉണ്ടായിരുന്നില്ല. തിരുവനന്തപുരം സെൻററ് ജോസഫ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ പദത്തിൽനിന്നും ഉപരമിച്ച ഒരു ശ്രീ. കുളന്തസ്വാമിയായിരുന്നു ഇംഗ്ലീഷിനു് അവിടത്തെ പ്രധാനാദ്ധ്യാപകൻ. അന്നത്തെ പ്രിൻസിപ്പലായിരുന്ന റവ: മാത്യുപുരയ്ക്കലും ഇംഗ്ലീഷ് വല്ലതുമൊക്കെ ഇൻറർമീഡിയറിനും ബി. എ.യ്ക്കും പഠിപ്പിക്കുമായിരുന്നു. ഇതൊന്നുമല്ലായിരുന്നു നേരംപോക്ക്. സ്വൎഗ്ഗപുരുഷൻെറ അനന്തരഗാമിയായി, ഇപ്പോൾ തൃശ്ശൂർ കേരളവൎമ്മ കാളേജിലെ പ്രിൻസിപ്പലായിരിക്കുന്ന ശ്രീ. എ. വി. അഖിലേശ്വ

രയ്യർ എം. എ. അക്കാലത്തു് സെൻറുബക്കുമൻസ് കാളേജിലെ ചരിത്രലക്ചറായിരുന്നു. അദ്ദേഹത്തെക്കൊണ്ടുകൂടിയാണു് കലാലയാധികൃതർ ഇംഗ്ലീഷ് പഠിപ്പിച്ചുവന്നതെന്നു പറയുമ്പോൾ, ചങ്ങനാശ്ശേരികാളേജിലെ ഇംഗ്ലീഷദ്ധ്യാപനത്തിൻെറ ഏതാണ്ടൊരു രൂപം വായനക്കാർക്കു് ഗ്രഹിക്കാൻ കഴിയുമല്ലോ. സമർത്ഥനായ നമ്പ്യാരെ ഡപ്യൂട്ടേഷനായി കൊടുക്കാമെന്നു് കൊച്ചി വിദ്യാഭ്യാസവകുപ്പു സമ്മതിച്ചതു് സെൻറുബക്കുമൻസുകാളേജധികൃതരെ ആനന്ദപുളകിതരും സംതൃപ്തരുമാക്കി. അദ്ദേഹം സെൻറുബക്കുമൻസിൽ വന്നതോടുകൂടി അസംതൃപ്തരായിരുന്ന വിദ്യാർത്ഥികളുടെയിടയിൽ ഒരു നവോന്മേഷം ഉദിതമായി. 1928 മുതൽ 1931വരെ ശ്രീ. നമ്പ്യാർ ബക്കുമൻസിലെ ഇംഗ്ലീഷ് പ്രഫസ്സറായി പണിയെടുത്തു.

ബക്കുമൻസിൽ ശ്രീ. നമ്പ്യാരുടെകീഴിൽ പഠിച്ച ആരും തന്നെ അദ്ദേഹത്തെയോ അദ്ദേഹം പഠിപ്പിച്ച പാഠങ്ങളേയോ മറക്കാനിടയില്ല. ഇൻറർക്കു് Merchant of Venice അദ്ദേഹം ഇന്നലെ പഠിപ്പിച്ചുപോയപോലെ എനിക്കിപ്പോഴും തോന്നുന്നു. ഞങ്ങളെല്ലാം ഷേക്സ്പീയരുടെ പോഷ്യാ പുരുഷവേഷമണിഞ്ഞ വക്കീലിൻെറ (Bellaris) പ്രതിരൂപമാണു് അന്നു നമ്പ്യാർമാസ്റ്ററിൽ ദർശിച്ചതു്. ആ കല്ലുവച്ച ഹേമകുണ്ഡലവും, മുഖമോഹനതയും, വാക്ചാതുരിയും പോർഷ്യായുടെ മുഗ്ദ്ധരൂപം ഞങ്ങളുടെ മനോമുകുരത്തിൽ പ്രതിഫലിപ്പിച്ചതിൽ വിസ്മയിക്കാനില്ല.

"The quality of mercy is not strained;
It droppeth as the gentle rain from heaven
Upon the place beneath; it is twice blessed;
It blesseth him that gives and him that takes."

എന്ന സുപ്രസിദ്ധ കവിതാഭാഗം എത്ര തന്മയത്വേന അദ്ദേഹം പഠിപ്പിച്ചെന്നോ? ഇംഗ്ലീഷ് ഭാഷയിലെ ശരിയായ ഉച്ചാരണം അന്നുമുതല്ക്കാണു് ഞങ്ങൾ മനസ്സിലാക്കിത്തുടങ്ങിയതു്. Suggestion എന്നവാക്കു് 'സജഷൻ' എന്നല്ല 'സജസ്റ്റിയൻ' എന്നാണു് ഉച്ചരിക്കേണ്ടതു് എന്നിത്യാദി അദ്ദേഹം എന്തെല്ലാം പഠിപ്പിച്ചു! ഷേക്സ്പീയർ എടുക്കുമ്പോൾ കാളിദാസ

കൃതികളിൽനിന്നും സാന്ദർഭികമായി എന്തെല്ലാം ഉദ്ധരിച്ചു് അദ്ദേഹം ഞങ്ങളെ മനസ്സിലാക്കി. ആ വാങ്മയസുധ അദ്ധ്യേതാക്കളായ ഞങ്ങളുടെ കാതുകളിൽ പകൎന്ന ആനന്ദലഹരി വാചാമഗോചരമത്രേ!

ഡെപ്യൂട്ടേഷൻകാലം തീൎന്നപ്പോൾ ശ്രീ. നമ്പ്യാർ വീണ്ടും എറണാകുളം മഹാരാജാസ് കാളേജിലേയ്ക്കുപോയി. അവിടെച്ചെന്നു് പത്തുകൊല്ലത്തിനകം കഥാപുരുഷൻ (1941ൽ) ആ കലാലയത്തിലെ പ്രിൻസിപ്പലായി. 1941 മുതൽ 1947വരെ അട്ടത്തുൺപററിപിരിയുന്നതുവരെ അദ്ദേഹം പ്രിൻസിപ്പലായി തുടൎന്നു. ഈ കാലഘട്ടത്തിനിടയ്ക്കു് ശ്രീ. ഐ. എൻ. മേനോനുപകരം ഒന്നിലധികം പ്രാവശ്യം അദ്ദേഹം വിദ്യാഭ്യാസഡയറക്ടറായി ആക്ററു് ചെയ്യുകയുമുണ്ടായിട്ടുണ്ടു്. ഇരുപത്തിരണ്ടുകൊല്ലത്തെ ശോഭനമായ സൎക്കാർസേവനത്തിനു ശേഷം 1947 ജൂൺ 10–ാംതീയതി അദ്ദേഹം സൎവ്വീസിൽനിന്നും വിരമിച്ചു.

റിട്ടയർചെയ്തിട്ടും ശ്രീ. നമ്പ്യാൎക്കു് വെറുതെയിരിക്കാൻ മനസ്സുതോന്നിയില്ല. കാർമുകിലുകളിൽനിന്നും ലഭിക്കുന്ന നറും തോയം തീരദേശങ്ങൾക്കു നല്കാൻ ഒഴുകിക്കൊണ്ടിരിക്കുന്ന നദിക്കു് പ്രവാഹം അവസാനിപ്പിക്കുവാനൊക്കുമോ? വിജ്ഞാനസംഭരണം തൊഴിലാക്കിയിട്ടുള്ള ശ്രീ. നമ്പ്യാൎക്കും തനിക്കുകിട്ടുന്ന അറിവു് ശിഷ്യഗണങ്ങളുടെ കാതുകളിൽ പകൎന്നുകൊടുക്കാൻ അവസരം ലഭിച്ചില്ലെങ്കിൽ വീൎപ്പുമുട്ടുണ്ടാകും. ഈ സ്വഭാവം ഞാൻ വേറൊരുമഹാനിൽക്കൂടി കാണുകയുണ്ടായിട്ടുണ്ടു്. അതു് എനിക്കേറ്റവും ആദരവുള്ള എന്റെ ഗുരുനാഥൻ ശ്രീ. പി. ജി. സഹസ്രനാമയ്യരിലാണു്. ഈ എഴുപതാംകാലത്തിലും അദ്ദേഹം അദ്ധ്യാപനത്തിൽനിന്നും പിൻവാങ്ങിയിട്ടില്ല. ശ്രീ. നമ്പ്യാരും പെൻഷൻ വാങ്ങിക്കൊണ്ടു് കേരളവൎമ്മ കാളേജിലേക്കു കടക്കുകയാണു ചെയ്തതു്. യഥാൎത്ഥത്തിൽ ശ്രീ. നമ്പ്യാർതന്നെയാണു്, ഇന്നു് ദക്ഷിണേന്ത്യയിൽ ഒരുത്തമ കലാലയമായി കാണപ്പെടുന്ന കേരളവൎമ്മകാളേജിന്റെ വിധായകൻ. 1947മുതൽ 1953വരെ ആ കലാലയത്തിലെ പ്രിൻസിപ്പലായി നമ്പ്യാർ പണിയെടുത്തു. 1953 ആയപ്പോൾ ശ്രീ. എ. വി. അഖിലേശ്വരയ്യൎക്കു് പ്രിൻസിപ്പൽസ്ഥാനം

ഒഴിഞ്ഞു കൊടുത്തിട്ട്, ആ കലാലയത്തോട് ബന്ധപ്പെട്ട വെറുമൊരു പ്രഫസ്സരായി കഥാപുരുഷൻ കാലംനയിച്ചു. തൻെറ കഴിവുകൾ തികച്ചും സാഹിത്യത്തിൽ കേന്ദ്രീകരിക്കുന്നതിനു വേണ്ട സാവകാശം കിട്ടുന്നതിനു മാത്രമാണ് പ്രിൻസിപ്പൽ പദമൊഴിഞ്ഞുകൊടുത്തതെന്ന് അദ്ദേഹംതന്നെ പ്രഖ്യാപിച്ചിട്ടുള്ളതാകുന്നു. ചുമതലയേറിയ പ്രിൻസിപ്പൽസ്ഥാനം തൻെറ ദേഹാരോഗ്യത്തിന് പററാതെവന്നതു് മററാരുകാരണമാകുന്നു. കേരളവർമ്മകാളേജിൽനിന്നും വിട്ടുമാറാതെ ജീവിതം തുടരവെയാണ് അപ്രതീക്ഷിതമായ നമ്പ്യാരുടെ ചരമം സംഭവിച്ചതു്. 1954 മാർച്ച് 2-ാംതീയതി കേരളീയസാഹിത്യലോകത്തെ ആകമാനം ആടൽക്കടലിൽ ആമഗ്നമാക്കികൊണ്ട് ആ മഹാഭാഗൻ ഇഹലോകജീവിതമവസാനിപ്പിച്ചു.

**കൈരളീസേവനം**

ശ്രീ. ശങ്കരൻനമ്പ്യാർ ഇംഗ്ലീഷ്പ്രഫസ്സരായിരുന്നു. എന്നാൽ കൈരളിയിലാണ് അദ്ദേഹത്തിൻെറ അധികപ്രവൎത്തനവും. "English was his wedded wife, but Malayalam was his love" എന്നു് അദ്ദേഹം പ്രഖ്യാപിച്ചില്ലെങ്കിലും ആൎക്കും അനുമേയമാണ്. കൈരളിക്കു് അദ്ദേഹം ചെയ്തിട്ടുള്ള സേവനം അഭിനന്ദനാർഹവും അഭികാമ്യവും ആയിരുന്നു. എഴുതീട്ടുള്ളതിൻെറ പ്രസാരംകൊണ്ടല്ല, സാരംകൊണ്ടാണ് അദ്ദേഹത്തിന്റെ കൈരളീസപര്യയെ അളക്കേണ്ടതു്. ശ്രീ. നമ്പ്യാരുടെ എണ്ണപ്പെട്ട കൃതികൾ താഴെപ്പറയുന്നവയാണ്:—

1. പാലാഴിമഥനം: 1909ൽ വെറുമൊരു ഹൈസ്കൂൾ വിദ്യാൎത്ഥിയായിരിക്കുമ്പോൾ നിൎമ്മിച്ച ചമ്പൂപ്രബന്ധം.

2. ചാണക്യൻ: മുദ്രാരാക്ഷസനാടകത്തിലെ കഥയെ ആധാരമാക്കി 1915ൽ പ്രസിദ്ധീകരിച്ചതു്. ഇതു് ആറുകൊല്ലത്തോളം കൊച്ചിയിലെ പാഠ്യപുസ്തകമായിരുന്നു.

3. സാഹിത്യപ്രകാശിക അഥവാ ഉപന്യാസമഞ്ജരി. (മൂന്നു് ഭാഗങ്ങൾ) ടി കൊല്ലംതന്നെ പരസ്യപ്പെടുത്തിയതു്. ആധുനികവിമർശനരീതി, സാഹിത്യനിരീക്ഷണവിധം ഇവ സംബന്ധിച്ച പ്രബന്ധങ്ങളുടെ സമാഹാരം.

4. മലയാളസാഹിത്യചരിത്രസംഗ്രഹം: സർവാധികാര്യക്കാർ ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രത്തിനു ശേഷമുണ്ടായ ആദ്യത്തെ സാഹിത്യചരിത്രഗ്രന്ഥം. 1922ലാണ് ഇതിൻെറ പ്രസിദ്ധീകരണം. എ. ആർ. തമ്പുരാൻെറ കേരളപാണിനീയപീഠികക്കു് ഇതിൻെറ അഗ്രജത്വമുണ്ടെങ്കിലും പ്രത്യേകമൊരുഗ്രന്ഥമെന്നനിലക്കു് ഇതു് ഗണനാർഹമാകുന്നു.

5. സാഹിത്യനിഷ്കം: 1942ൽ പ്രസിദ്ധീകരിച്ച ഉപന്യാസസമാഹാരം. ജീവൽസാഹിത്യം, സാഹിത്യസാരം എന്നിങ്ങനെ 15 പ്രബന്ധങ്ങൾ ഇതിലടങ്ങിയിരിക്കുന്നു.

6. പ്രസ്ഥാനത്രനം: ടി കൊല്ലത്തെ മറെറാരു പ്രസിദ്ധീകരണം. ഗീതം, ഗീതകം, സ്വഗതാഖ്യാനം ഇവക്കുദാഹരണങ്ങൾ നല്കിക്കൊണ്ടു് പ്രപഞ്ചനംചെയ്യുന്നു.

7. സ്വർണ്ണമണ്ഡലം: വേഡ്സ്വത്ത്, ഷെല്ലി, കീറ്റ്സ്, മിൽട്ടൺ തുടങ്ങിയ ആംഗ്ലേയ മഹാകവികളുടെ ചിന്താബന്ധുരവും ഭാവോജ്ജ്വലവുമായ ചില ഖണ്ഡകൃതികളുടെ വിവത്തനങ്ങൾ ഉൾക്കൊണ്ടതു്.

8. മകരന്ദമഞ്ജരി: ആഖ്യായികകളുടെ വളർച്ച, കലയും കമലയും എന്നിങ്ങനെ 9 ഉപന്യാസങ്ങളുടെ സമാഹാരം. 1949ൽ പ്രസാധനംചെയ്തു.

9. നമ്മുടെ ഇന്ത്യ: മിനമസാനിയുടെ '**Our India**' എന്ന പുസ്തകത്തിൻെറ തർജ്ജമ.

10. സാഹിത്യവും സംസ്കാരവും: പ്രബന്ധസമാഹാരം.

11. ജവഹർലാലിൻ്റെ കഥ: പണ്ഡിത ജവഹർലാലിൻ്റെ ജീവിതചരിത്രം.

12. അഭിനവകാവ്യാദർശം: 'പ്രപുഷ്പാചാര്യർ' എന്ന തൂലികാനാമത്തിൽ ആധുനികപദ്യകാരന്മാരുടെ കൃതികളെ വിമർശിച്ചു് വിഹസിക്കുന്ന ഗ്രന്ഥം.

പ്രഫസ്സർ നമ്പ്യാരുടെ സാഹിത്യസേവനം ദ്വിമുഖമായിരുന്നു;—നിർമ്മാണവും നിരൂപണവും. നിർമ്മാണത്തിൽത്തന്നെ ഗദ്യം, പദ്യം ഈ രണ്ടു ശാഖകളും മറെറാരു ശാഖയായ മിശ്ര(ചമ്പു)വും ഉൾപ്പെട്ടിരുന്നുണ്ടു്. ഗദ്യം പ്രായേണ സ്വകപോലകല്പിതവും പദ്യം ഭൂരിപക്ഷം വിവത്തനവുമാകുന്നു.

ആധുനികന്മാരിൽനിന്നും കൈവിട്ടുപോയ ചമ്പുവിലാണു കൗമാരപ്രായനായ നമ്പ്യാർ ആദ്യമായി കൈവച്ചതു്. അതിന്നതക്ക നെഞ്ഞൂക്കുണ്ടായതു് അടിയുറച്ച പാണ്ഡിത്യംമൂലമാണെന്നു പറയേണ്ടതില്ലല്ലോ. ഹൈസ്കൂളിൽ നമ്പ്യാരുടെ ഗുരുഭൂതനായിരുന്ന ആററൂർ കൃഷ്ണപ്പിഷാരടി അവർകളാണു 'പാലാഴിമഥനം ചമ്പു'വിൻെറ അവതാരകൻ. ആററൂർ പ്രബന്ധത്തിൻെറ ഗുണവർണ്ണനത്തിൽ പറയുന്നതു കാണുക: "പ്രാചീനമണിപ്രവാളകവികളുടെ പ്രസ്ഥാനവും പ്രൗഢിയും അനുകരിച്ചുണ്ടാക്കീട്ടുള്ള ഈ പ്രബന്ധത്തിലെ ഏതുഭാഗംനോക്കിയാലും ഗ്രന്ഥകർത്താവിനുള്ള അസാധാരണ കവിതാവാസനയും ചാതുര്യവും വെളിപ്പെട്ടുന്നുണ്ടെന്നു മാത്രമല്ല, പല സ്ഥലങ്ങളിലും ഈ പുസ്തകം നവീനമല്ലെന്നു തോന്നത്തക്കവിധം പഴക്കം സ്ഫുരിക്കുന്നതുമുണ്ടു്. ഇതു മി. നമ്പ്യാരുടെ ആദ്യത്തെ കൃതിയാണെന്നുകൂടി അറിയുമ്പോൾ ആ യുവകവിക്കു സ്വതസ്സിദ്ധമായിട്ടുള്ള ശബ്ദാർത്ഥരചനാസാമർത്ഥ്യം ആരെയും വിസ്മയിപ്പിക്കുമെന്നാണു് എൻെറ വിശ്വാസം." വാസ്തവമാണു്. പാലാഴിമഥനം ചമ്പു വായിച്ചാൽ തൂലികയേന്തിയ കൈയുടെ തഴമ്പിൻെറ നിഴലാട്ടം ആർക്കും ദൃശ്യമാണു്. മാല സമ്മാനിച്ച ദുർവ്വാസസ്സിനോടു് ദേവേന്ദ്രൻ വണങ്ങി വദിക്കയാണു്:—

"നാലാമ്നായ പ്രസൂനാഞ്ചിതപരമരസാ–
സ്വാദനോന്മത്തരായി–
ച്ചേലാന്നീട്ടം മുനീന്ദ്ര ഭ്രമരവരഗണൈർ–
മൃഗ്യമാണാംഘ്രിയുഗ്മൻ
മാലാററീടാൻ ജനാനാം തെളിവൊട്ട സതതം
നോററിരിക്കും ത്വദാജ്ഞാ
മാലാം ചൂട്ടുന്നതിന്നായമരുമൊരുമയാ–
കൃത്യമായെന്തിദാനീം?"

ഐരാവതമസ്തകത്തിൽവച്ച മാലയുടെ ചുററും വണ്ടുകൾ ആർത്തുവന്നതിനെ വർണ്ണിക്കയാണു്:—

"ദേവാനാം യൗവനത്തിൻ പ്രളയമതുവരുന്നെന്നിദം മുമ്പുതന്നെ
ദേവാധീശന്നുകാട്ടുംപടിമധുകരരാം പുഷ്കലാവർത്തകങ്ങൾ

**ഭുവാകെസ്സഞ്ചലിപ്പിച്ചടനുടനുയരും നാദകോലാഹലത്തോ–**
**ടാവാനാർനാഥഹസ്തിപ്രവരഗിരിവരൻ തന്റെ മൂദ്ധാവുമൂടി."**

ഒരു ദണ്ഡകം: "രക്ഷോജനങ്ങളുടനക്ഷീണയത്നമൊട്ട മക്ഷീരവാരിധി മഥിച്ചു, മദവുമഥ വാച്ചു, സുരരുമൊരുമിച്ചു, പലപൊഴുതു കുലഗിരികൾ കുലമഖിലമിളകിബത! പാരൊക്കെയൊന്നഥ ചലിച്ചു; പാലാഴിതന്നിലതി കോലാഹലേന തിരമാലാഗണം ഝടിതിപൊങ്ങി, ജലധികൾ കലങ്ങി, ജനതതിനടുങ്ങി, ദിവിചരരുമവിടമതിലതിസുഖമൊടതുപൊഴുതു ദിവ്യസ്തവാദികൾ തുടങ്ങി, ദിഗ്ഹസ്തിവീരരധികോഗ്രാരവങ്ങളൊട്ട നില്ലാതുഴന്നു മുഹുരോടി, ദിവിചരികളാടി, സുരമുനികൾ പാടി, സ്വയമപി ച രയബഹുളഭയമൊട്ടടനിയമുമയമുതസംഗമീശനുടെ തേടി; ഇത്ഥം ജഗത്രയവുമത്യന്തമാടലൊട്ടമെത്തും ശുചാബത! വിറച്ചു, മരണമതുറച്ചു, നരവരർ തപിച്ചു, മൃഗതതികൾ നഗപതികൾ ഖഗവരരുരഗഗണവു മേററം ചലിച്ചഥ നിലച്ചു; ഗ്രാഹങ്ങളും സലിലവാഹങ്ങളോട്ടും സമദേഹങ്ങളാന്തിമിജാലം, മനസിഭയമൂലം, ജലനിധികൾ കൂലം, കലുഷതരമലകളെയുമതിജവമൊടെല്ലാം കടന്നിതതി ഭീലം; ചിത്രം ഝഷങ്ങളഥ പത്രങ്ങളാന്നവിധമത്രാംബുധീൻ ബത തരിച്ചു, പലവഴിചരിച്ചു, ബലമതുശമിച്ചു, തരണിഹിമകിരണരിവരതിവിവശകരമൊടഥ പരിവേഷണം ബത! കഴിച്ചു!"

ഇനി നിരൂപണത്തിലേക്കു കടക്കാം. നിരൂപണസാഹിത്യത്തിൽ നമ്പ്യാക്കുള്ള സ്ഥാനം ഒന്നാംകിടയിൽപ്പെട്ടതാണെന്നു സവ്വവിദിതമാണല്ലൊ. ഇംഗ്ലീഷ്, സംസ്കൃതം ഈ ഭാഷകളിലെ നിരൂപണശാഖകളിൽപ്പെട്ട മിക്കവാറും എല്ലാ ഗ്രന്ഥങ്ങളും വായിച്ചിട്ടുള്ളതിന്റെ ലക്ഷ്യം ശ്രീ. നമ്പ്യാരുടെ നിരൂപണോപന്യാസങ്ങളിൽ പ്രതിഫലിതമാണ്. വിമർശനത്തിന്റെ ഉദ്ദേശ്യംതന്നെ എന്താണെന്നു മനസ്സിലാക്കിയിട്ടാണു നമ്പ്യാർ വിമർശനത്തിനു മുതിന്നിട്ടുള്ളതു്. 'മകരന്ദമഞ്ജരി'യിലെ 'വിമർശനം' എന്ന ഉപന്യാസത്തിൽ വിമർശനധമ്മത്തെപ്പററി ശ്രീ. നമ്പ്യാർ പറയുന്നതിങ്ങനെയാണു്: "പദാത്ഥങ്ങളുടെ പാരമാത്ഥ്യം ആരാഞ്ഞറിഞ്ഞു പ്രകാശിപ്പിക്കുവാൻ പരിശ്രമിക്കുകയാണു വിമർശനത്തിന്റെ ധമ്മം."

വിമർശനത്തിൻെറ ഗുണത്തെപ്പററി ശ്രീ. നമ്പ്യാർ ഉപന്യസിക്കുന്നതിപ്രകാരമാണ്: "ഉത്തമവിമർശനം നമ്മുടെ ജ്ഞാനത്തിൻെറ പരിധികളെ വിസ്തൃതങ്ങളാക്കുകയും കാര്യങ്ങളുടെ യാഥാത്ഥ്യം സ്വയമേ കണ്ടുപിടിക്കുന്നതിനുള്ള ശക്തിയെ ഉദ്ദീപിപ്പിക്കുകയും ചെയ്യുമെന്നുള്ളതിനു സംശയമില്ല. ഏതൊരു വിഷയത്തെക്കുറിച്ചാണോ അഭിപ്രായം പറയുവാനുദ്ദേശിക്കുന്നതു്, ആ വിഷയത്തിൻെറ എല്ലാവശങ്ങളും ഉൾക്കൊള്ളുന്ന തരത്തിൽ, കഴിയുന്നത്ര ആഴത്തിൽ, അറിവു സമ്പാദിച്ചിട്ടുള്ളവനായിരിക്കണമല്ലോ ഉത്തമവിമർശകൻ.... നമ്മുടെ ശ്രദ്ധയിൽപ്പെടേണ്ടതും, പക്ഷേ, പെട്ടിട്ടില്ലാത്തതുമായ അനേകം സംഗതികളെ അയാൾ നമുക്കു വിശദമാക്കിത്തരുന്നു. നമ്മുടെ ഹൃദയത്തിനു മൂടൽമഞ്ഞുപോലെ അവ്യക്തമായി ഉദിക്കുന്ന അഭിപ്രായങ്ങൾക്ക് അയാൾ പലപ്പോഴും സുവ്യക്തമായ സ്വരൂപവും ദാർഢ്യവും നല്കുന്നു. എന്തുകൊണ്ടുനോക്കിയാലും ഉത്തമവിമർശകൻ നമുക്കു മാർഗ്ഗദർശിയായിട്ടാണു വന്നിരിക്കുന്നതെന്നു പറയാം. പരിചിതങ്ങളായ വഴികളിൽത്തന്നെ പുതിയ വശങ്ങളിലേയ്ക്കു നമ്മുടെ ദൃഷ്ടികളെ തിരിച്ചുവിടുന്നു; കണ്ടിട്ടും സാരം ഗ്രഹിക്കാതെ നാം വിട്ടുകളയുന്ന വസ്തുക്കളുടെ പരമാത്ഥം നമ്മെ ഗ്രഹിപ്പിക്കുന്നു. അഭിപ്രായവ്യത്യാസങ്ങളുള്ളിടങ്ങളിൽ നമ്മുടെ ധാരണകളെ മാററുരച്ചുനോക്കിത്തെളിയിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു."

കഥാപുരുഷൻെറ നിരൂപണത്തെപ്പററി മഹാകവി ഉള്ളൂർ പറയുന്നതിങ്ങനെയാണ്: "ശ്രീ. നമ്പ്യാരുടെ നിഷ്പക്ഷവും നിർമ്മലവുമായ മനോഭാവം നിരൂപണകലയെപ്പററി ഉപദേശം നല്കുവാൻ അദ്ദേഹത്തെ സർവഥാ അർഹനാക്കുന്നു. അദ്ദേഹത്തിനു പഴയതിൻെറനേർക്കു പകയോ പുതിയതിൻെറനേർക്കു പുച്ഛമോ ഇല്ല. എന്താണീ പഴയതും പുതിയതും? ഇന്നു നൂതനമെന്നു നാം പറയുന്നതുതന്നെയാണു നാം പുരാതനമാക്കുന്നതു്. വിവേചനശീലന്മാർ രണ്ടിൽനിന്നും ത്യാജ്യാംശങ്ങളെ തള്ളി ഗ്രാഹ്യാംശങ്ങളെ കൊള്ളണം. 'പകപോക്കി' വിമർശനത്തെപ്പററി മി. നമ്പ്യാർ ചെയ്യുന്ന പരുഷമായ അധിക്ഷേപം ചിലരുടെ മിഴികളിൽ പടന്നുപിടിച്ചിരിക്കുന്ന അഹങ്കാരതിമിരത്തിന് ഒരഞ്ജനമായി പരിണമിക്കുമെ

ങ്കിൽ നമ്മുടെ സാഹിത്യാന്തരീക്ഷം അത്രത്തോളം സംശുദ്ധമാകും.''

## നമ്പ്യാർ 'പ്രപുഷ്ണാചാര്യ്യ'നായിട്ട്

സുപ്രസിദ്ധനായ രാമക്കുറുപ്പ് മുൻഷിയുടെ 'ചക്കീചങ്കര'ത്തിൻെറ ഫലമാണ് 'പ്രപുഷ്ണാചാര്യ്യർ' എന്ന പേരുവച്ച് നമ്പ്യാർ രചിച്ചിട്ടുള്ള 'അഭിനവകാവ്യാദർശ'വും 'അഭിനവ വിമർശനാദർശവും' സാഹിത്യലോകത്തിൽ വരുത്തിയിട്ടുള്ളതെന്നു് നിസ്സംശയം പറയാം. രണ്ടും വിഡംബനകൃതികളാണ്. അഭിനവകാവ്യാദർശം ആധുനികപദ്യകൃത്തുകളെ വിഹസിക്കലാകുന്നു. അർത്ഥത്തിൽ ദൃഷ്ടിവയ്ക്കാതെ അനുചിതമായ പദപ്രയോഗങ്ങൾകൊണ്ടു് ഈരടികൾ മെടഞ്ഞുണ്ടാക്കുന്നതിനെ നമ്പ്യാർ അപഹസിക്കുന്നു. ശ്രീ. ശങ്കരൻനമ്പ്യാർ ചങ്ങനാശ്ശേരി സെൻറ്ബക്ക്മൻസ്കാളേജിൽ ജോലിയായിരുന്നകാലത്താണ് (1928ൽ) അഭിനവകാവ്യാദർശം വിരചിച്ചതു്. കാളേജ്മാസികയിൽ പ്രസിദ്ധീകരിച്ച ആ കൃതിക്ക്, അദ്ധ്യാപകാദ്ധ്യേതാക്കളുടെ ഇടയിൽമാത്രമല്ല, മറ്റു ഭാഷാഭിമാനികളുടെ മദ്ധ്യത്തിലും അചിരേണ പ്രചാരം സിദ്ധിച്ചു. അഭിനവകാവ്യാദർശത്തിലെ മംഗളാചരണം കാണുക:—

''നാല്ക്കാലിവ്രജഭുക്തരോഡ്വലകചം; ലില്ലിപ്രഭം വാർമുഖം;
ടെന്നിസ്സ്കോർട്ടൊളിമാറിവണ്ണമഴകിൽ പൂംപട്ടണിസോഫയിൽ
ശീമത്തുമണിമേടമേൽ, കുളിരിളം ഹമ്മോണിയം ചേർത്തു ഹാ!
സ്വാതന്ത്ര്യപ്പുകൾ പിഞ്ചുപാട്ടുകൾ പൊഴിക്കും കൈരളീം ഭാവയെ

'ടെന്നിസ്സ് കോർട്ടൊളിമാറും' മറ്റും ഇപ്പോൾ നാട്ടുചൊല്ലായിത്തീന്നിട്ടുണ്ടു്. ദണ്ഡിയുടെ പ്രശസ്തമായ കാവ്യാദർശംപോലെ ഇതും പ്രകരണങ്ങളായിട്ടാണ് തിരിക്കപ്പെട്ടിട്ടുള്ളതു്. ഉദ്ദേശ്യപ്രകരണം, നാമകരണപ്രകരണം വിഷയനിർദ്ദേശപ്രകരണം എന്നിങ്ങനെ ഏഴുപ്രകരണങ്ങൾ ഇതിലുണ്ടു്. ആശയവിനിവേശപ്രകരണത്തിൽ അർത്ഥാന്തരന്യാസത്തിനു കൊടുത്തിട്ടുള്ള ദൃഷ്ടാന്തങ്ങൾ ഇവയാണ്:—

"യഥാ, നെല്ലുകൾ കുത്തീടി–ലരിയാകുന്നതില്ലയോ?
അരിവേവിക്കിലോ ചോറാ–യതു മാറുന്നതില്ലയോ?"

"സതീകുലമണേ, ലമണേഢുകുടിക്കെടോ" ഇതു നമ്മെ ചിരിപ്പിച്ചു തലതല്ലിപ്പിക്കുന്ന നമ്പ്യാരുടെ ഒരു യമകോദാഹരണമാണു്.

ആധുനികവിമർശനത്തിന്റെ രീതിയെ വിഡംബനംചെയ്യുന്നതാണു് 'അഭിനവവിമർശനാദർശം.' കാവ്യാദർശത്തിൻെറ മാർഗ്ഗത്തിൽക്കൂടിത്തന്നെയാണു് ഇതിൻെറയും പോക്കു്. വിമർശനത്തിൻെറ ബഹുമുഖങ്ങളെ ശ്രീ. നമ്പ്യാർ വിവരിക്കുന്നതു നോക്കുക:—

"മുറസ്സോതാം,— 'പുറംനോക്കി' 'മനംനോക്കി'യുമവ്വിധം
'കൊത്തിപ്പെറുക്കി'യുംപിന്നെ 'പകപോക്കി' യനന്തരം
'കടം പോക്കി' 'ഇടം പോക്കി' 'ഇടസ്സിട്ടുഞെരുക്കി'യും
'എട്ടുത്തുപൊക്കി' 'ആൾ നോക്കി' 'തന്നത്താൻ പൊക്കി' യിങ്ങനെ"

ഈ വിമർശനവിധങ്ങളിലൊന്നുംതന്നെ 'അകംനോക്കി'യില്ലെന്നു് സ്പഷ്ടമാണല്ലോ. വിമർശനത്തിൻെറ ദൃഷിച്ച വശങ്ങളെ ചമല്ക്കാരപൂർവ്വകം വിഡംബനംചെയ്യുന്ന അഭിനവവിമർശനാദർശം നിരൂപകമ്മന്യന്മാർക്കു പ്രത്യേകം പഠിതവ്യമാണു്. മേല്പറഞ്ഞ രണ്ടു വിഡംബനകൃതികളുടെയും പ്രണേതാവായ പ്രഫുല്ലാചാര്യരേയും അവയുടെ ടിപ്പണീകാരനായ ഘണ്ടാകർണ്ണരേയും മലയാളസാഹിത്യമുള്ളോരുകാലം മറക്കാനിടയില്ല. സുപ്രഥിതനായ കുഞ്ചൻനമ്പ്യാരുടെ സമുദായത്തിൽ പിറന്ന കഥാപുരുഷനു്. സാഹിത്യലോകത്തെ ആകമാനം രസിപ്പിക്കത്തക്കവണ്ണമുള്ള ഫലിതബോധമുണ്ടായതിൽ ആശ്ചര്യം കുറാനില്ലല്ലോ.

സാഹിത്യലോകത്തെ എന്നല്ല ഹിന്ദുസമുദായത്തെ മുഴുവൻ വികാരവിജൃംഭിതമാക്കിയ ഒന്നാണല്ലോ കുമാരനാശാൻെറ 'ദുരവസ്ഥാ'പ്രസിദ്ധീകരണം. ആ സരസകാവ്യത്തിനു മംഗളോദയംമാസികവഴി, ഉൽപതിഷ്ണുത്വത്തെപ്പോലും നാണിപ്പിക്കുന്ന വിമർശനംകൊണ്ടു് ഉച്ചത്വം നൽകിയ നമ്പ്യാർ നിഷ്പക്ഷനിരൂപകന്മാരിൽ നിരുപമനാണെന്നു് ആരാണു് സമ്മതിക്കാത്തതു്? സമചിത്തതയുടെ സമുദാരകേദാര

മായിരുന്നു അദ്ദേഹത്തിൻെറ വിമർശനവീഥി. ഇംഗ്ലീഷ് സാഹിത്യത്തിൻെറ മറുകരൃതാണ്ടിയ ആ പ്രഗത്ഭമതിക്കു മറിച്ചുവരാൻ തരമില്ലല്ലോ.

പ്രഫസ്സർ നമ്പ്യാർ ചില പ്രസ്ഥാനങ്ങളുടെ ഉപജ്ഞാതാവാണ്. 'പ്രസ്ഥാനത്രയം' എന്ന ഒരു പ്രസിദ്ധീകരണത്തെപ്പറ്റി പറഞ്ഞുവല്ലോ. ഇംഗ്ലീഷ്സാഹിത്യത്തിലുള്ള അവഗാഢപരിജ്ഞാനമാണ് പ്രസ്ഥാനത്രയത്തിൻെറ പ്രാദുർഭാവത്തിനു് ഹേതു. ഗീതം, ഗീതകം, സ്വഗതാഖ്യാനം ഈ മൂന്നു സരണികളിൽക്കൂടി കൈരളിയെ പോഷിപ്പിക്കാൻ ആഗ്രഹിക്കുന്നവക്ക് തുടക്കമിടുകയാണു പ്രസ്ഥാനത്രയംകൊണ്ടു നമ്പ്യാർ ചെയ്തിട്ടുള്ളതു്. ഇതിനെപ്പററി നമ്പ്യാർതന്നെ പ്രസ്താവിക്കുന്നതു് ഈവിധമാണ്:—

"ഇതരദേശകാലങ്ങളിലെ സാഹിത്യസമ്പ്രദായങ്ങളുടെ അനുകരണംകൊണ്ടല്ലെങ്കിലും അനുസന്ധാനംകൊണ്ടു് ഇന്നത്തെ മലയാളസാഹിത്യത്തിനു് ഉത്ക്കർഷം പ്രാപിക്കുവാൻ അവകാശമുണ്ടെന്നുള്ള അഭിപ്രായമാണ് ഈ പ്രസ്ഥാനത്രയത്തിൻെറ ആവിർഭാവത്തിനു് അടിസ്ഥാനമായി നില്ക്കുന്നതു്. ആധുനികസാഹിത്യങ്ങളിൽവെച്ചു് ഏററവും പരിണതവും പരിഷ്കൃതവുമായി കണക്കാക്കപ്പെടുന്ന ആംഗ്ലേയസാഹിത്യത്തിലെ പ്രശസ്തങ്ങളായ മൂന്നു ഖണ്ഡകാവ്യശാഖകളെ ലക്ഷ്യലക്ഷണസഹിതം മലയാളികൾക്കു പരിചയപ്പെടുത്തിക്കൊടുക്കുവാൻ ഇതിൽ യഥാശക്തി ശ്രമിച്ചിരിക്കുന്നു.

"ഗീതം (Ode), ഗീതകം (Sonnet), സ്വഗതാഖ്യാനം (Monologue) എന്നീ സംജ്ഞകളെക്കൊണ്ടു് നിർദ്ദേശിച്ചിരിക്കുന്ന ഇവയുടെ പ്രതിരൂപങ്ങൾ ലക്ഷണസമ്പൂർണ്ണങ്ങളല്ലെങ്കിലും, സഹൃദയഹൃദയാഹ്ലാദകരങ്ങളായി മലയാളത്തിൽ അവിടവിടെ ഇതിനുമുമ്പുതന്നെ അവതരിച്ചിട്ടുണ്ടായിരിക്കാം. *മഹാകവികളുടെ സ്വാതന്ത്ര്യപ്രതിഭ കാലദേശാതീതമായി

* ഇംഗ്ലീഷിലെ Sonnet–നെ മലയാളത്തിൽ 'ലഘുപദി' എന്ന പേരിൽ കവിപ്രമുഖനായ ശ്രീ. വെണ്ണിക്കുളം 1102ലോ 1108ലോ മലയാളമനോരമാപംക്തികളിൽ ആദ്യമായി അവതരിപ്പിച്ചതായിട്ട് ഓക്കുന്നുണ്ടു്. ശ്രീ. വെണ്ണിക്കുളത്തിനെ ആയിടയ്ക്കു പലരും അനുകരിക്കയും ചെയ്തു.

വർത്തിക്കുന്നതുകൊണ്ടു് അതു് അവരുടെ പരസ്പരപരിചയംകൂടാതെതന്നെ സമാനരൂപങ്ങളിൽ ബഹിർഗ്ഗളിച്ചാൽ അത്ഭുതമല്ലല്ലോ. അതിനെ മാമൂൽവലയത്തിന്നുള്ളിൽപ്പെട്ടത്തി അനുകരണശൃംഖലകൊണ്ടു ബന്ധിക്കണമെന്നു ഒരിക്കലും വിവക്ഷിക്കാവുന്നതല്ല. എന്നാൽ സൃഷ്ടിപരമായ കാവ്യവ്യവസായത്തെ നൂതനരൂപങ്ങളിൽ പ്രകാശിപ്പിക്കുന്നതിനു് മററു സാഹിത്യങ്ങളിലെ പ്രസ്ഥാനഭേദങ്ങളെക്കുറിച്ചുള്ള സാമാന്യജ്ഞാനം ചിലക്കെങ്കിലും മാർഗ്ഗദർശകമാകാവുന്നതാണു്.''

ഇപ്പോഴും പൂർണ്ണവികാസം പ്രാപിച്ചിട്ടില്ലാത്ത മലയാളത്തിനു് അന്യസാഹിത്യങ്ങളുമായി സമ്പർക്കം പുലർത്തുക അവശ്യകരണീയമാകുന്നു. സംസ്കൃതത്തിൽനിന്നും വേണ്ടത്ര പോഷണം കൈരളിക്കു സിദ്ധിച്ചുകഴിഞ്ഞു. ഇനി ആശ്രയമായിട്ടുള്ളതു് മററു ഭാഷകളാണു്. അവയിൽ ആംഗലവാണി സർവ്വപ്രധാനം. ആധുനികപദ്യകാരന്മാരിൽ ചിലരെല്ലാം ആ വഴിക്കു് തിരിഞ്ഞിട്ടുണ്ടെങ്കിലും അതു് തികച്ചും വിവേകയുക്തമെന്നു പറഞ്ഞുകൂടാ. വിവേചനാപൂർവ്വമായ ആംഗലാലംബമേ കൈരളിക്കു ഗുണോൽകർഷമുളവാക്കൂ. യുവകവികളുടെ തൂലികാവിഹാരത്തിനു് ഉചിതമായ പന്ഥാവുകൾ ഹൗണീസാഹിത്യത്തിൽനിന്നും പ്രതിഗ്രഹിക്കുകയാണു് പ്രസ്ഥാനത്രയംകൊണ്ടു് നമ്പ്യാർ സാധിച്ചിട്ടുള്ളതു്. ഗീതം, ഗീതകം, സ്വഗതാഖ്യാനം എന്ന ആ ത്രിവിധമാർഗ്ഗങ്ങളിൽക്കൂടിയുള്ള ഭാവികാവ്യകാരന്മാരുടെ സഞ്ചാരത്തിനു് പാകപ്പിഴ പററാതിരിക്കാൻ നമ്പ്യാരുടെ ഉദാഹരണാവതരണങ്ങൾ അത്യന്തം പ്രയോജകീഭവിക്കും. ഭാവോഷ്മളവും ഭാവനാഗഹനവുമായ ഓരോ കവിതയും നമ്പ്യാർ എത്ര ലാഘവത്തോടും വൈകല്യരഹിതമായുമാണു് വിവർത്തനം ചെയ്തിരിക്കുന്നതെന്നു് ഷെല്ലിയുടെ 'പശ്ചിമാനിലനോടു'' (Ode to the West Wind), വേഡ്സ്വർത്തിൻെറ 'ധർമ്മത്തിനോടു'' (Ode to Duty), ബ്രൗണിംഗിൻെറ 'ഐന്ദ്രിയസാർത്ഥൻ' (Andrea Del Sarto) എന്ന കവിതകൾ വായിച്ചാൽ ആക്കും മനസ്സിലാകുന്നതാണു്.

മറെറാരു സാഹിത്യാരാധകനും അത്ര എളുപ്പത്തിൽ സാധിക്കാത്ത ഒരു പരിപാടിയാണു്, ആശയഗാംഭീര്യത്തിനു്

അപ്രതിമമായ ചില ഇംഗ്ലീഷ് കവിതകളുടെ മലയാളത്തിലേക്കുള്ള വിവർത്തനം. 'സുവർണ്ണമണ്ഡല'ത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 'യുലിസസ്സ്' 'ലിസിഡസ്സ്' 'ആന്ദ്രേയദൽസാർത്തോ' 'കുരരീഗീതം' 'പശ്ചിമാനിലനോട്' 'ധർമ്മഗീതം' 'രജനി' എന്നിവ ഇംഗ്ലീഷ്സാഹിത്യത്തിലെ ഭാവോജ്വലങ്ങളായ കവിതകളിൽ ചിലവയാണ്. ഇവ സുന്ദരതരമായി, സുഗമമായി ശ്രീ. നമ്പ്യാർ മലയാളത്തിലേയ്ക്കു് തർജ്ജമ ചെയ്തിട്ടുണ്ട്. പരിഭാഷയിൽ സ്വീകരിച്ചിട്ടുള്ള പദപ്രയോഗങ്ങൾ ഉചിതവും ശുദ്ധവുമാണ്. ഉഭയഭാഷാനഭിജ്ഞരായ മറ്റു പരിഭാഷകന്മാർക്കുണ്ടാകാവുന്ന പ്രമാദങ്ങൾ നമ്പ്യാരുടെ തർജ്ജമകളിൽ ഇല്ലതന്നെ. അനാവശ്യവും നിരർത്ഥകവുമായ ശബ്ദപ്രക്ഷിപ്തത നമ്പ്യാരെ സംബന്ധിച്ചിടത്തോളം അസഹ്യമാണ്. മടയ്ക്കൽ ഇരിക്കുന്ന കൊക്ക് വലിയമീൻ വരുമ്പോൾ കണ്ണടച്ചുകളയുന്നതുപോലെ, ദുർഘടഘട്ടങ്ങൾ മറികടക്കുക നമ്പ്യാർക്ക് പരിചിതമല്ല. നമ്പ്യാരെപ്പോലെയുള്ള വിവിധഭാഷാപണ്ഡിതന്മാരുടെ തർജ്ജമകൾ മലയാളം മാത്രമറിയാവുന്ന സഹൃദയന്മാർക്ക് മററുഭാഷകളിലെ സാഹിത്യം, അതിൻെറ തനിരൂപത്തിൽ, കലർപ്പില്ലാതെ ആസ്വദിക്കുന്നതിന് പരമപ്രയോജനം ചെയ്യും. ഇംഗ്ലീഷ്സാഹിത്യത്തിലെ മികച്ചകൃതികളെ ഭാഷാന്തരീകരിക്കുന്നതിന് താൻ ഉദ്യതനായതിനെപ്പററി നമ്പ്യാർ 'സുവർണ്ണമണ്ഡല'ത്തിൻെറ പ്രസ്താവനയിൽ പറയുകയാണ്: "സംസ്കൃതകവിതാഹിമാലയത്തിൻെറ ഉത്തുംഗശൃംഗങ്ങളുടെ സുഷമാവിശേഷം കേരളീയർക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതിന് പര്യാപ്തങ്ങളായ അസംഖ്യം ഭാഷാന്തരങ്ങൾ മുമ്പുതന്നെ ആവിർഭവിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. ഭരണപരമായി പരിപൂർണ്ണസ്വാതന്ത്ര്യം പ്രാപിച്ചുകഴിഞ്ഞിട്ടുള്ള ഭാരതീയർ, ആംഗലരാഷ്ട്രശക്തിക്ഷയിച്ചാലും ആംഗലസാഹിത്യശക്തി ജയിക്കുമെന്നു് തുറന്നു സമ്മതിക്കുവാൻ തുടങ്ങിയിട്ടുള്ള ഈ കാലഘട്ടത്തിൽ, വിശ്വാതിശായിയായ ആ സുവർണ്ണസാമ്രാജ്യത്തിൻെറ ഒരു സാമാന്യാനുജ്ഞയുണ്ടാകുന്നതു് തികച്ചും അഭിലഷണീയമാകുന്നു. മൂലത്തിൽനിന്നു വ്യതിചലിക്കാതെ നിവൃത്തിയുള്ളിടത്തോളം പദാനുപദമായിത്തന്നെ

ഭാഷയുടെ ആകൃതിക്കും പ്രകൃതിക്കും ഇണങ്ങിയ വിധം തൎജ്ജമ ചെയ്യുവാനാണു് ശ്രമിച്ചിട്ടുള്ളതു്."

"നിവൃത്തിയുള്ളിടത്തോളം പദാനുപദമാ"യെന്നതു് പ്രത്യേകം ശ്രദ്ധേയമാണു്; എന്തെന്നാൽ, ഔചിത്യപൂൎവ്വമായിരിക്കാം, ചില ഭാഗങ്ങളെല്ലാം ചുരുക്കിക്കളഞ്ഞിട്ടുണ്ടു്. ദൃഷ്ടാന്തത്തിനു്, 'Andrea Del Sarto'യിലെ,

"Yonder is a work, now, of that famous youth
The Urbinate who died five years ago
('Tis copied, George Vasari sent it me)
Well, I can fancy how he did it all,
Pouring his soul, with kings and popes to see,
Reaching, that Heaven might so replenish him,
Above and thro' his art—for it gives way;
That arm is wrongly put—and there again—
A fault to pardon in the drawing's lines
Its body, so to speak; its soul is right,
He means right—that a child may understand.
Still what an arm I could alter it."

പന്ത്രണ്ടുവരികളെ ശ്രീ. നമ്പ്യാർ,

"നോക്കുകാചിത്രം ചിത്രം! അതിലെക്കുറവുകൾ
നീക്കുവാനെനിക്കൊട്ടും വിഷമം തോന്നുന്നില്ല."

എന്നു രണ്ടുവരിയിൽ സംഗ്രഹിച്ചുകളഞ്ഞു. ഇതിനു്, 'ലിസിഡസ്സി'ന്റെ ആമുഖത്തിൽ വിവൎത്തകൻ പറയുന്നതുതന്നെയാണു് സമാധാനമായുള്ളതു്. "ശബ്ദസൗഷ്ഠവവും, രചനാമാധുൎയ്യവും, സംഗീതഭംഗിയും, പദഘടനാചാതുൎയ്യവും മററും വിവൎത്തനത്തിൽ ചോൎന്നുപോകാതെ തരമില്ല. കാവ്യത്തിന്റെ രൂപവും ഭാവവും മനസ്സിലാക്കാൻ ഈ വിവൎത്തനം ഉപകരിക്കും." ആംഗലഭാഷാനഭിജ്ഞരായ മലയാളികൾക്കു് ആശയം സുഗമമാക്കണമെന്നേ നമ്പ്യാൎക്കു് ഉദ്ദേശ്യമുണ്ടായിരുന്നുള്ളു.

വിവൎത്തനത്തിന്റെ സ്വാരസ്യം അനുഭൂതമാകുന്നതിനു്,

Lycidas തർജ്ജമയിൽനിന്നും ഒരു ഭാഗം ഉദ്ധരിച്ചു കാണിക്കാം.

(For we were nurs'd upon the self-same hill

*   *   *

Toward heaven's descent had sloped his Westering, wheel)

"എങ്കിലോ കേൾക്ക ഞങ്ങളൊരുമിച്ചൊരേകുന്നിൽ;
സങ്കടം കൂടാതൊപ്പം കളിച്ചുവളൎന്നവർ;
ഒന്നുതാനജയൂഥം മേച്ചതും ഞങ്ങളൊന്നി-
ച്ചന്നുനൽത്തണലില്ലമാററുവക്കില്ലമായി;
പുലരിക്കണ്ണിൻകീഴിലുന്നതമൈതാനങ്ങൾ
തെളിയുംമുമ്പായ് ഞങ്ങളാട്ടമേച്ചിറങ്ങീട്ടും;
എപ്പോഴാണുച്ചക്കുഴൽ ചീവീട്ടുമുഴക്കുന്ന-
തപ്പൊഴും ഞങ്ങളൊന്നിച്ചായതുകേട്ടിരിക്കും;
രാവിൻെറ വരവിങ്കൽ ശുദ്ധമാം ഹിമംകൊണ്ടു-
മാവിധമജങ്ങളെ തടിപ്പിച്ചീട്ടും ഞങ്ങൾ;
കോമളം സന്ധ്യാതാരസ്യന്ദനം പടിഞ്ഞാറെ
വ്യോമപാർശ്വത്തിലിറങ്ങോളവും പലപ്പോഴം"

(Battening=തടിപ്പിച്ചീട്ടും; അത്ഥം അവേക്ഷ്യം)

"ഭാഷയുടെ ആകൃതിക്കും പ്രകൃതിക്കും ഇണങ്ങിയവിധം"—പ്രഫസ്സർ കരുതിപ്പറഞ്ഞിട്ടുള്ളതാണിതു്. ആംഗലവാണിയിലെ സംജ്ഞകളേയും മററും പാകത്തിൽ വേഷം മാററിയാണു് ശ്രീ. നമ്പ്യാർ മലയാളത്തിൽഅവതരിപ്പിച്ചിട്ടുള്ളതു്. Andrea Del Sarto=ഐന്ദ്രിയസാത്ഥൻ; Lycidas=ലോകദാസൻ ഇത്യാദി നവീകൃതരൂപങ്ങൾ ഉദാഹൎത്തവ്യങ്ങളാകുന്നു. പരേതനായ എ. ആർ. തമ്പുരാനും സി. എസ്. സുബ്രഹ്മണ്യൻപോററിയും ഈ മതക്കാരായിരുന്നു എന്നുകൂടി ഇത്തരുണത്തിൽ സ്മത്തവ്യമാണു്. 'സൗരഭനും രാഷ്ട്രനും'എന്ന കൃതിയിൽ പോററിഅവർകൾ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തിയിരിക്കുന്നു, സന്ദർഭാനുസാരമായും സമുചിതമായും! മാത്യൂ ആർനോൾഡിൻെറ Riveroxes അല്ലേ, പോററി

അദ്ദേഹത്തിന്റെ ആക്ഷികാമഹാനദി? മൂക്കോത്തു കുമാരനവർകൾ ആശാകുല(Isabella)യിലും ഇതുപോലെ ചില പണിത്തരങ്ങൾ നടത്തിയിട്ടുണ്ടു്, ആക്ഷേപത്തിനിടംകൊടുക്കാതെ.

സ്വകപോലകല്പിതങ്ങളായ സുന്ദരകവിതകളും നമ്പ്യാരുടെ സംഭാവനയായി കൈരളിക്കു സിദ്ധിച്ചിട്ടുണ്ടു്. കൊച്ചി മഹാരാജാവിൽനിന്നും 'കവിതിലകൻ'സ്ഥാനംലഭിച്ച നമ്പ്യാർ നൈസർഗ്ഗികമായ വാസനാവിശേഷത്താൽ അനുഗൃഹീതനായിരുന്നു. പ്രത്യക്ഷമായ പക്ഷപാതത്താൽ ആര്യവൃത്തങ്ങളിലാണു് നമ്പ്യാർ പ്രായേണ കവനംചെയ്തുകൊണ്ടിരുന്നതു്. ആശയങ്ങൾ അകൃത്രിമരമണീയങ്ങളായ പദാവലികളിൽക്കൂടി ആവിഷ്കരിക്കുവാൻ അനിതരസാധാരണമായ വൈചക്ഷണ്യം നമ്പ്യാക്കുണ്ടായിരുന്നു. കവിതയിലുള്ള അഭിനിവേശത്തിനു് മാനദണ്ഡംകാട്ടുന്ന അദ്ദേഹത്തിൻെറ 'കവിതാലഹരി'യിൽനിന്നും ചില പദ്യങ്ങൾ ഉദാഹരണമായുദ്ധരിക്കാം:—

'പ്രാണപ്രേയസി നീയെനിക്കു കവിതേ! നിൻസേവനം പാവനം
വേണം നൂനമെനിക്കു നിത്യമറിവൊത്താനന്ദമാന്നീടുവാൻ;
ചേണഞ്ചും ഭവദീയവൈഭവസുവർണ്ണോദ്യൽപ്രകാശത്തിൽ ഞാൻ
കാണട്ടെപരമാത്മ,മാഗമസമുദ്രത്തിൽ സുധാധാമമേ!
ആരോമൽക്കവിതേ! പ്രിയേ! ഭവതിയെക്കൂടാതിരുന്നാകിലി-
ങ്ങാരോഗ്യക്ഷതിയാലകാലജരയാലാക്രാന്തനാകുന്ന ഞാൻ
വാരോലും തവരാമണീയകസുധാകല്പംപെടാ-
തോരോ നാളിലുമാസ്വദിച്ചു നിലനിത്തട്ടെ യുവത്വം ചിരം!

*　　*　　*

നേരംപോക്കിനു വേണ്ടിയാണയി! ഭവൽസേവയ്ക്കുഞാനാദ്യമാ—
യാരംഭിച്ചതു; പിന്നെയോ; പിടിവിടാനാവാത്തൊരാവേശമായ്,
സൈ്വരംതവ പരിചര്യചെയ്യുവതിനായ് ഏത്തിന്നടിത്തട്ടിലി-
ന്നേരം കാഞ്ചനകാഹളധ്വനിമുഴങ്ങുമ്പോൾ കുഴങ്ങുന്നു ഞാൻ!

*　　*　　*

ആരോമൽപ്രാണനാഥേ! ഭവതിയൊടണവാനുള്ളിലെത്തല്ലലാൽ ഞാ-
നോരോനേരം മുതിന്നാൽ ചപലതപലതും ചൊല്ലുവോരേറെയുണ്ടാം

**ആരോ നിന്ദിക്കിലെന്താണിവനതു? കവിതാകാമിനീ സ്വാമിനീ, മാം**
**നീ രോധിക്കാതിരുന്നാൽ മതി, ധരണിയിൽ ഞാൻ ധന്യരിൽ**
**ധന്യനായേൻ.**

ശ്രീ. നമ്പ്യാക്കു കവിതാഭ്രാന്തു വളരെയുണ്ടായിരുന്നു. വെണ്മണി കുഞ്ഞിക്കുട്ടപ്രഭൃതികളായ പഴയ കൂററുകാരെപ്പോലെ കവിതയിൽ കത്തയസ്സുകൂടി നമ്പ്യാർ അവസരോചിതം ചെയ്തിട്ടുണ്ടു്. ക്ലേശരഹിതമായ ശബ്ദസ്വാധീന്യം ജന്മവാസനയ്ക്കു കൂട്ടനിന്നതാണു് അതിനു നിദാനമെന്നു പറയേണ്ടതില്ലല്ലോ. ഒരിക്കൽ സാഹിത്യകുശലൻ എ. ഡി. ഹരിശർമ്മയ്ക്കു നമ്പ്യാരയച്ച കവിതക്കത്തു് ഇപ്രകാരമായിരുന്നു:—

**"കാണാഞ്ഞിട്ടെത്രനാളായ്! കലവറപലതും കൈയിലുണ്ടെങ്കിൽ വേഗം**
**ചേണാരന്നല്ലാം തുറക്കു, കരട്ടമുരട്ടചറെറങ്ങുമേ തങ്ങിടൊല്ലാ,**
**നീണാളായ് നിന്നുപോരും നിരുപമരുചിയാം നമ്മൾതൻ സ്നേഹരൂപം**
**താണാൽ കഷ്ടം! തുടച്ചീടണമിടയിൽ മഷിക്കെട്ടവന്നാലുടൻതാൻ,**
**ജോലിത്തിരക്കുവല്ലതായവിടത്തിലില്ലെ-**
**ന്നാലിങ്ങു വന്നിട്ടക നാലുമണിക്കുതന്നെ,**
**ചേലിൽ കുറുപ്പവർകളൊത്തുവരേണ,മിഷ്ടം—**
**പോലിങ്ങുചായകുടിയും സുഖമായ് കഴിക്കാം."**

തൻെറ മകൾ 'സരളക്കുട്ടി'ക്കു് നമ്പ്യാരയച്ച ഒരു ആദശ്പദ്യംകൂടി കാണുക:—

**"പ്രേമപ്രോദ്യൽപ്രദീപംസതതമെരിയുമാറാത്മനാഥാന്തരംഗം—**
**ശ്രീമൽക്ഷേത്രേ പ്രതിഷ്ഠാപിത നിജമഹസാ 'മോഹനോ'ദ്യൽപ്രസാദം**
**ക്ഷേമപ്പൊൻപൂക്കൾ ചുററും വിതറുക 'സരളോ'ദാരസൗജന്യവായ്പാ-**
**ന്നോമൽപുത്രീ! പ്രശാന്തോജ്വലമഹിമചിരം ഗേഹിനീ മാതൃകേ! നീ."**

പ്രൗഢനായൊരു ഗദ്യകാരൻ എന്ന നിലയ്ക്കും നമ്പ്യാർ സാഹിത്യമണ്ഡലത്തിൽ അദ്വിതീയസ്ഥാനികനാണു്. കല, സംസ്കാരം, ശാസ്ത്രം, രാജ്യചരിത്രം, തത്വവിചാരം എന്നീ വിവിധവിഷയങ്ങളെ അധികരിച്ചും, കഥാപുരുഷൻ അനവധി പ്രബന്ധങ്ങൾ ആചരിച്ചിട്ടുണ്ടു്. അവയെല്ലാം സമാഹരിച്ചു് പ്രസിദ്ധീകരിച്ചിട്ടുള്ളവയാണു് 'മകരന്ദമഞ്ജരി' 'സാഹിത്യനിഷ്കൂടം' 'സാഹിത്യപ്രകാശിക' അഥവാ 'ഉപന്യാസമഞ്ജരി' മുതലായവ. നമ്പ്യാരുടെ ഗദ്യശൈലിക്കു് പ്രത്യേക

മൊരന്തസ്സുണ്ടെന്നു് ആരും സമ്മതിക്കും. നമ്പ്യാരുടെ ഉപന്യാസങ്ങളെ കുലീനതയുടെ കുടിയിരുപ്പെന്നു വേണമെങ്കിൽ സംക്ഷേപിച്ചുപറയാം. ഇടതടവില്ലാത്ത ശബ്ദപ്രവാഹമാണു് നമ്പ്യാരുടെ ഗദ്യരീതിക്കു് സവിശേഷതയുളവാക്കുന്നതു്. ആശയങ്ങൾക്കു പഞ്ഞമില്ലാതെയും വാക്കുകൾക്കു് തടസ്സമില്ലാതെയും വരുമ്പോൾ രചന സ്രോതസ്വിനിയാകുന്നെങ്കിൽ അത്ഭുതമെന്തുള്ളൂ? വിസ്തരഭയത്താൽ ദൃഷ്ടാന്തോദ്ധൃതികൾ മുതിരുന്നില്ല.

## പ്രഭാഷകൻ

ഉജ്ജ്വലനായ ഒരു പ്രഭാഷകൻ എന്ന നിലയ്ക്കു് നമ്പ്യാരെ ചിലരൊക്കെയേ അറിഞ്ഞിരിക്കയുള്ളൂ. എന്തെന്നാൽ കാളേജ്‌വിട്ടാൽ നാടൊട്ടുക്കുള്ള മീററിംഗുകളിൽ പ്രസംഗിക്കാൻ പോകുക അദ്ദേഹത്തിനിഷ്ടമില്ലായിരുന്നു. ദുർല്ലഭം ചില സദസ്സുകളിലേ പ്രസംഗകൻ എന്ന നിലയിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടിട്ടുള്ളൂ. ഇംഗ്ലീഷിലും മലയാളത്തിലും തുല്യ വാചാലതയോടും തുല്യ പ്രഗത്ഭതയോടും പ്രസംഗിക്കാൻ അദ്ദേഹത്തിനു് തരിമ്പും പ്രയാസമുണ്ടായിരുന്നില്ല. ഒരിക്കൽ ചങ്ങനാശ്ശേരി കാളേജ്‌ദിനത്തിനു് അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. ശ്രീ. കെ. വി. രംഗസ്വാമിഅയ്യങ്കാരായിരുന്നു അദ്ധ്യക്ഷൻ. ശ്രീ. എ. ഗോപാലമേനോൻ മറെറാരു പ്രസംഗകനും. ഇംഗ്ലീഷിൽ ധാരമുറിയാതെ, ഗംഗാസ്രോതസ്സുപോലെ, സ്ഫടികനിർമ്മലമായി, സ്ഫുടദന്തധാക്ഷരമായി അരമണിക്കൂർനേരം പ്രസംഗിച്ചുകേട്ടപ്പോൾ, സദസ്യരിൽ ചിലർ ഇനി മലയാളത്തിൽ പ്രസംഗിച്ചാൽക്കൊള്ളാം എന്നു് അഭ്യർത്ഥിക്കയുണ്ടായി. തുടങ്ങിയല്ലോ മലയാളപ്രസംഗപ്രവാഹം! പദവ്യക്തി, അക്ഷരശുദ്ധി, വാക്യസമീകരണം, സ്വരമാധുര്യം ഈ വക ഗുണങ്ങൾക്കു നികേതമായ ആ പ്രഭാഷണനിർഝരി നിൎത്തില്ലാതെ അരമണിക്കൂർ പിന്നെയും ഒഴുകി. സഭാവാസികൾ ആഹ്ലാദഹ്രദത്തിൽ നീന്തിക്കളിച്ചു. അവരുടെ കാതുകളിൽ ആനന്ദധാര തൂകിയ ആ പീയൂഷവാഹിനി അദ്ധ്യക്ഷനാൽ തടയപ്പെടാതെ സ്വയം ഉപസംഹൃതമാകുന്നതുവരെ നീണ്ടുപോയി. അന്നാണു് ഹൗണിയെപ്പോലെ കൈരളിയും

ആ ജിഹ്വാഗ്രത്തിൽ സാപത്ന്യമാത്സര്യമെന്ന്യേ സ്വൈരവിലാസം ചെയ്യുന്നുണ്ടെന്ന് ഞങ്ങൾക്കനുഭവപ്പെട്ടിട്ടുണ്ട്.

## വിവിധമണ്ഡലങ്ങൾ

ശ്രീ. നമ്പ്യാരുടെ പ്രവർത്തനമണ്ഡലത്തിൽ ഒരു പ്രധാനഭാഗം ഉൾക്കൊള്ളുന്നതു് സാഹിത്യപരിഷത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ അക്ഷീണപരിശ്രമങ്ങളാകുന്നു. സാഹിത്യപരിഷത്തിന്റെ വിധായകന്മാരുടെ മുഖപംക്തിയിൽ നമ്പ്യാർക്കു അഗ്രിമസ്ഥാനമാണുള്ളതു്. 1102 മേടം 11–ം 12–ം 13–ം തീയതികളിൽ ഇടപ്പള്ളിയിൽ വച്ചു നടന്ന ഒന്നാംസമസ്തകേരളസാഹിത്യപരിഷത്സമ്മേളനത്തിന്റെ സൂത്രധാരൻ ശങ്കരൻനമ്പ്യാരായിരുന്നു. ഇടപ്പള്ളിയിൽ അതിനുമുമ്പുതന്നെയുണ്ടായിരുന്ന 'സാഹിത്യസമാജ'ത്തിന്റെ ആഭിമുഖ്യത്തിലാണ് ആ മഹോത്സവം കൊണ്ടാടപ്പെട്ടതു്. ഇടപ്പള്ളി കൃഷ്ണരാജാവവർകൾ സാഹിത്യപരിഷത്തിന്റെ പ്രാദുർഭാവത്തെപ്പററി പറഞ്ഞിരിക്കുന്നതിപ്രകാരമാണ്. "നല്ലകവികളെ നേരിട്ടുകാണുന്നതു് ഒരു സുഖമാണ്. നല്ല കവികളെ അനുമോദിച്ചു പ്രോത്സാഹിപ്പിക്കുന്നതിനും, തദിതരന്മാരെ പരിഷ്കരിച്ചു ഗുണകോടിയിലേക്കു് ഉദ്ധരിക്കുന്നതിനും ഈമാതിരി സമ്മേളനങ്ങൾ അത്യാവശ്യമാണെന്നുള്ളതിനു പക്ഷാന്തരമുണ്ടാവാൻഇടയില്ല. കുറച്ചുകാലംമുമ്പ് കേരളവർമ്മവലിയകോയിത്തമ്പുരാന്റെ ആദ്യവസാനത്തിൽ നടന്നുകൊണ്ടിരുന്ന 'ഭാഷാപോഷിണി'സഭ മേല്പറഞ്ഞ ഭാരങ്ങളെ ഒട്ടേറെ നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ കാലശേഷം അങ്ങനെ ഒന്നുണ്ടായതായി അറിവില്ല. അദ്ദേഹം പ്രവർത്തിച്ചുവച്ചവഴി അനുകരിക്കപ്പെടത്തക്ക ഒന്നാണെന്നു തോന്നുകയാലും അതിലേക്കു് ഇതേവരെ ആരും ഉത്സാഹിക്കായ്കയാലും നമ്മുടെയും സാഹിത്യസമാജത്തിന്റെയും ഈ സാഹസം ഇത്രത്തോളമൊക്കെ സംഭവിക്കുമാറാക്കി." പ്രസ്തുത സാഹിത്യപരിഷത്തിൽ നടന്ന പ്രസംഗങ്ങളെ സമാഹരിച്ചു് 'സാഹിത്യപ്രഭവം' എന്ന പേരിൽ ശ്രീ. നമ്പ്യാർ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ ആമുഖത്തിൽ നമ്പ്യാർ പറയുകയാണ്: "ഇടപ്പള്ളിയിലെ

ചില യുവാക്കന്മാർ ചേർന്ന്, ഏകദേശം ഒരു കൊല്ലംമുമ്പ് സമാരംഭിച്ച 'സാഹിത്യസമാജ'മെന്ന ലഘുസ്ഥാപനത്തിൽനിന്ന് തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ, അത്യുജ്ജ്വലമായി ഉദിച്ചുയൎന്ന ഈ മഹാപരിഷത്തിനെക്കുറിച്ചും, അതിൻെറ ഫലമായി ഭാവിയിൽ ഭാഷയ്ക്കു് സിദ്ധിക്കുവാനിരിക്കുന്ന അഭിവൃദ്ധിയെക്കുറിച്ചും ആലോചിക്കുമ്പോൾ, കാപ്പിപ്പാത്രത്തിൽ വെള്ളം തിളയ്ക്കുന്നതും, മരത്തിൽനിന്നും പഴങ്ങൾ വീഴുന്നതും നോക്കിക്കൊണ്ടിരുന്ന ബാലന്മാരുടെ നിരീക്ഷണഫലമായി പാശ്ചാത്യശാസ്ത്രത്തിനും തദ്വാരാ ലോകസംസ്കാരഗതിക്കും ഉണ്ടായിത്തീൎന്ന അത്ഭുതപൂൎവ്വമായ ഉണൎച്ചയാണ് ഓൎമ്മയിൽവന്നതു്. അടുത്തകാലത്തു് നമ്മുടെയിടയിൽ മാതൃഭൂമിയെക്കുറിച്ചെന്നപോലെ മാതൃഭാഷയെക്കുറിച്ചും ഉണ്ടായിട്ടുള്ള സ്വാഭിമാനോത്ഥാപിതമായ പ്രത്യേക പ്രതിപത്തിക്ക് ഈ മഹാപരിഷത്തു് എത്രമേൽ ഉദ്ദീപകമായിത്തീൎന്നിട്ടുണ്ടെന്നു് അതിൻെറ അനന്തരചിത്രം പ്രഖ്യാപനം ചെയ്തുകൊള്ളും." ശ്രീ. നമ്പ്യാരുടെ ദീർഘദർശനം ഫലിക്കുന്നതായിട്ടാണല്ലോ നാം കാണുന്നതു്.

പ്രൊഫസ്സർ നമ്പ്യാർ ആദ്യത്തെ സാഹിത്യപരിഷത്തിൽ ചെയ്ത പ്രസംഗത്തിൻെറ വിഷയം 'സാഹിത്യസാര'മെന്നായിരുന്നു. 1111 മേടത്തിൽ തൃശ്ശൂർവെച്ചുചേൎന്ന 'സാഹിത്യപരിഷത്സമ്മേളന'ത്തിൽ 'കലയ്ക്കു് സാന്മാൎഗ്ഗികമായ ഉദ്ദേശ്യമില്ല' എന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ടു് നമ്പ്യാർചെയ്ത പ്രസംഗം വിജ്ഞാനപ്രദവും പ്രൗഢവുമായിരുന്നു. ഇങ്ങനെയുള്ള പ്രസംഗങ്ങൾക്കുപുറമേ പരിഷത്തിൻെറ നാനാത്രുപത്തിലുള്ള ഭാരവാഹിത്വവും നമ്പ്യാരിൽ അധിഷ്ഠിതമായിട്ടുണ്ടു്. 1119ൽ എറണാകുളത്തുവച്ചു നടന്ന പരിഷത്തിന്റെ സ്വീകരണസംഘാദ്ധ്യക്ഷൻ നമ്പ്യാരായിരുന്നു. കുറെക്കാലത്തേക്കു് പരിഷത്ത്ത്രൈമാസികത്തിൻെറ ആധിപത്യം നമ്പ്യാരിലായിരുന്നു സ്ഥിതിചെയ്തിരുന്നതു്. ചുരുക്കിപ്പറഞ്ഞാൽ പരിഷത്സമ്മേളനങ്ങൾക്കു് പ്രചോദനം കൊടുത്തുകൊണ്ടിരുന്ന അപൂൎവ്വം ചില മഹാവ്യക്തികളിൽ ഒരാൾ നമ്പ്യാരായിരുന്നു.

ഏറെക്കാലത്തേയ്ക്കു് കൊച്ചി ഭാഷാപരിഷ്കരണക്കമ്മിറ്റി

യുടെ 'കാര്യദർശിത്വം' ശ്രീ. നമ്പ്യാരിലാണു് സ്ഥിതിചെയ്തിരുന്നതു്. സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ അദ്ധ്യക്ഷനായും, നമ്പ്യാർ സെക്രട്ടറിയായുമുള്ള ആ സമിതി അമൂല്യങ്ങളായ പല സംഭാവനകളും കൈരളിക്കു് ചെയ്കയുണ്ടായിട്ടുണ്ടു്. കൊച്ചിയിൽ, ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ വിദ്യാഭ്യാസമന്ത്രിയായിരുന്നപ്പോൾ രൂപമെടുത്ത 'ടെക്സ്റ്റ്ബുക്ക കമ്പൈയിലേഷൻ' കമ്മിററിയിൽ ശ്രീ. നമ്പ്യാരായിരുന്നു അദ്ധ്യക്ഷൻ. തിരു–കൊച്ചിസംസ്ഥാനജനനത്തിനുശേഷം തിരുവനന്തപുരത്തു സ്ഥാപിച്ച 'ടെക്സ്റ്റ്ബുക്ക് നിർമ്മാണ' കമ്മിററിയിലും ശ്രീ. നമ്പ്യാർ അംഗമായി നാമകരണംചെയ്യപ്പെട്ടിരുന്നു. പരിഷത്ത്ത്രൈമാസികത്തെക്കൂടാതെ 'മംഗളോദയം', 'കൈരളി' ഈ കാലികപ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായും കഥാപുരുഷൻ സേവനമനുഷ്ഠിച്ചിട്ടുണ്ടു്. പ്രഫസ്സറായ നാൾമുതൽ, മദ്രാസ് യൂണിവേഴ്സിററിയിലെ സെനററ്, സിൻഡിക്കററ്, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവകളിൽ നമ്പ്യാർ സജീവാംഗമായിരുന്നു. എന്നല്ല, വിദ്യാഭ്യാസപരമായും സാഹിത്യസംബന്ധിയായുമുള്ള, തിരു-കൊച്ചിയിലേയും മദ്രാസിലേയും എല്ലാ സമിതികളിലും നമ്പ്യാക്കു് സ്ഥിരമായ സാമാജികത്വമാണു് ഉണ്ടായിരുന്നതു്.

## സ്വഭാവസംസ്കാരം

ശ്രീ. നമ്പ്യാർ ശാന്തപ്രകൃതിയായിരുന്നു. സൗമ്യനും ഹൃദയാലുവുമായ അദ്ദേഹം ജീവകാരുണ്യത്തിൻെറ ഉറവിടമായിരുന്നു. ക്ഷോഭം അദ്ദേഹത്തെ തീണ്ടിയിട്ടുണ്ടായിരുന്നില്ല. തൻെറ കളത്രപുത്രാദികളെയെന്നല്ല, ശിഷ്യരെയെന്നല്ല, ഭൃത്യന്മാരെപ്പോലും അദ്ദേഹം ശകാരിക്ക പതിവില്ലായിരുന്നു. ചേവുകക്കാരോടുള്ള അനുകമ്പയ്ക്കു് ഒരു ദൃഷ്ടാന്തം പറയാം. ശ്രീ. നമ്പ്യാർ രാവിലെ കുളിച്ചു്, വസ്ത്രങ്ങൾമാറി, കാളേജിലേയ്ക്കു് പോകാൻ ബദ്ധപ്പെട്ടു് ഊണുകഴിക്കാൻ ഇലയുടെ മുമ്പിൽ വന്നിരുന്നു. അരിവെപ്പുകാരൻ ഇലയിൽ ചോറിട്ടശേഷം ഉരുക്കനെയ് വിളമ്പാൻ കുനിഞ്ഞതും നെയ്പ്പാത്രം കൈയിൽനിന്നും തെററി ദൂരെവീണതും ഒപ്പംകഴിഞ്ഞു. സൽപുരുഷൻെറ ദേഹവും ശുഭ്രവസനങ്ങളും ആസകലം നെയ്യാൽ അഭിഷിക്ത

മായി. "എന്തുപററി കൃഷ്ണൻനായരെ?" എന്നു സൗമ്യനായി ചോദിച്ചുകൊണ്ടു് വീണ്ടും കുളിമുറിയിൽ പോയി കുളിച്ചതല്ലാതെ, ഭൃത്യൻെറ ചെവിക്കല്ലു തകക്കുന്ന വാക്കിനോ പ്രവൃത്തിക്കോ ആ ക്ഷമാധനനു് മനസ്സുതോന്നിയില്ലെന്നു പറഞ്ഞാൽ ആക്കാണു് ആശ്ചയ്യമുണ്ടാകാത്തതു്?

ശ്രീ. നമ്പ്യാക്കുണ്ടായിരുന്ന വേറൊരു സ്വഭാവവിശേഷം അദ്ദേഹത്തിൻെറ പ്രതിപക്ഷബഹുമാനമായിരുന്നു. സഹപ്രവൎത്തകരാകട്ടെ, വയസ്സ്യരാകട്ടെ, ഛാത്രഗണങ്ങളാകട്ടെ ആരുടെതന്നെയും അഭിപ്രായങ്ങൾക്കു് വിലകല്പിക്കാൻ അദ്ദേഹത്തിനു് അണുവും വൈമനസ്യമുണ്ടായിരുന്നില്ല. അന്യരുടെ വാദമുഖങ്ങൾക്കു് ചെവികൊട്ടത്താൽ സ്വപാണ്ഡിത്യപ്രകർഷത്തിനു് ഇടിവുണ്ടാകുമെന്ന മിഥ്യാബോധം അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. ഈ ലേഖകൻ ചങ്ങനാശ്ശേരി കാളേജിൽ പഠിക്കുന്ന കാലത്തായിരുന്നു ശ്രീ. കുയ്യാളശ്ശേരി അവർകൾ 'കാലംചെയ്ത' ഒഴിവിൽ മെത്രാൻപദത്തിൽ കാളാശ്ശേരി അവർകൾ അധിരൂഢനായതു്. അതു സംബന്ധിച്ചു് കാളേജിൽ കൂടിയ അനുമോദനസഭയിൽ വായിക്കാൻ ഞാൻ ഒരു പദ്യശകലം എഴുതി. പ്രഫസ്സർമാരായ കെ. ശങ്കരപ്പിള്ള, പി. ശങ്കരൻനമ്പ്യാർ മുതലായവരുടെ സന്നിധിയിൽ അതിൻെറ ഒരു റിഹേഴ്സൽവായന നേരത്തെ നടത്തപ്പെട്ടു.

**"കല്പകാനോകഹമൊന്നു യമമരു-ത്തപ്രാപ്തകാലത്തിൽ വീഴ്ത്തീടവേ**
**ആശപോലത്തടം തന്നിലനഘമൊ-രന്യസുരദാരുവെന്നപോലെ**
**കുയ്യാളശ്ശേരിബിഷപ്പുതിരുമേനി-നിയ്യാതനായപോതപ്പദത്തിൽ."**

ഇതായിരുന്നു കവിതയുടെ തുടക്കം. ആദ്യത്തെ വരിയിലെ 'കല്പകാനോകഹ'മെന്ന പ്രയോഗം ശ്രദ്ധിച്ച ശ്രോതാക്കളിൽ ചിലർ അതുമാററി 'കല്പകപാദപ'മെന്നാക്കിയാൽ തരക്കേടില്ലെന്നു് അഭിപ്രായപ്പെട്ടുകയുണ്ടായി. നമ്പ്യാർസാർ ചിരിച്ചുകൊണ്ടു പറഞ്ഞു:—

"No one will like to alter his usage when it is correct." പിന്നീടാരും അതു നിർബ്ബന്ധിച്ചില്ല.

ശ്രീ. നമ്പ്യാർ ഒരിക്കലും ക്ഷേത്രവിശ്വാസിയായിരുന്നില്ല. ഉത്സവം സംബന്ധിച്ചല്ലാതെ അദ്ദേഹം അമ്പലത്തിൽ

പോയിരുന്നില്ല. ഇതു് നിരീശ്വരത്വംകൊണ്ടാണെന്നു് വിചാരിക്കാൻ ന്യായമില്ല. എന്തെന്നാൽ അനീതി, അധമ്മം, വഞ്ചന, അസത്യം ഇവയെ അദ്ദേഹം വെറുക്കുകയും ദയ, സമത്വം, സാഹോദര്യം ഇവയെ മാനിക്കയും ചെയ്തിരുന്നു. ഭാൎയ്യാപുത്രാദികൾ ക്ഷേത്രത്തിൽ വഴിപാടു കഴിക്കാൻ പുറപ്പെടുന്നുണ്ടെന്നു കണ്ടാൽ അദ്ദേഹം കളിയാക്കും, "വഴിപാടുണ്ടെങ്കിൽ അപ്പമോ പായസമോ മതി" എന്നു്. അദ്ദേഹം കൂടെക്കൂടെ ഉപദേശിക്കുമായിരുന്നു, "മററുള്ളവരുടെ അഭിപ്രായമല്ല വകവയ്ക്കേണ്ടതു്, അവനവന്റെ മനസ്സാക്ഷിയെയാണു് അനുസരിക്കേണ്ടതു്, സത്യധമ്മങ്ങളിൽനിന്നും വ്യതിചലിച്ചുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം," എന്നൊക്കെ.

**കുടുംബവൃത്തം**

ശ്രീ. നമ്പ്യാക്കു് രണ്ടു സഹോദരന്മാർ കൂടിയുണ്ടായിരുന്നു. ഒരാൾ ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയി. മൂത്ത സഹോദരനാണു് തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, ഇൻസ്പെക്ടർ ഈ ജോലികളിൽ ഇരുന്നു പെൻഷൻപററിയ പി. പരമേശ്വരൻനമ്പ്യാർ. അദ്ദേഹവും 1922ൽ പ്രമേഹരോഗംമൂലം ചരമഗതിയടഞ്ഞു. ശ്രീ. നമ്പ്യാരുടെ ധമ്മപത്നി തൃശ്ശൂർ തെക്കെക്കുറുപ്പത്തു് ശ്രീമതി മാധവിയമ്മയാണു്. ഇവർ സാഹിത്യസഖി ടി. സി. കല്യാണിയമ്മയുടെ ഇളയസഹോദരിയും സുപ്രസിദ്ധ തക്കശാസ്ത്രവിദുഷിയായിരുന്ന ശ്രീമതി കുഞ്ഞിക്കുട്ടിയമ്മയുടെ പൗത്രിയുമാകുന്നു. സ്ത്രീപുരുഷനു് നാലു മക്കളാണുള്ളതു്: മൂന്നു പുത്രിമാരും ഒരു പുത്രനും. മൂത്തപുത്രി ശ്രീമതി സുശീല എം. എ. ലക്നൗവിലെ ഐ. ഐ. ആർ.ൽ ഉയന്ന ഉദ്യോഗം വഹിക്കുന്നു. അവരുടെ ഭത്താവു് ലക്നൗവിലെ പേർപുകഴ്ന്ന ഒരു ഡോക്ടരായ എസ്. എസ്. മിശ്ര (എം. ഡി., എം. ആർ. സി. പി.) ഈ ദമ്പതികൾക്കു് ഒരു മകനേ ജനിച്ചിട്ടുള്ളു. ദ്വിതീയാത്മജയാണു് സുപ്രസിദ്ധകഥാകൃത്തും സംഗീതബിരുദധാരിണിയുമായ ശ്രീമതി സരള ബി. എ. ഇവരെ പരിഗ്രഹിച്ചിരിക്കുന്നതു് കൊച്ചിരാജകുടുംബത്തിലെ ഒരംഗമായ ഡോക്ടർ രാമവമ്മതമ്പുരാൻ എം. എ., പിഎച്ച്. ഡി.

യാണ്. അദ്ദേഹം ഇപ്പോൾ ബോംബെയിൽ ഗവണ്മെൻറ് ഓഫ് ഇൻഡ്യാ ടാറിഫ് കമ്മീഷനിലെ ഡയറക്ടരാകുന്നു. ശ്രീമതി സരളാരാമവർമ്മയ്ക്ക് ഒരു മകനും ഒരു മകളും സന്തതികളായുണ്ട്. നമ്പ്യാരുടെ തൃതീയപുത്രി ശ്രീമതി സുവല്ലി, പരേതനായ കൊല്ലങ്കോട്ട വാസുദേവരാജായുടെ പൗത്രനായ തോട്ടയ്ക്കാട്ട വാസുദേവമേനോൻെറ കളത്രമാണ്. ഇവർക്കിപ്പോൾ ഒരു മകൾ പിറന്നിട്ടുണ്ട്. മി. മേനോൻ കോഴിക്കോട്ട് പീയേഴ്സ് ലസ്ലിയിൽ ഒരു ഉയന്ന ഉദ്യോഗം വഹിക്കുന്നു. എല്ലാററിലും ഇളയ ആളായ ശ്രീ. സത്യനാഥൻ കൽക്കത്തയിൽ ജെ. തോമ്മസ് ആൻഡ് കമ്പനിയിൽ ഒരു കവനൻറാഫീസറാണ്. ഇപ്പോഴും അദ്ദേഹം അവിവാഹിതനായി കാലം നയിക്കുന്നു.

പരിമിതമായ കുടുംബവലയത്തിൽ അപരിമേയമായ ആനന്ദത്തിരത്തള്ളൽകൊണ്ട് നമ്പ്യാർ ആജീവാവസാനം വീർപ്പുമുട്ടുകയായിരുന്നു എന്നുതന്നെ പറയാം. അന്നത്തെ ആനന്ദമയജീവിതത്തെപ്പററി സ്വപുത്രി സരളാരാമവർമ്മ രേഖപ്പെടുത്തിയിരിക്കുന്നതീവിധമാകുന്നു: "ഞങ്ങളുടെ കുടുംബത്തിൽ ഏററവും ആഹ്ലാദകരമായ സമയം ഭക്ഷണംകഴിക്കുന്ന നേരമാണ്. പരസ്പരം കളിയാക്കിയും നേരംപോക്കുകൾ പറഞ്ഞും ഞങ്ങൾ മണിക്കൂറുകൾതന്നെ ഇലയുടെമുമ്പിൽ ഇരുന്നു പോവുക പതിവാണ്. 'മതിമതി കൈയുണങ്ങി, ഇനി പിന്നെയാവാം' എന്ന് പലകുറി അമ്മയുടെ താക്കീതുകിട്ടിയാലല്ലാതെ ഞങ്ങൾ എണീക്കുക പതിവില്ല. ഈ അവസരങ്ങളിൽ അച്ഛൻ ഞങ്ങളേക്കാളേറെ കുസൃതിക്കാരനായിട്ടാണ് ഫലിതങ്ങൾ തട്ടിവിടാറ്."

## ഉപസംഹാരം

സ്ത്രീപുരുഷനെപ്പററി സാഹിത്യനിഷ്ഠടത്തിൻെറ അവതാരികയിൽ ഉള്ളൂർ പറയുകയാണ്: "പ്രഫസ്സർ നമ്പ്യാർക്ക് അനിതരസാധാരണമായ ചില സിദ്ധികളുണ്ട്. അവയുടെയെല്ലാം പ്രതിഫലനം 'സാഹിത്യനിഷ്ഠട'ത്തിൽ പ്രകടമായി കാണാം. അദ്ദേഹത്തിനു ഗദ്യവും പദ്യവും ഒന്നുപോലെ ചേതസ്സമാകർഷകമായി രചിക്കുന്നതിന് നൈപുണ്യമുണ്ടെ

ന്നുള്ളതു് സർവ്വവിദിതമാണല്ലോ. അദ്ധ്യാപനവൃത്തിയിലുള്ള ദീർഘകാലപരിചയംനിമിത്തം പ്രതിപാദ്യത്തിൽ ഏതെല്ലാംവിധത്തിലുള്ള ഹാനോപദാനങ്ങളാണു വേണ്ടതെന്നു് അദ്ദേഹത്തിനു നൈസർഗ്ഗികമായിത്തന്നെ അവധാരണംചെയ്യുവാനുള്ള ശക്തിയുണ്ടു്. പ്രസംഗവേദികളിൽ അദ്ദേഹത്തിന് അഭ്യർഹിതമായ സ്ഥാനമുണ്ടെന്നുള്ളതും ഇവിടെ അനുസ്മരണീയമാണു്. അദ്ദേഹം പഠിപ്പിക്കുന്നതു് ആംഗ്ലേയഭാഷയാണെങ്കിലും കൈരളിയോടാണു് അദ്ദേഹത്തിന്നു് അധികമായ ആഭിമുഖ്യം എന്നുള്ളതിനു സംശയമില്ല. ഇംഗ്ലീഷുപോലെതന്നെ ശ്രീ. നമ്പ്യാക്കു് സംസ്കൃതത്തിലും വിപുലവും അഗാധവുമായ ജ്ഞാനമുണ്ടു്. അദ്ദേഹത്തേപ്പോലെയുള്ള ഉപഭാഷാവൈജ്ഞാനികന്മാരാണു് കൈരളിയെ തോഷിപ്പിക്കുവാനും പോഷിപ്പിക്കുവാനും ഉത്തമാധികാരികൾ.''

സാഹിതീസപര്യയിലുള്ള അഭിനിവേശം നമ്പ്യാരെപ്പോലെ മററാരിലും അധികം കാണപ്പെട്ടിട്ടില്ല. കേരളവർമ്മ കാളേജിലെ കൃത്യബഹുലമായ പ്രിൻസിപ്പൽപദവിയിൽനിന്നും സ്വയം ഉപരമിച്ചതുതന്നെ പരിപൂർണ്ണസാഹിത്യസേവനത്തിനുവേണ്ടിയാണെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. ഇതു് ആയിടക്കുതന്നെ ഈ ലേഖകനും നേരിട്ടറിവുള്ള വസ്തുതയാണു്. അനന്യാധ്യുഷിതമായ സാഹിത്യവാസനയായിരുന്നു നമ്പ്യാരിൽ കുടികൊണ്ടിരുന്നതു്. കൈരളിയോടുള്ള അദ്ദേഹത്തിന്റെ പ്രേമം അപ്രമേയമായിരുന്നു. മുമ്പുണ്ടായതിനേക്കാൾ സ്ഥായിയും സാരവത്തും ആയ അനേകം പ്രസിദ്ധീകരണങ്ങൾ, നമ്പ്യാർ സ്വസ്ഥനായതിനുശേഷം, കൈരളിക്കു ലഭിക്കുമെന്നു നാമേവരും പ്രതീക്ഷിച്ചിരുന്നു.

ഇംഗ്ലീഷിലെ ഗഹനങ്ങളായ കവിതകൾ ഭാഷാന്തരം ചെയ്യുന്നതിനു ശ്രീ. നമ്പ്യാരെപ്പോലെ കഴിവു് ആക്കുമുണ്ടായിരുന്നിട്ടില്ല.* ആശയം വിട്ടുപോകാതെ, അർത്ഥത്തിനു ലോപംവരാതെ, മിതമായ പദങ്ങളുപയോഗിച്ചു്, ആക്കം

* ഉദാ: (i) "I will drink life to the lees" (ടെനിസന്റെ യുളീസസ്സ്)

തർജ്ജമ: "അടിയാവോളം പാനംചെയ്യണം ജീവാസവം"

സുഗ്രഹമായ രീതിയിൽ, സ്വതന്ത്രകൃതിയെന്നു തോന്നത്തക്കവ ണ്ണും അദ്ദേഹത്തിനു പരിഭാഷപ്പെടുത്താൻ കഴിയുമായിരുന്നു.

1129 കുംഭം 18–ാംനു യാണു ശ്രീ. നമ്പ്യാർ ഇഹലോക വാസം വെടിഞ്ഞതു്. ആ മഹാനുഭാവൻെറ അപ്രതീക്ഷിത മായ ചരമം ആരെയെല്ലാമാണു നമ്മിൽനിന്നും തിരോഭവി പ്പിച്ചതു്! രസികശിരോഭൂഷണമായ ഒരു സഹൃദയനെ, ഭാവ നാവിലാസിയായ ഒരു കവീശ്വരനെ, ശബ്ദപ്രഭുവായ ഒരു പ്രഭാഷകപ്രവീണനെ, സുഹിതനും സുസമ്മതനുമായ ഒരു അദ്ധ്യാപകോത്തംസത്തെ, ഗവേഷണോത്സുകനായ ഒരു ഭാ ഷാശാസ്ത്രകോവിദനെ, ഹൃദ്യനായോരു ഗദ്യകർത്താവിനെ, പാണ്ഡിത്യപൂർണ്ണനായോരു മാതൃഭാഷാഭക്തനെ, പുരോഗാമി യായ ഒരു വിദ്യാഭ്യാസധുരന്ധരനെ, അഖിലോപരി ജീവകാ രുണ്യം മൂർത്തീഭവിച്ച ഒരു പുരുഷാവതംസത്തെ!

---

(ii) "Yet do much less so much less!
Well, less is more, Lucrezia" (**ബ്രൗണിംഗിൻെറ ഐൻഡ്രിയസാർഥൻ)**

**തർജ്ജമ: "മററുള്ളോർ പ്രയത്നിച്ചു ചെയ്യതെത്രയോ ന്യൂനം മുററുമെന്നിട്ടും ന്യൂനമധികം, വിലാസിനി."**

# ആററൂർ കൃഷ്ണപ്പിഷാരടി

ഞാൻ അന്നു പകൽ പന്ത്രണ്ടു മണിയോടുകൂടി എറണാകുളം—തൃശ്ശൂർ ബസ്സിൽ, തൃശ്ശൂർ ബസ്സ്സ്റ്റാൻഡിൽ ഇറങ്ങി. അവിടെ റോഡരുകിൽ നിന്നിരുന്ന ഒരു മാന്യനോടു ചോദിച്ചു, ആററൂർ കൃഷ്ണപ്പിഷാരടി അവർകൾ താമസിക്കുന്നതെവിടെയാണെന്നു്. അദ്ദേഹം ഒരു റിക്ഷാക്കാരനെ വിളിച്ചു സ്ഥലം പറഞ്ഞുകൊടുത്തിട്ടു് എന്നെ അവിടെ കൊണ്ടുചെന്നു വിടുവാൻ നിർദ്ദേശം നല്കി. റിക്ഷാക്കാരൻ എന്നെ നട്ടുച്ചവെയ്ലിൽ, തൃശ്ശിവപേരൂർ ക്ഷേത്രത്തിനു് ഒന്നൊന്നര മൈൽ പടിഞ്ഞാറുതെക്കായി സ്ഥിതിചെയ്യുന്ന ഒരു ഭവനത്തിൻെറ പടിപ്പുരവാതുക്കൽ കൊണ്ടുചെന്നു് ഇറക്കി. റിക്ഷാവാലായ്ക്കു കൂലികൊടുത്തു പറഞ്ഞയച്ചിട്ടു്, ഞാൻ പടിപ്പുരയിൽ മുട്ടിവിളിച്ചപ്പോൾ, ഏകദേശം മുപ്പതുവയസ്സു പ്രായംതോന്നിക്കുന്ന ഒരു കൃശശരീരൻ വന്നു കതകു തുറന്നു. അതു് ശ്രീ. ആററൂരിൻെറ മദ്ധ്യമപുത്രനായിരുന്നു എന്നു പിന്നീടു മനസ്സിലായി. പിഷാരടിയദ്ദേഹം ഉണ്ടോ എന്നു ചോദിച്ചതിനു് "അദ്ദേഹം ഊണുകഴിഞ്ഞു് ഉറങ്ങാൻകിടന്നു. ഇനി മൂന്നു മണിയായിട്ടേ എഴുനീക്കയുള്ളു" എന്നു് ആ യുവാവു് ഉത്തരം നല്കി. ഞാൻ ആരാണെന്നു തിരക്കിയിട്ടു് ആ ചെറുപ്പക്കാരൻ എന്നെ അകത്തേയ്ക്കു ക്ഷണിച്ചു. പ്രധാന മന്ദിരത്തിനു തൊട്ടടുത്തു സരസ്വതീചിത്രംവച്ചു് ആരാധന നടത്തുന്ന പ്രാൎത്ഥനാലയത്തിൻെറ മുൻവശത്തെ വരാന്തയിൽ പ്രസ്തുത യുവാവു് എന്നെ ഉപവിഷ്ടനാക്കി. ആ സമയം ആററൂരിൻെറ മൂത്തപുത്രനായ ശ്രീ. പി. വി. രാഘവപ്പിഷാരടിയും ഞാനിരുന്ന സ്ഥലത്തേയ്ക്കു് ആനീതനായി. ഞങ്ങൾ മൂവരുംകൂടി അവരുടെ ധന്യനായ പിതാവിനെ സംബന്ധിക്കുന്നതും സാഹിത്യപരവുമായ പല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചുകൊണ്ടു്, രണ്ടു മണിക്കൂർ നേരം കഴിച്ചുകൂട്ടി. അപ്പോഴേയ്ക്കും "അച്ഛൻ ഉണൎന്നു" എന്നു പറഞ്ഞു്, കനിഷ്ഠപുത്രൻ ഗൃഹാന്തർഭാഗത്തേയ്ക്കു പോയി.

ഏകദേശം നാലഞ്ചുമിനിട്ട കഴിഞ്ഞു് ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ, ഊർദ്ധ്വകായം അല്പം മുമ്പോക്കംവളഞ്ഞു്, ആജാനുബാഹുവും ഏകവസ്ത്രധാരിയുമായ ഒരു വൃദ്ധൻ പ്രധാന ഗൃഹത്തിൽനിന്നും ഇറങ്ങിവരുന്നതുകാണായി. തനിത്തങ്കനിറം; പററെക്രാപ്പുചെയ്യിട്ടുള്ള ശിരസ്സു്; മുറുക്കിത്തുപ്പിയ ശോണവക്ത്രം; ഒട്ട തേഞ്ഞിട്ടുണ്ടെങ്കിലും ബലിഷ്ഠമായ ദന്തപംക്തി; ചെവിമടക്കിൽ തിരുകിവച്ച തുളസീദളം; ഉരസ്ഥലത്തിലും ഭുജങ്ങളിലും ഭസ്മവും ചന്ദനവും ഇടകലത്തി വരച്ച കുറികൾ—ഈ വേഷത്തിൽ ആഗമിച്ച തൻെറ അച്ഛനെ മൂത്ത പുത്രൻ ശ്രീ. രാഘവപ്പിഷാരടിയാണു് എനിക്ക പരിചയപ്പെട്ടത്തിത്തന്നതു്. എഴീററു നമോവാഹമരുളിയ എന്നോടു് ഇരിക്കാൻ പറഞ്ഞുകൊണ്ടു്, എൻെറ തൊട്ടടുത്തുതന്നെ ആ മഹാനുഭാവൻ ആസനസ്ഥനായി. പാണ്ഡിത്യത്തിൻ്റെ മൂത്തിമദ്ഭാവമായ ആ കൈരളീഭക്തനുമായുള്ള എൻെറ അന്നത്തെ സമാഗമം ഓക്കുന്ന ഇന്നും എനിക്ക രോമഹർഷണം സ്വയം സഞ്ജാതമാകുന്നു!

## ബാല്യവും വിദ്യാഭ്യാസവും

കൊച്ചി തലപ്പള്ളിതാലൂക്കിൽ വടക്കാഞ്ചേരിക്കു നാലഞ്ചുമൈൽ വടക്കു് ആററൂർ വില്ലേജിലാണു് * ആററൂർ

---

* പിഷാരടി, ഭട്ടാരകപാദർ എന്ന പദത്തിൻെറ തൽഭവമാകുന്നു എന്നു് പണ്ഡിതാഗ്രേസരനായ ഡാക്ടർ എൽ. എ. രവിവർമ്മ സമർത്ഥിക്കുന്നു.

ഭട്ടാരകപാദർ—ഭട്ടാരകർ = പടാരകർ = പിടാരർ =
പിഴാരർ = പിഷാരർ + പാദർ = അടികൾ
(അടി) = പിഷാരടി = പിഷാരോടി.

പഴയ കാലങ്ങളിൽ പിഷാരടിമാക്കു് വല്യതായ സ്ഥാനം സമുദായത്തിലുണ്ടായിരുന്നു എന്നതിനു് പല തെളിവുമുണ്ടു്. കൊല്ലം 641ലെ ഒരു ഗ്രന്ഥവരിയിൽ പിഷാരടിയെക്കുറിക്കുന്ന പദങ്ങൾ നോക്കുക: "ചിരിവാതുതേവവച്ചുതപിഴാരതിരുവടി എഴുന്നരുളി ഇരുന്നരുളിയ തന്നിതാനത്തിൽ" (ശ്രീ. വാസുദേവ അച്യുതപിഷാരതിരുവടി സന്നിധാനത്തിൽ)

(ഡാക്ടർ എൽ. എ. രവിവർമ്മ)

പിഷാരത്തു്. അവിടത്തെ സാധ്വിയായ പാപ്പിപിഷാരസ്യാര മ്മയുടെ അഞ്ചാമത്തെ പുത്രനായി 1054 കന്നിമാസം 12-ാംനു (മഹാലയ അമാവാസിദിവസം ഉത്രം നക്ഷത്രത്തിൽ) നമ്മുടെ കഥാപുരുഷൻ ഭൂജാതനായി. വടക്കേടത്തു് ശ്രീ. നാരായണൻ നമ്പൂതിരിയാണു് ഇദ്ദേഹത്തിൻെറ വന്ദ്യപിതാവു്.

പരമ്പരാഗതമായ വൈദുഷ്യത്തിനു് നികേതനമായ അച്ഛൻെറ അടുക്കൽനിന്നാണു് ആററൂർ "ഹരിഃ ശ്രീഃ" പഠി ച്ചതു്. പിന്നീടു്, ആററൂർ പിഷാരത്തിനു് സമീപമായി, താന്നിക്കൽ വെളിച്ചപ്പാടു് എന്ന നാട്ടെഴുത്തച്ഛൻ നടത്തി വന്ന എഴുത്തുപള്ളിയിൽ പോയി അക്ഷരവിദ്യയുടെ പ്രാഥ മികപാഠങ്ങൾ പഠിക്കാൻ തുടങ്ങി. രണ്ടുവർഷത്തോളം ആ ററൂർ ഈ പള്ളിക്കൂടത്തിൽ അഭ്യസനംനടത്തി. അനന്തര മുള്ള വിദ്യാഭ്യാസമെല്ലാം ഓരോ പണ്ഡിതന്മാരുടെ അടുക്കൽ നിന്നുമായിരുന്നു. ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ ഇവരെല്ലാം ആററൂരിനോടു് ബന്ധപ്പെട്ടവരായിരുന്നു. കിള്ളി ക്കുറിശ്ശിമംഗലം ശാഖയിലെ ഒരമ്മാവനായ ഭരതപ്പിഷാരടി യാണു് ആററൂരിനെ ആദ്യമായി കാവ്യപാഠങ്ങൾ പഠിപ്പിച്ച തു്. (വിദ്വാൻ നമ്പ്യാത്തൻ നമ്പൂതിരി, ശേഖരമാരാരു്, രാമുണ്ണിക്കുറുപ്പു് എന്നിവർ ആററൂരിൻെറ സമപ്രായക്കാരായ സുഹൃത്തുക്കൾ ആയിരുന്നു.) അദ്ദേഹം ശ്രീകൃഷ്ണവിലാസം മു തൽ മാഘംവരെയുള്ള കാവ്യങ്ങളിൽ അനഭിഗമ്യമായ അഭി യോഗം ആററൂരിനുണ്ടാക്കിക്കൊടുത്തു.

കാവ്യപാഠങ്ങൾ ഒട്ടുമുക്കാലും ഇങ്ങനെ കഴിച്ചിട്ടു് ആ ററൂർ തൻെറ ഒരു താവഴിക്കുടുംബം സ്ഥിതിചെയ്യുന്ന കിള്ളി ക്കുറിശ്ശിമംഗലത്തേക്കുപോയി. അവിടെ മേലേടത്തു രാമുണ്ണി നമ്പ്യാർ എന്ന പ്രശസ്തപണ്ഡിതൻെറ അടുക്കൽനിന്നും വ്യാ കരണത്തിലേയും കാവ്യത്തിലേയും ഉപരിപാഠങ്ങൾക്കു് ശിക്ഷ ണം ഏററു. ഗുരുമുഖത്തുനിന്നും ലഭിച്ചുകൊണ്ടിരുന്നതിൽ പ തിന്മടങ്ങാണു് സ്വപ്രയത്നംകൊണ്ടു് ആററൂരിനുണ്ടായ വി ജ്ഞാനം. മേലേടത്തു രാമുണ്ണിനമ്പ്യാർതന്നെയാണു് ചരിത്ര നായകനെ അഷ്ടാംഗഹൃദയം പഠിപ്പിച്ചതു്. അഷ്ടാംഗഹൃദയം ഉപാത്തമായതുകൊണ്ടുള്ള ഉള്ളുറമാണു് ആയുർവേദചികി ത്സയിൽ ആററൂരിനു് ഇന്നും കാണുന്ന ആഭിമുഖ്യത്തിനുഹേതു.

കിള്ളിക്കുറിശ്ശിമംഗലത്തു് ഇപ്രകാരം വിദ്യാഭ്യാസം നടന്നുകൊണ്ടിരിക്കെ, അക്കാലത്തെ പണ്ഡിതാഗ്രേസരന്മാരിൽ പ്രമുഖനായിരുന്ന വേങ്ങേരിമനയ്ക്കൽ വാസുദേവൻനമ്പൂരിപ്പാടവർകൾ ഒരുദിവസം ആറവൂർ താമസിച്ച ഭവനത്തിൽ ചെല്ലുകയുണ്ടായി. സംഭാഷണമദ്ധ്യേ നമ്പൂരിപ്പാടവർകൾ ചില ശ്ലോകങ്ങൾ ചൊല്ലുകയും അതിൻെറ അർത്ഥം വിശദമാക്കുന്നതിനു് കൗമാരപ്രായനായ ആറവൂരിനോടു് ആവശ്യപ്പെടുകയും ചെയ്തു. ബാലസഹജമായ സങ്കോചമോ ചാപല്യമോ ഏശാതെ, ഗൗരവപൂർവ്വം, ആറവൂർ ആ ശ്ലോകങ്ങളുടെ അർത്ഥം, ശ്രോതാക്കൾക്കു് വിവരിച്ചുകൊടുത്തു. അത്ഭുതസ്തിമിതനും സന്തുഷ്ടമാനസനുമായ നമ്പൂരിപ്പാടവർകൾ ഉടനെതന്നെ തൻെറ കൂടെനിന്നു് തക്കവ്യാകരണാലങ്കാരാദികൾ പഠിച്ചുകൊള്ളുവാൻ ആറവൂരിനെ ക്ഷണിച്ചു. സൽപാത്രദാനേച്ഛുവായ നമ്പൂതിരിയുടെ ആജ്ഞ ആറവൂരിൻെറ ജ്ഞാതിവർഗ്ഗം ശിരസാ വഹിച്ചു. നമ്പൂതിരിയുടെ ശിക്ഷണം നിരങ്കുശമായി ലഭിക്കയാൽ, തക്കത്തിലും വ്യാകരണത്തിലും, അലങ്കാരത്തിലും അനുപമമായ വൈശാരദ്യം ആറവൂരിനു് അചിരേണ ഉപഗതമായി.

ശാസ്ത്രാദ്ധ്യയനം അനഭിഹതമായി തുടൻുകൊണ്ടുപോകുവാൻ പരിതോവസ്ഥകൾ ആറവൂരിനെ അനുവദിച്ചില്ല. ആറവൂരിൻെറ മാതുലനായ കൃഷ്ണപ്പിഷാരടി എന്നൊരാൾ ചെറുവണ്ണൂർസഭാമഠം, മുണ്ടായ ദേവസ്വം മുതലായവയിലെ കാര്യസ്ഥനായിരുന്നു. പ്രായാധികൃത്താൽ ജോലിക്കു ശേഷി കുറഞ്ഞുതുടങ്ങിയ അദ്ദേഹം ഭാഗിനേയൻെറ സഹായംകൂടി ആവശ്യപ്പെട്ടു. അഭിവന്ദ്യനായ അമ്മാവൻെറ ആജ്ഞയെ അനുസരിക്കാതിരിക്കാൻ ആറവൂരിനു് അപ്പോൾ കഴിഞ്ഞില്ല. തന്നിലപ്പിക്കപ്പെട്ട കാര്യസ്ഥതയുടെ കനത്തഭാരം ആറവൂർ ഒന്നരക്കൊല്ലം പേറി. പിന്നീടു് അമ്മാവൻെറ വാത്സല്യപൂർവ്വമായ അനുജ്ഞ വാങ്ങിക്കൊണ്ടു് സ്വവിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു്, വേറൊരു മഹാപണ്ഡിതകുടുംബമെന്നു അക്കാലത്തു് പേർ പുകഴ്ന്നിരുന്ന, ചെറുമുക്കുവൈദികൻെറ ഇല്ലത്തേക്കു് ആറവൂർപോയി. നാമറിയുന്ന ചെറുമുക്കുവൈദികൻ ആറവൂരിൻെറ സഹപാഠിയാണു്.

ഓൎമ്മ പുതുക്കുന്നതിനുള്ള അവസരങ്ങൾ തുലോം കുറവായിരുന്നതുകൊണ്ടു്, പഠിച്ചിടത്തോളം വ്യാകരണാദിശാസ്ത്രങ്ങളിൽ ആററൂരിനു് മറവി നേരിട്ടിരുന്നു. അവയെല്ലാം ചെറുമുക്കുവൈദികൻെറ സന്നിധിയിൽ വീണ്ടും ഉരുവിട്ടുകയും നാലഞ്ചുമാസംകൊണ്ടു് പൂൎവ്വോപരിപാണ്ഡിത്യമാൎജ്ജിക്കുകയും ചെയ്തു. എന്നാൽ വിധിവൈപരീത്യത്താൽ അപ്പോഴേക്കും രോഗബാധിതനായ ആററൂരിനു് താമസിയാതെ സ്വദേശത്തേക്കു മടങ്ങേണ്ടതായിട്ടാണു വന്നതു് (1071ൽ). രോഗത്തിൽനിന്നും പരിപൂൎണ്ണവിമുക്തിനേടുവാൻ അല്പകാലം വേണ്ടിവന്നു. രോഗവിമുക്തനായ ആററൂർ വീണ്ടും സഭാകാൎയ്യസ്ഥതയിൽ ചെന്നുകപ്പെട്ടു.

കൊല്ലവർഷം 1072ൽ ആററൂർ സഭാദേവസ്വാദികാൎയ്യസ്ഥസ്ഥാനത്തിൽനിന്നു് നിശ്ശേഷം വിമോചനം നേടി. ഇത്രയും കാലത്തെ കാൎയ്യസ്ഥതകൊണ്ടു് കുറച്ചു കാശു് ആററൂരിനു് സമ്പാദ്യമുണ്ടായിരുന്നു. ജ്ഞാനപിപാസുവായ ആററൂർ ആ കാശുംകൊണ്ടു് (ഏകദേശം 30 രൂപാ) ബന്ധുക്കളോടോ സുഹൃത്തുക്കളോടോ യാതൊന്നും മിണ്ടാതെ, നേരെ കൊടുങ്ങല്ലൂർ കോവിലകത്തേയ്ക്കു തിരിച്ചു. കൊടുങ്ങല്ലൂരായിരുന്നല്ലോ അന്നത്തെ സൎവ്വകലാവല്ലഭന്മാരുടെ സങ്കേതം. ഔദാൎയ്യാഗാരമായിരുന്ന ആ ഗുരുകുലത്തിലെ ജ്ഞാനാർജ്ജനമായിരുന്നു ആററൂരിൻെറയും പരമലക്ഷ്യം.

പാണ്ഡിത്യപ്രകൎഷംകൊണ്ടും പ്രതിഭാപ്രഭാവംകൊണ്ടും, ദിഗന്തവിശ്രാന്തകീൎത്തികളായ അനേകം തമ്പുരാക്കന്മാർ അന്നു കൊടുങ്ങല്ലൂർകോവിലകത്തുണ്ടായിരുന്നു. അവരെല്ലാവരും അവിടെ ചെന്നുകൂടുന്ന നാനാജാതിമതസ്ഥരായ ജ്ഞാനാന്വേഷികളുടെ അനുദാസദാസന്മാരുമായിരുന്നു. കാവ്യം, നാടകം, അലങ്കാരം, തൎക്കം, വ്യാകരണം, വൈദ്യം, ജ്യോതിഷം എന്നുവേണ്ട ഏതു രംഗത്തിനും അവിടം ശിക്ഷണരംഗമായിരുന്നു. വായനക്കാരുടെ കൗതുകശാന്തിക്കായി, 'കൊടുങ്ങല്ലൂർ ഗുരുകുലം' എന്നപേരിൽ 1955 ജൂണിലെ സാഹിത്യപരിഷത്ത് മാസികയിൽ ആററൂർതന്നെ എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽനിന്നും ഏതാനുംഭാഗം ചുവടെ പകൎത്താം:—

"അക്കാലത്തെ കൊടുങ്ങല്ലൂർ പുത്തൻകോവിലകം

ഏറ്റവും ഉത്കൃഷ്ടമായ ഒരു സവ്വകലാശാല, അല്ലെങ്കിൽ സവ്വ വിദ്യാകലാശാലതന്നെയായിരുന്നു. പല വിഷയങ്ങളിലേയും ഓരോരോ കക്ഷ്യകളിൽ പഠിക്കുന്നവരായി മുന്നൂറോളം വിദ്യാത്ഥികൾ അക്കാലത്തു് ആ ഗുരുകുലത്തിലുണ്ടായിരുന്നു. കാവ്യപാഠംമുതൽ ന്യായം, വേദാന്തം, വ്യാകരണം, അലങ്കാരം, ആയുവ്വേദം, ജ്യോതിഷം, ശില്പം എന്നീവക ശാസ്ത്രങ്ങളിലെ ഉത്കൃഷ്ടഗ്രന്ഥങ്ങൾവരെയും, സംഗീതം, അഭിനയം എന്നീ പ്രധാന കലകളും അവിടെ അഭ്യസിപ്പിച്ചു വന്നിരുന്നവയാണു്. വലിയ കൊച്ചുണ്ണിത്തമ്പുരാൻ, കവി സാവ്വഭൗമൻ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ, വലിയ കുഞ്ഞുണ്ണിത്തമ്പുരാൻ—ഇവരെല്ലാം പ്രധാനമായി വിദ്യാത്ഥികൾക്കു് വിദ്യോപദേശത്തിനു വേണ്ടിത്തന്നെ ഒരുങ്ങിയിരുന്നവരാണു്.

"സാധാരണയായി ഉച്ചയ്ക്കു് ഒരുമണിമുതൽ അഞ്ചുമണി വരെയുള്ള സമയങ്ങളിലാണു തമ്പുരാക്കന്മാർ പഠിപ്പിച്ചുവന്നിരുന്നതു്. എന്നാൽ വലിയ കൊച്ചുണ്ണിത്തമ്പുരാന്റെ വാസസ്ഥലമായ കിഴക്കേബംഗ്ലാവിൽ രാവിലെ എട്ടുമണിമുതൽ പത്തുമണിവരെയുള്ള സമയത്തും തമ്പുരാന്റെ മേൽനോട്ടത്തിൽ കാവ്യപാഠങ്ങളും പാണിനീയസൂത്രങ്ങൾ ഉപദേശിക്കലും ഉണ്ടായിരുന്നു. ഏതെങ്കിലും ഒരു ശാസ്ത്രത്തിൽ നല്ല നൈപുണ്യവും വ്യുത്പത്തിയും സിദ്ധിച്ചാൽ മറ്റേതുശാസ്ത്രവും സ്വയംപരിചയംകൊണ്ടുതന്നെ സ്വാധീനമായിത്തീരുന്നതാണെന്ന പരമാത്ഥം അന്നത്തെ ആചാര്യന്മാക്കറിയാമായിരുന്നു. അതിനാൽ ക്രമികമായും നിഷ്കൃഷ്ടമായും ഏതെങ്കിലും ഒരു ശാസ്ത്രം ഉപരിഗ്രന്ഥങ്ങൾവരെ പഠിപ്പിച്ചു ശിഷ്യരെ വിദ്യാസമ്പന്നരാക്കിത്തീക്കുകയായിരുന്നു പതിവു്. ഏതു കക്ഷ്യയിലുമുള്ള പാഠവും ദിവസത്തിൽ ഒരു മണിക്കൂർമുതൽ ഒന്നര മണിക്കൂറിനുള്ളിലുള്ള സമയമേ വിദ്യാത്ഥികൾക്കുണ്ടായിരുന്നുള്ളു. മററു സമയങ്ങളിലെല്ലാം പഠിച്ച പാഠങ്ങൾ ചിന്തിച്ചുറപ്പിക്കുക, അതായതു് ആ കക്ഷ്യയിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ചേന്നു് ആചാര്യൻ പഠിപ്പിച്ച രീതിയിൽ ഒരാൾ പ്രതിപാദിക്കയും മററുള്ളവർ അതിൽ വല്ല തെററും വരുന്നുണ്ടെങ്കിൽ അതു തിരുത്തുകയുംചെയ്യു എന്നുള്ളതായിരുന്നു വിദ്യാത്ഥികളുടെ പ്രവൃത്തി.

"പ്രസ്തുത ഗുരുകുലത്തിലെ ശിഷ്യഗണങ്ങൾക്കുള്ള വിനയാധാനത്തിൻെറ രീതി ഒന്നു പ്രത്യേകംതന്നെയായിരുന്നു. പഠിക്കാൻ നിശ്ചയിച്ചിട്ടുള്ള സമയത്തു് അവിടെ ചെന്നിരുന്നാൽ പഠിപ്പിച്ചു പറഞ്ഞയയ്ക്കുമെന്നു മാത്രമല്ലാതെ ഓരോ ശിഷ്യന്മാരുടെയും പെരുമാറ്റം എങ്ങനെയാണെന്നോ പ്രകൃതമെന്താണെന്നോ ആചാര്യന്മാരായ തമ്പുരാക്കന്മാർ അന്വേഷിച്ചിരുന്നില്ല. ശിഷ്യഗണങ്ങളിൽ ആരെങ്കിലും കുളിക്കുന്നുണ്ടോ, ഉണ്ണുന്നുണ്ടോ, എന്തെങ്കിലും വികൃതികാണിക്കുന്നുണ്ടോ എന്നുള്ള നോട്ടവും പുറമെയൊന്നും അവർക്കുണ്ടായിരുന്നില്ല. അവിടത്തെ പരിതഃസ്ഥിതിതന്നെ സ്പഷ്ടമായി വികൃതികാണിപ്പാൻ ആരെയും ധൈര്യപ്പെടുത്തുകയില്ലെന്നു ശമപ്രധാനന്മാരായ ആചാര്യന്മാർക്കു നല്ല നിശ്ചയമുണ്ടായിരുന്നു. ശുണ്ഠി, അല്പരസം, ദുരഭിമാനം, വൃത്തികേട് മുതലായ ദോഷങ്ങളെ പരിഹരിപ്പാൻ ഒന്നാന്തരമായ ഒരു മാർഗ്ഗമാണു് അവിടെ നടപ്പായിരുന്നതു്. എവിടന്നു് എങ്ങനെ പുറപ്പെട്ടു എന്നറിയാതെ ഓരോരുത്തർക്കും ഓരോ ശകാരപ്പേർ അല്ലെങ്കിൻ ഓമനപ്പേർ വന്നുകൂടുന്നതുകാണാം. അണ്ടിക്കണ്ണൻ, സുഗ്രീവൻ, കുഞ്ഞലക്കൻ, തുണ്ഡീരൻ, മങ്കുണ്ടിവാലൻ ഇങ്ങനെ തുടങ്ങിയാണു് ആവക നാമകരണങ്ങൾ കഴിച്ചിരുന്നതു്. പിന്നെ ആ പേരിലല്ലാതെ കാരണവന്മാർ മുമ്പു നല്കീട്ടുള്ള പേരിൽ സാധാരണയായി ആരെയും അവിടെ വിളിച്ചിരുന്നില്ല. വിളിച്ചാൽ ആളെ തിരിച്ചറിയുകയുമില്ല. തിരുവനന്തപുരംമുതൽ നീലീശ്വരംവരെയുള്ള പ്രദേശത്തിലുൾപ്പെട്ട പല സ്ഥലങ്ങളിൽനിന്നും വിദ്യാർത്ഥികൾ അക്കാലത്തു് അവിടെവന്നു താമസിച്ചു പഠിച്ചിരുന്നു. അതിൽ കോഴിക്കോട്ടുനിന്നു വടക്കുള്ളവർക്കു നല്കുന്ന ഓമനപ്പേരിൽ ഓളി എന്ന ഉപപദവും ചേർത്തലനിന്നും തെക്കോട്ടുള്ളവർക്കു നല്കുന്ന ഓമനപ്പേരിൽ അണ്ണൻ എന്ന ഉപപദവും ചേർക്കണമെന്നാണു നിശ്ചയം. അങ്ങനെ അവർ ഓളി മൂഷകൻ, അണ്ണുനാണ്ടി മുതലായ പേരിലായിരിക്കും കേൾക്കുന്നതു്. എനിക്കു് അതുപ്രകാരം കല്പിച്ചുകിട്ടീട്ടുള്ള പേർ തുണ്ഡീരൻ എന്നായിരുന്നു. ഒരുദിവസം കുഞ്ഞിക്കുട്ടൻതമ്പുരാൻ എന്റെ മുഖത്തുനോക്കി "എടൊ, തുണ്ഡീരാ, തന്നെ കൊച്ചുണ്ണിജ്യേഷ്ഠൻ വിളിക്കുന്നു" എന്നു പറഞ്ഞപ്പോ

ഴാണ് എൻെറ ഓമനപ്പേർ എനിക്കറിവാനിടയായതു്. അതിൽ വല്ല അല്പരസവും കാണിച്ചാൽ എല്ലാവക്കും ബഹുരസമായിത്തീരുകയാണു ഫലം. ഈ മാതിരിയിലാണ് ഓരോ ശിഷ്യനും വിദ്യാതൃഷ്ണയോടുകൂടി പഠിക്കുവാൻ വന്നിട്ടുള്ളവനോ കൊടുങ്ങല്ലൂർ പഠിക്കുന്നു എന്നു മേനിപറവാൻ വന്നിട്ടുള്ളവനോ എന്നു പരീക്ഷിച്ചു് ആചാര്യന്മാർ ശിഷ്യന്മാക്കു വിനയാധാനം ചെയ്തിരുന്നതു്. യഥാൎത്ഥത്തിൽ ഏതുക്ലേശവും സഹിച്ചു് പഠിക്കുവാൻ വന്നിട്ടുള്ള ആളാണെന്നു മനസ്സിലായാൽ പിന്നെ ആ ശിഷ്യനെക്കുറിച്ചു് ആചാര്യന്മാക്കു പിതൃതുല്യവും മാതൃതുല്യവും ആയ വാത്സല്യം ഉണ്ടായിത്തീരുന്നതാണു്. ഇതെല്ലാം എനിക്കു് അനുഭവവുമാണു്.''

താൻ കൈയിൽ കൊണ്ടുവന്നിരുന്ന അല്പമായ സംഖ്യ, ഒഴിച്ചുകൂടാൻപാടില്ലാത്ത ഏതാനും ആവശ്യങ്ങൾക്കുമാത്രം എടുത്തിട്ടും, കുറെ നാൾക്കകം ചെലവായിപ്പോയി. പണദൗർല്ലഭ്യം കുമാരനായ ആറൂരിനെ വല്ലാതെ പീഡിപ്പിച്ചു. ഒരു വശത്തു വിജ്ഞാനതൃഷ്ണാല്പതാപം, മറുവശത്തു പണച്ചുരുക്കം— രണ്ടു സംഗതികളുടെയും ഇടയ്ക്കു കഥാപുരുഷൻ തുലോം ഞെരുങ്ങി. മനസ്സു് അസഹനീയമായി തപിച്ചു. എന്നാൽ ആപത്തിൻെറ ദുർന്നിവാരമായ ഘട്ടത്തിൽ ദൈവയോഗം സംഭവിക്കുക നാം കണ്ടുവരുന്ന വസ്തുതയാണല്ലോ. ആസ്തികന്മാക്കു് ആശ്വാസമരുളുന്ന ഈ ചിന്താഗതിയിൽ ആറൂരും വിജയിക്കതന്നെ ചെയ്തു.

കഥാപുരുഷൻെറ കൈപ്പട ഇന്നത്തെപ്പോലെ അന്നും വടിവും ചന്തവും തികഞ്ഞതായിരുന്നു. ശിഷ്യന്മാരുടെ കൈപ്പടയിൽ പ്രത്യേകശ്രദ്ധാലുക്കളായ, ആചാര്യന്മാരായ തമ്പുരാക്കന്മാക്കു് ആറൂരിൻെറ അതിസുന്ദരമായ കൈയക്ഷരം അതിരററ സന്തുഷ്ടിയുളവാക്കി. അദ്ധ്യാപനം ഒഴിച്ചുള്ള കോവിലകത്തെ മററു തന്ത്രാവശ്യങ്ങൾക്കായി, ആറൂരിൻെറ മനോഹരമായ കൈപ്പടയെ അവർ പ്രയോജനപ്പെടുത്തി. അനദ്ധ്യായസമയങ്ങളിൽ കോവിലകത്തെ രായസപ്പണിക്കു് സ്വയ്യപുരുഷൻ നിയമിക്കപ്പെട്ടു. ഇതിൽവച്ചു് ആറൂരിനുണ്ടായ ലാഭം കോവിലകത്തുനിന്നുള്ള സൗജന്യഭക്ഷണമായിരുന്നു. കൊടുങ്ങല്ലൂർക്ഷേത്രത്തിൽനിന്നും ചോറു വാങ്ങിച്ചു

കഴിച്ചുകൊണ്ടാണ്, സാധാരണമായി അദ്ധ്യേതാക്കൾ കൊടുങ്ങല്ലൂർകോവിലകത്തു് പഠിച്ചുതാമസിച്ചിരുന്നതു്. ഈ അല്പമാത്രമായ ആഹാരക്രമംതന്നെ അന്നത്തെ ഗുരുകുലാംഗങ്ങളുടെ വിദ്യാർത്ഥിജീവിതം ഏതാണ്ടൊരു തപശ്ചര്യയായിരുന്നു എന്നു വെളിവാക്കുന്നുണ്ടല്ലോ. സ്മർത്തവ്യപുരുഷന്റെ കൊടുങ്ങല്ലൂർകോവിലകജീവിതം ഇപ്രകാരം ബുദ്ധിമുട്ടുകൂടാതെ കണ്ടു്, നാലഞ്ചുകൊല്ലം നീണ്ടുപോയി ശുഭമായി പര്യവസാനിച്ചു.

## ജീവികാമാർഗ്ഗാന്വേഷണം

വിദ്യാർത്ഥി വിദ്വാനായാൽ അദ്ധ്യാപകനായിട്ടാണല്ലൊ അവസാനിക്കുക. സംസ്കൃതവ്യുൽപത്തി വേണ്ടുവോളം സിദ്ധിച്ച കഥാപുരുഷനു്, നാട്ടിൽ തിരിച്ചെത്തിയിട്ടു് സ്വസ്ഥനായിരിക്കാൻ ആരും അവസരം കൊടുത്തില്ല. ജീവനോപായത്തിനു് വൈഷമ്യംകൂടിയുണ്ടായിരുന്നആററൂർ വിശ്രമത്തിനു് അഭിലഷിച്ചതുമില്ല. സ്വദേശത്തെത്തി അധികദിവസം കഴിയുന്നതിനുമുമ്പു് സ്മർത്തവ്യപുരുഷൻ സംസ്കൃതാദ്ധ്യാപനത്തിനായി മണ്ണാർക്കാട്ടു് മൂപ്പിൽനായരുടെ ഭവനത്തിലേക്കു് ക്ഷണിക്കപ്പെട്ടു. അന്നത്തെ (1076ലെ) മൂപ്പിൽനായരും അദ്ദേഹത്തിന്റെ സഹോദരന്മാരുമായിരുന്നു അവിടെ ഉണ്ടായിരുന്ന ശിഷ്യന്മാർ. സംസ്കൃതഭാഷാഭ്യസനത്തിൽ ആററൂർ മൂപ്പിൽനായരുടെ ഗുരുവായിരുന്നെങ്കിൽ വീണവായനയിൽ മൂപ്പിൽനായർ ആററൂരിന്റെയും ഗുരുസ്ഥാനം വഹിച്ചു. കൊടുങ്ങല്ലൂർകോവിലകത്തെ സംസർഗ്ഗത്തിൽനിന്നും സംജാതമായ സംഗീതവാസന മൂപ്പിൽനായരിൽനിന്നും വീണവായന അഭ്യസിക്കുന്നതിനു് ആററൂരിനു് അത്യന്തം പ്രയോജകീഭവിച്ചു. തന്റെ ശ്വശുരനായിത്തീന്ന പഴയന്നൂർ കുട്ടപ്പിഷാരടിയാണു് ആററൂരിന്റെ കലാഭിജ്ഞതയെ പിന്നീടു പ്രചോദിപ്പിച്ചതു്. വിവാഹബന്ധംമൂലം പഴയന്നൂർ സഹവാസംതുടങ്ങിയ ആററൂരിനെ, ശ്വശുരഗൃഹത്തിൽനിന്നും നാലുമൈലകലെയുള്ള പാട്ടൂർ എന്ന സ്ഥലത്തെ ബ്രാഹ്മണയുവാക്കന്മാർ തങ്ങളെ തക്കം പഠിപ്പിക്കുന്നതിനു് അധികതാമസമെന്യേ ക്ഷണിച്ചുകൊണ്ടുപോയി. പാട്ടൂർ എന്ന പ്രദേശത്തു കഥാ

പുരുഷൻ കുറച്ചുകാലമെ താമസിച്ചുള്ളൂ. അതിനുശേഷം പി ല്ക്കാലത്തു പണ്ഡിതപ്രകാണ്ഡമെന്നു് പ്രഖ്യാതനായിത്തീൎന്ന (1954ൽ പരേതനായ) ശ്രീ. വി. കെ. നാരായണഭട്ടതിരി യെ തൎക്കം പഠിപ്പിക്കുന്നതിനായി ആറന്മൂർ കപ്ലിങ്ങാട്ട മനയ്ക്ക ലേയ്ക്കുപോയി. ഒരു കൊല്ലത്തോളം ആറന്മൂർ നാരായണഭട്ടതി രിയുടെ ഗുരുനാഥസ്ഥാനം വഹിച്ചു. അനന്തരം കഥാപുരു ഷൻ തറയ്ക്കൽവാൎയ്യത്തു് തൎക്കാദ്ധ്യാപകനായി ക്ഷണിക്കപ്പെട്ടു. അവിടെ കുറെനാളുകളേ അദ്ദേഹത്തിനു താമസിക്കാൻ ഇട വന്നുള്ളൂ. അപ്പോഴേക്കും ആലത്തൂർ ഹൈസ്കൂളിൽ ഒരു സാധാ രണ ഭാഷാദ്ധ്യാപകനായി അദ്ദേഹം നിയമിക്കപ്പെട്ടു. ആല ത്തൂർ ഹൈസ്കൂളിലെ അന്നത്തെ (1079ലെ) ഹെഡ്മാസ്റ്റർ, പിന്നീടു് തിരുവിതാംകൂർ ദിവാൻജിയായിത്തീൎന്ന സർ എം. കൃഷ്ണൻനായരവർകളായിരുന്നു. ഈ വിദ്യാലയത്തിൽ ഒരു സംവത്സരത്തോളമേ ആറന്മൂർ അദ്ധ്യാപകനായിരുന്നുള്ളൂ.

ഈയിടയ്ക്കാണു തന്നതുകാൎയ്യമായി തൃശ്ശിവപേരൂൎക്കുപോയ സ്മൎയ്യപുരുഷനു് യാദൃച്ഛികമായി, നൂതനമായാരംഭിച്ച 'ഭാര തവിലാസം'പ്രസ്സിന്റെ ഉടമസ്ഥൻ ശ്രീ. മാളിയമ്മാവു കുഞ്ഞുവറീതിനെ പരിചയപ്പെട്ടുവാൻ ഇടവന്നതു്. തൃശ്ശൂർ വച്ചു രണ്ടുപേരുംകൂടി പല പ്രധാന ഗ്രന്ഥങ്ങളുടെയും പ്രസി ദ്ധീകരണത്തെക്കുറിച്ചു് ആലോചിച്ചുറച്ചു. അതിന്റെ ഫല മായി കഥാപുരുഷൻ ആലത്തൂർ ഹൈസ്കൂൾവിട്ടു് തൃശ്ശിവപേ രൂർ സ്ഥിരതാമസമാക്കി. ഭാരതവിലാസം മുദ്രണാലയവുമാ യുള്ള ബന്ധമാണു് ആറന്മൂരിന്റെ സാഹിത്യവ്യവസായത്തിനു പ്രധാന ഹേതുവായിത്തീൎന്നതെന്നു വേണമെങ്കിൽ പറയാം.

തൃശ്ശിവപേരൂർ താമസിച്ചുവരവെ തൃശ്ശൂർ സൎക്കാർഹൈ സ്കൂളിലെ ഭാഷാധ്യാപകന്റെ ഒഴിവിൽ ആറന്മൂർ നിയമിക്ക പ്പെട്ടു. ഇതു് 1083ലാണു്. തൃശ്ശൂരിലെ താമസംകൊണ്ടു് പല ഗുണാനുഭവങ്ങളും ആറന്മൂരിനുണ്ടായി. മംഗളോദയം കമ്പനി ക്കാരുടെ പരിചയം സമ്പാദിക്കുന്നതിനു് സ്മൎയ്യപുരുഷനു് സൗ കൎയ്യം കിട്ടി. അതുമൂലം മംഗളോദയം കമ്പനിവക പല ഗരീ യസ്സായ പ്രസാധനങ്ങളുടെയും ഭാരവാഹിത്വം ആറന്മൂരിൽ നിക്ഷിപ്തമായി. മംഗളോദയംമാസികയുടെ പത്രാധിപസ്ഥാ നവും ഇത്തരുണത്തിലാണു് ആറന്മൂരിൽ വന്നുചേൎന്നതു്. സഹൃ

ദയലോകത്തിൻെറ മുക്തകണ്ഠമായ പ്രശംസയ്ക്കു് പാത്രീഭവിക്കത്തക്ക ഒരു നില മംഗളോദയം മാസികാപത്രികയ്ക്കു കൈവന്നതു് ആററൂരിൻെറ അശ്രാന്തപരിശ്രമത്തിന്റെ ഫലമാണെന്നു് നിഷ്മത്സരന്മാരായ ആളുകൾ സമ്മതിക്കാതിരിക്കയില്ല.

തൃശ്ശൂരിലെ സ്ഥിരതാമസംകൊണ്ടു് ആററൂരിനുണ്ടായ മറ്റൊരു ഗുണം ഭാഷാഭിമാനികളായ മററു മഹാന്മാരുമായുള്ള നിരന്തരസമ്പക്കമാകുന്നു. കൈരളീപ്രണയിയും സഹൃദയപ്രോത്സാഹകനുമായിരുന്ന അപ്പൻതമ്പുരാൻെറയും,കണ്ടൂർ നാരായണമേനോൻ തുടങ്ങിയ കവികോകിലങ്ങളുടെയും സൗഹാർദ്ദം ആററൂരിനു കൈവന്നു. അപ്പൻതമ്പുരാനുമായുള്ള സംസർഗ്ഗമാണു് ആററൂരിനു് അനന്തപുരത്തു കോയിത്തമ്പുരാക്കന്മാരെ പരിചയപ്പെട്ടുവാൻ ഇടവരുത്തിയതു്. അക്കാലത്തു തിരുവനന്തപുരം രാജകീയ മഹാപാഠശാലയിലെ ദ്രാവിഡഭാഷാപ്രഫസ്സറായിരുന്ന എ. ആർ. തിരുമേനി അപ്പൻതമ്പുരാൻെറ കോവിലകത്തു് ചിലപ്പോഴെല്ലാം അതിഥിയായി വന്നു താമസിക്കുമായിരുന്നു. അപ്പൻതമ്പുരാൻെറ വാത്സല്യാതിരേകത്തിനു് പാത്രീഭൂതനായ ആററൂരിനെ അയ്യന്തോൾ കോവിലകത്തുവെച്ചു കേരളപാണിനി ആദ്യമായി പരിചയപ്പെട്ടു. "വിദ്വാനേവ വിജാനാതി വിദ്വജ്ജനപരിശ്രമം" എന്നു പറഞ്ഞമാതിരി പണ്ഡിതനായ കോയിത്തമ്പുരാൻതിരുമനസ്സിലേയ്ക്കു് ആററൂരിൻെറ പാണ്ഡിത്യഗരിമ മനസ്സിലാക്കുവാൻ ഏതാനും ദിവസങ്ങളേവേണ്ടിവന്നുള്ളു. തൃശ്ശൂർ സക്കാർഹൈസ്കൂളിലെ ഭാഷാധ്യാപനത്തിൽനിന്നും വിടുത്തി, തിരുവനന്തപുരം രാജകീയമഹാപാഠശാലയിൽ തൻെറകീഴിൽ ഒരു മുൻഷിയായി കഥാപുരുഷനെ നിയമിക്കുന്നതിനു് എ. ആർ. തമ്പുരാൻ ഉടനടി വേണ്ട ഏർപ്പാട്ടുകൾ ചെയ്തു. 1086 മിഥുനമാസം 19-ാംനു- (32-ാമത്തെ വയസ്സിൽ) തിരുവനന്തപുരം രാജകീയമഹാകലാലയത്തിൽ ഒരു ഭാഷാപണ്ഡിതനായി നൂറു രൂപാ ശമ്പളത്തിൽ ആററൂർ നിയമിക്കപ്പെട്ടു.

പ്രസ്തുതോദ്യോഗത്തിൽ കഥാപുരുഷൻ 16ൽ ചില്വാനം കൊല്ലം സ്ഥിതിചെയ്തു. ആററൂരിൻെറ അന്യാദൃശമായ പാണ്ഡിത്യധുരീണതയിൽ മതിപ്പുണ്ടായിരുന്ന വലിയകൊട്ടാരത്തിൽനിന്നും അദ്ദേഹത്തെ 1102ൽ ഇപ്പോഴത്തെ രാജപ്രമു

ഖൻ തിരുമേനിയുടെ സംസ്കൃതട്യൂട്ടറായി നിയമിച്ചു. ഏഴ സംവത്സരക്കാലം കൊട്ടാരം ട്യൂട്ടറായിരുന്നിട്ട് അമ്പത്തഞ്ചു വയസ്സു തികഞ്ഞ 1109ൽ ആ പണ്ഡിതാഗ്രേസരൻ അട ത്തുൺപററി പിരിഞ്ഞു.

## സാഹിത്യവ്യവസായം

പാണ്ഡിത്യഗരിഷ്ഠതകൊണ്ട് അന്നത്തെ സാഹിത്യകേ സരികളുടെ പംക്തിയിൽ പ്രമുഖസ്ഥാനം ഉപലബ്ധമായെങ്കി ലും സാഹിത്യവ്യവസായത്തിനു സമീചീനമായ പ്രചോദ നം ആറവൂരിനു നൽകിയതു് 'കവിസാവ്വഭൗമ'നെന്നു് വിഖ്യാ തി നേടിയ കൊടുങ്ങല്ലൂർ ചെറിയകൊച്ചുണ്ണിത്തമ്പുരാനും 'കേരളവ്യാസ'നെന്നു് ബിരുദമാജ്ജിച്ച കൊടുങ്ങല്ലൂർ കുഞ്ഞി ക്കുട്ടൻതമ്പുരാനും ആയിരുന്നു. ഈ സാഹിത്യപ്രഭുക്കന്മാരുടെ കൂടെയുള്ള നാലഞ്ചുകൊല്ലത്തെ സഹവാസം ഏതൊരു മൂഢ ചിത്തത്തെയാണു് ഭാരതീഭാസുരവും സാഹിത്യസുഭിക്ഷവുമാ ക്കാത്തതു്? നൈസർഗ്ഗികവാസനയാൽ സമനുഗൃഹീതനും സാ ഹിത്യാഭിയോഗവരത്താൽ ഭദ്രമതിയുമായ ആറവൂരവർകളുടെ കാര്യ്യം വിശേഷിച്ചു പറയാനുണ്ടോ? നല്ലവണ്ണം നിലമൊരു ക്കി ഉരവും ചേർത്തു് വിത്തിട്ടാൽ ഫലഭൂയിഷ്ഠമായി പരിണമി ക്കുന്നതിൽ വിസ്മയിക്കാനെന്തുള്ളൂ?

തൃശ്ശൂർ താമസിച്ചുകൊണ്ടു കുഞ്ഞുവറീതിൻെറ നിർദ്ദേശ മനുസരിച്ചു വളരെ പ്രസിദ്ധീകരണങ്ങൾ ആറവൂർ ചെയ്തിട്ടു ണ്ടായിട്ടുണ്ട്. ആദ്യം ആറവൂർ കേരളവമ്മരാമായണമാണു് പ്രസിദ്ധീകരിച്ചതു്. അതിനെ തുടന്നു് ഉത്തരകാണ്ഡവും പ്ര സിദ്ധീകരിക്കപ്പെട്ടു. അഷ്ടാംഗഹൃദയം ഹൃദിസ്ഥവും മുഖസ്ഥ വുമായ കഥാപുരുഷനു് വൈദ്യശാസ്ത്രസംബന്ധികളായ ഗ്ര ന്ഥങ്ങൾ പ്രസാധനംചെയ്യുന്നതിനു് തെല്ലും വൈഷമ്യമുണ്ടാ യിരുന്നില്ല. ഏതാനും ചില പുതിയ 'യോഗ'ങ്ങൾ കൂട്ടിച്ചേ ർത്തു് 'സഹസ്രയോഗ'ത്തിനു് ഒരു പരിഷ്കരിച്ച പതിപ്പും ആ റവൂർ പ്രസിദ്ധപ്പെടുത്തി. വിഷവൈദ്യഗ്രന്ഥങ്ങൾ കുറവായി രുന്ന കൈരളിക്കു് ആയിനത്തിലും പരിഹാരം നേടിക്കൊടു ത്തു. ഇതെല്ലാം നിർവിഘ്നം നടന്നുകൊണ്ടിരിക്കവേയാണു്

എ. ആർ. തമ്പുരാൻ തിരുമനസ്സുകൊണ്ടു് ആററൂരിനെ തിരുവനന്തപുരത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയതു്.

കൊട്ടങ്ങല്ലൂർ തമ്പുരാക്കന്മാരുടെ സമ്പക്കംകൊണ്ടു് വിജ്ഞാനതൃഷ്ണയ്ക്കു് തൈക്ഷ്ണ്യംകൂടിയിരുന്ന കഥാപുരുഷനു് അനന്തപുരത്തു കോയിത്തമ്പുരാക്കന്മാരുടെ സഹവാസംകൂടിയായപ്പോൾ കഥ പറയാനുമില്ല. പരിജ്ഞാനം പരിണതമായതു് അപ്പോഴാണു്. കേരളവ്യാസനിൽനിന്നും കേരളകാളിദാസൻെറ സമീപത്തേയ്ക്കുള്ള മാററം ആററൂരിൻെറ സാഹിത്യവാസനയ്ക്കു പുനഃപ്രചോദനം നല്കി. പണ്ഡിതപ്രകാണ്ഡമായ തദ്ഭാഗിനേയൻ രാജരാജവമ്മത്തമ്പുരാനുമായുള്ള സംസർഗ്ഗം ആററൂരിൻെറ ഭാഷാപോഷണതത്പരതയെ സുതരാം ഉത്തേജിതമാക്കി. ഇപ്രകാരം എല്ലാപരിതോവസ്ഥകൾകൊണ്ടും സാഹിത്യാഭിജ്ഞതയ്ക്കു് അന്തസ്സുത്ത വർദ്ധിച്ച ആററൂരിൽനിന്നും കൈരളിക്കു കൈവന്ന സംഭാവനകൾ അപ്രതിമവും അനവദ്യവുമാകുന്നു. അതെല്ലാം ഓരോന്നായെടുത്തു പ്രപഞ്ചനംചെയ്യുന്നതിനു് ഈ ലഘുജീവിതചരിത്രത്തിൽ സാദ്ധ്യമല്ലാതെവന്നതിൽ മനസ്താപിക്കുന്നു.

താഴെപ്പറയുന്ന കൃതികളാണു് കേരളവാണിക്കു് ലഭിച്ചിട്ടുള്ള ആററൂരിൻെറ പ്രധാനസംഭാവനകൾ:—

1. രസികരത്നം: ഇതു് ആററൂരിനു് 22 വയസ്സുള്ളപ്പോൾ സംസ്കൃതത്തിൽ നിമ്മിച്ച ഒരു ഭാണമാണു്. ഇതിന്റെ കൈയെഴുത്തുകാപ്പി നഷ്ടപ്പെട്ടുപോകയാൽ പ്രസിദ്ധപ്പെടുത്തുവാൻ ഇടവന്നിട്ടില്ല.

2. കേരളചരിതം 1–ാംഭാഗം (പുരാതനകാലം): കേരളപൂവ്വചരിത്രത്തിൽ പെരുമാൾവാഴ്ചയുടെ മദ്ധ്യകാലംവരെയുള്ള ഭാഗം മാസികകളിൽ കുറേശ്ശെയായി പ്രസിദ്ധപ്പെടുത്തിയിരുന്നതിന്റെ പുസ്തകരൂപത്തിലാക്കിയതു്. പതിററിപ്പത്തു്, ചിലപ്പതികാരം, മണിമേഖല, പുറനാനൂർ, അകനാനൂർ മുതലായ ചെന്തമിഴ്ഗ്രന്ഥങ്ങളും, ചില പഴയ ഭാഷാഗ്രന്ഥങ്ങൾ, താമ്രശാസനങ്ങൾ, സംസ്കൃതഗ്രന്ഥങ്ങൾ, പാലിഭാഷാഗ്രന്ഥങ്ങൾ എന്നിവയും പരിശോധിച്ചു് അവയിൽനിന്നെല്ലാം കിട്ടിയ ചരിത്രവിഷയങ്ങളും, പുകപിടിച്ചു് മങ്ങിയും പൊട്ടിച്ചിന്നിയും കിടക്കുന്ന അനേകം ഐതിഹ്യ

കല്ലെറ്റാടികളിൽക്കൂടി മറഞ്ഞു മങ്ങിക്കാണാവുന്ന ചരിത്രസൂക്ഷ്മതത്വങ്ങളും കഴിയുന്നിടത്തോളം ശേഖരിച്ച് പ്രാചീനകേരളചരിത്രത്തെ സാമാന്യമായി ഈ ഗ്രന്ഥത്തിൽ രൂപപ്പെടുത്തിയിരിക്കുന്നു. ഇതു് 1105ൽ പ്രസിദ്ധീകൃതമായി.

3. കേരളചരിത്രം(1–ാം ഭാഗം): മേല്പറഞ്ഞ ഗ്രന്ഥത്തിൽ നിന്നും അല്പം വിഭിന്നമായി ചരിത്രഗതികളെ മാത്രം പിന്തുടന്ന്, പ്രമാണപ്പെട്ട തെളിവുകളുടെ വിവരങ്ങളും വിമർശങ്ങളും ചേർക്കാതെ ഉപപാദിക്കുന്ന കേരളചരിത്രം. ക്രിസ്ത്വാബ്ദം 1500 വരെയുള്ള ചരിത്രം 1–ാം ഭാഗമായും ശേഷമുള്ളതു് 2–ാം ഭാഗമായും വിഭജിക്കപ്പെട്ടിരിക്കുന്നു. 1–ാം ഭാഗം 110ൽ പരസ്യപ്പെടുത്തി.

4. ഭാഷാദർപ്പണം (രസികരത്നം): കാവ്യങ്ങളുടെയും അലങ്കാരങ്ങളുടെയും ലക്ഷ്യലക്ഷണസ്വാരസ്യാദികളെ വിവരിക്കുന്ന ഒരു അമൂല്യഗ്രന്ഥം. ഇതു് സംസ്കൃതത്തിലെ വിശ്വനാഥകവിരാജൻെറ 'സാഹിത്യദർപ്പണ'മാതൃകയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാകുന്നു.

5. മലയാളഭാഷയും സാഹിത്യവും (A critical survey of Malayalam language and literature): മലയാളഭാഷയുടെ ഉത്പത്തിമുതൽ ആധുനികകാലംവരെയുള്ള സാഹിത്യത്തിൻെറ ഗതിയെ നിരീക്ഷണംചെയ്തു് സമഗ്രമായി വിമർശിക്കുന്ന ഒരു സാഹിത്യനിരൂപണഗ്രന്ഥം. മദ്രാസ് യൂണിവേഴ്സിററിയുടെ ആഭിമുഖ്യത്തിൽ ഗ്രന്ഥകാരൻ നടത്തിയ പ്രഭാഷണങ്ങളാണ് അവലംബം. 1927ൽ അച്ചടിച്ച ആദ്യപതിപ്പിലെ കാപ്പികൾ അല്പകാലംകൊണ്ടു് തീൎന്നുപോയി. നാഷണൽ ബുക്ക്സ്റ്റാൾകാരുടെ സൗമനസ്യംകൊണ്ടാണ് വീണ്ടും ഇപ്പോൾ ഇതിനൊരു പതിപ്പുണ്ടായതു്.

6. ഭാഷാസാഹിത്യചരിതം (1–ാം ഭാഗം): "മൂലദ്രമിഡഭാഷയായ മുത്തമിഴി"ൽനിന്നുള്ള ഉത്പത്തിമുതൽ സാഹിത്യസ്വരൂപംവരെയുള്ള കൈരളിയുടെ ഗതിവിഗതികളെ ചർച്ചചെയ്യുന്ന സാഹിത്യചരിതം. ഇതിൻെറ ഒന്നാംഭാഗമേ വെളിക്കു വന്നിട്ടുള്ളു. ബാക്കിഭാഗങ്ങൾകൂടി പുറത്തുവന്നാൽ അതൊരു ഉത്തമസാഹിത്യചരിത്രഗ്രന്ഥമായിരിക്കും.

7. ലീലാതിലകം: ലീലാതിലകം പുസ്തകരൂപത്തിൽ

ആദ്യമായി പ്രസിദ്ധപ്പെട്ടത്തിയതു് ആററൂരാണു്. 'ഉന്മീലനം' എന്ന ഇതിൻെറ ടിപ്പണി സവിസ്തരവും സമഗ്രവുമാണു്.

8. ഉണ്ണുനീലിസന്ദേശം: രസികരഞ്ജിനിമാസികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചിരുന്നതിനെ ഒന്നായിച്ചേത്തു് പുസ്തകരൂപത്തിലാക്കിയിട്ടുള്ളതു്. ആററൂരിന്റെ അവതാരികയും വ്യാഖ്യാനവും ഈ ഗ്രന്ഥത്തിനിയററീട്ടുള്ളമേന്മ അവാച്യമാണു്. പ്രസ്തുത അവതാരികയും വ്യാഖ്യാനവും വെളിക്കു കൊണ്ടുവന്നിട്ടുള്ള ചരിത്രവസ്തുതകൾ അനർഘവും വിജ്ഞാനപ്രദവുമാകുന്നു.

9. കേരളശാകുന്തളം: കാളിദാസരുടെ അഭിജ്ഞാനശാകുന്തളത്തിൻെറ കേരളപാഠമനുസരിച്ചുള്ള ഭാഷാന്തരം.

10. അംബരീഷചരിതം: പ്രസ്തുത ആട്ടക്കഥ, വിജ്ഞാനപ്രദമായ വ്യാഖ്യാനവും ആമുഖവും ചേത്തു് പ്രസിദ്ധീകരിച്ചതു്.

11. കേരളകഥ: തനി കേരളീയങ്ങളായ അഞ്ചു കൊച്ചുകഥകൾ അടങ്ങിയതു്.

12. വിദ്യാവിവേകം: ഭാഷയേയും സാഹിത്യത്തേയും സംബന്ധിക്കുന്ന ഒമ്പതു ഉപന്യാസങ്ങളുടെ സമാഹാരം.

13. ധീരവ്രതം: അഭിനയയോഗ്യമായ ഒരു നാടകം.

14. വിഷവൈദ്യസാരസംഗ്രഹം: ഭാഷാവ്യാഖ്യാനത്തോട്ടുകൂടിയതു്.

15. സഹസ്രയോഗം: കൃഷ്ണപ്പിഷാരടിയുടെ ഭാഷാവ്യാഖ്യാനത്തോടും 'ധാരാകല്പ'ത്തോടുംകൂടിയ പ്രയോജനപ്രദമായ ഒരു വൈദ്യഗ്രന്ഥം.

16. വാല്മീകിരാമായണം (ഉത്തരകാണ്ഡം)

17. സംഗീതചന്ദ്രിക: സംഗീതശാസ്ത്രത്തെ സംബന്ധിച്ച് സമഗ്രമായ പഠനത്തിനുതകുന്ന ബൃഹദ്ഗ്രന്ഥം. ആററൂർ അട്ടത്തകാലത്തു് പ്രസിദ്ധീകരിച്ച ഈ പുസ്തകം ഇതുവരെ സംഗീതത്തെ അധികരിച്ച് ഭാഷയിലുണ്ടായിട്ടുള്ള എല്ലാ പ്രസിദ്ധീകരണങ്ങളേയും അതിശയിക്കുന്നതായി കാണുന്നു.

18. ഗദ്യരത്നാവലി: എ. കൃഷ്ണപ്പിഷാരടി, എ. ശങ്കരപ്പിള്ള, എ. ഗോപാലമേനോൻ ഇവർ മൂവരുംകൂടി തെരഞ്ഞെടുത്തു പ്രസിദ്ധീകരിച്ച ഉപന്യാസഗ്രന്ഥം.

19. തിരുവിതാംകൂർ ചരിത്രം: തിരുവിതാംകൂർ ചരിത്രവിഷയകമായ ഒരു ലഘുഗ്രന്ഥം.
20. നീതികല്പം: കവിത
21. നീതിമാലിക ,,
22. താരക: നോവൽ
23. ലഘുരാമായണം: ബാലസാഹിത്യം
24. വിദ്യാസംഗ്രഹം: ഉപന്യാസം
25. Bhasa's works:—English critical essays.
26. ഉത്തരരാമചരിതം: കാവ്യം
27. പുരാണപുരുഷന്മാർ: ബാലസാഹിത്യം
28. പുരാണപുഷ്പാഞ്ജലി ,,

ആറന്മൂർ—കവി

പാണ്ഡിത്യം കവിതയുടെ പ്രകാശത്തിന് മങ്ങലിയറ്റുന്നതായി കണ്ടുവരുന്നുണ്ട്, അഥവാ തോന്നിക്കപ്പെട്ടുന്നുണ്ട്. പ്രകടപണ്ഡിതൻ കവികൂടിയായിരുന്നാൽ ആ ആൾ പണ്ഡിതനെന്നല്ലാതെ കവിയെന്ന് വിളിക്കപ്പെട്ടുന്നില്ല. കൈക്കുളങ്ങര രാമവാര്യർ, പുന്നശ്ശേരി നമ്പി, നീലകണ്ഠശർമ്മ എന്നിവർക്ക് കവിത്വംകൂടിയുണ്ടായിരുന്നിട്ടും പണ്ഡിതന്മാരെന്നേ അറിയപ്പെട്ടുന്നുള്ളൂ. അതു പോകട്ടെ. കേരളപാണിനി അപ്രതിമനായ ഒരു കവിയായിരുന്നില്ലേ? അദ്ദേഹത്തിൻെറ തർജ്ജമകളായ കുമാരസംഭവം, ശാകുന്തളം, മേഘദൂത് എന്നിവ വിട്ടുകളയുക. ആംഗലസാമ്രാജ്യം എന്താണ്? സംസ്കൃതത്തിലെ മാഘം, രഘുവംശം ഈ മഹാകാവ്യങ്ങളോടു കിടപിടിക്കത്തക്ക ഗുണവൈശിഷ്ട്യം അതിനില്ലെന്ന് ആരു വിസംവദിക്കും? സുദുർല്ലഭമായ ആ മഹാകാവ്യതല്ലജത്തിൻെറ പ്രണേതാവ് മഹാകവിയല്ലേ? എന്നിട്ടും അദ്ദേഹം തന്മാതുലനെപ്പോലെ കവിയായി വിളിക്കപ്പെട്ടുന്നില്ല. 'കേരളപാണിനി'യാണ് ഏ. ആർ. രാജരാജവർമ്മ. ഉള്ളൂർ എസ്. പരമേശ്വരയ്യർക്ക് മഹാകവിപ്പട്ടത്തെക്കാൾ മഹാപണ്ഡിതപദമാണ് ആളുകൾക്ക് കൊടുക്കാൻ കൂടുതൽ ഇഷ്ടം.

ആറന്മൂരിനെസ്സംബന്ധിച്ചിടത്തോളവും മേൽസൂചിപ്പിച്ച വൈഷമ്യം നേരിട്ടുന്നുണ്ട്. വാസനകൊണ്ടുള്ള കവിത്വം

ആദ്ദേഹത്തിനവകാശപ്പെടാൻ പാടില്ലത്രേ! ആററൂർ 'പണ്ഡിതരാജ'നാണ്, 'കവിതിലക'നല്ല. 'കേരളശാകുന്തള'ത്തിനു മൂന്നുതന്നെ 'ഉത്തരരാമചരിതം'കാവ്യം ചമച്ചു കാണിച്ചുകൊടുത്തിട്ടും ആററൂർ കവിയായില്ല. ആററൂരിനു യഥാർത്ഥമായ കവിതാവാസനയുണ്ടെന്നു പണ്ഡിതാഗ്ര്യന്മാരായ തച്ഛിഷ്യന്മാർ സാക്ഷിപറഞ്ഞാൽ 'ജനകോടതി'യിൽനിന്നു് അനുകൂലമായ വിധി സമ്പാദിക്കാനൊക്കുമോ? ആവോ!

## കേരളശാകുന്തളം തർജ്ജമ

ആററൂരിൻെറ ശാകുന്തളംതർജ്ജമയെസംബന്ധിച്ചിടത്തോളം വളരെ അപഖ്യാതികൾ കേരളക്കരയിൽ പരന്നിട്ടുണ്ട്. സി വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മയും ഇതുപോലൊരു കെട്ടുപാടിൽചെന്നു വീണിട്ടുള്ള മറെറാരു അമൂല്യഗ്രന്ഥമാകുന്നു. കേരളശാകുന്തളത്തിൻെറ കർത്താവ് ആററൂരല്ല കുഞ്ഞിക്കുട്ടൻതമ്പുരാനാണെന്നതാണ് ഈ 'നാണയംപരത്തൽ.' കൊടുങ്ങല്ലൂർകോവിലകത്തു് ആററൂരവർകൾ അധികകാലം താമസിച്ചുപഠിച്ചതു് ഈ 'കള്ളക്കമ്മട്ട'വ്യാപ്പതിക്കു് ഉപോദ്ബലകമായി തത്കർത്താക്കൾ സ്വീകരിച്ചിരിക്കുന്നു. കഥാപുരുഷൻ കോവിലകത്തുനിന്നും അക്കാലത്തു് കുഞ്ഞിക്കുട്ടൻതമ്പുരാനവർകൾ തർജ്ജമചെയ്തുവച്ചിരുന്ന ശാകുന്തളം തട്ടിക്കൊണ്ടുപോന്നുവത്രെ! 'കുഞ്ഞിക്കുട്ടക്ഷിതീശൻ' തൻെറ ശാകുന്തളം പരസ്യപ്പെടുത്താതെ വച്ചുകൊണ്ടിരിക്കുന്നതു് അഭിജ്ഞാനശാകുന്തളവിവർത്തകനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ പ്രേരണയാലായിരുന്നുപോൽ! കുഞ്ഞിക്കുട്ടമഹീപാലൻ ശാകുന്തളം തർജ്ജമചെയ്തിട്ടുണ്ടായിരിക്കാം; അതു് കേരളവർമ്മ വലിയകോയിത്തമ്പുരാനെ ആദരിച്ച് വെളിക്കിട്ടക്കാതിരുന്നിരിക്കാം; എന്നാലെന്തു്? ആററൂരിനു മറെറാരു തർജ്ജമ ചെയ്തുകൂടെന്നുണ്ടോ? അതിനുതക്ക സംസ്കൃതവ്യുത്പത്തിയും ഭാഷാസ്വാധീനവും ആററൂരിനില്ലേ? ഇതുസംബന്ധിച്ച് ആററൂരിൻെറ ശിഷ്യാഗ്ര്യനും സാഹിത്യശാസ്ത്രവിശാരദനുമായിരുന്ന പരേതനായ ഡാ: ചേലനാട്ട് അച്യുതമേനോൻ പ്രസ്താവിക്കുന്നതു നോക്കുക:—

"ആറൂരിനെ ഒരു പണ്ഡിതനായിട്ടല്ലാതെ ഒരു കവിയായി അതുവരെ അധികംപേരും അറിഞ്ഞിട്ടില്ലെന്നുള്ളതാണ് ഈ സംശയത്തിനു വഴികാണിച്ച ഒരു കാരണമെന്നു് ഞാൻ ഊഹിക്കുന്നു. ഇക്കാര്യത്തിൽ ഭാഗ്യവശാൽ അദ്ദേഹംതന്നെ 'ഉത്തരരാമചരിതം'കിളിപ്പാട്ടുമൂലം ഒരു തെളിവു സമ്പാദിച്ചിട്ടുണ്ടു്. ഉത്തരരാമചരിതംനാടകം ക്ലാസ്സിലെടുക്കുന്ന സമയം ആ മനോഹരകൃതിയിൽനിന്നു പല ഭാഗങ്ങളും ഉദ്ധരിച്ചു ഞങ്ങളെ കേൾപ്പിച്ചിട്ടുണ്ടു്. അതു വായിച്ചുകേട്ടവക്കാക്കും ആറൂരിന്റെ കാവ്യരചനാപാടവത്തെപ്പററി സംശയം ജനിക്കുന്നതല്ല. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ഗദ്യംപോലെ ആറൂരിന്റെ പദ്യം മഴക്കാലത്തെ സൂര്യനെപ്പോലെയായല്ലോ എന്നു് ആ രണ്ടു മഹാത്മാക്കളെയും അറിഞ്ഞവർ ഖേദിക്കാതിരിക്കയുമില്ല. ഞങ്ങൾക്കു് അലങ്കാരപാഠങ്ങൾ ഉള്ളപ്പോഴെല്ലാം അദ്ദേഹത്തിന്റെ ശാകുന്തളത്തിലെ ശ്ലോകങ്ങൾ ഓരോന്നായി പുറത്തു ചാടാറുണ്ടു്. അക്കാലത്തുതന്നെ ആ തർജ്ജമ അച്ചടിപ്പിക്കാൻ താമസിപ്പിക്കരുതെന്നു ഞങ്ങളിൽ പലരും അദ്ദേഹത്തെ സവിനയം അറിയിക്കയും ഉണ്ടായിട്ടുണ്ടു്. 'ഭാഷയിൽ ശാകുന്തളതർജ്ജമകൾ ധാരാളമുണ്ടല്ലോ. അതുകൊണ്ടു് ഇതു പുറത്തുവന്നില്ലെങ്കിൽ ഒരു കോട്ടവും വരാനില്ല. പിന്നെ ഇതു ഞാനൊരു വിനോദമായി എഴുതീട്ടുള്ളതാണു്. അതങ്ങിനെയിരിക്കട്ടെ—' ഇതായിരുന്നു അദ്ദേഹം തരാറുള്ള മറുപടി."

കഥാപുരുഷൻ 1111ൽ കേരളശാകുന്തളം പ്രസിദ്ധീകരിച്ചപ്പോൾ ആമുഖമായി പ്രസ്താവിച്ചിട്ടുള്ളതിപ്രകാരമാകുന്നു: "ലോകമഹാകവി കാളിദാസരുടെ ശാകുന്തളത്തിനു മലയാളഭാഷയിൽ പ്രാമാണികന്മാരുടെതന്നെ ഒന്നിലധികം പരിഭാഷകൾ പ്രസിദ്ധമായിരിക്കേ ഞാൻ ഇങ്ങനെയൊരു പരിഭാഷകൂടി നിർമ്മിച്ചതിനെപ്പററി സഹൃദയന്മാരോടു രണ്ടു വാക്കു പറഞ്ഞു ക്ഷമായാചനം ചെയ്യേണ്ടതുണ്ടു്. അതിനു വേണ്ടി മാത്രമാണു് ഈ ആമുഖമെഴുതാൻ പുറപ്പെട്ടിരിക്കുന്നതു്. കുറെക്കാലംമുമ്പു പഴയ താളിയോലഗ്രന്ഥങ്ങൾ പലതും പരിശോധിച്ച അവസരത്തിൽ ശാകുന്തളം മൂലഗ്രന്ഥം സാമാന്യം ജീർണ്ണിച്ചതൊന്നു കണ്ടെത്തി. അതിൽ ആദ്യംതന്നെ സൂത്ര

ധാരപ്രവേശവും 'യാ സൃഷ്ടിഃ' എന്ന മംഗളശ്ലോകം സൂത്രധാരൻെറ പ്രാർത്ഥനയുമായിട്ടാണു പാഠം കണ്ടതു്. വിചാരിച്ചുനോക്കിയപ്പോൾ ആ പാഠത്തിനു് അച്ചടിച്ചു കാണുന്ന പാഠത്തേക്കാൾ അധികം ഔചിത്യവും തോന്നി. കൗതുകംകൊണ്ടു ഗ്രന്ഥം മുഴുവനും വായിച്ചു. പല സ്ഥലങ്ങളിലും സ്വാരസ്യവും സന്ദർഭശുദ്ധിയും അധികമുള്ള പാഠഭേദങ്ങൾ കാണ്മാനിടയാകുകയും ചെയ്തു. മറെറാരവസരത്തിലെ ഗ്രന്ഥപരിശോധനയിൽ ശാകുന്തളത്തിൻെറ ഒരു പഴയ വ്യാഖ്യാനഗ്രന്ഥവും കാളിദാസരുടെ നാടകത്രയത്തിനുള്ള ഒരു ടിപ്പണിഗ്രന്ഥവും കണ്ടെത്തി. ആ വ്യാഖ്യാനവും ടിപ്പണങ്ങളും കേരളീയരാണു നിർമ്മിച്ചിട്ടുള്ളതെന്ന സംഗതി ആ ഗ്രന്ഥങ്ങളിൽ സ്പഷ്ടമായിരുന്നു. ആ വ്യാഖ്യാനവും ടിപ്പണവും മേൽ ഉദ്ധരിച്ച ഗ്രന്ഥത്തിൽ കണ്ട പാഠഭേദങ്ങളെയാണു പൂർണ്ണമായവലംബിച്ചിരിക്കുന്നതു്. ഇതെല്ലാം കണ്ടപ്പോൾ ശാകുന്തളംനാടകത്തിനു പണ്ടു കേരളത്തിൽ നടപ്പുണ്ടായിരുന്ന പാഠം ആ മൂലഗ്രന്ഥത്തിൽ കാണുന്നവിധത്തിലായിരിക്കണമെന്നു തീർച്ചപ്പെടുത്തി. അതോടുകൂടി ആ കേരളപാഠമനുസരിച്ചും ഒരു പരിഭാഷ ശാകുന്തളത്തിനു നിർമ്മിച്ചാലെന്താണു്; അതിനർഹതഈയുള്ളവനുണ്ടോ ഇല്ലയോ എന്നുള്ള കാര്യം വേറെ; എന്നിങ്ങനെയുള്ള അധികപ്രസംഗത്തിന്റെ പുറപ്പാടായി....ഏതായാലും ഒരു പരിഭാഷ ഇങ്ങനെയും ഇരിക്കട്ടെ എന്നുതന്നെ നിശ്ചയിച്ചു. പിന്നെ താമസിച്ചില്ല. ശ്ലോകങ്ങൾ മുമ്പേ കഴിയട്ടെ എന്നുവച്ചു് അതു ക്രമത്തിൽ ഭാഷപ്പെടുത്തിത്തുടങ്ങി.... ശ്ലോകങ്ങൾ പരിഭാഷപ്പെടുത്തീട്ടു് ഇപ്പോൾ ഇരുപത്തിനാലു കൊല്ലം കഴിഞ്ഞു. രണ്ടു പന്തീരാണ്ടു കഴിഞ്ഞിട്ടും ഇനി ഇതൊന്നു പൊളിച്ചെഴുതിപ്പിച്ചില്ലെങ്കിൽ ചില വൈഷമ്യങ്ങൾ വന്നേക്കും. ഷഷ്ടിപൂർത്തിയോടടുത്തുള്ള ഞാൻ സ്വന്തം ഷഷ്ടിപൂർത്തിസ്മാരകമായിട്ടെങ്കിലും ഇതു പ്രസിദ്ധപ്പെടുത്താഞ്ഞാൽ കാളിദാസകൃതിയോടു ചെയ്ത ഈ സാഹസകൃത്യത്തിനുള്ള സൽക്കാരം അല്ലെങ്കിൽ ശകാരം ഇഹലോകത്തിൽവച്ചു് ഒട്ടും അനുഭവിക്കാൻ തരമില്ലെന്നു വരാവുന്നതാണല്ലോ."

കേരളശാകുന്തളകർത്താവിനു് ഇതിൽക്കൂടുതലായൊന്നും സമാധാനം നല്കാനില്ല. എ. ആർ. രാജരാജവർമ്മതമ്പുരാന്റെ

മലയാളശാകുന്തളം വെളിക്കായതു കൊ. വ. 1087ലാണ്. ആററൂരും എ. ആറും അന്നു തിരുവനന്തപുരം രാജകീയ കലാലയത്തിലുണ്ട്. കേരളപാണിനിയുടെ ശാകുന്തളതർജ്ജമ ആററൂരിനേയും പ്രചോദിപ്പിച്ചിട്ടുണ്ടാവാം. അക്കാലയളവിൽ തന്നെയാണ് ആററൂരും ശാകുന്തളപദ്യങ്ങൾ ഭാഷപ്പെട്ടുത്തിയതായി പറഞ്ഞുകേട്ടിട്ടുള്ളതും കണക്കുകൊണ്ടു കാണുന്നതും. (കൊ. വ. 1111—24=1087) തന്റെ വകുപ്പദ്ധ്യക്ഷനും രക്ഷാധികാരിയുമായിരുന്ന എ. ആർ. തിരുമേനിയുടെ ശാകുന്തളത്തെ വെല്ലുവിളിച്ചുകൊണ്ട്, ആററൂർ സ്വശാകുന്തളം ഉടനടി എന്നല്ല, ആ മഹാഭാഗന്റെ മരണംവരെ വെളിക്കെട്ടുക്കാതിരുന്നതായിരിക്കണം. കഥ എങ്ങനെയിരുന്നാലും ചിലയിടങ്ങളിൽ എ. ആർ.ന്റെ ശാകുന്തളപദ്യങ്ങളെക്കാൾ സ്വാരസ്യം ആററൂരിന്റെ പദ്യങ്ങൾക്ക് ഏറിക്കാണുന്നു എന്നു താഴെപ്പറയുന്ന ശ്ലോകങ്ങൾ സ്പഷ്ടീകരിക്കുന്നു:—

നാലാമങ്കം 11–ാം പദ്യം

"പാതും ന പ്രഥമം വ്യവസ്യതി ജലം യുഷ്മാസ്വപീതേഷു യാ
നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം
ആദ്യേ വഃ കുസുമപ്രസൂതിസമയേ യസ്യാ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം സർവൈരനുജ്ഞായതാം."(മൂലം)

"താനേ തൊണ്ട നനസ്സുയില്ലെവൾ നനച്ചിടാതെയീ നിങ്ങളെ;
താവും കൗതുകമെങ്കിലും കരുണയാൽ പൊട്ടിച്ചിടാ പല്ലവം;
പൂരിക്കുന്നിതെവൾക്കു നിങ്ങൾ പുതുതായ് പൂക്കുന്ന നാളുത്സവം,
പൂകുന്നു പതിഗേഹമായിവളിതാ നല്കീടുവിൻ സമ്മതം."

(തർജ്ജമ—എ. ആർ.)

"നിത്യം നിങ്ങൾ കുടിച്ചിടാതെവൾകുടിക്കാ സ്നേഹമൂലം ജലം;
പൊട്ടിക്കില്ലെവൾ നിങ്ങൾതൻ തളിരലങ്കാരപ്രിയം വാച്ചിലും
അത്യാനന്ദമെവൾക്കു നിങ്ങൾ പുതുതായ് പൂത്താ,ലിതാ യാത്രയായ്
ഭർത്താവിൻ ഗൃഹമശ്ശകുന്തള; യനുജ്ഞാപിപ്പിനെല്ലാവരും."

(തർജ്ജമ—ആററൂർ)

തമ്പുരാന്റെ തർജ്ജമയിൽ ശകുന്തളയെന്ന പേരേ ഇല്ല. മൂലശ്ലോകത്തിൽ ശകുന്തളയുടെ നാമം ശക്തിയായി കാണിച്ചു സ്ഥിതിക്കു വിവർത്തനത്തിലും അതു വിടാൻ പാടുള്ളതല്ല.

തമ്പുരാൻ പറയുന്നതു 'പതിഗേഹം പൂകുന്നു' എന്നാണ്. "പോകുന്നു' എന്നായിരുന്നെങ്കിൽ കുറെക്കൂടി ഉചിതമാകുമായിരുന്നു. ആററൂർ 'ഉത്സവം' എന്ന വാക്കു വിട്ടുകളഞ്ഞു. "'ഉണ്ടാമുത്സവമാക്കു നിങ്ങൾ പുതുതായ് പൂത്താൽ'' എന്നായിരുന്നെങ്കിലോ?

അഞ്ചാമങ്കം 21–ാംപദ്യം

''സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു
സംദൃശ്യതേ കിമുത യാഃ പ്രതിബോധവത്യഃ
പ്രാഗന്തരീക്ഷഗമനാത് സ്വമപത്യജാതം
അന്യൈർദ്വിജൈഃ പരഭൃതാഃ ഖലുപോഷയന്തി'' (മൂലം)

''സ്ത്രീകൾക്കേററം പടുതസഹജം ജന്തുവർഗ്ഗത്തിലും താൻ
ലോകേകാണാം പ്രതിഭകലരുന്നോരിലോതേണ്ടതുണ്ടോ?
ആകെത്തന്മക്കളെയിഹ കുയിൽപ്പെണ്ണു താനേ പറക്കാ-
റാകുന്നോളം മറുപറവയെക്കൊണ്ടുപോററുന്നുവല്ലോ.''
(തർജ്ജമ—ആററൂർ)

''വാസ്സും സ്വതേയൊരുതിറം ജഡജന്തുവിൻ സ്ത്രീ-
വർഗ്ഗത്തിലും, മനുജജാതിയിലെത്രവേണ്ട?
മററുള്ള പക്ഷികൾമുഖാന്തരമായി മുട്ട-
മുററുംവരജ്ജു കുയിലിൻപിട പോററിടുന്നു.''
(തർജ്ജമ—തമ്പുരാൻ)

തമ്പുരാൻെറ 'പോററിടുന്നു' എന്ന ക്രിയയുടെ കർമ്മമെവിടെ? 'സ്വമപത്യജാതം' വിട്ടുപോയി. 'മുട്ടമുററുംവര'യ്ക്കല്ല 'അന്തരീക്ഷഗമനം' ശക്തമാകുന്നവരയ്ക്കാണു മറുപക്ഷികളെക്കൊണ്ടു കുയിലുകൾ മക്കളെ വളർത്തുന്നതു്. തീർച്ചയായും പ്രസ്തുത പദ്യത്തിനു് ആററൂരിൻെറ തർജ്ജമതന്നെയാണു സ്വീകാര്യം.

## ആററൂർ എ. ആറിനെ പിന്നിട്ടു

വിദേശികളായ പാതിരിമാരും മററു സായ്പന്മാരുമാണു നമ്മുടെ ഭാഷയ്ക്കു ശാസ്ത്രഗ്രന്ഥങ്ങൾ സമ്മാനിക്കുവാൻ ആദ്യമായി ബദ്ധപ്പെട്ടതു്. ഡാക്ടർ ഗുണ്ടർട്ടും, ഡാക്ടർ കാൽഡ്വല്ലും ആ ശ്രമത്താൽ പ്രഥമതഃ സമാദരണീയന്മാരാകുന്നു. അവർക്കു ശേഷം ഭാഷാശാസ്ത്രനിർമ്മിതിക്കു പുറപ്പെട്ട നാട്ടുകാരിൽ പ്രമുഖനായി പരിഗണിക്കപ്പെടേണ്ടതു് എ. ആർ. തമ്പുരാനാ

കുന്നു. കോവുണ്ണി അപ്പുനെടുങ്ങാടി, ശേഷഗിരിപ്രഭു തുടങ്ങിയവരുടെ ആ വഴിക്കുള്ള യത്നങ്ങൾ, ശ്ലാഘ്യങ്ങളാണെങ്കിലും, ശാസ്ത്രരീത്യാ കുററങ്ങളും കുറവുകളും നിറഞ്ഞവയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഭാഷയുടെയും സാഹിത്യത്തിന്റെയും ഉദ്ഭവത്തേയും ഉദ്ഗമനത്തേയും ആഗമികരീതിക്കു നിരീക്ഷണംചെയ്യാൻ മേല്പറഞ്ഞ പണ്ഡിതാഗ്രേസരന്മാർ ഉത്സാഹിക്കാതിരുന്നതാണു് ആ അപവാദത്തിനു കാരണം. ഏ. ആർ. തമ്പുരാനാണു് ആഗമികരീത്യാ ഭാഷാശാസ്ത്രഗ്രന്ഥങ്ങൾ ചമച്ചു കൈരളിയെ അലങ്കരിച്ച വിദേശികളിലും സ്വദേശികളിലും പ്രഥമഗണനനാർഹൻ. കേരളപാണിനീയത്തിൻെറ പീഠികയാണു് ഈ വിഷയത്തിൽ തമ്പുരാൻ ചെയ്ത സംഭാവനയ്ക്കു മകുടാലങ്കാരഭൂതമായി തീർന്നിട്ടുള്ളതു്. തിരുമേനിക്കുശേഷം ആ മാർഗ്ഗേണ ഒന്നുകൂടി മുന്നോട്ടുപോയിട്ടുള്ള വല്ലവരുമുണ്ടെങ്കിൽ അതു് ആററൂർ കൃഷ്ണപ്പിഷാരടിയാകുന്നു.

കേരളപാണിനീയത്തിൻെറ നിർമ്മാണകാലത്തു തമ്പുരാനോടൊന്നിച്ചു് ആററൂരും തിരുവനന്തപുരത്തുണ്ടായിരുന്നു എന്നു മുമ്പു പറഞ്ഞുവല്ലോ. ഭാഷാധ്യാപനത്തിൽ തമ്പുരാനു്, അസിസ്റ്റൻറായ ആററൂരിൽനിന്നും കിട്ടിയിട്ടുള്ള സാഹായ്യങ്ങൾ പ്രശംസനീയങ്ങളാകുന്നു. എന്നിരുന്നാലും ആ രാജരാജപണ്ഡിതൻെറ നിഗമനങ്ങളിൽ തനിക്കു തോന്നിയ സംശയങ്ങൾക്കു നിവാരണം കണ്ടുപിടിക്കാൻ പണ്ഡിതരാജനായ ആററൂർ അപ്പോഴും ഗവേഷണം നടത്തിക്കൊണ്ടേയിരുന്നു. ആ ഗവേഷണങ്ങളുടെ പരിണതഫലമാണു്, മേല്പറഞ്ഞ 'ഭാഷാസാഹിത്യചരിതം,' 'മലയാളഭാഷയും സാഹിത്യവും,' 'വിദ്യാവിവേകം' മുതലായ ഗ്രന്ഥങ്ങൾ. 'ഭാഷാദർപ്പണം' തിരുമനസ്സിലെ 'ഭാഷാഭൂഷണാ'ദിഗ്രന്ഥങ്ങൾക്കു പരിപൂരണത്വം നല്കുന്നതായിത്തന്നെ വിധികല്പിക്കണം. ഗുണ്ടർട്ട്, കാൽഡ്വൽ, ഏ. ആർ. ഈ പണ്ഡിതത്രയത്തിൻെറ അഭിപ്രായങ്ങളെ ചിലയിടങ്ങളിൽ കവച്ചുവയ്ക്കാൻപോലും സ്വയം പുരുഷനു തദ്ഗവേഷണവൈഭവം വേണ്ടത്രകെല്ലം ധൈര്യവും നല്കുന്നുണ്ടു്. ആററൂരിനെപ്പോലെയുള്ള പണ്ഡിതപ്രകാണ്ഡങ്ങൾ ഏതാദൃശങ്ങളായ ദുർഘടസംരംഭങ്ങൾക്കു മുതിർന്നി

ല്ലായിരുന്നെങ്കിൽ ഭാഷാസാഹിത്യചർച്ചാവാസന തമ്പുരാനോട്ടുകൂടിത്തന്നെ കൂമ്പടഞ്ഞുപോകുമായിരുന്നില്ലേ എന്നും ഇത്തരുണത്തിൽ തോന്നിപ്പോകുന്നു.

### ആററൂർ—സംഗീതജ്ഞൻ

സംഗീതത്തിലും സാഹിത്യത്തിലും സമമായ സാധനസാധാരണ സുസാധമല്ല. എന്നാൽ ആററൂരിനെ സംബന്ധിച്ചിടത്തോളം അതിന്ന് വ്യത്യസ്തതയുണ്ട്. സംഗീതത്തിൻെറ പ്രയോഗത്തിൽ ആററൂരിന്ന് അന്യാദൃശമായ പാടവം സിദ്ധിക്കാനിടവന്ന സാഹചര്യത്തെപ്പററി മുമ്പു സൂചിപ്പിച്ചുവല്ലോ. ഈ പ്രയോഗവിജ്ഞാനം നിരന്തരമായ അഭ്യാസത്താൽ കാലക്രമത്തിൽ അഭ്യസൂയാർഹമായ അഭിവൃദ്ധിപ്രാപിച്ചു. തിരുവനന്തപുരത്ത് ഉദ്യോഗമായി താമസിച്ചിരുന്ന കാലത്ത്, "എന്നും രാത്രി അദ്ദേഹവും പത്നിയുമായി വീണവായനയാലും പാട്ടിനാലും കൈതമുക്കിലെ അന്തരീക്ഷം പ്രബുദ്ധവും പ്രശാന്തവുമാക്കുക പതിവായിരുന്നു" എന്നാണ് അദ്ദേഹത്തിൻെറ ശിഷ്യനായ ശ്രീ. കെ. എൻ. ഗോപാലപിള്ള എം. എ. ഒരിടത്തു പറഞ്ഞിട്ടുള്ളതു്.

സംഗീതത്തിൻെറ പ്രായോഗികവിജ്ഞാനം ശാസ്ത്രരീതിക്കുതന്നെയാണ് ആററൂർ സമ്പാദിച്ചിരിക്കുന്നതെന്നതു് പ്രത്യേകം പ്രസ്താവാർഹമാകുന്നു. സംഗീതശാസ്ത്രത്തിൽ കഥാപുരുഷനുള്ള പ്രാമാണികത്വം അദ്ദേഹം ഇക്കഴിഞ്ഞ വർഷം (1954ൽ) പ്രസിദ്ധീകരിച്ച സംഗീതചന്ദ്രിക എന്ന ഗ്രന്ഥം കൊണ്ടു് വെളിവാക്കിയിരിക്കുന്നു. സംഗീതചന്ദ്രിക ക്രൗൺ നാലിലൊന്നു വലിപ്പത്തിൽ 700ൽചില്വാനം ഭാഗങ്ങളുള്ള ഒരു ബൃഹദ്ഗ്രന്ഥമാകുന്നു. ശബ്ദത്തിൻെറ സ്വരൂപംമുതൽ രാഗംവരെയുള്ള എല്ലാ അംശങ്ങളേയും ഈ മഹാഗ്രന്ഥത്തിൽ പ്രപഞ്ചനം ചെയ്യപ്പെട്ടിട്ടുണ്ട്. സംഗീതശാസ്ത്രത്തിൻെറ ബാലപാഠത്തിൽ തുടങ്ങി തച്ഛാസ്ത്രജ്ഞന്മാർക്കുകൂടി ദുർഗ്രഹങ്ങളായ വിശദാംശങ്ങളിലേക്ക് ഈ ഗ്രന്ഥത്തിലെ പ്രകരണങ്ങൾ കടന്നുചെല്ലുന്നു. ഇത്ര മഹത്തും പ്രയോജനപ്രദവുമായ ഒരു സംഗീതശാസ്ത്രഗ്രന്ഥം നാളിതുവരെ കൈരളിക്കു കൈവന്നിട്ടില്ലെന്നു തീർത്തുപറയാം. പച്ചേളിമമായ പാണ്ഡിത്യ

ത്തിന് നികേതമായ ആറൂരിനുതന്നെ ഈ ഗ്രന്ഥനിർമ്മിതിക്ക് ആറിൽശിഷ്ടം സംവത്സരം വേണ്ടിവന്നു എന്നു പറയുമ്പോൾ ഗ്രന്ഥത്തിൻെറ സവിസ്തരതയും വിഷയവിശകലനത്തിൻെറ സൂക്ഷ്മതയും എത്രമാത്രമുണ്ടെന്ന് ഏറെക്കുറെ ഊഹ്യമാണല്ലൊ.

## ആറൂർ—ഗവേഷകൻ

കേരളചരിതം, കേരളചരിത്രം, ഭാഷാസാഹിത്യചരിതം മുതലായ ഗഹനഗ്രന്ഥങ്ങളുടെ പ്രണേതാവ് ഗവേഷണതത്പരനാണെന്നു പറയുന്നത് ആശാരിക്കു മരപ്പണിയറിയാമെന്നുപറയുന്നതുപോലെ അനാവശ്യജല്പനമാണെന്ന് അറിഞ്ഞുകൂടായ്കയല്ല. എന്നാൽ അതൊന്നുമല്ല അദ്ദേഹത്തിൻെറ ഗവേഷണകൗതുകത്തിനു ചൂഡാലങ്കരണം ചെയ്യുന്നത്. ഉണ്ണുനീലിസന്ദേശം, ലീലാതിലകം ഈ രണ്ടു നിധികുംഭങ്ങളെ സംബന്ധിച്ച ഉപരിജ്ഞാനലബ്ധിക്ക് അദ്ദേഹംചെയ്ത ഗവേഷണങ്ങളാണു പ്രശംസാപാത്രങ്ങളായിട്ടുള്ളവ. ലീലാതിലകവും ഉണ്ണുനീലിസന്ദേശവുംവഴിക്ക് ഇന്നു നമുക്ക് ഉപാത്തമായിട്ടുള്ള ചരിത്രജ്ഞാനത്തിൻെറ അസ്ഥിവാരം കഥാപുരുഷൻെറ പ്രാരംഭഗവേഷണത്തിലാണ് നിലകൊള്ളുന്നതെന്നതു് വിസ്മരിക്കാവുന്നതല്ല. അവിക്ലബമായ ആ ഗവേഷണോത്സുകത നീണാൾ വിജയിപ്പൂതാക!

## ഗുരുശിഷ്യബന്ധം

ഇന്നു പ്രസിദ്ധന്മാരായിത്തീർന്നിരിക്കുന്ന പലരും കൃഷ്ണപ്പിഷാരടി അവർകളുടെ ഉത്തമശിഷ്യന്മാരാകുന്നു. യൂണിവേഴ്സിറ്റികാളേജിൽനിന്നും റിട്ടയർചെയ്ത ശ്രീ. പി. അനന്തൻപിള്ള എം. .എ, സാഹിത്യചരിത്രകാരനായ ശ്രീ. ആർ. നാരായണപ്പണിക്കർ, വിമർശകാഗ്രേസരനായ ശ്രീ. ഡി. പത്മനാഭനുണ്ണി, സഹൃദയശിരോരത്നമായ ശ്രീ. കെ. എൻ. ഗോപാലപിള്ള, നമ്പ്യേത്താൻ നമ്പൂതിരി എന്നീ ജീവത്പണ്ഡിതന്മാരും ശ്രീ. വി. കെ. നാരായണഭട്ടതിരിപ്പാട്ട്, പ്രഫസ്സർ ശ്രീ. പി. ശങ്കരൻനമ്പ്യാർ, ഡാക്ടർ ചേലനാട്ട് അച്യുതമേനോൻ എന്നീ പരേതപണ്ഡിതന്മാരും ആറൂരിൻെറ ശിഷ്യാ

ഗ്രീമന്മാരാകുന്നു. വി. കെ. നാരായണഭട്ടതിരിയെ അദ്ദേഹത്തിൻെറ കുലീനമായ ഇല്ലത്തു താമസിച്ചുകൊണ്ടാണു് വിദ്യ അഭ്യസിപ്പിച്ചതു്. നമ്പ്യേത്താൻ നമ്പൂതിരിയെ തക്കശാസ്ത്രം പഠിപ്പിച്ചു. തൃശ്ശൂർ സക്കാർഹൈസ്കൂളിൽ അദ്ധ്യാപകനായിരിക്കുമ്പോഴാണു് പ്രഫസ്സർ നമ്പ്യാർ ശിഷ്യനായി ചേന്നതു്. പ്രഫസ്സർ നമ്പ്യാരുടെ 'പാലാഴിമഥനം ചമ്പു'വിനു് ബാലസഹജമായ വല്ല ചാപല്യങ്ങളും ഉണ്ടായിരുന്നെങ്കിൽ അതിനു പരിഹാരം നേടിക്കൊടുത്തതു് ശ്രീ. ആററൂരായിരുന്നു. എ. ആർ. തമ്പുരാനോടു അദ്ദേഹത്തിൻെറ ശിഷ്യഗണങ്ങൾക്കുള്ള ബഹുമാനപ്രശ്രയങ്ങളാണു് ആററൂരിനെ സംബന്ധിച്ചിടത്തോളം തച്ഛിഷ്യന്മാക്കുള്ളതു്. രണ്ടുപേരും മാതൃഭാഷയ്ക്കു ചെയ്തിട്ടുള്ള സേവനങ്ങൾ മലയാളഭാഷ ഉള്ളോരുകാലം മറക്കുമെന്നു തോന്നുന്നില്ല.

തിരു—കൊച്ചിസംസ്ഥാനത്തിലെ രാജപ്രമുഖനായ ശ്രീ ചിത്തരതിരുനാൾതിരുമനസ്സിലെ ഗുരുസ്ഥാനംകൊണ്ടുള്ള മേന്മയാണു് ആററൂരവർകളുടെ ശിഷ്യസമ്പന്നതയ്ക്കു് മകുടം ചാത്തുന്നതു്. കുമാരനായിരുന്ന ശ്രീചിത്തിരതിരുനാളിനു് മലയാളത്തിലും സംസ്കൃതത്തിലും ആഭിജ്ഞ്യം നേടിക്കൊടുത്തു എന്നുള്ള വസ്തുത ആററൂരിൻെറ കീത്തിസൗധത്തിനു് എന്നെന്നും വെങ്കളി ഇട്ടുകൊണ്ടുതന്നെയിരിക്കും. ഏഴകൊല്ലക്കാലം, എളിയവഗ്ഗത്തിനു് ക്ഷേത്രപ്രവേശനം അനുവദിച്ചുകൊടുത്ത ആ പുണ്യശ്ലോകൻെറ ഗുരുപാദരായിരിക്കാൻ അവസരം കിട്ടിയ ആററൂരിൻെറ ഭാഗ്യപരിപാകം ആക്കും അസൂയാർഹമത്രേ. പഠിപ്പിച്ചുകൊടുക്കുന്ന ഭാഗങ്ങൾ അന്നന്നു ഹൃദിസ്ഥമാക്കുന്നതിനും ഓർമ്മയിൽ വയ്ക്കുന്നതിനും ആ രാജകുമാരനുണ്ടായിരുന്ന കഴിവു് അനന്യസാധാരണമായിരുന്നു എന്നാണു് ആററൂർതന്നെ ഈയിടെ എന്നോടു് പ്രാസംഗികമായി പ്രസ്താവിച്ചതു്. തിരുമേനി ഗുരുഭൃതരോടു കാണിച്ച സ്നേഹപ്രകടനം സാധാരണന്മാക്കുകൂടി അനുകരണയോഗ്യമായിരുന്നുവത്രേ!

ആററൂരിൻെറ അദ്ധ്യാപനത്തിൻെറ ഗൗരവത്തെപ്പററി ഡാക്ടർ ചേലനാട്ടു് അച്യുതമേനോൻ ഇപ്രകാരം അനുസ്മരിച്ചിരിക്കുന്നു: "പിഷാരടിസ്സാറിൻെറ ഗൗരവംനിറഞ്ഞ മുഖവും

ഭാവവും ശിഷ്യന്മാരാരും മറക്കുന്നതല്ല. ക്ലാസ്സിൽ അദ്ദേഹം പുഞ്ചിരികൊണ്ടതായി എനിക്കോർമ്മയില്ല. അത്ര ഗൗരവമുള്ളതായിട്ടാണു് ഉയൎന്നതരത്തിലുള്ള അദ്ധ്യയനത്തെ അദ്ദേഹം കരുതിയിരുന്നതെന്നു് അദ്ദേഹത്തിൻെറ ഭാവത്തിൽനിന്നും ഊഹിക്കേണ്ടിയിരിക്കുന്നു.'' ഇതുസംബന്ധിച്ചു വേറൊരു ശിഷ്യനായ ശ്രീ. കെ. എൻ. ഗോപാലപിള്ള പ്രസ്താവിക്കുന്നതു നോക്കുക: ''പിഷാരടി അവർകളോടു് കാളേജ്‌വിദ്യാൎത്ഥികൾക്കു് പൊതുവെ ഭയമായിരുന്നു. അദ്ദേഹത്തിൻെറ മുഖത്തു സദാ കളിയാടിയിരുന്ന ഗൗരവരസമാണു് ഇതിനുള്ളകാരണം. ചുരുക്കംചില അവസരങ്ങളിൽമാത്രമെ അദ്ദേഹം ക്ലാസ്സിൽ ചിരിക്കുക പതിവുള്ളു. പരീക്ഷാഹാളിൽ ശ്രീ. പിഷാരടി സൂപ്രണ്ടായിവന്നാൽ വിദ്യാൎത്ഥികൾ കൃസൃതികളെപ്പററി സ്മരിക്കുകയേ ഇല്ല. കറുത്ത ലാങ്‌കോട്ടും, തലപ്പാവും, സാധാരണയിൽ അല്പം ഉയൎത്തിയുള്ള മുണ്ടുടുപ്പുമായി കാളേജിലേക്കു കാൽനടയായിപോകുന്ന ആ രൂപം ഞാനിതാ ചിത്രത്തിലെന്നപോലെ കാണുന്നു.''

### കുടുംബബന്ധം

ശ്രീ. പിഷാരടിക്കു് മൂന്നു സഹോദരന്മാരും ഏഴു സഹോദരിമാരുമാണുണ്ടായിരുന്നതു്. സഹോദരിമാരിൽ ഇപ്പോൾ നാലുപേരേ ജീവിച്ചിരിപ്പുള്ളു. അതിൽ ഒരാളുടെ മകനാണു് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ ജോലിയായിരിക്കുന്ന കുഞ്ഞുണ്ണിപ്പിഷാരടി. മൂത്തസഹോദരനായ രാഘവപ്പിഷാരടി വളരെ ചെറുപ്പത്തിലേ കാശിക്കുപോയിട്ടു് തിരിച്ചുവന്നില്ല. ഒരു മികച്ചപണ്ഡിതനായ ഇളയസഹോദരൻ ഗോപാലപ്പിഷാരടി ഇപ്പോൾ ആററൂർപിഷാരത്തു കുടുംബഭരണംനടത്തി സസുഖം താമസിക്കുന്നു. ആററൂരിനു് മൂന്നു പുത്രന്മാരാണുള്ളതു്. സീമന്തപുത്രനായ പി. വി. രാഘവപ്പിഷാരടി ബി. എ., ബി. ററി. പഴയന്നൂർ ഹൈസ്കൂളിലെ അദ്ധ്യാപകനാണു്. മദ്ധ്യമപുത്രൻ എൻ. കെ. മുകുന്ദപ്പിഷാരടി വീട്ടുകാൎയ്യങ്ങളുടെ ചുമതലവഹിച്ചു പിതാവിനോടുകൂടി താമസിക്കുന്നു. കനിഷ്ഠാത്മജനായ ശാരദാനന്ദനു് ഒരു പ്രൈവറ്റു

വിദ്യാലയത്തിലെ ഹിന്ദി അദ്ധ്യാപകജോലിയുണ്ട്. ആററൂരിന്റെ സാധ്വിയായ സഹധമ്മിണി നാണിക്കുട്ടിപ്പിഷാരസ്യാക്ക് ഇപ്പോൾ 70 വയസ്സു പൂർത്തിയായി. മക്കൾ മൂവരും പ്രിയകളത്രവും സമ്പന്നമായ സംഗീതവാസനയാൽ സമനുഗൃഹീതരാണ്. ആററൂർ സ്വന്തം ചെലവിൽ പണികഴിപ്പിച്ച 'ശ്രീതിലകം' ഭവനത്തിൽ എല്ലാവരും ഏകയോഗക്ഷേമമായി ജീവിതം നയിക്കുന്നു.

## ഉപസംഹാരം

കൊടുങ്ങല്ലൂർ ഗുരുകുലത്തിൽനിന്നും അഭ്യസിച്ച ജീവിതരീതിയാണ് ഇന്നും ആററൂർ തുടൎന്നുകൊണ്ടുപോകുന്നതു്. ശ്രീതിലകംമന്ദിരം ഇന്നത്തെ ഒരു ചെറിയ കൊടുങ്ങല്ലൂർ കോവിലകമാണ്. സംഗീതത്തിലും സാഹിത്യത്തിലും സംശയനിവാരണം കിട്ടുന്നതിനുവേണ്ടി ആരുവന്നിരുന്നാലും കഥാപുരുഷൻ സസന്തോഷം സ്വാഗതംചെയ്യും. സംസ്കൃതത്തിലെ ഏതു ശാഖയിൽപ്പെട്ട വിജ്ഞാനവിതരണത്തിനും ആ മഹാനുഭാവൻ സദാ സന്നദ്ധനാണ്. വിദ്യാഭ്യസനം സൗജന്യമായിത്തന്നെ നടത്തുന്നു എന്നതു് വിശിഷ്യ പ്രസ്താവനീയമാണ്. സംസ്കാരത്തിൻെറ വെളിച്ചംപരന്ന ആ ഹൃദയം വർഗ്ഗവ്യത്യാസഭാവനയ്ക്കു് തെല്ലുപോലുമിടമേകുന്നില്ല.

സ്വജീവിതചര്യ്യ കണിശമായും കൃത്യമായും ഇന്നും നിർവ്വഹിക്കപ്പെടുന്നു. കാലത്തു് 6 മണിക്കുമുമ്പായിട്ടെഴുന്നേല്ക്കും. നിത്യകർമ്മങ്ങൾക്കുശേഷം ഒരുകപ്പു കാപ്പികുടിക്കും. 8½ മണിവരെ വായനയിലോ എഴുത്തിലോ മുഴുകും. 8½ മണിയോടുകൂടി, കുളി, തേവാരം, നമസ്കാരം എന്നിവയ്ക്കു പുറപ്പെടും. പത്തുമണിക്കു കൃത്യം ഊണുകഴിക്കും. അതിനുശേഷം പത്രവായന, ഗ്രന്ഥപരിശോധന ഇവയിൽ വ്യാപൃതനാകും. ചിലദിവസങ്ങളിൽ ഒരുമണിമുതൽ രണ്ടുമണിക്കൂർ ഉറങ്ങും. മൂന്നുമണിക്കുമുമ്പായി എഴുന്നേൽക്കും. ഉപദംശങ്ങൾസഹിതം കാപ്പികുടിക്കും. അനന്തരം ശിഷ്യവൃന്ദത്തിനു് പാഠങ്ങൾ പറഞ്ഞുകൊടുക്കും. സുഹൃജ്ജനങ്ങളുമായി കുശലപ്രശ്നങ്ങൾക്കു് വിനിയോഗിക്കുന്നസമയവും ഇതാകുന്നു. 6 മണിക്കു പുറത്തേക്കു

നടക്കാൻപോകും. എട്ടുമണിക്കു മടങ്ങിഎത്തും. ഉടൻതന്നെ മേലുകഴുകി അത്താഴം കഴിക്കും. എഴുത്തും വായനയുമായി 10 മണിവരെ ഇരിക്കും. പിന്നീട്ട് ഉറങ്ങാൻപോകും. ഇതാണ് ചരിത്രനായകൻെറ ഇപ്പോഴത്തെ ദിനചര്യ.

മനീഷക്ക് ഇന്നും മങ്ങൽതട്ടിയിട്ടില്ലാത്ത ആ സാഹിതീസംസക്തൻെറ തൂലികത്തുമ്പിൽനിന്നും കൈരളിക്കു ഇനിയും പലതും കിട്ടുമെന്നു് ന്യായമായി പ്രതീക്ഷിക്കാം.

# അനുബന്ധം

## നമ്മുടെ സാഹിത്യകാരന്മാർ (ഒന്നാംഭാഗം)

| | |
|---|---|
| ഉള്ളൂർ മഹാകവി | (1877–1949) |
| കൃഷ്ണപിള്ള, കെ. ആർ. | (1867–1953) |
| കൃഷ്ണവാര്യർ. എം. ആർ. | (1882–1955) |
| നാരായണമേനോൻ, നാലപ്പാട്ട് | (1887–1954) |
| രാമയ്യർ, പി. ജി. | (1877–1954) |
| ശങ്കരപ്പിള്ള, പ്രഫസ്സർ, കെ. | (1881–1955) |
| സുബ്രഹ്മണ്യൻപോററി, സി. എസ്. | (1875–1954) |

## നമ്മുടെ സാഹിത്യകാരന്മാർ (രണ്ടാംഭാഗം)

| | |
|---|---|
| കൃഷ്ണവാര്യർ, പി. വി. | (1877– ) |
| ഗോപാലമേനോൻ, എ. | (1889–1954) |
| രവിവർമ്മ, ഡാക്ടർ, എൽ. എ. | (1884– ) |
| രാജരാജവർമ്മ, എം. | (1871– ) |
| രാമൻ, പള്ളത്ത്. | (1891–1950) |

## നമ്മുടെ സാഹിത്യകാരന്മാർ (മൂന്നാംഭാഗം)

| | |
|---|---|
| കണ്ണൻ ജനാർദ്ദനൻ | (1885–1955) |
| കുഞ്ഞുരാമൻ, സി. വി. | (1871–1949) |
| കൃഷ്ണപ്പിഷാരടി, ആററൂർ | (1880– ) |
| ശങ്കരൻനമ്പ്യാർ, പ്രഫസ്സർ, പി. | (1892–1954) |

## നമ്മുടെ സാഹിത്യകാരന്മാർ
(ഏഴു ഭാഗങ്ങൾ)

ആധുനികാംഗ്ലേയഗദ്യസാഹിത്യത്തിലെ രസിപ്പിക്കുന്ന പ്രസ്ഥാനങ്ങളിലൊന്നാണ് ജീവചരിത്രസ്പർശിയായ ലഘുപ്രബന്ധം. ഓരോരുത്തരുടെ ജീവിതപ്രവാഹത്തിൻെറയും സാഹിത്യസപര്യയുടെയും പോക്കിനേക്കുറിച്ചുള്ള ഒരു വിഹഗവീക്ഷണമാണ് ഇതിൽ ഉദ്ദേശിച്ചിട്ടുള്ളതു്. ജീവിതത്തിലെ നിറപ്പകിട്ടുള്ള ഏതാനും സംഭവങ്ങളെയോ ഘട്ടങ്ങളേയോ മനംകവരുന്ന രീതിയിൽ പ്രദർശിപ്പിക്കുന്നതിനേക്കാൾ ഒറ്റനോട്ടത്തിൽ കാണുന്ന ചിത്രമത്രെ പ്രബന്ധകാരന്റെ ലാക്കു്. ഏതൊരു സാഹിത്യകാരന്റെയും സ്വഭാവത്തിലും വ്യക്തിത്വത്തിലും പൊന്തിനില്ക്കുന്ന അംശങ്ങളിൽ നിസ്സന്ദേഹം വിരല്ചൂന്നുവാൻ പ്രബന്ധകാരൻ എപ്പോഴും ശ്രദ്ധിക്കേണ്ടതുമാണ്. ആംഗ്ലേയസാഹിത്യത്തിൽ അടുത്തകാലത്തു പ്രചുരപ്രചാരം സിദ്ധിച്ച ഈ പ്രസ്ഥാനത്തെ അനുകരിച്ചു് നമ്മുടെ സാഹിത്യത്തിൽ ആവിഷ്കരിക്കുവാൻ ശ്രീ. പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻ ചെയ്ത ശ്രമം ആരുടെയും ശ്ലാഘയെ അർഹിക്കുന്നുണ്ടു്. ശ്രീ. കുഞ്ഞുകൃഷ്ണന്റെ ഗുണഗ്രഹണപാടവവും സാഹിത്യരസികത്വവും നിഷ്പക്ഷമനോഭാവവും സഹൃദയത്വവും എവിടെയും ഈ കൃതികളിൽ തെളിഞ്ഞുകാണാം. ആധുനികമലയാളസാഹിത്യത്തിൻെറ വളൎച്ചയിലും വികാസത്തിലും ഈ സാഹിത്യകാരന്മാർ എന്തെല്ലാം സംഭാവനകൾകൊണ്ടു ഗണനീയമായ പങ്കുവഹിച്ചിട്ടുണ്ടെന്ന സാമാന്യജ്ഞാനം ആൎക്കും ഇതിൽനിന്നു കിട്ടും.

—എം. ആർ. ബാലകൃഷ്ണവാരിയർ

# നമ്മുടെ സാഹിത്യകാരന്മാർ

(മൂന്നാംഭാഗം)

SAHITHYA PRAVARTHAKA C.S. LTD. KOTTAYAM

## പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻ

Indic Digital Archive Foundation
gpura.org